# ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി



1996

ജനകീയാസൂത്രണപ്രസ്ഥാനം

നെന്മാറ ഗ്രാമപഞ്ചായത്ത്

# വികസനരേഖ



*"പഞ്ചായത്ത് രാജ് സ്ഥാപിക്കപ്പെട്ടുകഴിയുമ്പോൾ, അക്രമത്തിന് ഒരിയ്ക്കലും നേടാൻ കഴിയാത്തത് പൊതുജനാഭിപ്രായത്തിന് നിർവ്വഹിക്കാൻ കഴിയും".*

● *ഗാന്ധിജി*

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

**1996**

ജനകീയാസൂത്രണ പ്രസ്ഥാനം

## നെന്മാറ ഗ്രാമപഞ്ചായത്ത്

## വികസനരേഖ

## എഡിറ്റോറിയൽ ബോർഡ്

**എഡിറ്റർ**

**ശ്രീ. ബാലൻ മച്ചാത്ത്**
വിത്തനശ്ശേരി

**അംഗങ്ങൾ**

ശ്രീ. എ. യൂസഫ് - പ്രസിഡന്റ്-നെൻമാറ ഗ്രാമപഞ്ചായത്ത്

ശ്രീ. എം. ആർ. നാരായണൻ- വൈസ്പ്രസിഡന്റ്- " "

ശ്രീ. എ.എസ്സ്. രാമകൃഷ്ണൻ - സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

ശ്രീ. എൻ.കെ. വെങ്കിടേശ്വരൻ - പഞ്ചായത്ത് മെമ്പർ

ശ്രീ. വി. രാഘവദാസ് (ഡി.ആർ.പി.കൺവീനർ )

ശ്രീ. പി.സി. രാഘവൻ പുത്തൻതോട്ടം (ഡി.ആർ.പി.)

ശ്രീ. മധുസൂദനൻ വിത്തനശ്ശേരി (ഡിആർ.പി.)

ശ്രീ. എം. ഹരിനാരായണൻ (ജൂനിയർ സൂപ്രണ്ട് നെൻമാറ ഗ്രാമപഞ്ചായത്ത്)

**ചീഫ് കോ-ഓർഡിനേറ്റർ**

**ശ്രീ. കെ.എസ്സ്. ബാലകൃഷ്ണൻ**
(സ്പെഷൽ ഗ്രേഡ് സെക്രട്ടറി, നെൻമാറ ഗ്രാമപഞ്ചായത്ത്)

കവർ ഡിസൈൻ:
അപ്പു ആർട്സ്, വിത്തനശ്ശേരി

# ഈ സമിതിയുടെ
# ഇതുവരെയുള്ള പ്രവർത്തനം

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ 1995 സെപ്തംബർ മാസം പൊതു തിരഞ്ഞെടുപ്പു നടത്തുകയും അതേ തുടർന്ന് ഒക്ടോബർ 2ന് പുതിയ ഭരണസമിതികൾ അധികാരത്തിൽ വരുകയും ഉണ്ടായി. നെന്മാറ പഞ്ചായത്താഫീസിൽ പ്രത്യേകം സജ്ജമാക്കിയ സ്ഥലത്ത് വിവിധ വ്യക്തികളെ സാക്ഷിനിർത്തി അഴിമതിയുടെ കറയോ, സ്വജനപക്ഷപാതമോ, രാഷ്ട്രീയ പരിഗണനയോ കൂടാതെ പഞ്ചായത്തിന്റെ ഉന്നതിയ്ക്കായി പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് ഇന്നുള്ള ഭരണസമിതി അധികാരമേറ്റു നാളിതുവരെയായി അത്തരത്തിലുള്ള അനേകം പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുവാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ഈ വിഷയത്തിൽ പൊതുജനങ്ങളിൽനിന്നും നിസ്സീമമായ സഹകരണമാണ് ഞങ്ങൾക്കു ലഭിച്ചിട്ടുള്ളത്. ആയത് ഞങ്ങളുടെ പ്രവർത്തനമേഖല വിപുലപ്പെടുത്തേണ്ടതിലേക്കുള്ള ഒരു ചൂണ്ടുപലകയായി കണക്കിലെടുക്കുന്നു.

പാവപ്പെട്ടവരുടെ പുരകെട്ടിമേയുന്നതിന് 95–96, 96–97, വർഷങ്ങളിൽ സാമ്പത്തിക സഹായങ്ങൾ നല്കി. 95–96 വർഷം 50 കുടുംബങ്ങൾക്കും 96–97 വർഷം നൂറു കുടുംബങ്ങൾക്കും ഇതിന്റെ ഗുണം ലഭിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന നെന്മാറ, പഴയഗ്രാമം, പോത്തുണ്ടി എന്നിവിടങ്ങളിലെ എൽ.പി. സ്കൂളുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് ആവശ്യമായവ ചെയ്യാൻ കഴിഞ്ഞു. കുടിവെള്ള പ്രശ്നപിരഹാരാർത്ഥം നിലവിലുള്ള കുഴൽ കിണറുകൾ എല്ലാം തന്നെ റിപ്പയർ ചെയ്യുകയും, പഞ്ചായത്തു കിണറുകൾ ശുചിയാക്കുകയും ചെയ്തു. പുതിയതായി കണിമംഗലം, ചാത്തമംഗലം (നമ്പൂതിരിപറമ്പ്) എന്നിവിടങ്ങളിൽ ഓരോ കുഴൽ കിണർ നിർമ്മിച്ചു.

മസ്തിഷ്ക ജ്വരം നമ്മുടെ നാട്ടിൽ പടർന്നു പിടിക്കാതിരിക്കാൻ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ശുചീകരണ പ്രക്രിയകൾ നടപ്പിലാക്കി. കലാകായികരംഗം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കേരളോത്സവവും, ഓണം സ്പോർട്ട്സും, സംഘടിപ്പിച്ചു. കൃഷിവകുപ്പിന്റെ സഹകരണത്തോടെ കർഷകർക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചു. 96 വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ വാങ്ങിച്ച ഗവ–ബോയ്സ് ഹൈസ്കൂൾ, ഗവ. ഗേൾസ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്ക് പഞ്ചായത്തുവക ക്യാഷ് അവാർഡ് നല്കുകയുണ്ടായി.

# സമർപ്പണം

ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണ പരിപാടികളിലൂടെ "ജനകീയ പദ്ധതി"യാക്കി രൂപപ്പെടുത്തുവാനുള്ള ബഹു: കേരള സർക്കാരിന്റെ പരിശ്രമത്തിൽ പങ്കാളികളാകുന്നതിന്റെ മുന്നോടിയായി, നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനപദ്ധതിരേഖ നമ്മുടെ നാടിന്റെ താങ്ങും തണലുമായ ബഹുമാനപ്പെട്ട പൊതുജനസമക്ഷം അംഗീകാരത്തിനായി സാദരം സമർപ്പിച്ചുകൊള്ളുന്നു.

നെന്മാറ
23.12.96

എന്ന്

**എ. യൂസഫ്**
പ്രസിഡന്റ്

## നെൻമാറ ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

**ചെയർമാൻ : എ. യൂസഫ്**
**കൺവീനർ : പി.സി. രാഘവൻ. (DRP) പുത്തൻ തോട്ടം**

**അംഗങ്ങൾ**

വി. രാഘവദാസ്, DRP കൺവീനർ
ബാലൻ മച്ചത്ത്. DRP
മോഹനൻ DRP
കെ.കെ. നസീർ DRP
പുഷ്പലതാ കൃഷ്ണൻ (ബ്ലോക്ക് മെമ്പർ)
എ.എസ്സ്. രാമകൃഷ്ണൻ
എൻ.കെ. വെങ്കിടേശ്വരൻ
എൻ. സോമൻ
കെ.എസ്സ്. ബാലകൃഷ്ണൻ
ഹരിനാരായണൻ
Dr. രവിശങ്കർ
കെ. ശങ്കരനാരായണൻ
പി. വെള്ളമാസ്റ്റർ
എ. രാധാകൃഷ്ണൻ, വിത്തനശ്ശേരി
കണ്ണൻ – നെല്ലിച്ചോട്
പത്മകുമാർ നെല്ലിപ്പാടം
കരുണാകരൻ Ret. AEXE
പി.എ. പശുപതിനാഥൻ RETD. DEO
ഇ.കെ. സുകുമാരൻ Ret. Joint Registrar
രാജപ്പൻ Ret. Joint Registrar
കെ. ശേഖരൻ അളുവശ്ശേരി
ടി.സി. ഗോപി കയ്പഞ്ചേരി
പി.സി. രാഘവൻ, RETD. DEO.
മധുസൂദനൻ DRP
ഡോ. ജോൺ ബർക്ക്മാൻ
പി.എ. തോമസ്സ്
പ്രൊഫ. ആർ. ഗോപാലകൃഷ്ണൻ
എൻ. സ്വാമി
വിജയരാജൻ നായർ, വല്ലങ്ങി
മാധവൻ മാസ്റ്റർ– വെളുത്തേടത്തുകുളമ്പ്
മാധവൻ മാസ്റ്റർ കൊമ്പങ്കല്ല്
എൻ. ആർ. രാമചന്ദ്രൻ പഴയ ഗ്രാമം
എൻ. ആർ. വൈദ്യനാഥൻ പഴയഗ്രാമം
സി.എസ്സ്. തങ്കപ്പൻ
ജയന്തകുമാർ
പി.ജെ. ആശാമ്മ
ചന്ദ്രൻ ചേരാമംഗലം
യു. ചന്ദ്രൻ
രാധാകൃഷ്ണൻ
പി. ഗോപാലൻ
കുപ്പായി
എസ്സ്. സാഹിദ
എൻ. എസ്സ്. വിജയലക്ഷ്മി
വി. രാജി
ആർ. വനജ
ടി. ശ്രീമതി

## നെന്മാറയിൽ ശ്രീ. വിശ്വനാഥൻ ചെട്ടിയാരുടെ അദ്ധ്യക്ഷതയിൽ ഉണ്ടായിരുന്ന പഞ്ചായത്ത് കോടതി



ശ്രീ. വിശ്വനാഥൻ ചെട്ടിയാരും
ബോർഡ് അംഗങ്ങളും
ജീവനക്കാരും

# ജനകീയാസൂത്രണ പ്രസ്ഥാനം- ഘടന



# ഉള്ളടക്കം


| ക്രമ നമ്പർ | | വിഷയം | പേജ് നമ്പർ |
|---|---|---|---|
| 1 | | അവതാരിക | 9 |
| 2 | | ഗ്രാമ പഞ്ചായത്ത് ഒറ്റനോട്ടത്തിൽ | 10 |
| 3 | | ചരിത്ര പശ്ചാത്തലം | 11 - 18 |
| 4 | | ജനകീയാസൂത്രണം - നെൻമാറ ഗ്രാമപഞ്ചായത്തിൽ | 19 - 20 |
| 5 | | വിഭവ ഭൂപട പഠനയാത്ര | 21 - 22 |
| 6 | | സാമൂഹ്യ സാമ്പത്തിക മേഖല | 23 - 159 |
| | 1 | കൃഷിയും ജലസേചനവും | 23 - 38 |
| | 2 | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 39 - 47 |
| | 3 | വ്യവസായവും വിനോദ സഞ്ചാരവും | 48 - 55 |
| | 4 | വിദ്യാഭ്യാസം | 56 - 63 |
| | 5 | കുടിവെള്ളവും പൊതുജനാരോഗ്യവും | 64 - 76 |
| | 6 | ഗതാഗതവും, ഊർജ്ജവും പൊതുമാർക്കറ്റും | 77 - 111 |
| | 7 | പാർപ്പിടവും സാമൂഹ്യക്ഷേമവും | 112 - 126 |
| | 8 | സംസ്ക്കാരം | 127 - 130 |
| | 9 | വനിത | 131 - 133 |
| | 10 | സഹകരണം | 134 - 145 |
| | 11 | പട്ടിക ജാതി / പട്ടികവർഗ്ഗക്ഷേമം | 146 - 154 |
| | 12 | വിഭവ സമാഹരണം | 155 - 159 |
| 7 | | സ്ഥാപന വിവരങ്ങൾ | 160 |
| 8 | | ഉപസംഹാരം | 161 |
| 9 | | കൃതജ്ഞത | 162 |



നെൻമാറ ഗ്രാമപഞ്ചായത്ത്
പല്ലശ്ശേന ഗ്രാമപഞ്ചായത്ത്
N
മേലാർക്കോട് ഗ്രാമപഞ്ചായത്ത്
IX. വിത്തനശ്ശേരി
VIII. വല്ലങ്ങി
VII. പഴയത
II. അയിനംപാടം
VI. നെല്ലിപാടം
IV. നെൻമാറ
XII. ചേന്നംകോട്
I. പോത്തുണ്ടി
III. കണിമംഗലം
V. മന്നങ്ങോട്
XI. ചാത്തമംഗലം
X. അകംപാടം
എലവഞ്ചേരി ഗ്രാമപഞ്ചായത്ത്
അയിലൂർ ഗ്രാമപഞ്ചായത്ത്
നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

# നെന്മാറ പഞ്ചായത്ത് ഭരണസമിതി



**എ. യുസഫ്**
പ്രസിഡന്റ്



**എം. ആർ. നാരായണൻ**
വൈസ് പ്രസിഡന്റ്



**എ. എസ്സ്. രാമകൃഷ്ണൻ**
സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ



**സരോജിനി രാമൻ**
മെമ്പർ വാർഡ് – 1



**പി. സുധാകരൻ**
മെമ്പർ വാർഡ് – 2



**എൻ. കെ. വെങ്കിടേശ്വരൻ**
മെമ്പർ വാർഡ് – 4



**വി. ലക്ഷ്മിക്കുട്ടി**
മെമ്പർ വാർഡ് – 6



**എൻ. സോമൻ**
മെമ്പർ വാർഡ് – 7



**എൻ. ലക്ഷ്മിക്കുട്ടി**
മെമ്പർ വാർഡ് – 9



**ദേവീ കേശവൻ**
മെമ്പർ വാർഡ് – 10



**വി. കൃഷ്ണൻകുട്ടി**
മെമ്പർ വാർഡ് – 11



**കാമിനി ഗോകുലൻ**
മെമ്പർ വാർഡ് – 12



**കെ. എസ്സ്. ബാലകൃഷ്ണൻ**
സ്പെഷൽ ഗ്രേഡ് സെക്രട്ടറി

# നെന്മാറ ഗ്രാമപഞ്ചായത്ത്
# പ്രതിനിധികളുടെ വിവരങ്ങൾ

| ക്രമനമ്പർ | വാർഡ് നമ്പർ | നിയോജകമണ്ഡലത്തിന്റെ പേര് | പ്രതിനിധിയുടെ പേര് | വിവരണം |
|---|---|---|---|---|
| 1 | 1 | പോത്തുണ്ടി | സരോജിനി രാമൻ | വനിതാ സംവരണം |
| 2 | 2 | അയിനംപാടം | പി. സുധാകരൻ | ജനറൽസീറ്റ് |
| 3 | 3 | കണിമംഗലം | എ.എസ്. രാമകൃഷ്ണൻ | ജനറൽ സീറ്റ് |
| 4 | 4 | നെന്മാറ | എൻ.കെ. വെങ്കിടേശ്വരൻ | ജനറൽ സീറ്റ് |
| 5 | 5 | മനങ്ങോട് | എം.ആർ നാരായണൻ | ജനറൽ സീറ്റ് |
| 6 | 6 | നെല്ലിപ്പാടം | വി. ലക്ഷ്മിക്കുട്ടി | വനിതാ സംവരണം |
| 7 | 7 | പഴയതറ | എൻ. സോമൻ | ജനറൽ സീറ്റ് |
| 8 | 8 | വല്ലങ്ങി | എ. യൂസഫ് | ജനറൽ സീറ്റ് |
| 9 | 9 | വിത്തനശ്ശേരി | എൻ. ലക്ഷ്മിക്കുട്ടി | ജനറൽ സീറ്റ് |
| 10 | 10 | അകംപാടം | ദേവീ കേശവൻ | വനിതാ സംവരണം |
| 11 | 11 | ചാത്തമംഗലം | വി. കൃഷ്ണൻകുട്ടി | പട്ടികജാതി സംവരണം |
| 12 | 12 | ചേന്നംകോട് | കാമിനി ഗോകുലൻ | വനിതാ സംവരണം |

പ്രസിഡന്റ്: ശ്രീ. എ. യൂസഫ്

വൈസ് പ്രസിഡണ്ട്: ശ്രീ. എം.ആർ. നാരായണൻ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ: ശ്രീ. എ.എസ്. രാമകൃഷ്ണൻ

സ്പെഷൽ ഗ്രേഡ് സെക്രട്ടറി: ശ്രീ. കെ.എസ്. ബാലകൃഷ്ണൻ

# അവതാരിക

1954–ൽ രൂപീകൃതമായ നെൻമാറ ഗ്രാമപഞ്ചായത്ത് അന്നു മുതൽക്കുതന്നെ ജനോപകാരപ്രദമായ വിവിധ പ്രവർത്തനങ്ങൾ കക്ഷി രാഷ്ട്രീയഭേദമെന്യേ നിർവ്വഹിച്ചു പോന്നിരുന്ന സ്ഥലമാണ്. ജാതി, മത പരിഗണനകൾക്ക് ഇവിടെ നാളിതുവരെയായി യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. 12 നിയോജകമണ്ഡലങ്ങൾ(വാർഡുകൾ) ആണ് നെൻമാറ ഗ്രാമപഞ്ചായത്തിൽ ഉള്ളത്. ഇതിൽ വനിതകൾക്കായി 4 വാർഡുകളും പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി ഒരു വാർഡും സംവരണം ചെയ്തിട്ടുണ്ട്. ശ്രീ. എ. യൂസഫിന്റെ അദ്ധ്യക്ഷതയിലുള്ള പഞ്ചായത്തു ഭരണസമിതി 1995 ഒക്ടോബർ 4 മുതൽ പഞ്ചായത്തിന്റെ ഭരണം നടത്തി വരുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ വിഭാവനം ചെയ്ത പ്രകാരം പാലക്കാട് ജില്ലയിൽ ആദ്യമായി ഗ്രാമസഭായോഗം നടന്നതും നെൻമാറ ഗ്രാമപഞ്ചായത്തിലാണ് എന്ന വസ്തുത അഭിമാനപൂർവ്വം പറയാൻ കഴിയും.

ഒൻപതാം പദ്ധതി ജനകീയാസൂത്രണ പരിപാടിയിലൂടെ ജനകീയ പദ്ധതിയാക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ മറ്റുസ്ഥലങ്ങളിലെന്ന പോലെ നെൻമാറയിലും ഭംഗിയായും, ചിട്ടയായും നടന്നു വരുന്നു. പന്ത്രണ്ടു വാർഡുകളിലായി നടന്ന വിശേഷാൽ ഗ്രാമസഭയിൽ സമൂഹത്തിന്റെ നാനാതുറയിലുള്ളവർ പങ്കെടുക്കുകയുണ്ടായി. മൊത്തം 1579 പേർ ഗ്രാമസഭായോഗത്തിൽ പങ്കെടുത്തതിൽ 313 പേർ സ്ത്രീകളായിരുന്നു. വിവിധ മേഖലകളിൽ സേവനം അനുഷ്ഠിക്കുന്ന 87 പേരും ഗ്രാമസഭയിൽ പങ്കെടുത്തിരുന്നു. 21–9–96നു നെൻമാറ ഗ്രാമപഞ്ചായത്ത് കല്യാണമണ്ഡപത്തിൽ വെച്ച് ചേർന്ന ഒന്നാം ഘട്ട പരിശീലത്തിൽ 113 പേരും നെൻമാറ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ 2–11–96നു സംഘടിപ്പിച്ച രണ്ടാം ഘട്ട പരിശീലനപരിപാടിയിൽ 83 പേരും പങ്കെടുക്കുകയുണ്ടായി. ജനപ്രതിനിധികളും ഡി.ആർ.പി.മാരും സന്നദ്ധസംഘടനാ പ്രവർത്തകരും അടങ്ങുന്ന സംഘം ദ്വിതീയ വിവരശേഖരണം വിപുലമായ തോതിൽ നടത്തുകയുണ്ടായി. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിവിധമേഖലകളിൽ നിന്നും പെൻഷൻ പറ്റിയവരുടേയും, സാമൂഹിക, സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹകരണം വളരെ വലുതായിരുന്നു.

ചുരുങ്ങിയ സമയപരിധിക്കുള്ളിൽ തയ്യാറാക്കിയ ഈ വികസനറിപ്പോർട്ട് നെൻമാറ ഗ്രാമപഞ്ചായത്തിലെ വികസനപ്രക്രിയയുടെ മുഖം വരച്ചു കാട്ടുന്നു എന്ന കാര്യത്തിൽ സംശയങ്ങൾക്ക് അവകാശമില്ല.

# നെൻമാറ ഗ്രാമപഞ്ചായത്ത് - ഒറ്റ നോട്ടത്തിൽ

| | |
|---|---|
| (1) വിസ്തീർണ്ണം | : 36.84 ച.കി.മീ. |
| (2) ഉൾപ്പെടുന്ന വില്ലേജുകൾ | : നെൻമാറ, വല്ലങ്ങി, പോത്തുണ്ടി |
| (3) അസംബ്ലി നിയോജകമണ്ഡലം | : കൊല്ലങ്കോട് |
| പ്രതിനിധി | : ശ്രീ. കെ.എ. ചന്ദ്രൻ, എം.എൽ.എ. |
| (4) പാർലമെന്റ് നിയോജകമണ്ഡലം | : പാലക്കാട് |
| പ്രതിനിധി | : ശ്രീ. എൻ.എൻ. കൃഷ്ണദാസ്, എം.പി. |
| (5) ആകെ വാർഡുകൾ | : 12 |
| (6) 1.ജനസംഖ്യ (1991-ലെ സെൻസസ്സ്) | : **32,456** |
| 2. പുരുഷൻമാർ | : **15785** |
| 3. സ്ത്രീകൾ | : **16671** |
| (7) ജനസാന്ദ്രത (ച.കി.മീ) | : 880.99 (1991 സെൻസസ്സ്) |
| (8) സാക്ഷരത | : 68.82% " " |

(9) അതിരുകൾ:

| വടക്ക് | തെക്ക് | കിഴക്ക് | പടിഞ്ഞാറ് |
|---|---|---|---|
| പല്ലശ്ശേന, മേലാർകോട് പഞ്ചായത്തുകൾ | നെല്ലിയാമ്പതി പഞ്ചായത്ത് | എലവഞ്ചേരി പഞ്ചായത്ത് | മേലാർകോട് അയലൂർ പഞ്ചായത്തുകൾ |

(10) പഞ്ചായത്ത് പ്രതിനിധികൾ:

1. ശ്രീമതി സരോജിനി രാമൻ
2. ശ്രീ.പി. സുധാകരൻ
3. ശ്രീ. എ.എസ്സ്. രാമകൃഷ്ണൻ
4. ശ്രീ. എൻ.കെ. വെങ്കിടേശ്വരൻ
5. ശ്രീ. എം. ആർ. നാരായണൻ
6. ശ്രീമതി. വി. ലക്ഷ്മികുട്ടി
7. ശ്രീ. എൻ. സോമൻ
8. ശ്രീ. എ. യൂസഫ്
9. ശ്രീമതി.എൻ. ലക്ഷ്മികുട്ടി
10. ശ്രീമതി. ദേവി കേശവൻ
11. ശ്രീ. വി. കൃഷ്ണൻ കുട്ടി
12. ശ്രീമതി. കാമിനി ഗോകുലൻ

(11) ബ്ലോക്ക് പഞ്ചായത്ത്: നെൻമാറ

1) (വാർഡ് 2- ചേരാമംഗലം)
ശ്രീ. സി.വി. പ്രഭാകരൻ (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത്.)
2) (വാർഡ് 3,4,5,12-നെൻമാറ)
ശ്രീ. കെ. ബാബു പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്
3) (വാർഡ് 1,6,10,11-പോത്തുണ്ടി)
ശ്രീമതി. പുഷ്പലത കൃഷ്ണൻ
4) (വാർഡ് 7,8,9 - വല്ലങ്ങി
ശ്രീമതി. പത്മകുമാരി

(12) ജില്ലാ പഞ്ചായത്ത് പ്രതിനിധി: ശ്രീ. യു.അസീസ്

(13) നെൻമാറ ഗ്രാമപഞ്ചായത്ത്:-

1. പ്രസിഡന്റ്: ശ്രീ. എ. യൂസഫ്
2. വൈസ് പ്രസിഡന്റ്, ശ്രീ. എം.ആർ. നാരായണൻ
3. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ: ശ്രീ. എ.എസ്സ്. രാമകൃഷ്ണൻ
4. സ്പെഷൽ ഗ്രേഡ് സെക്രട്ടറി : ശ്രീ. കെ.എസ്സ്. ബാലകൃഷ്ണൻ

# ചരിത്ര പശ്ചാത്തലം

വത്സലയായ മാതാവിന്റെ ഉത്സംഗത്തിലിരുന്ന് ചുറ്റുപാടുമുള്ള അത്ഭുത പ്രവഞ്ചത്തെ സാകൂതം വീക്ഷിക്കുന്ന നിഷ്കളങ്കത നിറഞ്ഞ ഒരു ശിശുവിനെപ്പോലെ സഹ്യാദിസാനുക്കളിൽ തലവെച്ചു ശയിക്കുന്ന ഒരു പ്രദേശമാണ് നെന്മാറ.

കൊച്ചിരാജ്യത്തിന്റെ നെല്ലറയാണ് ചിറ്റൂർ താലൂക്കെങ്കിൽ അതിന്റെ സുന്ദരമായ മംഗല്യത്തിലക മത്രെ "കൊടകരനാട്". വിത്തനശ്ശേരി, വല്ലങ്ങി, നെന്മാറ, തിരുവഴിയാട്, അയിലൂർ എന്നിങ്ങനെ അഞ്ചു പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശത്തെയാണ് കൊടകരനാടെന്നു പറയുന്നത്. ഇതിലെ പ്രമുഖമായ ദേശമത്രെ "
**"നെന്മാറ"**.

ചക്രവർത്തിയും, രാജാവും, ചിറ്ററചന്മാരും, പ്രഭുക്കളും, നാടുവാഴികളും, സിൽബന്ധികളും അട ങ്ങുന്ന (ഫ്യൂഡലിസത്തിന്റെ ഗന്ധമുണ്ടായിരുന്ന) ഒരു ഭരണസംവിധാനമായിരുന്നു ഇവിടെ നിലനി ന്നിരുന്നത്.

കൊടകര നാടിന്റെ ഭരണാധികാരികളായ നാടുവാഴികൾക്ക് കൊച്ചി രാജാവിൽനിന്നും കരമൊ ഴിവായി ഭൂമിയും മറ്റു സ്ഥാനമാനങ്ങളും നൽകപ്പെട്ടിരുന്നു.

അന്നത്തെ മൂപ്പുകൂടിയ നാടുവാഴിയായ ഒരു കൊടകര നായർ കൊച്ചി രാജ്യത്തിന്റെ രഹസ്യ ങ്ങൾ കോഴിക്കോട്ടു സാമൂതിരിക്ക് ഒറ്റിക്കൊടുക്കുകയും, ഇതറിഞ്ഞ് കോപിതനായ മഹാരാജാവ് അദ്ദേഹത്തിന്റെ വിശ്വസ്തനായിരുന്ന "കൃഷ്ണപട്ടർ" എന്ന "കാര്യക്കാരെ" അയിലൂരിലേക്ക യക്കുകയും ചെയ്തു. രാജകല്പന പ്രകാരം കൃഷ്ണപട്ടർ "കൊടകര നായരുടെ" തല വെട്ടിയ ശേഷം പട്ടിൽ പൊതിഞ്ഞ് രാജാവിന് മുമ്പിൽ സമർപ്പിച്ചു. അതിന് പ്രതിഫലമായി 1000 പറ നിലം കരമൊഴിവായി **"കൃഷ്ണപട്ടർ കാരിയക്കാർക്ക്"** രാജാവ് നൽകി.

തല വെട്ടുവാൻ സഹായിച്ചയാൾക്ക് 3000നു മേൽ പൊൻപണവും സമ്മാനമായി നൽകി.

അങ്ങിനെ കൊടകര നായരുടെ തലവെട്ടിയ സ്ഥലമാണ് ഇപ്പോൾ നാം അറിയുന്ന തലവെട്ടിപാറ എന്ന പദം ലോപിച്ചുണ്ടായ "തലവെട്ടാമ്പാറ".

പില്ക്കാലത്ത് കൃഷ്ണപട്ടർ കാരിയക്കാരുടെ പുത്രൻ "രാമസ്വാമി പട്ടർ കാരിയക്കാർ" തന്റെ അച്ഛൻ തലവെട്ടിയതിന്റെ പ്രായശ്ചിത്താർത്ഥം **1200** പണിക്കാരുടെ സഹായത്താൽ **20** ദിവസം കൊണ്ട് ഇന്നു നാം കാണുന്ന "പുത്തൻകുളം" മലയാള വർഷം **951**ൽ പണി കഴിപ്പിച്ചു. അവിടെ ശിവക്ഷേത്രം പണിതതും തന്റെ അച്ഛന്റെ പേരു വരുന്ന വിധം "കൃഷ്ണപുരം ഗ്രാമം" എന്ന പേരിൽ 12 വീടുകൾ നിർമ്മിച്ച് 12 ബ്രാഹ്മണ കുടുംബങ്ങൾക്കു ദാനം ചെയ്തതും അദ്ദേഹമായിരുന്നു.

മേൽപ്പറഞ്ഞ കുളം വെട്ടിയതിന്റെ മണ്ണു കൊണ്ടുപോയിട്ട സ്ഥലമാണ് ഇപ്പോൾ നെന്മാറ ആസ്പ ത്രിക്കു പുറകിലായി കാണുന്ന തേക്കു മരങ്ങൾ നിബിഡമായിട്ടുള്ള കുന്ന്. പുത്തൻകുളം എന്ന കാരിയക്കാർ കുളത്തിന് **221 വർഷം** പഴക്കമുണ്ട്. ഇതിനുമുമ്പുതന്നെ പച്ചക്കുളം നിലവിലുണ്ടായി രുന്നു.

ഇദ്ദേഹത്തിന്റെ പിൻതലമുറക്കാരും ശ്രീവിശ്വനാഥൻ ചെട്ട്യാർ എന്ന ദേഹത്തിന്റെ ശ്രമഫലമാ യിട്ടാണ് നെല്ലിയാമ്പതിക്കുള്ള പാത വെട്ടിയത്. കൊല്ലങ്കോട്ടു രാജാധികാര പരിധിയിലൂടെ മാത്രമെ നെല്ലിയാമ്പതിയിൽനിന്നും മരം കൊണ്ടുവരുവാൻ സാദ്ധ്യമായിരുന്നുള്ളു. അതിനു ചുങ്കം കുമ്പള

ക്കൊട്ടുവെച്ചു നൽകണമായിരുന്നു. തടിവ്യാപാരമായി ബന്ധപ്പെട്ടിരുന്ന മേൽപറഞ്ഞ വ്യക്തികൾ സഹകരിച്ച് 3000 പറ നിലം പണയപ്പെടുത്തി റോഡു നിർമ്മാണം തുടങ്ങി. പൂർത്തിയാകും മുമ്പു തന്നെ കൃഷ്ണപട്ടരുടെ പിൻതലമുറക്കാരൻ മരിച്ചു എന്നും പറയപ്പെടുന്നു.

പിൽക്കാലത്ത് കൃഷ്ണപട്ടരുടെ കുടുംബത്തിൽനിന്നും ശ്രീ. വൈദ്യനാഥയ്യർ എന്നദ്ദേഹം കൊച്ചി ചീഫ് കോർട്ട് റജിസ്ട്രാർ ആയിരുന്നു.

നാടുവാഴിയല്ലെങ്കിലും ഭരണതലത്തിൽ നല്ല സ്വാധീനമുള്ള കുടുംബമായിരുന്നു ശ്രീവിശ്വനാഥൻ ചെട്ട്യാരുടേതും. ശ്രീ. വൈദ്യനാഥയ്യരുടെതും ശ്രീ വിശ്വനാഥൻ ചെട്ട്യാരുടെ സേവനത്തെക്കുറിച്ചു ഇതിൽ മറ്റൊരിടത്ത് പ്രതിപാദിക്കുന്നുണ്ട്.

കൊടകര നാടിന്റെ ഭരണ ആസ്ഥാനം ആയിരുന്നു "നെന്മാറ. പച്ചവില്ലീസണിഞ്ഞ ഒരു ഹൂറിയെപ്പോലെ സുഖനിദ്ര കൊള്ളുന്ന ഭൂവിഭാഗമാണിത്. ഇഴയുന്ന പെരുമ്പാമ്പിന്റെ പ്രതീതി ഉളവാക്കുന്ന നെല്ലിയാമ്പതി മലമ്പാത കേരളത്തിലെ ആദ്യത്തേതും ഇന്ത്യയിലെ രണ്ടാമത്തേതും ആയ മണ്ണു കൊണ്ടുകെട്ടിയ അണക്കെട്ടായ പോത്തുണ്ടി അണക്കെട്ടിന്റെ തെക്കേയറ്റുത്തു നിന്നാരംഭിക്കുന്നു. ഈ പദ്ധതി വന്ന ശേഷമാണ് ഈ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും സസ്യസമൃദ്ധിയുടെ കാര്യത്തിൽ മുൻനിരയിലെത്തിയത്.

ഇന്ന് ഇവിടെയെത്തുന്ന പുറംദേശക്കാർ സ്ഥിരമായി താമസിക്കുവാനും ഈ നാട്ടുകാരായി മാറുവാനും ആഗ്രഹിക്കുന്ന പ്രദേശം പണ്ട് ശിക്ഷാനടപടികളുടെ ഭാഗമായി ഉദ്യോഗസ്ഥരെ സ്ഥലം മാറ്റം ചെയ്തുവന്നിരുന്ന പ്രദേശമായിരുന്നുവെന്നത്, പില്ക്കാലത്ത്, ഈ പ്രദേശത്തെ, "ഇന്നത്തെ നെന്മാറയാക്കി" ക്കൊണ്ടുവന്ന മഹദ്വ്യക്തികളായ നാട്ടുകാരുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ് എന്നതിന് മകുടോദാഹരണമാണ്.

ഏതു പ്രദേശത്തിന്റേയും പേരിനു പിന്നിൽ ഒരു ഐതിഹ്യമുണ്ടാകാനിടയുണ്ട്.

സാധനങ്ങൾക്കുള്ള വിലയായി നാണയം-ഉറുപ്പിക എന്നിവ നൽകുന്നതിനുപകരം സാധനങ്ങൾക്കു പകരം സാധനങ്ങൾ എന്ന "ബാർട്ടർ" സമ്പ്രദായം നിലനിന്നിരുന്ന കാലഘട്ടത്തിൽ നെയ്യും നെല്ലും സുലഭമായി ഇവിടെനിന്നും കൈമാറ്റമായി നൽകിയിരുന്നു എന്നു കരുതുന്നു.

ചിറ്റൂർ താലൂക്ക് കൊച്ചി സംസ്ഥാനത്തിന്റെ നെല്ലറയായിരുന്നുവെങ്കിൽ "നെന്മാറ" അതിന്റെ കലവറ ആയിരുന്നു. ആയതിനാൽ നെൽമണിയുടെ അറ എന്നത് നെന്മണിയറയായും പില്ക്കാലത്ത് "നെന്മാറ" ആയതായും പറയുന്നവരുമുണ്ട്.

അതെങ്ങിനെയായാലും "നെന്മാറ"യും "നെമ്മാറ"യും ഇന്നും രണ്ടുപേരുകളോടുകൂടിയ ഗ്രാമീണ പ്രദേശം തന്നെ.

പണ്ട് തൃപ്പാളൂർ ക്ഷേത്രത്തിലേക്ക് ആവശ്യമുള്ള നെയ്യ് സമാഹരിക്കപ്പെട്ടിരുന്നത് നെന്മാറയിൽനിന്നാണ്.

ധാരാളം തെങ്ങുകളും കവുങ്ങുകളും മറ്റും ഉള്ള പ്രദേശമായതിനാലാകാം സാധനങ്ങൾ വിൽക്കുവാനും വാങ്ങുവാനും ഉള്ള കമ്പോളമെന്നോണം വല്ലങ്ങി "വെള്ളിയാഴ്ച" ചന്തയുടെ തുടക്കവും.

പഴയ കാലത്ത് എന്നപോലെ ഇപ്പോഴും വിവിധ ജാതിമതസ്ഥർ വളരെ സൗഹാർദ്ദത്തോടെയാണ് ഇവിടെ ജീവിക്കുന്നത്.

വളരെയേറെ ക്ഷേത്രങ്ങൾ ഉള്ളതിനാലാകാം അല്ലെങ്കിൽ അക്കാലത്ത് രാജാക്കന്മാർ ബ്രാഹ്മണർക്കു നൽകിയിരുന്ന ആദരവുകൊണ്ടുമാകാം വിദ്യ അഭ്യസിപ്പിക്കുവാനും, പൗരോഹിത്യകൃത്യങ്ങൾ നിർവഹിക്കുവാനും തദ്വാര ഉപജീവനം കഴിക്കുവാനുമായി നെന്മാറയിലും വളരെയേറെ തമിഴ് ബ്രാഹ്മണ കുടുംബങ്ങൾ പാർത്തിരുന്നു.

സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലങ്ങളുടെ മാറ്റങ്ങളോടെ അവരിൽ വളരെയേറെപ്പേർ ഇവിടെ നിന്നും ബോംബെ, മദ്രാസ്, കൽക്കത്ത തുടങ്ങി മഹാനഗരങ്ങളിലേക്കു ഇവിടുത്തെ താമസം മതിയാക്കിപ്പോയിട്ടുണ്ട്. ഇന്ന് നെന്മാറയിൽ തമിഴ് ബ്രാഹ്മണർ ന്യൂനപക്ഷമേയുള്ളു.

ചാതുർവ്വണ്ണ്യസമ്പ്രദായം ഇവിടെ നിലനിന്നിരുന്നുവോ എന്നു ചോദിച്ചാൽ കൃത്യമായി ഒരു പക്ഷെ തെളിവുകൾ നൽകുവാൻ സാദ്ധ്യമല്ലെങ്കിലും സ്വന്തം സമുദായങ്ങളുടെ പരമ്പരാഗത തൊഴിൽ വ്യക്തമാക്കുന്നതും സമുദായാംഗങ്ങൾ എല്ലാം ഓരോ പ്രദേശത്തും ഓരോ കോളനിയെന്ന കണക്കെ ജീവിച്ചിരുന്നു എന്നതിനും മതിയായ തെളിവുകളാണ് ഇന്നും നെന്മാറയിൽ ഉള്ള ചക്കാത്തറ, തട്ടാത്തറ, ചേടത്തറ, കൊശത്തറ, കമ്മാന്തറ, ചെട്ടിത്തറ, ആണ്ടിത്തറ, നായർതറ ഗ്രാമം (അഗ്രഹാരം) എന്നിങ്ങനെയുള്ള സ്ഥലനാമങ്ങൾ. പക്ഷെ വിവിധ ജാതിക്കാർ തമ്മിൽ യാതൊരുവിധ സ്പർദ്ധയോ വൈരാഗ്യമോ നിലനിന്നിരുന്നതായി പഴമക്കാർക്കുപോലും ഓർമ്മയില്ല.

ഹൈന്ദവ ക്ഷേത്രങ്ങളും വിവിധ പ്രദേശങ്ങളിൽ ഉള്ള ക്രൈസ്തവ ദേവാലയങ്ങളും മുസ്ലീം ആരാധനാലയങ്ങളും ഇവിടുത്തെ മതസൗഹാർദ്ദതയെ ചൂണ്ടിക്കാണിക്കുന്നു.

ഇവിടുത്തെ ബോയ്സ് ഹൈസ്കൂൾ പ്രത്യേകതകൾ ഉള്ളതാണ്. "രായീരംകണ്ടത്ത് ഗോവിന്ദ മേനോൻ" എന്ന മാന്യദേഹമാണ് നെന്മാറയിൽ ആദ്യമായി ഒരു പള്ളിക്കൂടം കൊണ്ടുവന്നത്. ഒരു കുട്ടിയുടെ പുന:പ്രവേശത്തെച്ചൊല്ലിയുണ്ടായ തർക്കംമൂത്ത് അദ്ദേഹം സ്കൂൾ അടച്ചിട്ടതിനാൽ വളരെയേറെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടി. കൊച്ചി സർക്കാർ ഒരു സ്ഥിരപരിഹാരം എന്നോണം നെന്മാറ പഴയഗ്രാമം കൃഷ്ണസ്വാമി ദേവസ്വം വക ഭൂമിയിൽ ആരംഭിച്ചതാണ് നെന്മാറ ബോയ്സ് ഹൈസ്കൂൾ. ഇത് 75 വർഷം പിന്നിട്ടുനിൽക്കുന്ന വളരെയേറെ മഹാന്മാരെ നാടിനു നൽകിയ സരസ്വതീക്ഷേത്രമാണ്.

ഈ സ്കൂളിന് അപൂർവ്വമായ ഒരു പ്രത്യേകതയാണ്ട്. തുടങ്ങിയ കാലത്ത് ആവശ്യമുള്ളത്ര ക്ലാസുമുറികൾ–ഓരോ ക്ലാസ്സിനും പ്രത്യേകം പ്രത്യേകമായുള്ള കെട്ടിടങ്ങൾ – ഒരു ക്ലാസിൽനിന്നു മറ്റൊന്നിലേക്ക് 25 അടി അകലം വെച്ചുകൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. പഴയ രാജഭരണകാലത്തെ ശില്പ ചാതുര്യം ഈ കെട്ടിടങ്ങളുടെ ഓരോ കോണുകളിലും തൂണുകളിലും, ഉയരങ്ങളിലും കാണാം. ഓരോ ക്ലാസുമുറികളുടെയും ജനലിനുമുകളിൽ "മഹത്വചനങ്ങളും, സന്മാർഗ്ഗചിന്തകൾ ഉദ്ദീപിപ്പിക്കുന്ന പഴഞ്ചൊല്ലുകളും" പ്രത്യേകമായി നിർമ്മിച്ച ഫലകങ്ങളിൽ എഴുതിയിട്ടുണ്ടായിരുന്നു.

1954ൽ ഇന്ത്യയുടെ രാഷ്ട്രശില്പിയും ആദ്യത്തെ പ്രധാന മന്ത്രിയുമായിരുന്ന **പണ്ഡിറ്റ് ശ്രീ. ജവഹർലാൽ നെഹ്റു** ഈ സ്കൂളിൽ വരികയും രാഷ്ട്രപിതാവായ **മഹാത്മജിയുടെ പ്രതിമ** അനാച്ഛാദനം ചെയ്യുകയുമുണ്ടായി.

പെൺകുട്ടികളെ പഠിപ്പിക്കുവാൻ വൈമുഖ്യം ഉണ്ടായിരുന്ന 70 വർഷങ്ങൾക്കു മുമ്പുതന്നെ സർക്കാരിന്റെ കീഴിൽ (ബോയ്സ് ഹൈസ്കൂൾ ആരംഭിച്ച ശേഷം) ഒരു ഗേൾസ് ഹൈസ്കൂളും ആരംഭിക്കയുണ്ടായി. അക്കാലം മുതൽ ഏകദേശം 30 വർഷം മുമ്പുവരെ ഈ സ്കൂളിന്റെ 4–ാം തരം വരെയുള്ള വിഭാഗം പ്രവർത്തിച്ചിരുന്നത് ഇപ്പോൾ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പഴയ ഗ്രാമം ജി.എൽ.പി. സ്കൂളിലായിരുന്നു.

ഗവ. ഗേൾസ് ഹൈസ്കൂൾ രണ്ടുവർഷം മുമ്പു വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു. ഈ സ്കൂൾ കൂടാതെ 10–ാം തരം കഴിഞ്ഞു പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആശ്രയം നെന്മാറ എൻ.എസ്.എസ്. കോളേജാണ്. (ആരംഭം 1966) ഇത് ബിരുദാനന്തര ബിരുദപഠന സൗകര്യം ഉള്ള കലാലയമാണ്.

നെന്മാറ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനത്തിന് തുടക്കം കുറിച്ചത് ശ്രീ. രാരീയീരം കണ്ടത്ത് ഗോവിന്ദൻ മേനോൻ ആയിരുന്നു എന്നു പറഞ്ഞുവല്ലോ. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി നെന്മാറയിൽ തുടങ്ങിയ വായനശാലയും, ഗ്രന്ഥശാലയും, ടൗൺഹാളുമാണ് നമുക്ക് സുപരിചിതമായ ആർ.ജി.എം. ടൗൺഹാൾ.

ചരിത്രത്തിന്റെ താളുകളിൽ അവിസ്മരണീയ ഒരു സ്ഥാനമാണ് "ആചാര്യ വിനോബഭാവെ"യുടെ "ഭൂദാന" പ്രസ്ഥാനത്തിലുള്ളത്. ഭൂദാനപ്രസ്ഥാനം **1951ൽ ആരംഭിച്ചശേഷം ശ്രീ വിനോബഭാവെ"** അതിന്റെ പ്രചരണാർത്ഥം നടത്തിയ പദയാത്രക്കിടയിൽ നെന്മാറ സന്ദർശിച്ചത് ഇന്നാട്ടുകാർ ഇപ്പോഴും ഓർക്കുന്നുണ്ട്.

നെന്മാറയുടെ ചരിത്രം തന്നെ കൊച്ചിരാജ്യമായിരുന്നപ്പോഴുള്ള രാജഭരണവും അന്നത്തെ ദിവാനായിരുന്ന ശ്രീ. ഷൺമുഖം ചെട്ടിയുടെയും നെന്മാറയുടെ വീരപുത്രനായി അറിയപ്പെട്ടിരുന്ന ശ്രീ വിശ്വനാഥൻ ചെട്ട്യാരു ടേയും സേവനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്.

**1928**ൽ സ്ഥാപിതമായ നെന്മാറ വാട്ടർവർക്സ് ശ്രീ വിശ്വനാഥൻ ചെട്ട്യാർക്കു രാജഭരണകൂടവുമായി ഉണ്ടായിരുന്ന സ്വാധീനം മൂലം ശ്രീ ഷണ്മുഖം ചെട്ടിയുടെ ശുപാർശ പ്രകാരം നെന്മാറക്കു ലഭിച്ചതാണ്.

അതുപോലെ ജനറേറ്റർ പ്രവർത്തിപ്പിച്ച് ആദ്യമായി തെരുവുവിളക്കുകളും, ഭവന വിദ്യുച്ഛക്തി-ബന്ധവും ഉണ്ടായത് ഇതേ കാലഘട്ടത്തിൽ ആയിരുന്നു.

പൈപ്പുകളിലൂടെ വെള്ളം വിതരണം ചെയ്യപ്പെടുന്നതു കാണുവാനും തെരുവുവിളക്കുകൾ സന്ധ്യാനേരത്തു കത്തുന്നതു കാണുവാനും പുറം ദേശക്കാർ ധാരാളം വന്നിരുന്നുവത്രെ.

**ശ്രീവിശ്വനാഥൻ ചെട്ട്യാരെക്കുറിച്ച്** കേട്ടറിഞ്ഞ ഒരു സംഭവം താഴെ കുറിക്കുന്നു.

പണ്ടുകാലത്ത് ബ്രിട്ടീഷ് പട്ടാളത്തെപോലും കിടുകിടാ വിറപ്പിച്ചിരുന്ന കുപ്രസിദ്ധ തസ്കരന്മാരായിരുന്നു ചേകണ്ണൻ പീരു, മച്ചുനൻ എന്നിവർ. എരുമക്കയം, കയറാടി, അടിപ്പെരണ്ട എന്നീ പ്രദേശങ്ങളിലെ ഒളിയിടങ്ങലിൽ താമസിച്ചുപോന്നിരുന്ന അവരെ ഭയന്ന് ജനങ്ങൾ കൂട്ടം കൂട്ടമായി രാത്രികാലങ്ങളിൽ കഴിഞ്ഞിരുന്നുവത്രെ.

ശ്രീ. വിശ്വനാഥൻ ചെട്ട്യാർ സധൈര്യം ഇവരെ പിടികൂടി. അദ്ദേഹത്തിന്റെ ഈ സ്തുത്യർഹമായ സേവനത്തെ പ്രകീർത്തിച്ച് കൊച്ചി മഹാരാജാവ് വീരശൃംഗലയും ബ്രിട്ടീഷ്-മദ്രാസ് ഗവർമെന്റ് "പൊൻകങ്കണവും" അദ്ദേഹത്തിന് നൽകി ആദരിച്ചു. അദ്ദേഹത്തിന്റെ സഹായികളായിരുന്ന നെന്മാറ അയിനംപാടം കുഞ്ചു, വല്ലങ്ങി പൊന്നു, വിത്തനശ്ശേരി മായാണ്ടി എന്നിവരേയും ഇത്തരുണത്തിൽ പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ശ്രീ വിശ്വനാഥൻ ചെട്ട്യാരെ ആദരിച്ചുകൊണ്ട് നെന്മാറ പഞ്ചായത്ത് "ചേടത്തറ" എന്ന തെരുവിന്റെ പേര് RVC റോഡ് എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ധീരദേശാഭിമാനികളും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു.

ഇതിനുമുമ്പു പരാമർശിച്ച ശ്രീ. വിശ്വനാഥൻ ചെട്ട്യാരുടെ സഹോദര പുത്രനും എം.എൽ.സി.യും, എം.എൽ.എയും ആയിരുന്ന ശ്രീ നടരാജൻ ചെട്ട്യാർ, ശ്രീ. ദ്വരസ്വാമി ചെട്ട്യാർ, പാറക്കളം കൃഷ്ണൻമാസ്റ്റർ, നാഗമുത്തു ചെട്ട്യാർ എന്നിവരെല്ലാം സ്വാതന്ത്ര്യസമരത്തിൽ പങ്കുചേർന്ന നിസ്വാർത്ഥമതികളായിരുന്നു.

ഈ പഞ്ചായത്തിൽ സംസ്കൃത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുവാൻ വേണ്ടി പടിഞ്ഞാറെ പാറ വീട്ടിൽ ശ്രീ. നാരായണൻ നായർ ആരംഭിച്ച വിദ്യാഭ്യാസസ്ഥാപനമാണ് ലക്ഷ്മിനിലയം സംസ്കൃത സ്കൂൾ, പഴയഗ്രാമം.

ശ്രീനാരായണൻനായർ "കണ്ണകി കോകുലൻ" "മണിമേഖല" എന്നീ ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ ശിഷ്യനും സഹോദരപുത്രനുമായ ശ്രീ വിശ്വനാഥൻ നായരായിരുന്നു പിന്നീട് സ്കൂളിന്റെ സാരഥി. ശ്രീ. നാരായണൻ നായരുടെ സ്മരണക്കായി ഒരു കെട്ടിടം അദ്ദേഹം സ്കൂളിൽ നിർമ്മിച്ചു.

ശ്രീ. വിശ്വനാഥൻനായർ "ചിലപ്പതികാരം" എന്ന തമിഴ് ഗ്രന്ഥം സംസംകൃതത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. ഇതിന്റെ അംഗീകാരമായി അദ്ദേഹത്തെ തമിഴ്നാട് സർക്കാർ പുരസ്കാരം നൽകി ആദരിച്ചിട്ടുമുണ്ട്.

നെന്മാറ പഞ്ചായത്തിൽ സംസ്ഥാന സർക്കാരിന്റെ മികച്ച അദ്ധ്യാപകർക്കുള്ള പുരസ്കാരം നേടിയവരാണ് ശ്രീ. വിശ്വനാഥൻമാസ്റ്ററും, ശ്രീ. പശുപതി നാഥൻ മാസ്റ്ററും. ഗുരു- ശിഷ്യന്മാരായ ഇവർ ഇരുവരും ത്രിഭാഷാ പണ്ഡിതന്മാരാണ്.

ലോക ചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണലിപിയിൽ എഴുതപ്പെട്ട വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മഹാനായ സന്യാസി **ശ്രീ വിഷ്ണുദേവാന്ദസ്വാമി**.

നെന്മാറ പഴയഗ്രാമം ശ്രീ. പഞ്ചനാഥശാസ്ത്രികളുടെയും കണിമംഗലം വലിയ പീച്ചാംകുറിച്ചി വീട്ടിൽ ശ്രീമതി ചീച്ചു അമ്മയുടെയും പുത്രനായി 1927ൽ ജനിച്ച അദ്ദേഹം നെന്മാറ ബോയ്സ് ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്നു. സ്വാമികുട്ടൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്.

സ്വന്തം വിമാനം, സ്വയം പറപ്പിച്ച് ലോകമൊട്ടുക്കും "ശാന്തിയുടെ വക്താവായി" പ്രത്യേകിച്ചും യുദ്ധമേഖലകളിൽ സമാധാനദൂതനായി പുഷ്പവൃഷ്ടി നടത്തിയിരുന്ന മഹാനായ സന്ന്യാസിവര്യനായിരുന്നു അദ്ദേഹം.

കിഴക്കു-പടിഞ്ഞാറൻ ജർമ്മനി പരസ്പരം കലഹിച്ച് ഇരു വിഭാഗത്തെയും ജനങ്ങളെ ഒരു വൻമതിൽ കെട്ടി വേർതിരിച്ചു പരസ്പരം കാണുവാൻ പോലുമുള്ള അവസരം നിഷേധിക്കപ്പെട്ടിരുന്ന കാലത്ത് ഇരു രാജ്യങ്ങളുടെയും ആകാശാതിർത്തിക്കുള്ളിലൂടെ സമാധാനസന്ദേശങ്ങളും പുഷ്പവൃഷ്ടിയും നടത്തിയ അദ്ദേഹത്തിന്റെ പ്രശസ്തി പതിന്മടങ്ങ് വർദ്ധിച്ചു. സ്വാമിജിയുടെ ഐതിഹാസികമായ മേല്പടി പര്യടനത്തിനുശേഷം ഇരു ജർമ്മനികളും ജനങ്ങളെ വേർതിരിച്ചിരുന്ന മതിൽ പൊളിച്ച് ഒരു ജനതയായി മാറിയത് ലോകമുള്ളിടത്തോളം കാലം ഏവരും സ്മരിക്കും.

"ദി കംപ്ലീറ്റ് ഇല്ലസ്ട്രേറ്റഡ് ബുക്ക് ഓഫ് യോഗ" എന്ന ഗ്രന്ഥം ഇദ്ദേഹം രചിച്ച് പ്രസാദനം ചെയ്ത ആധികാരിക ഗ്രന്ഥങ്ങളുടെ പട്ടികയിൽ മുൻസ്ഥാനത്ത് നിൽക്കുന്നു.

നെന്മാറയിലെ "കണിമംഗലം" എന്ന പ്രദേശത്തിന്റെ പേരിലും ഒരു ചരിത്രസത്യമുണ്ട്.

തൃശൂർ വടക്കുന്നാഥ ക്ഷേത്രം ജന്മം വകയായിട്ടുള്ളതാണ് നെന്മാറ അയിനംപാടം മുതൽ കമ്മാന്തറ ഉൾപ്പെടെയുള്ള കണിമംഗലം, കൽമുക്ക് എന്നീ പ്രദേശങ്ങൾ വരെ വ്യാപിച്ചുകിടക്കുന്ന ഭൂവിഭാഗത്തിൽ മിക്കതും.

രാജഭരണകാലത്ത് ഈ ഭൂവിഭാഗത്തിന്റെ മേൽനോട്ടം വഹിക്കാനായി അയക്കപ്പെട്ടിരുന്ന ബ്രാഹ്മണ മേലാളന്മാരുടെ സ്ഥാനപ്പേരാണ് "പാട്ടമാളി". ഇവർ തൃശൂരിനടുത്ത "കണിമംഗലം" എന്ന സ്ഥലത്തെ പൂർവ്വീകരാണ്. നെന്മാറയിൽ വന്ന് "കണിമംഗലം ഗ്രാമം" എന്നു നാമിപ്പോൾ അറിയുന്ന പ്രദേശത്താണ് അവർ താമസം തുടങ്ങിയത്. സ്വന്തം ജന്മദേശമായ തൃശൂർ-കണിമംഗലത്തിന്റെ സ്മരണയ്ക്ക് "കണിമംഗലം" ഗ്രാമം (അഗ്രഹാരം) എന്ന് അവർ സൃഷ്ടിച്ച അഗ്രഹാരത്തിന് പേരു നൽകുകയുണ്ടായി. ഇന്നും സ്വന്തം പേരിൽ ജന്മസ്ഥലത്തിന്റെ ഇംഗ്ലീഷ് മൊഴിയിലുള്ള നാട്ടുപേരിന്റെ ആദ്യാക്ഷരം ഇവിടത്തുകാർ "കണിമംഗലം" എന്ന പദത്തിന്റെ "കെ" എന്ന അക്ഷരം ഉപയോഗിച്ചുകൊണ്ട് വ്യക്തമാക്കുന്നു.

നെന്മാറ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റ് കണിമംഗലം ഗ്രാമക്കാരനായ ശ്രീ. ഇ.എസ്. വിശ്വനാഥൻ പാട്ടമാളിയാണ് എന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്. പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞിട്ടും അദ്ദേഹം പ്രസിഡന്റ് പട്ടമാളി എന്നു തന്നെയാണ് അറിയപ്പെടുന്നത്.

ആരോഗ്യരംഗത്ത് നെൻമാറയുടെ പൂർവ്വികർ വളരെയേറെ തൽപരായിരുന്നു എന്നതിന്റെ തെളിവാണ് 103 വർഷം പിന്നിട്ട " നെൻമാറ സർക്കാർ" ആശുപത്രി.

ഒരു കാലത്ത് വളരെ പ്രശസ്തരായ ഡോക്ടർമാർ സേവനം ചെയ്തിട്ടുള്ള ആസ്പത്രിയാണിത്. സങ്കീർണ്ണങ്ങളായ ഓപ്പറേഷനുകൾ വരെ ഈ ആസ്പത്രയിൽ നിർവ്വഹിച്ചിട്ടുള്ളതായി പഴമക്കാർ പറയുന്നു.

വിഷവൈദ്യ ചികിത്സക്ക് പ്രശസ്തനായിരുന്നു നെൻമാറ പന്തലിങ്ങൽ വീട്ടിലെ ശ്രീ. ചിന്നൻ മേനോൻ. ശ്രീ ഗോപാലൻ നായർ, "ദി ന്യൂ ഫാർമസി" എന്ന പേരിൽ ആദ്യമായി ആയുർവ്വേദ ചികിത്സക്കായി ഇപ്പോൾ കോട്ടയ്ക്കൽ ആര്യവൈദ്യശാല ഉള്ള സ്ഥലത്തു ഒരു സ്ഥാപനം തുടങ്ങിയത്. ശ്രീ. രാജു ചെട്ട്യാർ, ശ്രീ. പൊന്നു ഗുരുക്കൾ എന്നിവർ ആണ് ആദ്യകാലത്തു പച്ചമരുന്നു, പെട്ടിമരുന്നു വ്യാപാരം ആരംഭിച്ചത്.

കൊടകര നാടിന്റെ പുളകോത്സവമാണ് വേലയുത്സവം. നെൻമാറ–വല്ലങ്ങി വേലയുത്സവത്തെ സംബന്ധിച്ച ഐതിഹ്യങ്ങൾ താഴെ പ്രതിപാദിക്കുന്നു. രാജഭരണം നിലവിലിരുന്ന കാലത്ത് നെൻമാറ, വല്ലങ്ങി, വിത്തനശ്ശേരി എന്നീ പ്രദേശങ്ങളുടെ ദേശവാഴി വിത്തനശ്ശേരി പൂക്കോട്ടെ മന്നാടിയാർ ആയിരുന്നു. ഈ പ്രദേശങ്ങൾ മിക്കതും കാടുകളായിരുന്നതിനാൽ തസ്ക്കരശല്യം കൂടുതലായിരുന്നു. തസ്ക്കരശല്യം അമർച്ച ചെയ്യുന്നതിനായി ദേശവാഴി മന്നാടിയാർ കൊച്ചി രാജാവിനെ സമീപിക്കുകയും കൊച്ചിമഹാരാജാവ് മന്നാടിയാരുടെ ആവശ്യാർത്ഥം കൊടകരനായർ, പതിയാർ സ്ഥാനപ്പേരുള്ള അങ്ങാടിപ്പുറത്ത്കാരൻ നായർ എന്നീ രണ്ടു സേനാനായകരെ നിയോഗിക്കുകയും ചെയ്തു.

വല്ലങ്ങിയിലെ പുരാതന തറവാടായ പടിഞ്ഞാറെ ഏറാട്ടെ വീടിന്റെ കളപ്പാടുകളിലൊന്നായ പൂങ്ങോട്ടിൽനിന്നും നിത്യവും പാൽ കറന്നുകൊണ്ടുവരവെ പാൽകുടം നിറഞ്ഞു കവിയുന്നതായി അനുഭവപ്പെട്ടതിനെ തുടർന്ന്, കാരണവർ ജോത്സ്യരെ വരുത്തി പ്രശ്നവിചാരം നടത്തിയതിൽ ഭഗവതി സാന്നിദ്ധ്യം കാണുകയും ശാസ്ത്രരീത്യാ ഭഗവതിയെ മൺകുടത്തിൽ തറവാട്ടിൽ കുടിയിരുത്തുകയും ചെയ്തു. പടിഞ്ഞാറെ ഏറാട്ടെ വീട്ടിൽ കുടിവെച്ചിരുന്ന ദേവിയെ പൊതുജനങ്ങൾക്ക് ആരാധിക്കുന്നതിനുള്ള സൗകര്യാർത്ഥം നെല്ലിക്കുളങ്ങരയിലേക്ക് പുനഃപ്രതിഷ്ഠിച്ചു. ആ പ്രതിഷ്ഠാദിനം **മീനം** 20–ന് ആയിരുന്നു. ദേശവാഴി മന്നാടിയാരും, നാടുവാഴി പതിയാരും നെല്ലിക്കുളങ്ങര ക്ഷേത്രത്തിന്റെ ഊരാളൻമായിരുന്നു. കൊടകരനായരും പതിയാരും അതതു വർഷങ്ങളിൽ മേൽ തീയ്യതിയിൽ ഒന്നിച്ചു ചേരുന്നതിന് ആനയും അമ്പാരിയുമായി വരുന്ന ചടങ്ങാണ് **മീനം 20**ന് നടക്കുന്ന വേലയുത്സവം. നെല്ലിക്കുളം കരക്ഷേത്രത്തിന്റെ മൂലസ്ഥാനം വല്ലങ്ങി ദേശത്തുള്ള പടിഞ്ഞാറെ ഏറാട്ടെ വീട്ടിലാണെന്ന് പറയപ്പെടുന്നു. ഇന്നും അവിടെ മൺകലത്തിൽ സ്ഥാപിച്ച ഭഗവതിപ്രത്രഷ്ഠയുണ്ട്.

നെൻമാറ–വല്ലങ്ങി വേലയുത്സവത്തെക്കുറിച്ച് പഴമക്കാരിൽ നിന്ന് മനസ്സിലായ മറ്റൊരു ഐതിഹ്യം കൂടെ ചുവടെ ചേർക്കുന്നു.

വനദുർഗ്ഗയുടെ ഒരു അവതാരമായാണ് ഈ ദേവി അറിയപ്പെടുന്നത്. പരമഭക്തനായ ഒരു കൊടകരനായർ നെല്ലിയാമ്പതിമലയിലെ നെല്ലിക്കുളത്തിമല എന്ന വനഭാഗത്ത് പോയി തപസ്സ് ചെയ്ത് ഭഗവതിയെ പ്രീതിപ്പെടുത്തി. ഒടുവിൽ പരദേവതയായ നെല്ലിക്കുളങ്ങര ഭഗവതി പ്രത്യക്ഷയാകുകയും അദ്ദേഹത്തെ അനുഗ്രഹിക്കുകയും നാട്ടിലേക്ക് മടങ്ങിക്കൊള്ളാൻ നിർദ്ദേശിക്കുകയും ചെയ്തു. നാട്ടിലേക്ക് മടങ്ങവേ നെൻമാറ കോതകുളത്തിന്റെ സമീപത്തെത്തിയ അദ്ദേഹം തന്റെ ഓലക്കുട കുളത്തിന്റെ തെക്കേക്കരയിൽ വെച്ച് കുളിക്കാനിറങ്ങി. കുളികഴിഞ്ഞ് കുട എടുക്കുവാൻ ശ്രമിച്ചപ്പോൾ അത് ഭൂമിയിൽ നിന്നിളകാതെ ഉറച്ചുപോയിരുന്നു. ഇതിൽ ഈശ്വരചൈതന്യം ഉണ്ടാ

വാനിടയുണ്ടെന്ന് മനസ്സിലാക്കിയ അദ്ദേഹം പ്രശ്നവിചാരം നടത്തി നെല്ലിക്കുളത്തി ഭഗവതി തന്റെ കുടപ്പുറത്ത് വന്നിട്ടുണ്ടെന്നും ആ കുട ഇരിക്കുന്ന ദിക്കിൽ തന്നെ ഇരുന്നരുളുവാനാണ് ദേവി ആഗ്രഹിക്കുന്നതെന്നം തെളിഞ്ഞതിനാൽ നെല്ലിക്കുളത്തിദേവിയെ നെൻമാറയിലുള്ള കൊടകരനായർ വീട്ടിൽ കുടിയിരുത്തി. പിന്നീട് ദേവിയുടെ നിയോഗത്തോടുകൂടി ഇന്നുള്ള അമ്പലത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു.

പാട്ടും ആട്ടവും ആരവവും ചേർന്നുള്ള ആരാധനസമ്പ്രദായങ്ങളോടു കൂടിയ കുമ്മാട്ടി, കരിവേല, ആണ്ടിവേല എന്നിവ നെൻമാറ ദേശക്കാരും, കണ്യാർക്കളി, താലപ്പൊലി എന്നിവ വല്ലങ്ങി ദേശക്കാരും. വേലക്ക് മുന്നോടിയായി നടത്തിവരുന്നു. വല്ലങ്ങി ദേശക്കാരും നെൻമാറദേശക്കാരും ചേരിതിരിഞ്ഞാണ് ഈ ഉത്സവം നടത്തിവരുന്നത്. തൃശൂർ പൂരത്തെപോലും വെല്ലുന്ന ആകാശത്ത് വർണ്ണം വാരിവിതറുന്ന വെടിക്കെട്ട് ഇതോടനുബന്ധിച്ച് നടത്തിവരുന്നു. കലാഭംഗിയും വർണ്ണദീപങ്ങളാൽ അലങ്കരിക്കപ്പെട്ടുനിൽക്കുന്ന ആനപ്പന്തലുകളും രണ്ടു വിഭാഗക്കാരും മത്സര ബുദ്ധിയോടെ നിർമ്മിച്ചു വരുന്നു. ഉത്സവത്തിന്റെ കൊഴുപ്പുകൂട്ടുന്നത് താളനാദപ്രപഞ്ചം കൈവിരലുകളാൽ സൃഷ്ടിക്കുന്ന ലോകപ്രശസ്തരായ വാദ്യകലാകാരൻമാരാണ്.

വല്ലങ്ങി പടിഞ്ഞാറെ ഏറാട്ടെ വീട്ടിൽ ഉറിയിലുള്ള ദേവിയുടെ അനുഗ്രഹം വാങ്ങി, ദേശവെളിച്ചപ്പാട് വല്ലങ്ങി ശിവക്ഷേത്രത്തിൽ എത്തുന്നു. അവിടെ നിന്നാണ് വല്ലങ്ങി വേലയുടെ ആരംഭം. വല്ലങ്ങി, മന്ദം, മാരിയമ്മക്ഷേത്രം, ചീർമ്പക്കാവ് എന്നീ സ്ഥലങ്ങളിലൂടെ കടന്ന് വേലപ്പന്തലിൽ തലയെടുപ്പുള്ള ഗജവീരൻമാർ അണിനിരക്കുന്നു. ആനശ്ശേരി പൂക്കോട്ട തറവാട്ടിൽ നിന്നുള്ള ആനയുടെ എഴുന്നള്ളത്ത് വല്ലങ്ങി മന്ദത്തു വന്ന ശേഷമേ അവിടെ അണിനിരന്നിട്ടുള്ള ആനകൾ പന്തലിലേക്ക് പുറപ്പെടുകയുള്ളു.

നെൻമാറ ദേശത്തിന്റെ വേല നായർ തറവാടിലുള്ള മന്ദത്തുനിന്നും പുറപ്പെടുന്നു. അവിടെ നിന്നും നെല്ലിക്കുളങ്ങര ശ്രീമൂലസ്ഥാനം വേട്ടക്കൊരുമകൻ ക്ഷേത്രം വഴി നെൻമാറ പഴയഗ്രാമം GLP സ്കൂളിലുള്ള പഴയന്നൂർ ഭഗവതിയെ തൊഴുത ശേഷം പുതുഗ്രാമം, കൃഷ്ണപുരം ഗ്രാമം വഴി ആനപ്പന്തലിലേക്ക് പുറപ്പെടുന്നു.

വേലയുത്സവത്തിന് അയൽ സംസ്ഥാനങ്ങളിൽനിന്നു പോലും നാനാജാതിമതസ്ഥർ ഇവിടെ ഒത്തുചേരുന്നു.

കൊച്ചിരാജാവ് പണ്ട് എല്ലാവർഷവും വേല കാണാൻ വന്നിരുന്നു. അപ്പോൾ അദ്ദേഹം താമസിച്ചിരുന്നത് അന്നത്തെ നാലുകെട്ടായിരുന്ന പഴയഗ്രാമം ജി.എൽ.പി. സ്കൂളിലാണ്. രാജവംശത്തിന്റെ കുലദൈവത്തെ ആ കെട്ടിടത്തിൽ പ്രതിഷ്ഠിച്ചത് രാജാവിന് വന്ദിക്കുവാനുള്ള സൗകര്യത്തിന് വേണ്ടിയായിരുന്നു.

നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ പ്രധാന ഉത്സവങ്ങളും നമ്മുടെ ജില്ലയുടെ പ്രധാന ഉത്സവങ്ങളിൽ ചിലതുമായ ദീപാവലി,തൈപ്പൂയം, ശൂരസംഹാരം എന്നിവ നമ്മുടെ ഗ്രാമപഞ്ചായത്തിലും മുൻകാലങ്ങളിലെന്നപോലെ ഇന്നും സമുചിതമായി ആഘോഷിച്ചുവരുന്നു. ദശാബ്ദങ്ങളായി പ്രത്യേകിച്ച് നമ്മുടെ ഗ്രാമപഞ്ചായത്തിൽ കാർഷിക തനിമയോടെ ആഘോഷിച്ചുവരുന്ന പാൽക്കിണ്ടി മഹോത്സവത്തെപ്പറ്റി പല ഐതിഹ്യങ്ങളും നിലനിൽക്കുന്നു. വല്ലങ്ങി പടിഞ്ഞാറെ ഏറാട്ടെ വീട്ടിൽ ഉറിയിൽ ഭഗവതിയെ പ്രതിഷ്ഠിച്ചതിനോടനുബന്ധിച്ച് വൃശ്ചികമാസത്തിൽ പാൽകിണ്ടി ഉത്സവം ആഘോഷിച്ചു വരുന്നുവെന്നതാണ് അതിലൊന്ന്. കാർഷികപ്രാധാന്യമുള്ള നമ്മുടെ ഗ്രാമത്തിലെ ഭൂവുടമകളെയും കൃഷിക്കാരെയും കർഷകതൊഴിലാളികളെയും കോർത്തിണക്കുന്ന പഴയകാല കാർഷികബന്ധത്തിന്റെ ഒഴിവുകാല ഉത്സവമായും "കതിരുത്സവം" കൊണ്ടാടിവരുന്നതെന്ന് വിശ്വസിക്കുന്നവരുണ്ട്.

നമ്മുടെ പഞ്ചായത്തിലെ **പഴയഗ്രാമം പുതുഗ്രാമം രഥോത്സവങ്ങൾ, കണിമംഗലം ഷഷ്ഠിവിളക്ക്, ആതനാട്ട്, കയ്പൻ ചേരി, പോത്തുണ്ടി, പുത്തൻ തോട്ടം, നെടുങ്ങോട്, മുടിമല, കവളപ്പാറ**

എന്നിവിടങ്ങളിലെ അയ്യപ്പൻ വിളക്ക് മഹോത്സവങ്ങൾ, വിഷുവേല ആഘോഷം, തൈപ്പൂയ മഹോത്സവങ്ങൾ എന്നിവയെല്ലാം തന്നെ ഉത്സവവിശേഷങ്ങളുടെ മാറ്റു കൂട്ടുന്നു.

## ചരിത്രത്താളുകളിലെ നെൻമാറ ഗ്രാമപഞ്ചായത്ത്

1954 വർഷത്തിലാണ് നെൻമാറ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. ഇന്നുള്ള തരത്തിലുള്ള സമ്പ്രദായമായിരുന്നില്ല അന്ന് നിലനിന്നിരുന്നത്. പഞ്ചായത്തിലെ പ്രമുഖവ്യക്തികൾ നേതൃത്വം നൽകിയിരുന്ന പഞ്ചായത്ത് കോടതികൾ ആയിരുന്നു അന്ന് നിലവിലുണ്ടായിരുന്നത്. ഗ്രാമപ്രദേശങ്ങളിലെ തർക്കങ്ങൾക്ക് അവിടെ തീർപ്പ് കൽപ്പിക്കുകയും ലഘുശിക്ഷകൾ നൽകുകയും ചെയ്തിരുന്നു. അയിനം പാടത്ത് ഉള്ള താൽക്കാലിക കെട്ടിടത്തിൽ വിശ്വനാഥൻ ചെട്ടിയാരുടെ നേതൃത്വത്തിലുള്ള പഞ്ചായത്ത് കോടതി കാര്യങ്ങൾ നടത്തിവന്നു. തുടർന്ന് ആപ്പീസ് കെട്ടിടം ഇന്ന് കല്യാണമണ്ഡപം സ്ഥിതി ചെയ്യുന്ന ഭാഗത്തേക്ക് മാറ്റി പ്രവർത്തനമാരംഭിച്ചു. ഐക്യകേരളപിറവിക്ക് ശേഷം 1962ൽ ഏകീകൃത പഞ്ചായത്ത് നിയമം നമ്മുടെ നാട്ടിൽ നിലവിൽ വന്നു. 1994ൽ പഞ്ചായത്ത് രാജ് നിയമം വരെ പ്രസ്തുത നിയമം നിലനിൽക്കുകയുണ്ടായി. 1962ൽ കമ്മ്യൂണിറ്റി ഹാളിനായി സ്ഥാപിച്ച കെട്ടിടത്തിലാണ് ഇന്നും പഞ്ചായത്ത് ആപ്പീസ് കെട്ടിടം പ്രവർത്തിച്ച് വരുന്നത്.

1957 മുതൽ പഞ്ചായത്തിന്റെ ഭരണം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ നിർവ്വഹിച്ച് വന്നു. പ്രസ്തുതകാലം മുതൽ പഞ്ചായത്തിന്റെ ഭരണം നിർവ്വഹിച്ച പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| പ്രസിഡണ്ട്-സർവ്വശ്രീ | | വൈസ്പ്രസിഡണ്ട് -സർവ്വശ്രീ |
|---|---|---|
| ഇ.എസ്സ്. വിശ്വനാഥ പാട്ടമാളി | | കെ. വാസുദേവൻ നായർ |
| എൻ.എസ്സ്. കൃഷ്ണയ്യർ | | ദാമോദരൻ എഴുത്തശ്ശൻ |
| സി. ഗോപിനാഥൻ നായർ | | ദാമോദരൻ എഴുത്തശ്ശൻ |
| സി. ഗോപിനാഥൻ നായർ | | വേലായുധൻ |
| (1984 മുതൽ 1987വരെ സ്പെഷൽ ആഫീസർമാരുടെ ഭരണമായിരുന്നു) | | |
| പി. സുധാകരൻ | | എൻ. സോമൻ |
| എൻ. സോമൻ | | സരോജിനി മൻമോഹൻ |
| എ. യൂസഫ് | (1995 ഒക്ടോബർ 4 മുതൽ) | എം. ആർ. നാരായണൻ |

നെൻമാറയുടെ സാമൂഹിക-രാഷ്ട്രീയ ബോധവൽക്കരണ-വികസന പ്രക്രിയയിൽ നിസ്വാർത്ഥവും നിസ്തുലവും ആയ സേവനം അർപ്പിച്ച മഹാൻമാർ കുറെപ്പേർ ഉണ്ട്.

ഇത്രയും ഭാഗത്തു പരാമർശിക്കപ്പെട്ടവരുടെ പേരുകൾ പുനരാവർത്തന വിരസത ഒഴിവാക്കുവാൻ വേണ്ടി വിസ്തരിക്കുന്നില്ല.

ജില്ലാതല കായികമത്സരങ്ങൾ വരെ നെൻമാറയിൽ സംഘടിപ്പിച്ചിരുന്നുവെന്നതു തന്നെ കായികരംഗത്തെ നമ്മുടെ പഞ്ചായത്തിന്റെ കഴിവ് വിളിച്ചോതുന്നു. അതുപോലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിൽ രാഷ്ട്രപതിയുടെ അതിവിശിഷ്ട സേവാ മെഡൽ നേടിയ വല്ലങ്ങി വാക്കീൽ വീട്ടിലെ ശ്രീ: മുരളീധരൻ AIG, CISF നമ്മുടെ ഗ്രാമത്തിന് അഭിമാനമാണ്.

**ചരിത്രത്തിന്റെ ഭാഗമായി കേട്ടറിവാണ് കണ്ടറിവിനേക്കാൾ കൂടുതൽ ഇവിടെ എഴുതപ്പെട്ടിട്ടുള്ളത്. കൈവശം ലഭിച്ച വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് ഇതു തയ്യാറായിരിക്കുന്നത്. ഏതെങ്കിലും വ്യക്തിയേയോ പ്രസ്ഥാനത്തേയോ വിട്ടു പോയിട്ടുണ്ടെങ്കിൽ അതു മനഃപൂർവ്വമല്ല എന്ന് സവിനയം അറിയിക്കുന്നതോടൊപ്പം എന്തെങ്കിലും തെറ്റുപറ്റിപോയിട്ടുണ്ടെങ്കിൽ ആയത് പൊറുക്കണമെന്ന് സാദരം അഭ്യർത്ഥിക്കുന്നു.**

# ജനകീയാസൂത്രണ പ്രസ്ഥാനം
# നെൻമാറ പഞ്ചായത്തിൽ

ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയപദ്ധതിയായി കേരളസർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് വികസന ചരിത്രത്തിലെ ഒരു നാഴിക കല്ലാണ്. തദ്ദേശ ഭരണവകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാന ആസൂത്രണബോർഡുതന്നെയാണ് ഈ മഹത്തായ പരിപാടിയുടെ സംഘാടനച്ചുമതല വഹിക്കുന്നത്.ജനകീയ ആസൂത്രണത്തിലൂടെ വലിയ ഉത്തരവാദിത്തമാണ് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പോകുന്നത്. കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും, തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയും. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടേയും നടത്തിപ്പ് കാര്യക്ഷമവും, പെട്ടെന്നും തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്നു മാത്രമല്ല അഴിമതിയുടെ എല്ലാ കൈവഴികളും ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും. താഴെത്തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടു കൂടിയുള്ള ആസൂത്രണം, കഴിഞ്ഞ കാലങ്ങളിൽ ഉന്നത ഉദ്യോഗസ്ഥതലങ്ങളിൽ മാത്രം ഒതുങ്ങി നിന്ന ആസൂത്രണം ഇന്ന് താഴെ തട്ടിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ജനകീയാസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിനെ വിജയത്തിലേക്ക് എത്തിക്കാനാവശ്യമായ ജില്ലാ പഠനക്ലാസ്സിൽ പഞ്ചായത്തിൽ നിന്ന്

1. മധുസൂദനൻ വിത്തനശ്ശേരി
2. മോഹനൻ പൂളിക്കൽതറ
3. ഗിരിജാ വല്ലഭൻ നെൻമാറ എന്നിവരും

ജില്ലാ ആസൂത്രണ ബോർഡിന്റെ പ്രതിനിധികളായി

1. ബാലൻ മച്ചാത്ത്, വിത്തനശ്ശേരി
2. വി. രാഘവദാസ്, വല്ലങ്ങി
3. P.C. രാഘവൻ, പുത്തൻ തോട്ടം
4. ഗോപാലകൃഷ്ണൻ നെടുങ്ങോട് എന്നിവരും ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പുഷ്പലതാ കൃഷ്ണനും ആലത്തൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് സെപ്റ്റംബർ മാസം 12, 13, 14 തീയ്യതികളിൽ നടത്തിയ പരിശീലനത്തിൽ പങ്കെടുത്തു.

പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ സ്ഥാപനങ്ങളുടേയും, രാഷ്ട്രീയ പാർട്ടികൾ, ബഹുജന സംഘടനകൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരെ വിളിച്ച് വിശേഷാൽ ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിനു വേണ്ടിയുള്ള ഏകദിന പഠനക്ലാസ്സ് നടത്തേണ്ടതിന് ഒരു സംഘടന രൂപീകരിച്ചു. 21-9- 96-ന് ഏകദിന പഠന ക്ലാസ്സ് നടത്തി.

രണ്ടാം ഘട്ട പരിശീലനം ഒക്ടോബർ 22,23,24 തീയതി ആലത്തൂർ കമ്മ്യൂണിറ്റി ഹാളിൽ നടന്നു. ആദ്യഘട്ട ജില്ലാ പരിശീലകരിൽ ഗിരിജാവല്ലഭൻ, ഗോപാലകൃഷ്ണൻ എന്നിവർ പിന്നീട് പങ്കെടുത്തില്ല. പകരം നെല്ലിപാടം നസീറിനെ ചേർക്കുകയും ചെയ്തു.

രണ്ടാം ഘട്ടം ശിൽപശാല 2-11-96 തീയതി നടന്നു.

നവംബർ 1 പുനരർപ്പണദിനമായി "തവളാക്കുളം" വൃത്തിയാക്കലോടെ ആരംഭിച്ചു.

നവംബർ 18-ാം തീയതി പഠനയാത്ര നടത്തി.

[redacted]

തുടർന്ന് ദ്വിതീയ സ്ഥിതിവിവരകണക്കുകളുടെ ശേഖരണം, ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം, വികസന റിപ്പോർട്ട് എന്നിവ DRP മാർ പഞ്ചായത്തംഗങ്ങൾ,പഞ്ചായത്തിലെ ജീവനക്കാർ, കോർഗ്രൂപ്പ് അംഗങ്ങൾ എന്നിവർ ചേർന്ന് തയ്യാറാക്കി.

കലാജാഥയിൽ മോഹനൻ, വായനശാല, സുധാകരൻ നെടുങ്ങോട്, കെ.കെ.ബാലകൃഷ്ണൻ കണിമംഗലം എന്നിവർ പങ്കെടുത്തു. സംസ്ഥാനതല പരിശീലനം സിദ്ധിച്ച വൈ. കല്യാണകൃഷ്ണൻ, മൃത്യുഞ്ജയൻ ( ICDS ഓഫീസർ നെൻമാറ) ഈ പ്രവർത്തനങ്ങളിൽ നമ്മെ സഹായിക്കുന്നു.

യാതൊരു മുൻപരിചയവുമില്ലാത്ത ആളുകളാണ് കോർഗ്രൂപ്പിൽ പ്രവർത്തിക്കുന്നത്. അതിനാൽ ഈ റിപ്പോർട്ട് പൂർണ്ണമാണ് എന്ന് അവകാശപ്പെടുന്നില്ല. ഇത് ആദ്യത്തെ സംരംഭമാണ്. ഒരു മഹത്തായ പ്രസ്ഥാനത്തിന്റെ തുടക്കം കുറിക്കുന്ന ഈ വികസനത്തിന്റെ പാത ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം പിടിച്ച് എല്ലാവരും ഒന്നിച്ച് ഒന്നായി അണിചേരാം.

നാളെയുടെ ചരിത്രം യാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ ഇന്ന് തന്നെ പങ്കു ചേരാനുള്ള പ്രതിജ്ഞ ദൃഢനിശ്ചയത്തോടെ നമുക്കു സ്വീകരിക്കാം.

## ജനകീയ ആസൂത്രണ പ്രസ്ഥാനം
## പഞ്ചായത്ത്, വിലയിരുത്തൽ റിപ്പോർട്ട്

(എ) ഗ്രാമസഭ വിലയിരുത്തൽ

| വാർഡ് നമ്പർ | യോഗം ചേർന്ന തീയതി | പങ്കെടുത്തവരുടെ എണ്ണം | | ആകെ | പങ്കെടുത്ത ഉദ്യോഗസ്ഥൻ മാരുടെ എണ്ണം | SC/ST അംഗങ്ങളുടെഎണ്ണം |
|---|---|---|---|---|---|---|
| | | സ്ത്രീ | പു: | | | |
| 1 | 2-10-96 | 53 | 174 | 227 | 6 | |
| 2 | 29-9-96 | 4 | 57 | 61 | 3 | |
| 3 | 26-10-96 | 59 | 154 | 213 | 11 | |
| 4 | 29-9-96 | 10 | 70 | 80 | 4 | |
| 5 | 5-10-96 | 21 | 108 | 129 | 7 | |
| 6 | 6-10-96 | 11 | 88 | 99 | 5 | |
| 7 | 6-10-96 | 8 | 67 | 75 | 2 | |
| 8 | 26-10-96 | 12 | 107 | 119 | 11 | |
| 9 | 30-9-96 | 23 | 114 | 137 | 9 | |
| 10 | 2-10-96 | 38 | 110 | 148 | 9 | |
| 11 | 4-10-96 | 34 | 139 | 173 | 12 | |
| 12 | 29-9-96 | 40 | 78 | 118 | 8 | |
| | ആകെ | 313 | 1266 | 1599 | 87 | |

**(ബി) ഒന്നാം ഘട്ട പഞ്ചായത്ത്തല പരിശീലനം**

1) പങ്കെടുത്തവരുടെ എണ്ണം 113 (സ്ത്രീ......22 പു: 91)
2) പരിശീലനം നടന്ന തീയതി 21-9-96
3) പങ്കെടുത്ത പഞ്ചായത്ത് അംഗങ്ങളുടെ എണ്ണം 12
4) പങ്കെടുത്ത ഉദ്യോഗസ്ഥൻമാരുടെ എണ്ണം 20
5) പങ്കെടുത്ത ജില്ലാറിസോഴ്സ് പേഴ്സൺമാരുടെ എണ്ണം 8

(6) പരിശീലനം എത്ര മണി മുതൽ എത്ര മണി വരെ 9 മണി മുതൽ 4 മണി വരെ.

**(സി) രണ്ടാം ഘട്ട പഞ്ചായത്ത്തല പരിശീലന വിലയിരുത്തൽ**

1) പങ്കെടുത്തവരുടെ എണ്ണം 83 (സ്ത്രീ 13 പു. 70
2) പരിശീലനം നടത്തിയ തീയതി 2-11-96
3) പങ്കെടുത്ത പഞ്ചായത്ത് മെമ്പർമാരുടെ എണ്ണം 12
4) പങ്കെടുത്ത ഉദ്യോഗസ്ഥൻമാരുടെ എണ്ണം 16
5) പങ്കെടുത്ത ജില്ലാ റിസോഴ്സസ് പേഴ്സൺമാരുടെ എണ്ണം 12
6) പങ്കെടുത്ത സംസ്ഥാന റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം 1
7) പഞ്ചായത്ത് തലത്തിൽ പുതുതായി പങ്കെടുത്തവരുടെ എണ്ണം 11
8) പരിശീലനം 9 മണി മുതൽ 6 മണി വരെയായിരുന്നു

# പഞ്ചായത്തു-ഭൂവിഭവ പഠനയാത്ര

പഞ്ചായത്ത് വികസനറിപ്പോർട്ടും തുടർന്ന് വികസന പദ്ധതികളും തയ്യാറാക്കുന്നതിന്റെ ആദ്യപടിയെന്ന നിലയിൽ ഓരോ പഞ്ചായത്തിന്റെയും ഭൂപ്രകൃതി, പ്രകൃതി വിഭവങ്ങൾ, പ്രധാന മൺതരങ്ങൾ, ഓരോ പ്രദേശത്തെയും ഭൂമിയുടെ കിടപ്പ്, വിവിധ ഭൂപ്രകൃതി വിഭാഗങ്ങൾ, ഭൂവിനിയോഗ വിവരങ്ങൾ, ജലലഭ്യതയുടെ വിശദാംശങ്ങൾ പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയവയെ അവലോകനം ചെയ്യേണ്ടതുണ്ട്. വളരെ കുറഞ്ഞ സമയംകൊണ്ട് ഇതെല്ലം ശേഖരിക്കേണ്ടതുണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിൽ 18.11.96ന് കാലത്ത് 8 മണിക്ക് പോത്തുണ്ടിയിൽ നിന്ന് പ്രസിഡണ്ടിന്റെയും വൈസ് പ്രസിഡണ്ടിന്റേയും നേതൃത്വത്തിൽ പഠനപര്യടനം ആരംഭിച്ചു. A ഗ്രൂപ്പ് കിഴക്ക് ഭാഗത്തും, B ഗ്രൂപ്പ് പടിഞ്ഞാറുഭാഗത്തുമാണ് പര്യടനം നടത്തിയത്.

A ടീമിൽ എ. യൂസഫ് (പഞ്ചായത്ത് പ്രസിഡന്റ്), വി. ലക്ഷ്മിക്കുട്ടി, സരോജിനി രാമൻ (പഞ്ചായത്ത് അംഗം) മധുസൂദനൻ (DRP) മോഹൻദാസ് (DRP) മുരളി കോവാത്ത്, കണ്ണൻ നെല്ലിച്ചോട്, രാമചന്ദ്രൻ എന്നിവരും ബി–ടീമിൽ എം.ആർ. നാരായണൻ (വൈസ് പ്രസിഡന്റ്) 4 ,10,12 വാർഡ് പഞ്ചായത്തംഗങ്ങളായ എൻ.കെ. വെങ്കിടേശ്വരൻ, ദേവി കേശവൻ, കാമിനി ഗോകുലൻ എന്നിവരും, വി. രാഘവദാസ് (DRP കൺവീനർ), ബാലൻ മച്ചാത്ത് (DRP), ശങ്കരനാരായണൻ (കൃഷിവകുപ്പ്), വേലായുധൻ അകമ്പാടം എന്നിവരും ഉണ്ടായിരുന്നു.

പ്രസിഡണ്ടിന്റെ നേതൃത്വത്തിലുള്ള ടീം നെല്ലിച്ചോട്, അകമ്പാടം, അള്ളിച്ചുവട്, നെടുങ്ങോട്, വല്ലങ്ങി, എടപൊറ്റ, കുന്നത്തോതി, വായനശാല, കവളപ്പാറ, കൂട്ടക്കടവ്, ഇടക്കം–പാടം എന്നീ പ്രദേശങ്ങളിലും വൈസ്പ്രസിഡണ്ടിന്റെ നേതൃത്വത്തിലുള്ള ടീം പൂങ്ങോട്, മാട്ടായി, ചാട്ടിയോട്, പുത്തൻതോട്ടം, പേഴുമ്പാറ, മാട്ടുപ്പാറ, വില്ലേജാഫീസ് റോഡ്, പാപ്പാനി, പള്ളിപ്പാടം, ചേന്ദംങ്കോട്, കണിമംഗലം, വക്കാവ്, കിഴക്കമ്പാടം, തിട്ടുമ്പുറം എന്നീ പ്രദേശങ്ങളിലൂടയും പര്യടനം നടത്തി.

സമതലങ്ങളും, കുന്നിൻ ചരിവുകളും, പച്ചവിരിച്ച നെൽപാടങ്ങളും, പുഴകളും, തോടുകളും, ഒറ്റപ്പെട്ടു സ്ഥിതിചെയ്യുന്ന പാറകൂട്ടങ്ങളെ കൊണ്ട് തീർത്ത ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്.

മണലുകലർന്ന എക്കൽമണ്ണാണ് താഴ്ന്ന പ്രദേശങ്ങളിൽ ഭൂരിഭാഗത്തും കണ്ടുവരുന്നത്. കുന്നിൻ മുകളിൽ പാറകൂട്ടങ്ങളാണ്. ചരിവു ഭൂമികളിൽ മണ്ണൊലിപ്പുകൊണ്ടു മേൽമണ്ണു നഷ്ടപ്പെട്ട് പശിമരാശിയുള്ള പുളിമണ്ണും, ചെമ്മണ്ണുമാണ് കണ്ടുവരുന്നത്. അൽപം ചില പ്രദേശങ്ങളിൽ ചരൽമണ്ണും കാണാൻ കഴിഞ്ഞു. കുന്നിൻ പ്രദേശങ്ങളുടെ താഴെ ധാരാളമായി ജലം ലഭിക്കുകയും സമതല പ്രദേശങ്ങളിൽ മിതമായും, കുന്നിൻ പ്രദേശങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നു. ഡാമിൽ താഴെയുള്ള പാടശേഖരങ്ങളായ കോതശ്ശേരി പ്രദേശവും, തിരുത്തമ്പാടം, അയർപള്ളം, തേവർമണി എന്നിവിടങ്ങളിൽ വർഷക്കാലത്ത് ജലാധിക്യം മൂലം കൃഷിക്ക് നാശനഷ്ടങ്ങൾ സംഭവിക്കുന്നു. എന്നാൽ വേനൽകാലങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നു. വേനൽകാലങ്ങളിൽ കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത നാട്ടുകാരിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഭൂരിഭാഗം ജനവിഭാഗവും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. സമതല പ്രദേശങ്ങളിലെല്ലാം നെൽകൃഷി ഇടവിട്ട് ചില പ്രദേശങ്ങളിൽ ഇഞ്ചി, വാഴ എന്നിവയും കൃഷിചെയ്തുവരുന്നു. കുന്നിൻ ചരിവുകളിൽ റബ്ബർ, കശുമാവ് എന്നിവയും കൃഷി ചെയ്ത്വരുന്നു. സമതല പ്രദേശങ്ങളിൽ അപൂർവ്വമായി തരിശിട്ട നിലങ്ങളും കാണാൻ കഴിഞ്ഞു. പുഴയോരങ്ങളിലും, തോടുകളുടെ ഓരത്തും, കുളത്തിൻ സമീപത്തും തെങ്ങിൻ തോട്ടങ്ങളും കവുങ്ങിൻ തോട്ടങ്ങളും കണ്ടുവരുന്നു. സമതല പ്രദേശങ്ങളെക്കാൾ ഉയരം കൂടിയ സ്ഥലങ്ങളിലാണ് ജനസാന്ദ്രതയുള്ളത്. നാട്ടുകാരണവന്മാരുമായി സംസാരിച്ചതിൽനിന്നും മുൻകാലങ്ങളെ അപേക്ഷിച്ച് ഉൽപാദനം വർദ്ധിച്ചിട്ടുണ്ടെങ്കിലും കൃഷിച്ചെലവ് വർദ്ധിച്ചതിനാലും പണി എടുക്കാൻ ആളെ കിട്ടാതെ ഉദ്ദേശിച്ച രീതിയിൽ കൃഷി ചെയ്യാൻ പറ്റാത്തതിനാലും, മറ്റു കൃഷികളുമായി താരതമ്യപ്പെടുത്തുമ്പോൾ നെൽകൃഷി നഷ്ടമാ

ണെന്നാണ് അറിയാൻ കഴിഞ്ഞത്. വിത്തനശ്ശേരിയിലെ, കൂട്ടക്കടവ് പ്രദേശങ്ങളിൽ നെൽപ്പാടങ്ങളിലും, കുന്നത്തോതി പുഴയോരങ്ങളിലും പച്ചക്കറി കൃഷി വ്യാപകമായി കാണുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ പുഴ തോട് നിലങ്ങളിൽ വ്യാപകമായി ഇഷ്ടികനിർമ്മാണം നടന്നുവരുന്നുണ്ട്.

ഗതാഗതസൗകര്യം തീരെ കുറഞ്ഞ പ്രദേശമാണ് ഇടക്കം പാടം. ജലസേചനത്തിന്റെ അഭാവം, ശുദ്ധജലവിതരണ സൗകര്യങ്ങൾ ഇല്ലായ്മ എന്നിവ ഇടക്കംപാടത്തെ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിൽനിന്നും മാറ്റി നിർത്തുന്നു.

പോത്തുണ്ടി ഡാം നിലവിൽ വന്ന ശേഷം കൃഷിക്ക് ജലക്ഷാമം ഇല്ലെങ്കിലും, മഴ കുറവായ വർഷങ്ങളിൽ കൃഷിക്കാവശ്യമായ വെള്ളം ലഭിക്കാറില്ല.

ഡാമിന്റെ മൂക്കിനു താഴെയുള്ള പദ്ധതി പ്രദേശങ്ങളാണെങ്കിലും 1,10,11 എന്നീ വാർഡുകളിലെ കുടിവെള്ള പ്രശ്നം രൂക്ഷമാണെന്നതും ഈ വാർഡുകളിൽ പഞ്ചായത്തിന്റെ പൊതു ടാപ്പുകൾ ഇല്ലെന്നതും ഒരു വൈരുദ്ധ്യമായി നിലനിൽക്കുന്നു.



# കൃഷിയും ജലസേചനവും

**കൃഷി**

നെമ്മാറ ഗ്രാമ പഞ്ചായത്ത് പ്രദേശം ഒരു കാർഷിക മേഖലയാണ്. തെക്ക് നെല്ലിയാംപതി മലകൾക്ക് താഴെ സ്ഥിതിചെയ്യുന്ന പോത്തുണ്ടി അണക്കെട്ടും, വലതും ഇടതും ഭാഗത്ത് മലഞ്ചരുവിൽകൂടി പോകുന്ന പ്രധാന കനാലിൻെറ ഉൾവശങ്ങളിലാണ് നമ്മുടെ കൃഷിസ്ഥലങ്ങൾ സ്ഥിതിചെയ്യുന്നത്. കിഴക്ക് അയ്യപ്പൻപാറയും, ആതനാട് കുന്നും, വടക്കു കിഴക്കേ മൂലയിൽ വാമനകുന്നും സമതലങ്ങളും, തട്ടുതട്ടായി കിടക്കുന്ന നെൽപ്പാടങ്ങളും, മലഞ്ചരിവുകളും, പോത്തുണ്ടി പുഴയും, ഗായത്രി പുഴയുംകൊണ്ട് പ്രകൃതി തീർത്തതാണ് നമ്മുടെ ഭൂപ്രദേശം. പ്രധാന വിള നെല്ലാണ്. തെങ്ങ്, കവുങ്ങ്, പച്ചക്കറി, മരച്ചീനി, വാഴ തുടങ്ങിയവ പ്രാചീനകാലം മുതൽക്കേ കൃഷി ചെയ്തുവരുന്നു.

ഈ നൂറ്റാണ്ടിൻെറ ആദ്യകാലഘട്ടംമുതൽ ജൻമി കുടിയാൻ സമ്പ്രദായം നില നിന്നിരുന്നു. കുടിയാൻമാർ വർഷത്തിൽ ഏക്ര ഒന്നിന് തോതനുസരിച്ച് കന്നിയും മകരവുമായി പാട്ടം നൽകണം. വൃക്ഷങ്ങളിൽ നിന്നും ലഭിക്കുന്ന കനികൾക്ക് പാട്ടം നൽകി വന്നിരുന്നു. ഓണം, ആയില്യം, മകം എന്നീ വിശേഷ ദിവസങ്ങളിലും ജൻമിക്ക് കാഴ്ചക്കുല വച്ച് ഓണപ്പുടവ സ്വീകരിക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു. കുടിയിരുപ്പുകാരൻ, കുടികിടപ്പുകാരൻ എന്നീ സമ്പ്രദായങ്ങൾ നില നിന്നിരുന്നു. കുടിയാനും അവൻെറ കുടുംബവും കൂടുതൽ അദ്ധ്വാനിച്ച് അധികമായി ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് 'മിച്ചവാരവും' ജൻമി കൃഷി വിൽക്കുമ്പോൾ പ്രമാണ കരാറുപ്രകാരം ജൻമിയുടെ കുടുംബത്തിനു 'ജീവനാംശം' കൊടുത്തുവരുന്ന പതിവും നിലനിന്നിരുന്നു.പതമ്പുപറയും, പാട്ടപ്പറയും, ചെലവുപറയും, ചെലവിടങ്ങഴിയുമെല്ലാം അളവു പാത്രങ്ങളാണ്. ഭൂപരിഷ്ക്കരണം നടപ്പിലാക്കിയതോടുകൂടി ഈ സമ്പ്രദായങ്ങൾ ഇല്ലാതായി.

കൃഷി സ്വന്തമായി ലഭിച്ചതോടുകൂടി കൃഷിയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനുള്ള വ്യഗ്രതയിൽ സാമ്പത്തിക ആവശ്യങ്ങൾക്കായി ഉണ്ടിക പലിശക്കാരേയും ആശ്രയിക്കുക നിമിത്തം കർഷകൻ കടക്കാരനാവുകയും മറ്റു ചൂഷണങ്ങൾക്ക് വിധേയനാവുകയും ചെയ്തു. മുൻകാലങ്ങളിൽ നമ്മുടെ കർഷകർ പ്രധാനമായും കൃഷി ചെയ്തിരുന്ന നെല്ലിനങ്ങൾ നവര, തെക്കൻ, ചീര, ചെങ്കഴമ, പൊറ്റമോഡൻ, കരിമ്പാലി, അന്ന ചെമ്പാൻ, മട്ട ചെമ്പാൻ, പൂ ചെമ്പാൻ, ആര്യൻ, പൊന്നാര്യൻ, തവളക്കണ്ണൻ, ചെറുമണിയൻ, പാറം ചിറ്റേനി, ചെന്നിനായകം, സി. ഒ. 25, നൈനാൻ തുടങ്ങിയവയാണ്.

നിലം ഉഴുന്നതിന് പോത്തുകളേയും കാളകളേയും ഉപയോഗിച്ചിരുന്നു. വാൾകരി, ചേറ്റുകരി, ചവിട്ടു മരം, ഉഴുമരം, നവരി, ഊർച്ച, വള്ള എന്നിയുമാണ് നിലം ഉഴുതു പാകമാക്കുന്നതിന് ഉപയോഗിച്ച കാർഷികോപകരണങ്ങൾ.

കൃഷീവലൻമാരുടെ പുലർകാലങ്ങളിലെ ഉഴവു പാട്ടായ

'നേരം പോയ് നേരം പോയ് ഓടി നടകര വഴിയേ

നടാനായി ആളെത്തി ഓടി നടകര വഴിയേ' എന്ന പാട്ടുകേട്ടാണ് ഗ്രാമീണർ ഉണർന്നിരുന്നത്. പഴമക്കാർ ഈ പാട്ട് എന്നും ഉരുവിടാറുണ്ട്.

മഴയെ ആശ്രയിച്ചാണ് കൃഷികൾ നടന്നുവന്നത്. പോത്തുണ്ടി പുഴയും, തോടുകളും ഉപയോഗിച്ച് കുളങ്ങളും ചിറകളും നിറച്ച് തോടുകളിലും പുഴകളിലും ബണ്ട് കെട്ടി ഏത്തം പൂട്ടിയും, തേക്കുകൊട്ട ഉപയോഗിച്ചുമാണ് കൃഷി നടത്തിയിരുന്നത്.

ആദ്യകാലത്തു കൃഷിയിൽ വിളവു വർദ്ധിക്കാൻ കാലിവളം, പച്ചിലവളം, പിണ്ണാക്ക് ഇവയാണ് ഉപയോഗിച്ചിരുന്നത്. കാലിവളത്തിൻെറ ആവശ്യത്തിനുവേണ്ടി കാലിപട്ടികൾതന്നെ ഉണ്ടായിരുന്നു. കീട രോഗാണുക്കളെ അകറ്റിനിർത്താൻ വേപ്പിൻ പിണ്ണാക്ക് വിതറൽ, ചാരം വീശൽ, ചുണ്ണാമ്പു വിതറിയും ചാഴിയെ ആട്ടുന്ന രീതിയും, എലികളെ പിടിച്ചു നശിപ്പിക്കുവാൻ പ്രത്യേക പരിശീലനം ലഭിച്ച സമുദായക്കാർ ഈ തൊഴിലിൽ ഏർപ്പെട്ടുവന്നിരുന്നു. നെൽകൃഷിയിൽ നിന്നും ഏക്ര ഒന്നിന് 4 ക്വിൻറൽ മുതൽ 10 ക്വിൻറൽ വരെ നെല്ല് ലഭിച്ചിരുന്നു. കൊയ്ത്തിന് അന്നും പതമ്പ് കൊടുത്തിരുന്നു. 12 ഒന്നായിരുന്നു പതമ്പ്. ആ കാലത്ത്

കർഷകതൊഴിലാളിയുടെ കൂലി 3 ഇടങ്ങഴിയും, 2 ഇടങ്ങഴിയും നെല്ല് ആയിരുന്നു. മറ്റു തൊഴിലുകൾക്ക് പുരു: 10 അണ 32 പൈസ, സത്രീക്ക് 6 അണ 35 പൈസയുമാണ് കൂലി. കർക്കിടകമാസം കർഷകതൊഴിലാളികളെ സംബന്ധിച്ച് പഞ്ഞ മാസമാണ്. സാമ്പത്തിക ബുദ്ധിമുട്ട് കാരണം മരച്ചീനി, കോറ, ചാമ, പൂളമാവ് എന്നീ വസ്തുക്കൾ ഉപയോഗിച്ചാണ് വിശപ്പടക്കിയിരുന്നത്.

പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കിയതിൻെറ ഭാഗമായി കൃഷി ആവശ്യത്തിന് ജലസേചന പദ്ധതികൾക്ക് പ്രാധാന്യം നൽകി. നെമ്മാറ പോത്തുണ്ടി പുഴയിൽ നിർമ്മിച്ച തെക്കേ ഇന്ത്യയിലെ ആദ്യത്തെ വലിയ മൺ അണക്കെട്ടായിരുന്നു പോത്തുണ്ടി ഡാം. 1966 മുതൽ ജലവിതരണം നടത്തുകവഴി വിളവ് വർദ്ധിച്ചു. അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തുകൾ കൃഷിചെയ്തും, രാസവളങ്ങൾ, കീടനാശിനികൾ എന്നിവ ഉപയോഗിച്ചും കാർഷിക മേഖലയിൽ ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കിയ കാലഘട്ടമാണ് 1966 .76. പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രത്തിൽ നിന്നും നൽകിയ ശുദ്ധീകരിച്ച വിത്തായിരുന്നു കൃഷി ചെയ്തിരുന്നത്. ഫിലിപ്പൈൻസിലെ അന്തർരാഷ്ട്രീയ നെല്ലു ഗവേഷണ കേന്ദ്രം പുറത്തിറക്കിയ IR 8 പട്ടാമ്പിയിൽ വികസിപ്പിച്ചെടുത്ത അന്നപൂർണ്ണ, അശ്വതി, രോഹിണി, ത്രിവേണി, ജ്യോതി, ശബരി, ഭാരതി എന്നീ ഇനങ്ങൾ ഹെക്ടറിന് 4 മുതൽ 6 ടൺ വരെ വിളവ് ലഭിച്ചിരുന്നു.

കൃഷിക്ക് ആവശ്യമായ ഉപദേശങ്ങളും, സഹായങ്ങളും നൽകുവാൻ വേണ്ടി എൻ. ഇ. എസ് ബ്ലോക്കിലെ ഗ്രാമ സേവകൻമാർ, കൃഷി ഡെമോൺസ്ട്രേറ്റർ, കൃഷി ഓഫീസർ എന്നിവരുടെ സേവനങ്ങളും തുടർന്ന് കൃഷി വകുപ്പ് ഐ. പി. ഡി. യൂണിറ്റിനും (ഏല) രൂപം നൽകി. പോത്തുണ്ടി ഔളുവശ്ശേരിയിൽ ആദ്യമായി കൃഷി ഓഫീസ് നിലവിൽ വന്നു. കർഷകർക്ക് ആവശ്യമായ രാസവളം, കീടനാശിനി, വിത്ത് തുടങ്ങിയവ സഹായ നിരക്കിൽ ഏലാ ആഫീസ് മുഖാന്തിരം എത്തിച്ചുകൊടുത്തിരുന്നു. ബഹുപൂവൽ പദ്ധതി നടപ്പിലാക്കി നമ്മുടെ പഞ്ചായത്ത് 3-ാം വിള കൃഷി ചെയ്ത് ശ്രദ്ധ നേടിയിട്ടുണ്ട്. 1983 മുതൽ 87 വരെ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിയ കൃഷി വികസന യൂണിറ്റുകൾ കർഷകരുടെ പാടശേഖരങ്ങൾ സന്ദർശിച്ച് കൃഷിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. ഈ കാലഘട്ടം കൃഷി മെച്ചപ്പെടുത്താനും, സമയ ബന്ധിതമായി പരീക്ഷണ ശാലയിൽ നിന്നും കിട്ടുന്ന പുതിയ അറിവുകൾ കൃഷികാർക്ക് എത്തിക്കാനും അതുവഴി വിളവ് വർദ്ധിക്കുവാനും കാരണമായി. ഈ സമ്പ്രദായം ഇന്നും കർഷകർ ആഗ്രഹിക്കുന്നു.

1987 -ൽ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നടപ്പിലാക്കുവാൻ എല്ലാ പഞ്ചായത്തിലും കൃഷിഭവൻ ആഫീസുകൾ നിലവിൽവന്നു. കൃഷി സമ്പ്രദായത്തിൽ കൂട്ടായ്മയുടേയും അതുവഴി ചെറുകിട കർഷകർക്ക് സഹായം ലഭിക്കുന്നതിനും , കൃഷി ലാഭകരമാക്കുന്നതിനും വേണ്ടി കർഷക സമിതികൾ മുഖേന കർഷകരെ സംഘടിപ്പിച്ച് ആവശ്യമായ നിർദ്ദേശങ്ങളും, സഹായങ്ങളും എത്തിക്കുന്നതിനുവേണ്ടി രൂപംകൊടുത്തതാണ് ഗ്രൂപ്പ് ഫാമിങ്ങ്. നമ്മുടെ പഞ്ചായത്തിൽ 36 പാശേഖര സമിതികൾ ഉണ്ട്. പട്ടിക കാണുക.

1311 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു. ഇതു നമ്മുടെ ഗ്രാമത്തിലെ ആകെ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ 60% ത്തിൽ കൂടുതൽ വരും. ഭൂരിഭാഗം നെൽകൃഷിക്കാരും ഒരു ഹെക്ടറിൽ താഴെ ഉള്ളവരാണ്. 2 ഹെക്ടറിൻമേൽ വരുന്ന നെൽകൃഷിക്കാർ 38% വരുന്നു.

## മണ്ണ് :-

പുളിരസ്സമുള്ള മണ്ണ് (Acid Soil) ,പശിമരാശി മണ്ണ്, മണൽ കലർന്ന മണ്ണ്, ചെമ്മണ്ണ്, മണൽ ചേർന്ന കളിമണ്ണ് ഇവയാണ് കാണപ്പെടുന്നത്. രരാസവളങ്ങളുടെ അമിതമായ ഉപയോഗവും, ജൈവവളങ്ങൾ ഉപയോഗിക്കാത്തതു കാരണവും മണ്ണിൽ പുളിരസം കൂടുന്നു. പഞ്ചായത്തിൻെറ തെക്കുഭാഗത്തുള്ള തെൻമലകളിൽ പെയ്യുന്ന മഴ മൂലം വർഷകാലങ്ങളിൽ എക്കൽമണ്ണ് നഷ്ടപ്പെടുന്നു. ഇത് ഒഴുകി എത്തുന്ന പാടങ്ങളിൽ മണ്ണ് അടിഞ്ഞും ബണ്ട് പൊട്ടുന്നതിനാലും കൃഷിനാശം സംഭവിക്കുന്നു.

നെൽകൃഷി മറ്റു കൃഷികളെ അപേക്ഷിച്ച് ലാഭകരമല്ലാത്തതിനാൽ തെങ്ങ്, കവുങ്ങ്, വാഴ, ഇഞ്ചി തുടങ്ങിയ വിളകൾ നെൽപ്പാടത്ത് കൃഷി ചെയ്തുവരുന്നു. അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് കൃഷിഭവനുകളിൽ നിന്നോ മറ്റ് ഏജൻസികൾ മുഖാന്തിരമോ ലഭ്യമല്ല. രണ്ടാം വിളക്ക് അനുയോജ്യമായ വിത്ത് ഇന്നും ഒരു പ്രധാന പ്രശ്നമാണ്

രാസവളങ്ങളുടേയും, കീടനാശിനികളുടേയും അമിതമായ വിലക്കയറ്റവും, യഥാസമയം ലഭ്യമല്ലാത്തതും, കീടനാശിനി പ്രയോഗത്തിന് തൊഴിലാളികളുടെ താൽപര്യക്കുറവും കൃഷിയിലുള്ള കർഷകൻെറ താൽപര്യം കുറയ്ക്കുന്നു.

കൃഷിഭവൻെറ ഉദ്യോഗസ്ഥൻമാരുടെ സേവനം പാടശേഖരങ്ങളിൽ ലഭ്യമല്ല. അതുകൊണ്ടുതന്നെ കീട രോഗങ്ങളെ തിരിച്ചറിഞ്ഞ് തക്കസമയത്ത് ആവശ്യമായ കീടനാശിനി പ്രയോഗം ലഭ്യമല്ല. ഇത് വിളവ് കുറയുവാൻ കാരണമാകുന്നു. കർഷകൻ ഉൽപ്പാദിപ്പിച്ചിരുന്ന നെല്ലിന് നിശ്ചിത വില ലഭിക്കുന്നില്ല. വർഷകാലങ്ങളിൽ ഉണക്കി സൂക്ഷിക്കുന്നതിന് വെയർ ഹൗസിംഗ് സംവിധാനങ്ങൾ, മോഡേൺ റൈസ് മില്ലുകൾ, ഉണക്കു യന്ത്രങ്ങൾ എന്നിവ ലഭ്യമല്ല. അതിനാൽ ഉൽപ്പന്നത്തിന് വില ലഭിക്കുന്നില്ല. ഇന്ന് പ്രധാന കമ്പോളം എന്നത് ചെറുകിട മില്ലുകളാണ്. അവർ നിശ്ചയിക്കുന്ന വിലയാണ് ലഭിക്കുന്നത്. ഇത് കർഷകന് വിപപണനത്തിന്ന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

ഒന്നാംവിള മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നു. അതുകൊണ്ടുതന്നെ രണ്ടാം വിള ഞാറ്റടി തയ്യാറാക്കാൻ കനാൽവെള്ളം ലഭിക്കുന്ന സ്ഥലത്തിൻെറ വാലറ്റത്തെ പ്രശ്നം പരിഹരിക്കാൻ, മഴ കുറവായാൽ കൃഷിയെ രക്ഷിക്കുവാൻ വേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്.

രാജ്യത്തിൻെറ നട്ടെല്ലായ കർഷകൻ കാർഷികവൃത്തിയോടും പ്രകൃതിയോടും മല്ലടിച്ച് നാട്ടിന്നും നാട്ടുകാർക്കും വേണ്ടി അവസാനം വരെ പാടുപെട്ട് മക്കൾക്ക് ഭാരമായി മാറുന്ന ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണേണ്ടതാണ്.

ഒരു നാണയത്തിൻെറ രണ്ടു വശങ്ങളാണല്ലോ കർഷകനും കർഷകതൊഴിലാളിയും. കാർഷിക മേഖലയിൽ ഉൽപ്പാദനത്തിൻെറ മുഖ്യ കണ്ണിയും കർഷകതൊഴിലാളിയാണ്. നാൾക്കുനാൾ അവരുടെ ലഭ്യത കുറഞ്ഞു വരുന്നു. മുൻകാലങ്ങളിലുള്ള കാർഷിക വിജ്ഞാനം ഇന്നത്തെ തലമുറക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കൃഷിപ്പണി എന്നാൽ ആഭിജാത്യമില്ലാത്ത തൊഴിലാണെന്ന് ഇന്നത്തെ തലമുറ കരുതുന്നു. ഇത് ഉൽപ്പാദനത്തെ സാരമായി ബാധിക്കുന്നു.

## പരിഹാരം

1. മണ്ണു പരിശോധന നടത്തി ആവശ്യാനുസരണം കുമ്മായ വസ്തുക്കൾ 50% സഹായനിരക്കിൽ വിതരണം നടത്തുക.

2. സഞ്ചരിക്കുന്ന മണ്ണു പരിശോധന ലാബറട്ടറി, ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

3. എക്കൽമണ്ണ് നഷ്ടപ്പെടാതിരിക്കാനും, മണ്ണിൻെറ ഘടന നിലനിർത്താനും, മലഞ്ചെരിവു പ്രദേശങ്ങളിൽ പച്ചില വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുകയും, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

4. നെൽകൃഷിയിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുവാൻ നൂതന കൃഷി സാമഗ്രികളായ കൊയ്ത്തുയന്ത്രം, മെതിയന്ത്രം, നടീൽ യന്ത്രം, ട്രാക്റ്റർ, പവ്വർ ട്രില്ലർ മുതലായവ 50% സൗജന്യ നിരക്കിൽ സമിതികൾക്കും, വ്യക്തികൾക്കും വിതരണം നടത്തി നെൽകൃഷിക്കാരെ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

5. പാടശേഖര സമിതികളുടെ ദിശാബോധത്തോടുള്ള പ്രവർത്തനം ഉറപ്പുവരുത്തുക.
6. ജൈവവളങ്ങളുടെ കുറവ് പരിഹരിക്കുവാൻ പച്ചിലവളം കൃഷി ചെയ്യുന്നതിന് ആവശ്യമായ വിത്തുകൾ സൗജന്യ നിരക്കിൽ നൽകുക. കംപോസ്റ്റ് നിർമ്മാണത്തിന്ന് ആവശ്യമായ ബോധവൽക്കരണവും സഹായങ്ങളും നൽകുക, വനപ്രദേശങ്ങളിൽ നിന്ന് പച്ചിലകൾ ശേഖരിക്കുന്നതിന് വനംവകുപ്പിൻെറ സഹകരണം ലഭ്യമാക്കുക. ജീവാണുവളങ്ങൾ സൗജന്യനിരക്കിൽ വിതരണം നടത്തുക. കാലിവളത്തിൻെറ കുറവ് നികത്താനായി കർഷകർക്ക് സഹായനിരക്കിൽ പശുക്കളെയും ഉഴവുകാളകളേയും വിതരണം നടത്തുക.

7. അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ, പാടശേഖര സമിതികൾ മുഖാന്തിരം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുവാൻ സഹായങ്ങൾ നൽകി പ്രശ്നം പരിഹരിക്കുക.

8. രാസവളങ്ങളും, കീടനാശിനികളും ആവശ്യാനുസരണം ലഭിക്കുന്നതിന് വിത്തനശ്ശേരി സഹകരണ ബാങ്കിൻെറ വളം ഡിപ്പോകളിൽ കൃഷിക്കാവശ്യമുള്ളത്ര രാസവളങ്ങൾ മുൻകൂട്ടി ശേഖരിച്ച് വെച്ചാൽ പ്രശ്നം പരിഹരിക്കാം.

കീടനാശിനിക്കും, രാസവളത്തിനും സബ്സിഡി അനുവദിക്കുക. കീടനാശിനി പ്രയോഗത്തിന കർഷകതൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകുക. സസ്യസംരക്ഷണ ഉപകരണങ്ങൾ സഹായനിരക്കിൽ വിതരണം നടത്തുക.

9. കൃഷിഭവൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക. ഉദ്യോഗസ്ഥൻമാർ സമയബന്ധിതമായി പാടശേഖരങ്ങൾ സന്ദർശിക്കുക. പ്രശ്നപരിഹാരം നൽകുക. കള നിയന്ത്രിക്കുന്നതിന് കളനാശിനി ഉപയോഗിച്ചുള്ള പ്രദർശനതോട്ടങ്ങൾ നടത്തുക.

10. നെല്ലിന് ഉൽപ്പാദനക്ഷമതയുമായി ബന്ധപ്പെടുത്തി താങ്ങുവില നിശ്ചയിക്കുക. വെയർഹൗസിംഗ് സ്ഥാപനങ്ങൾ നമ്മുടെ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിക്കുക. സഹകരണാടിസ്ഥാനത്തിൽ മോഡേൺ റൈസ് മില്ലുകൾ സ്ഥാപിക്കുക. ഉണക്കുയന്ത്രങ്ങൾ സഹായ നിരക്കിൽ കർഷകർക്ക് നൽകുക. പാഡി ബോർഡ് രൂപീകരിക്കുക. ഉൽപ്പാദന ബോണസ്സ് തുക വർദ്ധിപ്പിക്കുക. പ്രോൽസാഹന സമ്മാനങ്ങൾ ഏർപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുക.

11. കാലവർഷത്തെ ആശ്രയിച്ച് കൃഷി നടത്തുമ്പോൾ പ്രധാന സമയങ്ങളിൽ വെള്ളം ലഭിക്കാതെ കൃഷിനാശം സംഭവിക്കുന്നു. ഇത് പരിഹരിക്കുവാൻ കുളങ്ങൾ, മറ്റു ജലസേചന മാർഗ്ഗങ്ങൾ എന്നിവ ഇല്ലാത്ത പ്രദേശത്ത് സൗജന്യമായി കുഴൽകിണർ നിർമ്മിച്ചുകൊടുക്കുക. ഇത് ഗ്രൂപ്പ് ഫാമിങ്ങിനും വിള ക്രമീകരണത്തിനും സഹായകമാകും.

1. നെൽകൃഷിക്ക് സൗജന്യ വൈദ്യുതി നൽകുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ടെങ്കിലും ലഭിക്കുന്നില്ല. സാങ്കേതികത്വം പരിഹരിച്ച് മുഴുവൻ വിളകൾക്കും സൗജന്യമായി വൈദ്യുതി ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കൃഷി ഉപജീവനമായി സ്വീകരിച്ച മുഴുവൻ കർഷകർക്കും 55 വയസ്സ് തികയുമ്പോൾ പെൻഷൻ അനുവദിക്കുക.

3. വ്യവസായത്തിനുള്ള ആനുകൂല്യം കൃഷിക്കാരനും നൽകണം.

4. കാർഷിക വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക.

5. കർഷക തൊഴിലാളികളെ ഈ മേഖലയിൽ ഉറപ്പിച്ചു നിർത്തുവാൻ തൊഴിലാളികൾക്ക് നൂതന കൃഷി സമ്പ്രദായങ്ങളെക്കുറിച്ച് പരിശീലനം നൽകുക.

6. കർഷക തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുന്ന വിധത്തിൽ ഇടവിളകൾ കൃഷി ചെയ്തും കൂടുതൽ തൊഴിൽ ലഭിക്കുന്ന മേഖലകളും കണ്ടെത്തേണ്ടതാണ്.

വ്യവസായിക തൊഴിലാളികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കർഷക തൊഴിലാളികൾക്കും ഉറപ്പു വരുത്തുക. യന്ത്രവൽക്കരണം, നൂതന കൃഷിരീതികളും കാർഷിക മേഖലയിലേക്ക് കടന്നു വരേണ്ടത് അത്യാവശ്യമാണ്.

# നാണ്യവിളകൾ

## തെങ്ങ്

നമ്മുടെ ഗ്രാമ പ്രദേശങ്ങളിലെ പ്രധാന നാണ്യവിളയാണ് തെങ്ങ്. വീടുകളിലും പറമ്പുകളിലും നെൽവയൽ വരമ്പുകളിലുമായി 690 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തുവരുന്നു. പണ്ട് കാലം മുതൽക്കുതന്നെ തെങ്ങിന്നു പേരുകേട്ട പ്രദേശം കൂടിയാണ് നമ്മുടെ ഗ്രാമം. തെങ്ങുകൃഷി മെച്ചപ്പെടുത്തുന്നതിനായി നാമമാത്ര സാമ്പത്തിക സഹായങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. മുമ്പ് പുഴയോരങ്ങളിലും തോട്ടോരങ്ങളിലും മാത്രം ഒതുങ്ങിനിന്ന തെങ്ങുകൃഷി പോത്തുണ്ടി പദ്ധതി വന്നതോടുകൂടി വ്യാപകമായി. നമ്മുടെ കൃഷിയിടങ്ങളിൽ നാടൻ ഇനം തെങ്ങാണ് കൂടുതലായി കണ്ടുവരുന്നത്. തോട്ടം അടിസ്ഥാനത്തിൽ മെച്ചമായവയിൽനിന്നും നല്ല വിളവ് ലഭിക്കുന്നുണ്ടെങ്കിലും വീടുകളിലും പറമ്പുകളിലും വേണ്ടവിധ പരിചരണമില്ലാതെ ഒക്ടോബർ - നവംബർ മാസങ്ങളിൽ തേങ്ങ കുറവ് അനുഭവപ്പെടുന്നു. പ്രധാന കാരണം ബോധവൽക്കരണത്തിന്റെ കുറവാണ്. തെങ്ങുകയറ്റു മെഷീൻ ആവശ്യമാണ്. തേങ്ങ പൊതിക്കുന്ന യന്ത്രം സബ്സിഡിയിൽ വിതരണം ചെയ്യുക. കള്ളിൽ വിനീഗർ എടുക്കുവാനുള്ള സംവിധാനം ചെയ്യുക. നാളികേരത്തിനെ എണ്ണക്കുരുവായി പ്രഖ്യാപിക്കണം. തെങ്ങ് ചെത്തുനിർത്തി പന വച്ചുപിടിപ്പിക്കുക.

## പരിഹാരം

1. തെങ്ങ്കൃഷിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കൃഷിഭവൻ സമയബന്ധിതമായി നൽകുക.

2. വളപ്രയോഗം, കീടരോഗ നിയന്ത്രണങ്ങൾ എന്നിവ കാര്യക്ഷമമാക്കുക. കീടനാശിനികൾ സഹായനിരക്കിൽ അനുവദിക്കുക. ജലസേചനം കാര്യക്ഷമമാക്കാൻ ആവശ്യമായ കിണർ, പമ്പ്സെറ്റുകൾ, ഡ്രിപ്പ് ഇറിഗേഷൻ റോക്കർ സ്പയർ, ഹം ക്ലയ്മ്പർ എന്നിവക്ക് അനുവദിച്ചിട്ടുള്ള സഹായങ്ങൾ പരിമിതമാണ്. 50% സഹായ നിരക്കിൽ കാർഷിക ഉപകരണങ്ങൾ അനുവദിക്കുക.

3. തെങ്ങിൻതോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യുന്ന വിളകളെകൂടി കണക്കിലെടുത്ത് വളപ്രയോഗം നടത്തുക. ഉൽപ്പാദനം വർദ്ധിപ്പിച്ച് സാമ്പത്തിക ഭദ്രത നേടാൻ കഴിയും. നടീൽ വസ്തുക്കൾ സഹായ നിരക്കിൽ അനുവദിക്കുക. പഞ്ചായത്തിൽ ഇതുവരെയായി നാളികേര സംസ്കരണകേന്ദ്രമോ വിപണിയോ ഇല്ല. ഇന്നും മറ്റു ജില്ലകളിൽ നിന്നും വരുന്ന കച്ചവടക്കാരാണ് വില നിശ്ചയിക്കുന്നത്. വിപണനം മെച്ചപ്പെടുത്തി കർഷകനെ ചൂഷണത്തിൽ നിന്നും മോചനം നേടാൻ സഹകരണാടിസ്ഥാനത്തിൽ നാളികേരം വാങ്ങി സംസ്ക്കരിക്കാവുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുക. കർഷകർക്ക് കൊപ്ര ഉണക്കുവാനുള്ള അടുപ്പുകൾ സഹായനിരക്കിൽ നിർമ്മിച്ചു കൊടുക്കുക. നാളികേരം കൊണ്ടുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലനം നൽകുക. വിപണനത്തിന് സഹായിക്കുക. നാളികേര വികസന സമിതിയെ പ്രവർത്തന കാര്യക്ഷമമാക്കുക.

## കവുങ്ങ് :

നമ്മുടെ പഞ്ചായത്തിൽ തെങ്ങു കഴിഞ്ഞാൽ കൂടുതലായി കൃഷി ചെയ്യുന്ന വൃക്ഷം കവുങ്ങാണ്. ഈ വിള തെങ്ങിൻതോട്ടങ്ങളിലെ പ്രധാന ഇടവിളയാണ്. വെറ്റില, കുരുമുളക് എന്നിവ ഇടവളയായി കൊണ്ടുവരേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ 110 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. ഇന്ന് വളരെയധികം പ്രചാരം സിദ്ധിച്ച വിളയാണ്.

## വിപണനം:

തമിഴ്നാടിനെ ആശ്രയിച്ചാണ് പ്രധാനമായും വിപണനം നടക്കുന്നത്. വാസന അടക്കയും മറ്റും ഉണ്ടാക്കുന്നതിന് ആവശ്യമായ ചെറുകിട വ്യവസായങ്ങൾ നമ്മുടെ നാട്ടിൽതന്നെ സാധ്യതയുള്ളവയാണ്. കവുങ്ങ് കൃഷിയിൽ പ്രധാനമായും കണ്ടുവരുന്ന രോഗം മാഹാളി, മഞ്ഞളിപ്പ് എന്നിവയാണ്. ഇത് ഇന്നും ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയുന്നില്ല.

## നിർദ്ദേശങ്ങൾ:

നല്ലയിനം കവുങ്ങിൻതൈകൾ വിതരണം നടത്തുക. രാസവളം, കീടനാശിനി, സസ്യസംരക്ഷണ ഉപകരണങ്ങൾ, കിണർ, പമ്പ്സെറ്റ് എന്നിവ 50% സഹായനിരക്കിൽ അനുവദിക്കുക. നമ്മുടെ നാട്ടിൽ തന്നെ സഹകരണ സംഘം വഴി ശേഖരിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക. ന്യായമായ വില ഉറപ്പു വരുത്തുക.

## മരച്ചീനി:

നമ്മുടെ ഭക്ഷ്യവിളകളിൽ രണ്ടാം സ്ഥാനം മരച്ചീനിക്കാണല്ലോ. മുൻകാലങ്ങളിൽ മലഞ്ചെരുവിലും പറമ്പുകളിലും മരച്ചീനികൃഷി വ്യാപകമായി കൃഷിചെയ്തുവരുന്നു. ഇന്ന് ആ സ്ഥലങ്ങളിൽ ഭൂരിഭാഗവും റബ്ബർകൃഷി കൈയ്യടക്കിയിരിക്കുകയാണ്. ഉൽപ്പന്നത്തിന് കാര്യമായ വില കിട്ടാത്ത കാരണമാണ് കർഷകൻ ഈ കൃഷി ഉപേക്ഷിച്ചത്. നമ്മുടെ പഞ്ചായത്തിൽ 62 ഹെക്ടറിൽ ഇന്ന് മരച്ചീനികൃഷി ചെയ്തുവരുന്നു. നമ്മുടെ ഉപഭക്ഷ്യവസ്തു കൂടിയാണ് മരച്ചീനി. മരച്ചീനിക്ക് സംസ്ക്കരണ യൂണിറ്റ് ആവശ്യമാണ്.

## പ്രശ്നങ്ങൾ

തമിഴ്നാടിനെ ആശ്രയിച്ച് കച്ചവടം നടക്കുന്നു. നമ്മുടെ ഗ്രാമത്തിൽ മരച്ചീനി സംസ്കരണ ശാലകൾ ഇല്ല. വന്യമൃഗങ്ങളുടെ ശല്യം ഈ കൃഷി ഉപേക്ഷിക്കുവാൻ കാരണമാവുന്നു. ഈ കൃഷി വികസിപ്പിച്ചെടുക്കാൻ നമ്മുടെ ഗ്രാമത്തിൽ ലഭ്യമായ തരിശുഭൂമി മുഴുവൻ ബോധവൽക്കരണം നടത്തിയും നിയമം മൂലവും കൃഷി ചെയ്യാൻ പ്രേരിപ്പിക്കുക. നല്ലയിനം കപ്പത്തണ്ടുകൾ കുറഞ്ഞ കാലദൈർഘ്യമുള്ളവ കൃഷിഭവൻ മുഖാന്തരം സൗജന്യമായി വിതരണം നടത്തുക. വന്യമൃഗങ്ങളുടെ ശല്യം മൂലമുള്ള നാശം ഒഴിവാക്കാൻ കമ്പിവേലി കെട്ടുവാൻ നടപടികൾ സ്വീകരിക്കുക. പന്നിശല്യത്തിൽനിന്നുള്ള പരിഹാരമാർഗ്ഗം കാണുക.

## റബ്ബർ:

ജലസേചനമല്ലാത്ത ഉപയോഗശൂന്യമായി കിടക്കുന്ന പാഴഭൂമികളിൽ ഉയർന്ന സാമ്പത്തിക നേട്ടം ഉണ്ടാക്കിത്തരുന്ന ഏകവിളയാണ് റബ്ബർ. നമ്മുടെ ഗ്രാമത്തിലെ മലഞ്ചെരിവുകളിലും ഉയർന്ന കുന്നിൻ പ്രദേശങ്ങളിലും കൂടി 155 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു.

## പ്രശ്നങ്ങൾ:

പരിചയസമ്പന്നരായ തൊഴിലാളികളുടെ ലഭ്യതകുറവാണ് ഈ കൃഷിയെ അലട്ടുന്ന പ്രശ്നം. റബ്ബർ ഷീറ്റാക്കുന്നതിന് ആവശ്യമായ യന്ത്ര സാമഗ്രികൾ ചെറുകിട കർഷകർക്ക് ലഭ്യമല്ല. റബ്ബർ വിപണനത്തിന് നമ്മുടെ ഗ്രാമത്തിൽ സൗകര്യങ്ങളില്ല.

## നിർദ്ദേശങ്ങൾ :

1. റബ്ബർ ടാപ്പിംഗ് തൊഴിലാളികൾക്ക് ശാസ്ത്രീയമായ പരിശീലനം ലഭിക്കുന്നപക്ഷം റബ്ബർകറ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും.

2. റബ്ബർഷീറ്റ് റോളിംഗ് യന്ത്രം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ചുകൊടുത്ത് ചെറുകിട കർഷകരെ സഹായിക്കുക

## ഔഷധ സസ്യങ്ങൾ

മനുഷ്യനെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന രോഗനിവാരണ പ്രക്രിയയിൽ മാഹാത്മ്യമുള്ള ചികിത്സയാണ് ആയുർവ്വേദം. ആയുർവ്വേദ ചികിത്സയിൽ ലോകത്തിൽതന്നെ ഒന്നാം സ്ഥാനം നമ്മുടെ നാടിനാണ്. വിദേശരാഷ്ട്ര തലവൻമാർപോലും നമ്മുടെ കൊച്ചു സംസ്ഥാനത്ത് ചികിത്സക്കായി വരുന്നുണ്ട്. എങ്കിൽത്തന്നെയും നമ്മുടെ ഗ്രാമീണർ ചികിത്സക്കായി അലോപ്പതിയേയാണ് ആശ്രയിക്കുന്നത്. ഇതിൽ പ്രധാന കാരണം മരുന്നുകളുടെ വിലയാണ്. മുൻകാലങ്ങളിൽ നമ്മുടെ വീട്ടുവേലികളും കുറ്റിക്കാടുകളും ഔഷധ സസ്യങ്ങൾകൊണ്ട് നിറഞ്ഞിരുന്നു. അതുകൊണ്ടുതന്നെ നമ്മുടെ മുൻഗാമികൾ പരാശ്രയം കൂടാതെ ചികിത്സ നടത്തിയിരുന്നു. ഇന്നത്തെ നാഗരികതയിൽ ഔഷധ സസ്യങ്ങൾക്ക് ഹാനി സംഭവിച്ചിരിക്കുന്നു. ഇതു പരിഹരിക്കുവാൻ വ്യാവസായികാടിസ്ഥാനത്തിൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുവാൻ ആവശ്യമായ അമൂല്യ ഇനങ്ങൾ ലഭ്യമാക്കുക. പാഴായി കിടക്കുന്ന തരിശു ഭൂമികളിൽ താഴേപറയുന്ന ഔഷധ സസ്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുറുന്തോട്ടി, കീഴാർനെല്ലി, ചക്കരകൊല്ലി, നെല്ലിക്ക, കണകൂർക്ക, ശതാവലി, കച്ചോലം, വയമ്പ്, ആടലോടകം, വാതംകൊല്ലി, കരവേപ്പ്, കാട്ടുവെങ്കായം, കസ്തൂരി മഞ്ഞൾ, ബ്രഹ്മി, തുളസി മുതലായവയാണ്. ഉൽപ്പാദന വിപണനകേന്ദ്രം വേണം.

## കൂൺകൃഷി :

ഏറ്റവും കുറഞ്ഞ ദിവസംകൊണ്ട് കൃഷി ചെയ്യാവുന്ന പോഷകമൂല്യങ്ങളുള്ള ഒരു ഭക്ഷ്യ വസ്തുവാണ് കൂൺ. 2000 ഇനം കൂണുകൾ ഉള്ളതിൽ 20 ഇനങ്ങൾ മാത്രമാണ് ഭക്ഷ്യയോഗ്യമായത്. നമ്മുടെ നാട്ടിൽ സാധാരണ ഉപയോഗിച്ചുവരുന്നത് ചിപ്പികൂൺ എന്ന ഇനമാണ്. ബട്ടൺ കുണുമുണ്ട്. ഇത് നമ്മുടെ നാട്ടിൽ തൊഴിലില്ലാത്തവർക്ക് പ്രത്യേകിച്ച് വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുവാനും സാമ്പത്തിക ഭദ്രത കൈവരിക്കുവാനും വളരെയേറെ സാധ്യതയുള്ള വിളയാണ് കൂൺകൃഷി. ഈ കൃഷി പ്രോൽസാഹിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായവും ബോധവൽക്കരണവും അത്യാവശ്യമാണ്. കൂൺകൃഷി ട്രെയിനിംഗ് വേണം. വിപണന കേന്ദ്രവും ആവശ്യമാണ്.

## പച്ചക്കറി കൃഷി :

നെമ്മാറ ഗ്രാമ പഞ്ചായത്ത് മുൻകാലങ്ങളിൽതന്നെ പച്ചക്കറി കൃഷിയിൽ പേരുകേട്ട ഗ്രാമമാണ്. ആദ്യകാലഘട്ടങ്ങളിൽ നെൽകൃഷിയുടെ വരമ്പുകളിലും , വീട്ടുവളപ്പിലും, പൊറ്റപ്പാടങ്ങളിലും കൂടാതെ വേനൽക്കാലത്ത് വിത്തനശ്ശേരി ഭാഗത്തുകൂടി ഒഴുകുന്ന തെൻമല പുഴയോരങ്ങളിലുമാണ് പ്രധാനമായും പച്ചക്കറികൃഷി ചെയ്തുവരുന്നത്. വിത്തനശ്ശേരിയിലെ ഭൂരിഭാഗം ജനങ്ങളും പച്ചക്കറി കൃഷി പ്രധാനമായി സ്വീകരിച്ച് മെച്ചപ്പെട്ട രീതിയിൽ ജീവിതനിലവാരം പുലർത്തിവരുന്നു. എന്നിരുന്നാലും പഞ്ചായത്തിനാവശ്യമായ പച്ചക്കറി മുഴുവനും ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പച്ചക്കറി കൃഷിയിൽ സംസ്ഥാന തലത്തിൽ രണ്ടാം സമ്മാനത്തിനർഹനായ പി. സി. മാധവൻ നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിത്തനശ്ശേരി നിവാസിയാണ്.

പച്ചക്കറി കൃഷികാർക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ, ഉൽപ്പാദന ഉപാധികൾ, വിപണന സൗകര്യം എന്നിവ ഇവിടെ കുറവാണ്. ജില്ലയിൽതന്നെ പേരുകേട്ട വല്ലങ്ങി ആഴ്ചചന്തയിൽ നിന്നാണ് സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകളായ അയിലൂർ, നെല്ലിയാമ്പതി, മേലാർകോട്, എലവഞ്ചേരി, പല്ലശ്ശന ഗ്രാമവാസികൾ പച്ചക്കറികൾ വാങ്ങിവരുന്നത്. വിൽപനക്കാവശ്യമായ പച്ചക്കറികൾ പൊള്ളാച്ചിയിൽ നിന്നും കൊണ്ടുവരുന്നു. ഇവിടെ ആവശ്യമായ പച്ചക്കറികൾ നമ്മുടെ നാട്ടിൻപുറങ്ങളിൽ ഉൽപ്പാദിപ്പിക്കുകയാണെങ്കിൽ കോടിക്കണക്കിനു രൂപ ലഭിക്കാനും നല്ലയിനം പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനും ഇതുമൂലം കാർഷിക രംഗത്ത് കൂടുതൽ തൊഴിൽ സാധ്യതയും വിഭവസമാഹരണവും മെച്ചപ്പെടുത്താൻ കഴിയും.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 102 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നു. പ്രധാനമായും നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾപാവൽ, പടവലം, വെണ്ട, വഴുതിനങ്ങ, മത്തൻ, കുമ്പളങ്ങ, വെള്ളരി, പച്ചമുളക്, പയർ, ചീര, കോവയ്ക്ക, ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, തണ്ണിമത്തൻ, കൂർക്ക മുതലായവയാണ്.

## പ്രശ്നങ്ങൾ :

1. പച്ചക്കറി കൃഷികാർക്ക് അത്യുൽപ്പാദനസേഷിയുള്ള വിത്തിനങ്ങൾ ആവശ്യാനുസരണം ലഭ്യമല്ല.

2. പച്ചക്കറി കൃഷിക്ക് ആവശ്യമായ ജലസേചനം സ്ഥിരമായി നൽകുവാൻ വേണ്ട സംവിധാനങ്ങൾ ഇല്ല. സർക്കാർ തലത്തിൽ വേണ്ട സാമ്പത്തിക സഹായങ്ങളും, പ്രോത്സാഹനവും കുറവാണ്.

3. മുൻകാലങ്ങളിൽ പച്ചക്കറിക്കാവശ്യമായ ജൈവവളങ്ങൾ ലഭ്യമായിരുന്നു. ഇന്ന് ഇത് ലഭ്യമല്ലാതായിരിക്കുന്നു. ഇത് പച്ചക്കറി ഉൽപ്പാദനത്തെ സാരമായി ബാധിക്കുന്നു.

4. രാസവളങ്ങളുടെയും, കീടനാശിനികളുടെയും അമിതവിലയും അശാസ്ത്രീയമായ കൃഷിരീതിയും ഉൽപ്പാദനക്ഷമതയെ ബാധിക്കുന്നു.

5. കർഷകർ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറിക്ക് സ്ഥിരമായ പ്രാദേശിക വിപണന കേന്ദ്രങ്ങൾ ഇന്നില്ല. അതുകൊണ്ട് കർഷകർ പച്ചക്കറി വിൽക്കുവാൻ അടുത്തുള്ള മാർക്കറ്റായ തൃശൂർ, പാലക്കാട് ടൗൺ എന്നിവിടങ്ങളെയാണ് ആശ്രയിക്കുന്നത്.

6. പച്ചക്കറി ഉൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള നൂതന സംരംഭങ്ങൾ ഇല്ലാത്തതുകൊണ്ട് കർഷകർക്ക് വളരെയധികം നഷ്ടം സംഭവിക്കുന്നു. കൂട്ടായ്മയുടെ കുറവ് കൃഷിക്കാരെ പലതരത്തിലും നഷ്ടക്കാരാക്കുന്നു.

## നിർദ്ദേശങ്ങൾ:

1. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് കൃത്യസമയത്ത് സഹായനിരക്കിൽ വിതരണം ഉറപ്പു വരുത്തുക. കീടനാശിനിയും, രാസവളവും സൗജന്യനിരക്കിൽ അനുവദിക്കുക.

2. ഗ്രാമപഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും പ്രോത്സാഹന സമ്മാന അടിസ്ഥാനത്തിൽ വിത്തും വളവും ശാസ്ത്രീയ പരശീലനവും കൊടുത്ത് കൃഷി വ്യാപിപ്പിക്കുക.

3. പഞ്ചായത്തിലെ എല്ലാ വീട്ടുവളപ്പിലും വ്യാപകമായി വിത്തും വളവും ശാസ്ത്രീയ പരിശീലനവും കൊടുത്ത് വീട്ടമ്മമാരെ ബോധവൽക്കരണം നടത്തിയും ഉൽപ്പാദനം വർദ്ധിപ്പിക്കുക. മഹിളാ സമാജങ്ങൾ, കലാസമിതികൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ കൃഷി നടപ്പിലാക്കുക.

4. വീട്ടമ്മമാർക്ക് മാത്രമായി അടുക്കളതോട്ടങ്ങൾ സമ്മാനാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയാൽ ഉൽപ്പാദനത്തിൽ വലിയൊരു വിപ്ലവംതന്നെ സൃഷ്ടിക്കാൻ കഴിയും.

5. പച്ചക്കറിക്കാവശ്യമായ ജൈവവള നിൽമ്മാണവും, കീടനാശിനി ഉൽപ്പാദന പരിശീലനവും പ്രത്യേകം നൽകി പോഷിപ്പിക്കേണ്ടതാണ്.

6. തരിശായി കിടക്കുന്ന പുറംപോക്ക് ഭൂമികളെ പച്ചക്കറി ഉൽപ്പാദനത്തിൽ കുറഞ്ഞ നിരക്കിൽ ആവശ്യകാർക്ക് വാടകക്ക് കൊടുക്കുവാനുള്ള ഏർപ്പാട് ഉണ്ടാക്കുക.

7. പച്ചക്കറി കൃഷികാർക്ക് ജജലസേചനം, സസ്യസംരക്ഷണ ഉപകരണങ്ങൾ എന്നിവക്ക് ആവശ്യമായ സഹായങ്ങൾ സൗജന്യനിരക്കിൽ അനുവദിക്കുക.

8. പഞ്ചായത്ത് കേന്ദ്രമാക്കി പച്ചക്കറി സഹകരണ സംഘം സ്ഥാപിക്കുക. ഇതിന്റെ കീഴിൽ പച്ചകറി സംഭരണ കേന്ദ്രങ്ങൾ സ്ഥാപിപ്പിക്കുക. സഹകരണ സംഘത്തോടനുബന്ധിച്ച് ശീതീകരണ സംഭരണ കേന്ദ്രം സ്ഥാപിക്കുക.

പച്ചക്കറിക്ക് മാത്രമായികൊണ്ട് ദിവസചന്ത സംഘത്തിന്റെ നിയന്ത്രണത്തിൽ ഏർപ്പെടുത്തുക.

9. കീടരോഗബാധകൊണ്ടുള്ള നാശനഷ്ടത്തിന് സഹായങ്ങൾ അനുവദിക്കുക.

## പഴവർഗ്ഗങ്ങൾ :

നമ്മുടെ പഞ്ചായത്തിൽ പഴവർഗ്ഗങ്ങൾ നാമമാത്രമായി കൃഷിചെയ്തുവരുന്നു. കൃഷിയിടങ്ങളിലും, വീട്ടുവളപ്പിലുമാണ് ഇവ കൃഷിചെയ്യുന്നത്. ഏറ്റവും കുറഞ്ഞ ചിലവിൽ പോഷകമൂല്യമുള്ള ഭക്ഷ്യവസ്തുവാണല്ലോ പഴവർഗ്ഗം. നമ്മുടെ ഗ്രാമത്തിൽ കണ്ടുവരുന്ന പ്രധാന ഇനങ്ങൾ മാങ്ങ, ചക്ക, പേര, നാരക വർഗ്ഗങ്ങൾ, സർപ്പോട്ട, സീതപ്പഴം, വാഴപ്പഴം, പപ്പായ, പൈനാപ്പിൾ എന്നിവയാണ്. ഇവിടെ പഴവർഗ്ഗങ്ങൾ പരാശ്രയം കൂടാതെ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെങ്കിലും വിപണനത്തിന് കടകമ്പോളങ്ങളെ ആശ്രയിക്കുന്നു. ഇത് പരിഹരിക്കുവാൻ എല്ലാ വീട്ടുവളപ്പിലും നല്ലയിനം പഴവർഗ്ഗ വിത്തുകളും നടീൽവസ്തുക്കളും സൗജന്യമായി വിതരണം നടത്തി നമ്മുടെ നിവാസികൾക്കാവശ്യമായ പഴവർഗ്ഗങ്ങളിൽ സ്വയംപര്യാപ്തി നേടാനും മിച്ചമുള്ളത് വിപണനം നടത്തി അതുവഴി സാമ്പത്തിക ഭദ്രത കൈവരിക്കുവാനും കഴിയും.

### പപ്പായ :

വളരെ ഔഷധവീര്യമുള്ള പപ്പായ ഇന്നും നമ്മുടെ ഗ്രാമവാസികൾക്ക് അജ്ഞാതമാണ്. കൃഷി ചെയ്യാൻ പറ്റുന്ന ഈ വിള ആവശ്യമായ ബോധവൽക്കരണം നടത്തി കൃഷി പോഷിപ്പിക്കേണ്ടതാണ്.

### വാഴ :

കേരളത്തിലെ പ്രധാന പഴവർഗ്ഗമാണ് വാഴ. നമ്മുടെ ഗ്രാമത്തിൽ 45 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ചെയ്തുവരുന്നു. പ്രധാന ഇനങ്ങൾ നേന്ത്രൻ, പാളയംകോടൻ, പൂവൻ, റോബസ്റ്റ് തുടങ്ങിയവയാണ്. നമ്മുടെ ഗ്രാമത്തിനാവശ്യമായ വാഴയില, പഴങ്ങൾ തുടങ്ങിയവക്ക് ഇന്നും തമിഴ്നാട്ടിനെയാണ് ആശ്രയിക്കുന്നത്. വാഴകൃഷിക്ക് ഇന്ന് പിടിപ്പെട്ടിട്ടുള്ള തണ്ടുതുരപ്പനും, കുറുനാമ്പുരോഗവും കർഷകൻ ഈ കൃഷി ഉപേക്ഷിക്കുവാൻ വരെ പ്രേരിപ്പിക്കുന്നു. സംസ്ഥാന സർക്കാർ ഈ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നില്ല.

പഞ്ചായത്ത് പ്രദേശത്ത് മുഴുവൻ വീടുകളിലും വാഴകൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ വിത്തിനങ്ങൾ, കീടനാശിനികൾ എന്നിവ സൗജന്യമായി നൽകുകയും സാങ്കേതിക വിദ്യയും ബോധവൽക്കരണവും നടത്തേണ്ടതുമാണ്.

കൈതച്ചക്ക കൃഷിയും നാമമാത്രമായി നമ്മുടെ ഗ്രാമത്തിൽ ചെയ്തുവരുന്നു. ഇതിനാവശ്യമായ സാങ്കേതിക വിദ്യയും സഹായങ്ങളും നൽകേണ്ടതാണ്. വനിതകളെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ പഴ വർഗ്ഗ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി തൊഴിൽ സാദ്ധ്യത മെച്ചപ്പെടുത്താവുന്നതാണ്.

### പുഷ്പകൃഷി

എല്ലാവർക്കും സസ്യം, എല്ലാവർക്കും സമൃദ്ധി എന്ന വാക്യത്തോടൊപ്പം പുഷ്പങ്ങളും പ്രഥമ സ്ഥാനം അർഹിക്കുന്നു. 6500 കോടിയുടെ പുഷ്പങ്ങളാണ് രാജ്യാന്തരങ്ങളിൽ ഒരു വർഷം വിപണനം നടത്തുന്നത്. എല്ലാ വീടുകളിലും വിദ്യാലയങ്ങളിലും അലങ്കാര പുഷ്പങ്ങൾ വച്ചുപിടിപ്പിച്ചിരുന്നു. മിക്ക വേലികളും പലതരം പുഷ്പങ്ങൾകൊണ്ടാണ് തീർത്തിരുന്നത്. ഇന്ന് ഇത് ഓർമ്മകളിൽ മാത്രമായി നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ താഴെപറയുന്ന പ്രകാരമുള്ള പുഷ്പ കൃഷിക്ക് സാധ്യതകൾ ഏറെയാണ്. കുറ്റിമുല്ല, കനകാംബരം , റോസുകൾ എന്നിവ നാമമാത്രമായി കൃഷി ചയ്തുവരുന്നു. ഈ പ്രദേശത്തെ ആവശ്യത്തിനുള്ള പുഷ്പങ്ങൾക്ക് തമിഴ്നാടിനെ ആശ്രയിക്കുന്നു. നമ്മുടെ ഗ്രാമ പഞ്ചായത്ത് പുഷ്പകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ ചെയ്തുതരുന്ന പക്ഷം നമ്മുടെ പ്രദേശത്ത് ഉൽപാദിപ്പിക്കാൻ

സാധ്യതയുള്ള കുറ്റിമുല്ല, ആന്തോറിയം, ഓർക്കിഡ്, കദംബം, റോസ്, ജമന്തി, സൂര്യകാന്തി, വാടാമല്ലി, ചെണ്ടുമല്ലി, താമര, നന്ദിയാവട്ടം, തുളസി തുടങ്ങിയ ഇനങ്ങൾ കൃഷിചെയ്യാൻ കഴിയും. ബോധവൽക്കരണവും, സാമ്പത്തിക സഹായങ്ങളും വഴി പുഷ്പകൃഷി അഭിവൃദ്ധിപ്പെടുത്താം. പുഷ്പങ്ങളിൽ നിന്നും ഓയിൽ ഫാക്ടറി വേണം.

## തേക്ക് / മാഞ്ചിയം :

ഇന്ത്യക്ക് വിദേശനാണ്യം നേടിത്തരുന്ന വൃക്ഷങ്ങളിൽ തേക്ക് പ്രഥമസ്ഥാനം അർഹിക്കുന്നു. നമ്മുടെ ഗ്രാമത്തിൽ തെക്കേ മലഞ്ചെരിവുകളും കൃഷിയിടങ്ങളിലും വ്യാപകമായി തേക്ക് വളർത്തി വന്നിരുന്നു. കൂട്ടുകുടുംബ വ്യവസ്ഥ തകർന്നതോടെ വീട് വയ്ക്കുന്നതിനും വ്യവസായാവശ്യത്തിനും ഉപയോഗിക്കുക മൂലം തേക്ക് ഇന്ന് അപൂർവ്വമായി മാത്രമേ കാണുന്നുള്ളൂ. വനങ്ങളിലേയും, ഗ്രാമപ്രദേശങ്ങളിലേയും തേക്കുകൾ മുറിക്കുമ്പോൾ പുതിയവ നട്ടുപടിപ്പിക്കാത്തതാണ് ഈ കുറവിനു കാരണം. മരം വെട്ടുന്ന ഒരാൾ 5 വൃക്ഷതൈ നട്ടുപിടിപ്പിക്കുന്ന സമ്പ്രദായം വേണം. ഇന്ന് ഈ പ്രശ്നം പരിഹരിക്കുന്നതിന് വീട്ടുവളപ്പിലും പുറംപോക്കിലും സർക്കാർ വനങ്ങളിലും തേക്ക് വച്ച് പിടിപ്പിക്കുവാൻ ആവശ്യമായ തൈകൾ സൗജന്യമായി വനംവകുപ്പ് വിതരണം നടത്തേണ്ടതാണ്.

## വാളൻപുളി :

ഭക്ഷ്യപദാർത്ഥങ്ങളിൽ പ്രത്യേകിച്ച് പാലക്കാടു ജില്ലക്കാർക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു പദാർത്ഥമാണ് വാളൻപുളി. ഇന്ന് നമ്മുടെ ഗ്രാമങ്ങളിൽ കൃഷി ചെയ്യതെയും യാതൊരു പരിചരണവും കൂടാതെയും ഏറ്റവും കൂടുതൽ സാമ്പത്തിക നേട്ടം ഉണ്ടാക്കിത്തരുന്ന ഒരു വൃക്ഷമാണിത്. ഇന്ധനത്തിന് ഉപയോഗിക്കുന്ന വൃക്ഷങ്ങളിൽ പുളിക്കാണല്ലോ പ്രഥമ സ്ഥാനം. പെയിൻറ്, കാലിത്തീറ്റ, എന്നിവയുടെ നിർമ്മാണത്തിന് ഒരു അസംസ്കൃത വസ്തുകൂടിയാണ്. നമ്മുടെ ഗ്രാമത്തിലെ വീതിയുള്ള റോഡുകളിൽ വരുന്ന ഇരുവശത്തും പുളി വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്ന പക്ഷം 5 വർഷംകൊണ്ടുതന്നെ പഞ്ചായത്തിനു നല്ലൊരു തുക വരുമാനം ലഭിക്കും. പതിവെച്ച പുളിതൈ ഇനങ്ങൾ വിപണിയിൽ ഇന്ന് ലഭ്യമാണ്. മേൽപറഞ്ഞ പദ്ധതി നടപ്പിലാക്കുമ്പോൾ കലാസമിതികളേയും വൃക്ഷക്ലബ്ബുകളേയും ചുമതലപ്പെടുത്തി ഈ കൃഷിപരിപാലനമേൽനോട്ടം സാധ്യമാക്കാവുന്നതാണ്.

## വിളനാശത്തിനുള്ള സഹായങ്ങൾ :

പ്രകൃതിക്ഷോഭം മൂലം വിള നശിച്ചാൽ സഹായങ്ങൾ ലഭിക്കുന്ന നിയമം നിലവിലുണ്ടെങ്കിലും വന്യമൃഗങ്ങൾ വരുത്തുന്ന വിളനാശം കർഷകരെ അലട്ടുന്ന പ്രശ്നമാണ്. കാട്ടുപന്നി നെല്ല്, വാഴ, ചേന, മഞ്ഞൾ, ഇഞ്ചി തുടങ്ങിയ വിളകളെ തിന്നും കുത്തിക്കിളച്ചും നശിപ്പിക്കുന്നു. ഇവയെ കൊല്ലുന്നതിന് നിയമം അനുവദിക്കുന്നില്ല. ഈ പ്രശ്നത്തിൽനിന്നും കർഷകരെ രക്ഷിക്കുവാൻ മലയോര പ്രദേശങ്ങളിൽ കമ്പുവേലി, കയ്യാല, കിടങ്ങ് എന്നിവ കെട്ടി വിളയെ രക്ഷിക്കുക, പന്നിശല്യം മൂലമുണ്ടാകുന്ന വിളകൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക, കീടരോഗബാധ മുഖാന്തരമുള്ള വിളനാശത്തിനും സഹായങ്ങൾ അനുവദിക്കേണ്ടതാണ്.

## *നമ്മുടെ ഗ്രാമ പഞ്ചായത്തിൽ നട്ടുപിടിപ്പിക്കുന്നതിന് ആവശ്യവമായ നല്ലയിനം തൈകൾ*

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ നട്ടുപിടിപ്പിക്കേണ്ട ആവശ്യത്തിനുള്ള തെങ്ങിൻ തൈ, ഒട്ടുമാവ് ഒട്ടുനെല്ലി, കവുങ്ങ്, ഒട്ടിച്ചപുളി, ഗോവ, സപ്പോട്ട, പൂച്ചെടികൾ തുടങ്ങിയവ ഇന്ന് നമ്മൾ തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി സ്വകാര്യ ഫാമുകളെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ടുതന്നെ കൂടുതൽ വിലയും കടുത്ത കൂലിയും മറ്റും വരുന്നു.

നമുക്ക് ആവശ്യമുള്ള മേൽത്തരം തൈകളും ഒട്ടുതൈകളും പുഷ്പ തൈകളും നമ്മുടെ പഞ്ചായത്തിൽ തന്നെ സാങ്കേതിക വിദ്യ ഉപയോഗിച്ച് നട്ടുവളർത്തി വിതരണം നടത്തുന്നതിലേക്ക് ഒരു സഹകരണ ടിസ്ഥാനത്തിലോ, ഗവൺമെൻറ് മേഖലയിലോ ഒരു നേഴ്സറി സ്ഥാപിച്ച് നമ്മുടെ ഗ്രാമത്തിൻെറ നടീൽ വസ്തുക്കൾ ലഭ്യമാക്കേണ്ടതാണ്.

## നെല്ലുല്പാദക പാടശേഖരസമിതികൾ :

നെന്മാറ ഗ്രാമപഞ്ചായത്തിലെ നെൽകൃഷി ചെയ്യുന്ന കർഷകരെ യോജിപ്പിച്ചുകൊണ്ട് കൃഷിപ്പണികൾ, ഉല്പാദനഉപാധികൾ, വിപണനം എന്നിവയിലൂടെ കർഷകരുടെ ആദായം വർദ്ധിപ്പിക്കുവാൻ വേണ്ടി രൂപംകൊടുത്ത പാടശേഖരസമിതികൾ ഇന്ന് കൃഷിഭവനിൽനിന്നുകിട്ടുന്ന ആദായം മാത്രം വിതരണം ചെയ്യുന്ന സമിതികളായി മിക്ക സമിതികളും മാറിയിരിക്കുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിൽ 36 സമിതികൾ നിലവിലുണ്ട്. ഇവയെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ :

1. കർഷകസമിതികളുടെ ഭരണസമിതിയോഗം മാസത്തിൽ ഒരിക്കലെങ്കിലും നിശ്ചിത തിയതിയിൽ കൂടുക.
2. പാടശേഖരസമിതികളിൽ രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും നിശ്ചിത തിയതിയിൽ കൃഷി ഉദ്യോഗസ്ഥന്മാർ സന്ദർശിക്കുക.
3. കൃഷിഭവനിൽവെച്ച് മാസത്തിൽ ഒരിക്കൽ സെക്രട്ടറിമാരുടെ യോഗം കൂടുക.
4. സ്വന്തമായി സ്ഥലമുള്ള കർഷകസമിതികൾക്ക് സർക്കാർ സഹായത്തോടെ ഓഫീസ് കെട്ടിടം നിർമ്മിച്ചുകൊടുക്കുക.
5. പാടശേഖരസമിതി ഭാരവാഹികൾക്ക് പരിശീലനങ്ങൾ നൽകുക.
6. കൃഷിവകുപ്പിന്റെ സഹായത്തോടെ പഠനയാത്രകൾ സംഘടിപ്പിക്കുക.

### പഞ്ചായത്തിലെ പാടശേഖരസമിതികൾ

1. കണിമംഗലം പാടശേഖരസമിതി
2. കൊമ്പൻകല്ല്
3. പോത്തുണ്ടി
4. അരാകുളമ്പ്
5. പൊന്മല
6. ചെമ്മന്തോട്
7. എടക്കംപാടം
8. തിരുത്തംപാടം
9. വല്ലങ്ങി-തവളാക്കുളം
10. എലന്തകുളമ്പ്
11. കോതശ്ശേരി
12. നെല്ലിക്കാട് ചാത്തമംഗലം
13. പുങ്ങോട് വലിയകുളം
14. അളുവശ്ശേരി-മനങ്ങോട്
15. കൊല്ലയംകാട്
16. ചാട്ടിയോട്
17. മംഗളംപാടം
18. അകംപാടം
19. കൂട്ടകടവ്
20. വക്കാവ് കിഴക്കമ്പാടം
21. അരിമ്പൂരപതി
22. അയിനംപാടം
23. തച്ചക്കോറ
24. ഒഴവപ്പാടം
25. മാട്ടായി
26. കല്ലങ്കോട്
27. കയ്പഞ്ചേരി
28. തേവർമണി
29. കാഞ്ഞിരംകോട്
30. ചേരുംകാട്
31. ചെന്തല്ലൂർ
32. കണ്ണോട്
33. പൂക്കോട്ടുപാടം
34. ചൊട്ടിപ്പാറ
35. വിത്തനശ്ശേരി
36. വല്ലങ്ങി നെല്ലിപ്പാടം

## രാസവള-കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | | 1993-94 രാസവളം കി. ഗ്രാം | 1994-95 രാസവളം കി.ഗ്രാം | 1995-96 രാസവളം കി.ഗ്രാം |
|---|---|---|---|---|---|
| 1 | 2 | | 3 | 4 | 5 |
| 1. | സഹകരണം | N | 268840 | 189860 | 182750 |
| | | P | 77240 | 43710 | 38290 |
| | | K | 140640 | 68610 | 56610 |
| 2. | സ്വകാര്യം | N | 76520 | 41470 | 28040 |
| | | P | 53630 | 5270 | 10890 |
| | | K | 75420 | 55720 | 63740 |

## നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 150 | 485 | 1130 |
| കശുമാവ് | 320 | - | - |
| കുരുമുളക് | 10,000 | - | 1,500 |
| കവുങ്ങ് | 1,000 | - | - |
| മാവ് | 325 | 200 | - |
| ജാതി | - | - | 200 |
| പേരക്ക | 100 | 50 | - |
| കാട്ടുനെല്ലി | 10 | 80 | - |

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| | ഭൂമിയുടെ വിസ്തീർണ്ണം | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജിന്റെ പേര് | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനു മേൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| നെന്മാറ | 1716.81 | 1640.61 | 420.28 | 22.09 | 3799.79 | 1565 | 990 | 640 | 418 | 599 | 172 | 96 |
| വല്ലങ്ങി | 614.14 | 1117.68 | 175.50 | 12.52 | 1919.84 | 820 | 610 | 400 | 310 | 150 | 85 | 40 |
| പോത്തുണ്ടി | 982.85 | 625.62 | 1577.20 | 219.34 | 3405.01 | 362 | 220 | 180 | 120 | 175 | 95 | 65 |
| ആകെ | 3313.80 | 3383.91 | 2172.98 | 253.95 | 9124.64 | 2747 | 1820 | 1220 | 848 | 924 | 352 | 201 |

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 1369.6480 ഹെക്ടർ |
| പുരയിടം | 1341.0891 ഹെക്ടർ |
| പുറമ്പോക്ക് | 1015.4748 ഹെക്ടർ |
| കൃഷിയോഗ്യതരിശ് | 85.7000 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 17.00 ഹെക്ടർ |

## വിളവിസ്തീർണ്ണവും ഉൽപ്പാദനവും

| വിള | വിസ്തീർണ്ണം | ഉൽപ്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|
| നെല്ല് (ഒന്നാംവിള) | 13121 ഹെക്ടർ | 4,200 കിലോ |
| നെല്ല് (രണ്ടാംവിള) | 1290 ഹെക്ടർ | 3,800 കിലോ |
| നെല്ല് (മൂന്നാംവിള) | – – | – – |
| പയർ | 24 ഹെക്ടർ | 600 കിലോ |
| എള്ള് | 2 ഹെക്ടർ | 350 കിലോ |
| പച്ചക്കറികൾ | 102 ഹെക്ടർ | 2,500 കിലോ |
| തെങ്ങ് | 690 ഹെക്ടർ | 7,650 എണ്ണം |
| വാഴ | 45 ഹെക്ടർ | 10,600 കിലോ |
| മരച്ചീനി | 62 ഹെക്ടർ | 20,000 കിലോ |
| കുരുമുളക് | 60 ഹെക്ടർ | 300 കിലോ |
| പ്ലാവ് | 5 ഹെക്ടർ | – – |
| കശുമാവ് | 10 ഹെക്ടർ | 1,200 കിലോ |
| മാവ് | 25 ഹെക്ടർ | – – |
| റബ്ബർ | 155 ഹെക്ടർ | 800 കിലോ |
| കവുങ്ങ് | 115 ഹെക്ടർ | 50.000 എണ്ണം |

## പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ

വിസ്തീർണ്ണം (ഏക്കറിൽ)

| വില്ലേജിന്റെ പേര് | റോഡ് | തോട് | കുളം | പുഴ | റെയിൽവേ | റവന്യൂ | വനം | ആകെ |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 10 |
| നെന്മാറ | 77.00 | 13.04 | 6.04 | 28.52 | – | 22.09 | 23.45 | 442.37 |
| വല്ലങ്ങി | 45.29 | 8.40 | 8.76 | 69.44 | – | 12.52 | – | 188.02 |
| പോണ്ടുണ്ടി | 14.63 | 39.28 | – | 36.60 | – | 219.34 | 45.76 | 265.10 |
| ആകെ | 136.92 | 60.72 | 14.80 | 134.56 | – | 253.95 | 69.21 | 895.49 |

# ജലസേചനം

നെമ്മാറ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 1966 നു മുമ്പുവരെ പൗൂർവ്വികർ മഴയെ മാത്രം ആശ്രയിച്ചാണ് നെൽകൃഷി ഒന്നും രണ്ടും വിളകൾ ചെയ്തുവന്നിരുന്നത്. തെൻമലകളിൽ നിന്നും ഒഴുകിവരുന്ന നീർച്ചാലുകൾ രൂപാന്തരപ്പെട്ട തോടുകൾ മുഖാന്തരമാണ് ജലസേചനം നടത്തിയിരുന്നത്. 1969 നു മുമ്പ് ജൻമിത്വം നിലനിന്നിരുന്ന കാലങ്ങളിൽ വിശാലമായ കൃഷിഭൂമികൾ ഉണ്ടായിരുന്നു. ജൻമിമാർ ജലസേചനത്തിനുവേണ്ടി ചിറകളും, കുളങ്ങളും നിർമ്മിച്ച് വരൾച്ചയിൽനിന്ന് കൃഷിയെ രക്ഷിച്ചിരുന്നു. ചെറുകിട കർഷകർക് ജലസേചനം ലഭിക്കാത്തതിനാൽ കൃഷി ഉപയോഗിക്കുവാൻ അക്കാലത്ത് കണ്ടങ്ങളിൽ വെള്ളം കെട്ടിനിർത്തി രണ്ടാം വിളകൾക്ക് ഉപയോഗിച്ചിട്ടുണ്ട്. രണ്ടാം പഞ്ചവത്സര പദ്ധതി കൃഷിക്കുള്ള ജലസേചനത്തിന് ഊന്നൽ നൽകിക്കൊണ്ട് നമ്മുടെ പഞ്ചായത്തിൽ പോത്തുണ്ടി പ്രദേശത്ത് മൺ അണ നിർമ്മാണം ആരംഭിച്ചു. ഡാം പണി ചില സാങ്കേതിക കാരണങ്ങളാൽ 1967 വരെ നീണ്ടുപോയി. 1968 ൽ ഡാമിൽനിന്നും ജലസേചനം ആരംഭിച്ചു. ഇതോടെ ഡാമിൻെറ ആയക്കെട്ട് പ്രദേശങ്ങളിൽ സിംഹഭാഗം നെൽകൃഷി സ്ഥലവും ഒരുപ്പൂനിലങ്ങളും ഇരുപ്പൂനിലങ്ങളുമായി. അങ്ങനെ ജലദൗർലഭ്യം പരിഹരിക്കുവാനും വിളവു വർദ്ധിപ്പിക്കുവാനും സഹായിച്ചു.

ജലസേചനം നടത്തുന്ന പ്രധാന കനാലുകൾ വേണ്ടവിധം സംരക്ഷണം നടത്താത്തതുകൊണ്ട് വിതരണം ചെയ്യുന്ന ജലത്തിൻെറ നല്ലൊരു ഭാഗം ബണ്ടുകൾ ചോർന്നും മറ്റുമായി ജലം നഷ്ടപ്പെടുന്നു. ഡാമിൻെറ തൊട്ടുകിടക്കുന്ന പോത്തുണ്ടി, ആനന്തല പാടശേഖരങ്ങൾ ജലാധിക്യം കൊണ്ട് വിളവ് കുറഞ്ഞിട്ടുണ്ട്. ബഹു പൂവ്വൽ പദ്ധതി നടപ്പിലാക്കിയ കാലങ്ങളിൽ മൂപ്പുകുറഞ്ഞ അന്നപൂർണ്ണ എന്ന നെല്ല് പുഞ്ചകൃഷിയായി (മൂന്നാം വിള) ചെയ്തിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ പുഞ്ചകൃഷിക്ക് നല്ല വിളവ് ലഭിച്ചത് ഇന്നും കർഷകർ ഓർമ്മിക്കുന്നു. ഈ കൃഷിരീതി വെള്ളം മിച്ചമുണ്ടായിരുന്ന 1980 വരെ തുടർന്നു.

1985 ൽ ജലസേചനം മെച്ചപ്പെടുത്താൻ പോത്തുണ്ടി ആയക്കെട്ട് പ്രദേശത്ത് കമാൻറ് ഏരിയാ വികസന അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചു. ജനാധിപത്യ അടിസ്ഥാനത്തിൽ ഫീൽഡ് ബൂത്തികൾ ബലപ്പെടുത്തി ജലസേചനം കാര്യക്ഷമമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആയക്കെട്ട് പ്രദേശത്തെ ഫീൽഡ് ബൂത്തികളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്നു. ഇതോടെ ജലസേചനം കാര്യക്ഷമമാക്കി വിളവ് വർദ്ധിപ്പിക്കാൻ സഹായിക്കും.

### പ്രശ്നങ്ങൾ :

1. മെയിൻ കനാലുകളുടെ ചോർച്ച കാരണം സമീപപ്രദേശങ്ങളിലെ നെൽപ്പാടങ്ങൾ ജലാധിക്യം കൊണ്ട് കൃഷിപ്പണികൾ നടത്തുവാൻ സാധിക്കാതെ ബുദ്ധിമുട്ടുന്നു. വാലറ്റപ്രദേശങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നു. ഇത് വിളവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

2. സ്ലൂയിസിൽ നിന്നും വിടുന്ന വെള്ളം സ്ലൂയിസിൻെറ ആയക്കെട്ടു പ്രദേശത്തിൻെറ വാലറ്റത്തുനിന്നും വിതരണം നടത്താത്തതിനാലും ഫാം ചാൽ എടുക്കാത്തതിനാലും ജലസേചന വകുപ്പിൻെറ കാര്യക്ഷമമായ മേൽനോട്ടം ഇല്ലാത്തതിനാലും ജലം കൂടുതൽ നഷ്ടപ്പെടുന്നു. ജലസേചനത്തിന് ഉപയോഗിക്കുന്ന ചാലുകൾ; കനാലുകൾ കാലാകാലങ്ങളിൽ മണ്ണിടിഞ്ഞ് ജലവിതരണം തടസ്സപ്പെടുന്നു. ഇത് കനാൽ ബണ്ടുകൾ പൊട്ടുന്നതിന് കാരണമാവുന്നു. അശാസ്ത്രീയ ജലസേചനം കൊണ്ട് തോടുകളും കൈചാലുകളും കുത്തിയൊലിച്ചതാണ്. മണ്ണ് നഷ്ടപ്പെടുന്നതുകൊണ്ട് ഭൂമിയിലെ ജലനിരപ്പ് താഴുന്നു. ഇതുമൂലം കൃഷിയിടങ്ങളിൽ ജലദൗർലഭ്യം കൂടുന്നു.

3. നെൽപ്പാടങ്ങളിൽനിന്നും വരുന്ന അധികജലം മണ്ണിൽകൂടി ചോർന്ന് ജലനിർഗ്ഗമന ചാലുകൾവഴിയും തോട്ടിലും പുഴയിലും ഒഴുകി നഷ്ടപ്പെടുന്നു.

4. തോടുകളും പുഴകളും കൈയ്യേറി കൃഷി ചെയ്യുന്നതു നിമിത്തം ഇവയുടെ സംഭരണശേഷി കുറയുന്നു.

5. നിലവിലുള്ള കുളങ്ങൾ നികന്ന് ഉപയോഗശൂന്യമായി കിടക്കുന്നു. കൂടാതെ ജലസേചനപദ്ധതി വന്നതോടുകൂടി കുളങ്ങൾ, ചിറകൾ ഇവ നികത്തി കൃഷി ചെയ്യുവാൻ തുടങ്ങി. കുട്ടവകാശികൾ വരുന്നതോടുകൂടി കുളങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.

6. കാലവർഷ പിഴവു വരുമ്പോൾ ഞാറ്റടി തയ്യാറാക്കുന്നതിനും പ്രധാന വിളക്കും കിണറുകളെയാണ് ആശ്രയിക്കുന്നത്. കിണറുകൾ സംരക്ഷിക്കുന്നതിനും പുതിയ കിണർ കുഴിക്കുന്നതിനും സാമ്പത്തിക സഹായത്തിന് സാങ്കേതികത്വം പ്രശ്നമാവുന്നു.

7. കൃഷിക്കുപയോഗിക്കുന്ന ജലം വിതരണ ചോർച്ച കൊണ്ടും മറ്റും പാഴായിപ്പോകുകവഴി ഡാമില വെള്ളം രണ്ടാം വിള അവസാനംവരെ കിട്ടുന്നില്ല. വിള ഉണക്കംമൂലം കൃഷിനാശം സംഭവിക്കാറുണ്ട്.

8. അയ്യപ്പൻപാറ പ്രദേശത്തുള്ള 25 ഏക്കർ സ്ഥലത്ത് വെള്ളം കിട്ടുന്നില്ല.

9. ചൂണ്ടിയാംകുളം, നെമ്മാറപ്പാടം, വാലറ്റത്ത് 25 ഏക്കർ സ്ഥലത്ത് വെള്ളം എത്തുന്നില്ല.

10. കൊല്ലയൻകാട് പാടശേഖരത്തെ ഉയർന്ന നെൽപ്പാടങ്ങളിൽ ജലസേചനം കിട്ടുന്നില്ല.

11. തിരുത്തംപാടം തോട് അരികുകൾ ഇടിഞ്ഞ് കൃഷിയിടാൻ ബുദ്ധിമുട്ടുണ്ടാകുന്നു. മണ്ണൊലിപ്പും ഉണ്ടാകുന്നു.

12. പൂങ്ങോട് ഭാഗത്ത് ജലസേചന സൗകര്യം ലഭ്യമല്ല.

13. അയിനംപാടം ടൗൺ ബൂത്തിയുടെ വാലറ്റത്ത് ജലവിതരണം എത്തുന്നില്ല.

14. ചീനിക്കോട് വഴി ചാത്തമംഗലം കടന്നുപോകുന്ന തോട് പൊട്ടി സ്ഥിരമായി കൃഷി നാശം സംഭവിക്കുന്നു.

15. പുളിക്കൽ, എടപ്പൊറ്റ തോട് കരകവിഞ്ഞ് ഒഴുകി നെൽപ്പാടം നശിക്കുന്നു.

16. നെമ്മാറപ്പാടം തോട് വർഷകാലങ്ങളിൽ കരകവിഞ്ഞൊഴുകി സ്ഥിരമായി നാശനഷ്ടങ്ങൾ ഉണ്ടാകുന്നു.

17. തവളാകുളം ഭാഗത്തേക്ക് പോകുന്ന ബസ് സ്റ്റാൻഡിന് പിൻവശത്ത് പള്ളിക്കുമിടയിൽകൂടി പോകുന്ന ഫീൽഡ് ബൂത്തി സ്ഥിരമായി മണ്ണും മറ്റ് അവശിഷ്ടങ്ങളും ഇട്ടുമൂടി ജലസേചനയോഗ്യമല്ലാതാകുന്നു. വാലറ്റത്ത് വെള്ളം എത്തുന്നില്ല.

18, നെല്ലിച്ചോട് നിന്നും തിരുത്തംപാടം പോകുന്ന ഫീൽഡ് ബൂത്തി ചോർച്ചമൂലം ജലവിതരണം കാര്യക്ഷമമായി നടക്കുന്നില്ല.

19. കൃഷ്ണാപുരം ഗ്രാമം കിഴക്കുമുതൽ പുത്തൻകുളംവഴി പഴയഗ്രാമം വരമ്പിന്റെ അരികിലൂടെ ഉള്ള ജലസേചനചാലും കോതകുളം വഴിയുള്ള ബൂത്തിയിലുടെ അനന്തകൃഷ്ണ നഗർ വഴിയുള്ള ജലസേചന കനാലും നന്നാക്കി സ്വീകരിച്ച് പ്ലാസ്റ്റർ ചെയ്തുതരണം.

## നിർദ്ദേശങ്ങൾ :

1. പോത്തുണ്ടി മെയിൻ കനാലിന്റെ ചോർച്ച തടയാൻ കനാലിന്റെ പ്രധാന ഭാഗങ്ങൾ ലൈനിംഗ് നടത്തേണ്ടതാണ്. കനാലിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യേണ്ടതാണ്.

2. പദ്ധതി പ്രദേശത്ത് കർഷക സമിതികൾ കാര്യക്ഷമമാക്കിയും പൊതുജലസേചകനെ വച്ച് ജലവിതരണം നടത്തിയും അറ്റകുറ്റപ്പണികൾ പരമാവധി കർഷകസമിതികൾ മുഖേന നടത്തിയും കർഷകരെ ബോധവൽക്കരിച്ചും

ജലസേചനം കാര്യക്ഷമമാക്കണം. ഇതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ സർക്കാർ നൽകണം.

3. പുഴ, തോട്, നീർച്ചാലുകൾ എന്നിവയിൽ ആകുന്നത്ര തടയണ (Cross Bar) നിർമ്മിച്ച് ജലം പാഴായി പോകുന്നത് തടയാൻ കഴിയും. ആവശ്യാനുസരണം റീസൈക്ലിങ്ങിന് പമ്പിങ്ങ് ഏർപ്പെടുത്തുക. (വിൻറ് മീൽ )

4. തോടുകളും പുഴകളും കൈയ്യേറുന്നത് കർശനമായി തടയണം. അതുവഴി അവയുടെ ജലസംഭരണശേഷി വർദ്ധിക്കും.

5. നിലവലുള്ള കൂട്ടവകാശമുള്ള സ്വകാര്യകുളങ്ങളും പൊതുകുളങ്ങളും താഴ്ത്തി സംഭരണശേഷി വർദ്ധിപ്പിക്കാം.

6. സ്വകാര്യ കുളങ്ങളും കിണറുകളും (വ്യക്തികളുടെ ) നന്നാക്കി സംഭരണശേഷി വർദ്ധിപ്പിക്കുവാൻ ധനകാര്യസ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുവാനുള്ള നടപടികൾ ലഘൂകരിക്കുക. 100% സർക്കാർ സൗജന്യമായി മേൽപദ്ധതിക്ക് നൽകുക.

7. കനാലിൻെറ അറ്റകുറ്റപ്പണികളും ജലവിതരണവും കർഷകസമിതികളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിയാൽ ജലനഷ്ടം കുറയ്ക്കാനും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുകവഴി മിച്ചം വരുന്ന ജലം വേനൽക്കാല വിളക്ക് മാർച്ച്- ഏപ്രിൽ മാസങ്ങളിൽ ഉപയോഗിക്കാം.

8. അയ്യപ്പൻപാറ പ്രദേശത്തുള്ള തരിശുഭൂമി കൃഷി ചെയ്യുന്നതിന് അനുയോജ്യമായ ജലസേചന സൗകര്യം ഏർപ്പെടുത്തുക.

9. അയിനംപാടം ടൗൺ ബൂത്തിയുടെ വാലറ്റത്ത് ജലസേചനം നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

10. ബസ് സ്റ്റാൻഡിൻെറ പിൻവശത്തുകൂടി പോകുന്ന തവളാകുളം ഫീൽഡ് ബൂത്തി കൽമുക്ക്, ഇടിയംപൊറ്റ ഫീലഡ് ബൂത്തി സ്ലാബിട്ട് മൂടി ജലസേചന തടസ്സം ഒഴിവാക്കുക.

11. ചൂണ്ടയാംകുളം, നെമ്മാറപ്പാടം പ്രദേശത്ത് ജലദൗർലഭ്യം പരിഹരിക്കുക.

12. കൊല്ലയങ്കാട് ഭാഗത്ത് കൃഷിഭൂമിയിൽ ജലസേചന സൗകര്യം എത്തിക്കുക.

13. കൊറ്റിയോട് തടയണയിൽനിന്നുള്ള കുരിയല്ലൂർ കൂടി വരുന്ന തോട് 1500 മീറ്റർ കോൺക്രീറ്റ് ചെയ്യുക.

14. ചെമ്മൻതോട് പുഴയിൽ നിർമ്മിച്ചിട്ടുള്ള തടയണയുടെ ഷട്ടർ സംവിധാനം പരിഷ്ക്കരിച്ച് കാര്യക്ഷമമാക്കുക.

15. ആണ്ടിക്കുഴി കിണർ വൃത്തിയാക്കി പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചന സൗകര്യം ഉറപ്പുവരുത്തുക.

16. കിഴക്കംപാടം കുളത്തിന് മുകൾഭാഗത്തുകൂടി ഇടിയംപൊറ്റ കുളത്തിൻെറ ഭാഗത്തുകൂടി പുതിയ ചാൽ നിർമ്മിച്ച് വാലറ്റത്ത് വെള്ളം എത്തിക്കുക.

17. പച്ചക്കുളത്തിനടുത്തുള്ള കൃഷി സ്ഥലത്തേക്ക് അനന്തകൃഷ്ണയ്യർ നഗർ ഹൗസിംഗ് കോളനിയിൽകൂടി കനാൽ ജലം കൊണ്ടുപോകുവാൻ ഫീൽഡ് ബോത്തി നിർമ്മിക്കുക.

18. ചെന്നക്കലായ, ഇടക്കംപാടം ഭാഗങ്ങളിൽ വെള്ളം ലഭിക്കുവാൻ ചെക്ക്ഡാം നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കി 150 ഏക്കർ സ്ഥലത്ത് കൃഷിയെ രക്ഷിക്കാം.

19. തട്ടാതറ മുതൽ കണിമംഗലം വരെയുള്ള കനാൽഭാഗങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുക.

20. തിരുത്തംപാടം തെക്ക് നെല്ലിച്ചോടുനിന്നും പോകുന്ന ഫീൽഡ് ബൂത്തിയുടെ ചേർച്ച പരിഹരിച്ച് വാലറ്റത്തേക്ക് വെള്ളം എത്തിക്കാം.

21. ജലസേചന സൗകര്യം കാര്യക്ഷമമാക്കാൻ എൽ. ബി. സി. മെയിൻ കനാലിൽ നിന്നും കുണ്ടിലിടവിലേക്ക് ഒരു സബ്കനാൽ നിർമ്മിക്കുക.

22. കൊല്ലയങ്കാട് നിലവിലുള്ള ചെക്ക്ഡാം അറ്റകുറ്റപ്പണികൾ ചെയ്ത് 400 മീറ്റർ തോടിന്റെ ഭാഗങ്ങൾ സംരക്ഷിച്ച് കൂടുതൽ ഉപയോഗപ്രദമാക്കുക.

23. തിരുത്തംപാടം തോട് മഴക്കാലങ്ങളിൽ മലവെള്ളംമൂലം ഇടിഞ്ഞ് കൃഷി നശിക്കുന്നത് തടയാൻ തോടിന്റെ ഇരുവശവും കല്ലുകെട്ടി ബലപ്പെടുത്തേണ്ടതാണ്.

24. കൃഷ്ണാപുരം തോട് കെട്ടി സംരക്ഷിക്കുക. തടയണ നിർമ്മിക്കുക.

25. താഴെപറയുന്ന ഭാഗങ്ങളിൽ ചെക്കുഡാം നിർമ്മിക്കുക.

എ.) കുമ്പളക്കോട് പുഴക്കു താഴെ 25 ഹെക്ടർ സ്ഥലത്ത് ഉപകരിക്കുക.
ബി) പോത്തുണ്ടി ശിവക്ഷേത്രത്തിനു സമീപം
സി) പോത്തുണ്ടി ചന്തലൂരിൽ
ഡി) പോത്തുണ്ടി പൂങ്ങോട് പുഴയിൽ
ഇ) പേഴുംപാറയിൽ
എഫ്) കൊറ്റിയോട് തടയണയിൽനിന്നും അയ്യപ്പൻപാറ തോടിന്റെ മൂന്ന് ഭാഗത്ത്
ജി) അരുമ്പൂരപ്പതി മാങ്ങാമട തോടിൽ
എച്ച്) പുത്തൻതോട്ടം പള്ളിക്കടവിൽ
ഐ) ഇടിയംപൊറ്റയിൽ
ജെ) പുഴക്കൽതറയിൽ
കെ) പുളിക്കൽ - ഇടപ്പൊറ്റ തോടിൽ
എൽ) ചീനിക്കോട് - ചാത്തമംഗലം തോട്
എം) തവളാകുളം - കിളിയൽ തോട്
എൻ) നെമ്മാറപ്പാടം - ചൂണ്ടിയാങ്കുളം തോട്
ഒ) നീർക്കലാംകോട് പുഴയിൽ
പി) കാഞ്ഞിരംകോട്
ക്യൂ) കൂട്ടക്കടവ്
ആർ) കല്ലംകടവ്
1. കല്ലംകടവ് പുഴയിൽ ചെക്കുഡാം നിർമ്മിക്കുക
2. കുണ്ടുകാട് പുഴയിൽ
3. കൽനാട് - തേവർമണി തോടിൽ സൈഡ് കെട്ടി തടയണ നിർമ്മിക്കുക.
4. കല്ലൻകോട് - എടപ്പാടംതോട് സൈഡുകെട്ടി തടയണ നിർമ്മിച്ച് നടപ്പാലം ഏർപ്പെടുത്തണം.
5. പാറശ്ശേരി തോട്ടിൽ നടപ്പാലത്തോടുകൂടിയ ക്രോസ് ബാർ നിർമ്മിക്കേണ്ടതാണ്.

# POTHUNDY IRRIGATION PROJECT

## SALIENT FEATURES

| HYDROLOGY | | RESERVOIR | |
|---|---|---|---|
| CATCHMENT AREA | 30.8KM$^2$ | TOP OF DAM | +110.64MTR |
| MEAN ANNUAL RAIN FALL | 273-86CM | FULL RESERVOIR LEVEL | +108.2 MTR |
| MAX: FLOOD DISCHARGE | 563-510$^2$/SECOND | LIVE STORAGEAT ERL | 36-87MCM |
| | | WATER SPREAD AREA AT FRL | 2.74 KM2 |

| EARTHDAM | | SPILLWAY | |
|---|---|---|---|
| LENGTH | 1567.28 MTR | CREST LEVEL | +104.9 MTR |
| TOP WIDTH | 7.32 MTR | VENTS | 30 NOS: 12.19* 4.11 MTR |
| SIDE SLOPES | 2.1 | | |
| MAX. HEIGHT | 32.61 MTR | | |
| MAX. BASE WIDTH | 154.23 MTR | | |
| QUANTITY OF EARTH | 2040000 CUM | | |

| SLUICES | LB | RB | WATER SUPPLY |
|---|---|---|---|
| BARREL | 1.52X1.83 | 1.53X1.83 | 1.52X1.83M |
| SILL LEVEL | +91.44M | +91.44M | +83.82M |

| CANALS | LB | RB |
|---|---|---|
| MAIN CANAL | 8 KM | 10.8 KM |
| BRANCH CANAL | 28.2KM | 38.8 KM |
| AYACUT | 3035 HTRS | 2428 HTRS |

### മഴയുടെ അളവ് (മി.മി.) (പോത്തുണ്ടി വർഷമാപിനി)

### പട്ടിക - 2

| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1993 | NIL | NIL | NIL | 33MM | 33 | 305 | 523 | 390 | NIL | 338 | 170 | NIL |
| 1994 | 5MM | NIL | NIL | 65 " | 34 | 687 | 698 | 315 | 186 | 451 | 98 | NIL |
| 1995 | NIL | NIL | 7 | 178 " | 164 | 340 | 582 | 311 | 224 | 45 | 139 | NIL |
| 1996 | NIL | NIL | 5 MM | 72 " | 34 | 295 | 494 | 369 | 324 | 273 | 54 | -- |

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർഷികമേഖലയായ നെൻമാറഗ്രാമപഞ്ചായത്തിലെ മൃഗസരംക്ഷണപ്രവർത്തനങ്ങൾക്ക് വളരെ കാലത്തെ പഴക്കമുണ്ട്. കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്ന നെന്മാറയിൽ 1920 മുതൽ തന്നെ മൃഗസംരക്ഷണ ചികിത്സാ സൗകര്യങ്ങൾ ലഭ്യമായിരുന്നു. പഴയ കാലത്തെ കാർഷികമേഖലയുടെ അവിഭാജ്യഘടകമായിരുന്നു കാലി വളർത്തൽ. ഓരോ കാർഷികഭവനത്തിലും ഓരോ കാലിത്താഴുത്ത് അനുബന്ധമായി ഉണ്ടായിരുന്നു. ട്രാക്റ്റർ പോലുള്ള ആധുനിക ഉഴവു യന്ത്രങ്ങൾ നിലവിൽ ഇല്ലാതിരുന്ന കാലത്ത് ഉഴവുജോലികൾക്ക് പ്രധാനമായും ഉഴവുകാളകളേയും എരുമകളേയും, പോത്തുകളേയും ആണ് ഉപയോഗിച്ചിരുന്നത്. അക്കൂട്ടത്തിൽ പാൽ ഉൽപ്പാദനത്തിനാവശ്യമായ പശുക്കളേയും, എരുമകളേയും ആടുകളേയും വളർത്തിവന്നിരുന്നു. ധാരാളം ഒഴിഞ്ഞ പ്രദേശങ്ങളിലും മലഞ്ചെരിവുകളിലും തഴച്ചു വളരുന്ന പുല്ല്, നെൽക്കൃഷിയുടെ ഭാഗമായി ലഭിക്കുന്ന വൈക്കോൽ, എന്നിവയായിരുന്നു ഇവയുടെ ആഹാരം. കൂട്ടുകുടുംബവ്യവസ്ഥിതി നിലനിന്നിരുന്ന പഴയകാലത്ത് വീടുകളിൽ അരി കഴുകിയ കാടിവെള്ളം ധാരാളം ലഭ്യമായിരുന്നു. കർഷകഗൃഹങ്ങളിൽ നെല്ലു പുഴുങ്ങി അരിയാക്കുമ്പോൾ ലഭിച്ചിരുന്ന പോഷകസമൃദ്ധിയുള്ള തവിടും, കാടിവെള്ളവും ചൂടാക്കി മൃഗങ്ങൾക്ക് നൽകിയിരുന്നു. വാഹന വാഹനഗതാഗതം പരിമിതമായിരുന്ന പണ്ടുകാലത്തെ വണ്ടികൾ വലിക്കുന്നതിന് കാളകളേയും പോത്തുകളേയുമാണ് ഉപയോഗിച്ചിരുന്നത്. വീട്ടുമൃഗങ്ങളിൽനിന്നും ലഭിക്കുന്ന ജൈവവളം, രാസവളം അപ്രാപ്യമായിരുന്ന അക്കാലത്ത് കൃഷി ഫലഭൂയിഷ്ടമാക്കി. സ്വന്തം കുടുംബാംഗങ്ങളെ എന്നപോലെ മൃഗങ്ങളെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്തിരുന്നു. കർഷകർ, കർക്കിടകം പോലുള്ള മാസങ്ങളിൽ, അവക്ക് പരിപൂർണ്ണ വിശ്രമം നൽകുകയും, മരുന്ന് മുതലായവ നൽകുകയും ചെയ്തിരുന്നു. ആട്ടിൻതല, കോഴി എന്നിവ സൂപ്പാക്കി മൃഗങ്ങൾക്ക് കൊടുക്കുകയും, എണ്ണയിട്ട് ദേഹം മിനുസപ്പെടുത്തുന്ന പതിവും അക്കാലത്തുണ്ടായിരുന്നു./ അന്നുകാലങ്ങളിൽ കൃഷിക്കാരുടെ വിനോദങ്ങളിൽ കന്നുതെളി മത്സരങ്ങൾക്കായിരുന്നു പ്രഥമ സ്ഥാനം. പ്രത്യേകിച്ചും മത്സരത്തെളികാളകളെ വളർത്തുന്നത് സമ്പന്ന കർഷകരുടെ മുഖമുദ്രയായിരുന്നു. അന്നുകാലത്ത് യാത്ര ചെയ്യുന്നതിന് സവാരി കാളകളെ പ്രത്യേകം വളർത്തിയിരുന്നു. വരുമാനം കുറഞ്ഞ കർഷകത്തൊഴിലാളികളും തൊഴിലില്ലാതെ ഇരിക്കുന്ന ചെറുപ്പക്കാരും,. ആടുകൾ, കോഴികൾ, മാടുകൾ എന്നിവ വളർത്തിയും ഉപജീവനം നടത്തിയിരുന്നു. തറമാട് സമ്പ്രദായവും, പൊതിമൂരി സമ്പ്രദായവും അക്കാലത്ത് നിലനിന്നിരുന്നു.

ജന്മിത്തം അവസാനിക്കുകയും, ആധുനിക കൃഷിരീതികൾ വ്യാപകമാകുകയും, കൂട്ടുകുടുംബ വ്യവസ്ഥിതി അവസാനിക്കുകയും ചെയ്തതിന്റെ മാറ്റങ്ങൾ കാർഷികമേഖലയിലും കർഷകന്റെ മനോഭാവത്തിലും മാറ്റമുണ്ടായതിന്റെ അലയടികൾ മൃഗപരിപാലനരംഗത്തും ഉണ്ടായി. വീടിനേക്കാൾ വലിയ തൊഴുത്ത് ഒരുകാലത്ത് അലങ്കാരമായി കരുതിയ കർഷകഭവനങ്ങളുടെ സ്ഥാനത്ത് പുത്തൻ കോൺക്രീറ്റ് സംസ്കാരം ഉടലെടുത്തതോടുകൂടി വളർത്തുമൃഗങ്ങൾക്ക് വീട്ടിൽ സ്ഥാനമില്ലാതായി. കുറഞ്ഞുവരുന്ന മേച്ചിൽസ്ഥലങ്ങളും, തുച്ഛമായ വേതനത്തിൽ മൃഗപരിപാലനത്തിന് ആവശ്യമായ ജോലിക്കാരെ ലഭിക്കാത്തതും, ഏത് നിരത്തുകളിലുടെയും കടന്നുവരുന്ന ടെമ്പോകളുടേയും മിനി ഓട്ടോകളുടേയീം ലഭ്യത നാടൻ വണ്ടികളെ നിഷ്പ്രഭമാക്കിയതോടെ കാളകളും, ട്രാക്റ്ററുകളുടെ ഗർജ്ജനത്താൽപോത്തുകളും ഗ്രാമങ്ങളിൽനിന്നും ഏതാണ്ട് അപ്രത്യക്ഷമായിക്കഴിഞ്ഞു. ഏത് പ്രവർത്തിയിലും ലാഭം മാത്രം പ്രതീക്ഷിക്കുന്ന ആധുനിക മനോഭാവം മൃഗപരിപാലനത്തിലും അതിന്റേതായ അലയടികൾ സൃഷ്ടിച്ചു. നാടൻ പശുക്കളും അപ്രത്യക്ഷമാകാൻ തുടങ്ങി. അവയുടെ സ്ഥാനത്ത് മേൽത്തരം സങ്കരയിനം പശുക്കൾ സ്ഥാനം പിടിച്ചു. കാർഷികതൊഴിലിനോടുള്ള

വൈമുഖ്യവും, മറ്റ് തൊഴിലവസരങ്ങളുടെ വർദ്ധനവും, കുടുംബാംഗങ്ങളുടെ എണ്ണക്കുറവും, കുട്ടികളുടെ വിദ്യ അഭ്യസിക്കുന്നതിനുള്ള ആഗ്രഹവും കൂടിയപ്പോൾ ആടുവളർത്തലും കോഴിവളർത്തലും ഒരു ഉപജീവനമാർഗ്ഗമായി കരുതുന്ന രീതി ഗ്രാമങ്ങളിൽനിന്നും അന്യം നിന്നുവരികയാണ്.

കാർഷികമേഖംലയായ നെന്മാറ ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണപ്രവർത്തനങ്ങൾക്ക് ഏതാണ്ട് നൂറ്റാണ്ടിനോടടുത്ത് പഴക്കമുണ്ട്. കൊച്ചി സ്റ്റേറ്റിന്റെ ഭാഗമായിരുന്ന വല്ലങ്ങിയിൽ 1920ൽ മൃഗാശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചു. പിന്നീട് 1958–59 കാലഘട്ടത്തിൽ കണിമംഗംലത്ത് കൃത്രിമബീജസങ്കലനകേന്ദ്രവും പ്രവർത്തനം ആരംഭിച്ചു. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പകർച്ചവ്യാധികളായ അടപ്പൻ, കൊരലടപ്പൻ, കാലിവസന്ത എന്നിവയെ നിയന്ത്രിക്കാൻ ഈ കേന്ദ്രത്തിന്റെ പ്രവർത്തനം സഹായിച്ചു. 1982ൽ നെന്മാറയിൽ സഞ്ചരിക്കുന്ന മൃഗചികിത്സാ യൂണിറ്റ് (മൊബൈൽ എയ്ഡ് യൂണിറ്റ്) പ്രവർത്തനം ആരംഭിച്ചു. എന്നാൽ ഈ യൂണിറ്റ് പ്രായോഗികതലത്തിൽ ഇപ്പോൾ പ്രവർത്തനരഹിതമാണ്. നെന്മാറ പഞ്ചായത്തിലെ പോത്തുണ്ടി കേന്ദ്രീകരിച്ച് മറ്റൊരു വെറ്ററിനറി ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. ഒരേ പഞ്ചായത്തിൽ രണ്ട് മൃഗാശുപത്രികൾ ഉള്ള ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് നെന്മാറ. പ്രസ്തുത ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. മൊബൈൽ യൂണിറ്റ് പ്രവർത്തനസജ്ജമാക്കണം.

## ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

നെന്മാറ

1. ആശുപത്രികെട്ടിടവും ഡോക്ടറുടെ ക്വാർട്ടേഴ്സും, ട്രപ്പീസും പുതുക്കിപ്പണിയുക.
2. 1964 മുതൽ പ്രവർത്തിക്കുന്ന ആശുപത്രിയിൽ പൈപ്പ് ലൈൻ വഴി വെള്ളം ലഭ്യമാക്കുക.
3. ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനായി അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ചുറ്റുമതിൽ പുതുക്കിപ്പണിയുക. മൊബൈൽ യൂണിറ്റിന്റെ ആസ്ഥാനം നെന്മാറയായതിനാൽ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സംവിധാനം ചെയ്യുക.

പോത്തുണ്ടി :

1. നിലവിലുള്ള കെട്ടിടം ജീർണ്ണിച്ച് ഏതു സമായത്തും നിലം പതിക്കാവുന്ന അവസ്ഥയിലായതിനാൽ ഉടനെ പുതുക്കിപ്പണിയേണ്ടതാണ്.
2. ചുറ്റുമതിൽ അത്യാവശ്യമാണ്.
3. ജലസേചനസൗകര്യം ഏർപ്പെടുത്തുകയും മരുന്നുകൾ സൂക്ഷിക്കുന്നതിന് റഫ്രിജറേറ്റർ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം.
4. ജനന മാതൃകയിലുള്ള മൂന്ന് സഹകരണസംഘങ്ങൾ ഉള്ള വിത്തനശ്ശേരി ഭാഗത്ത് ഒരു ബീജസങ്കലനകേന്ദ്രം അനുവദിക്കുക.

## ക്ഷീരവികസനമേഖല

പഞ്ചായത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന രണ്ട് പരമ്പരാഗത ക്ഷീരസഹകരണസംഘങ്ങളും 3 ആനന്ദ് മാതൃകം സഹകരണസംഘങ്ങളും ഉണ്ട്. ഇവിടെ എല്ലാം കൂടി പ്രതിദിനം 2950 ലി. പാൽ സംഭരിച്ചുവരുന്നു. ഇതു കൂടാതെ സ്വന്തം ആവശ്യത്തിനും ക്ഷീരസംഘങ്ങളിലൂടെയുമല്ലാതെയും ആവശ്യത്തിനായി 2,000 ലിറ്ററോളം പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ

ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ പ്രതിദിനം 5,000 ലിറ്റർ 80 മൂല്യം 55,000 രൂപയും വാർഷികമൂല്യം 6,60,000 രൂപയും ആണ്. മേച്ചിൽസ്ഥലങ്ങളുടെ അഭാവവും നെൽക്കൃഷിയുടെ വിസ്തൃതി കുറഞ്ഞതിനേയും തുടർന്ന് വയ്ക്കോലിന്റെ ലഭ്യത കുറവും വർദ്ധിപ്പിച്ചുവരുന്നു കന്നുകാലിത്തീറ്റയുടെ വിലവർദ്ധനവു മൂലം ഈ മേഖല വല്ലാത്ത പ്രതിസന്ധിയിലാണ്.

ക്ഷീരസഹകരണസംഘങ്ങൾ വഴി ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള കുടുതൽ വായ്പാ സൗകര്യങ്ങൾ ക്ഷീരകർഷകർക്ക് ഏർപ്പെടുത്തുക. സഹകരണാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക. പ്രദേശികമായി ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് ചുരുങ്ങിയ ചിലവിൽ കാലിത്തീറ്റ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ തുടങ്ങുക. പാലിന്റെ ഉൽപ്പന്നങ്ങൾ (നെയ്യ്, പാൽഗോവ) നിർമ്മിച്ച് വിപണനസാദ്ധ്യത വർദ്ധിപ്പിക്കുക. സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുക എന്നിവ ഈ മേഖലയെ ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നവയാണ്.

### മൃഗസംരക്ഷണമേഖലയുടെ സാദ്ധ്യതകൾ :

1. പോഷകപ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം
2. വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജലാറ്റിൻ, ഓസിൻ, കൊഴുപ്പ് എന്നിവയുടെ ഉൽപ്പാദനം.
3. ഔഷധവ്യവസായരംഗത്ത് ആവശ്യമായ ഹോർമോണുകൾ വാക്സിനുകൾ എൻസൈമുകൾ എന്നിവയുടെ ഉൽപ്പാദനത്തിനുള്ള അസംസ്കൃതവസ്തുക്കൾ.
4. കാർഷികമഖലയ്ക്ക് ആവശ്യമായ ജൈവവളം ഭാരം വലിക്കുന്നതിനും ആവശ്യമായ മൃഗശക്തി.
5. ഊർജ്ജസ്രോതസ്സ് (BIOGAS)
6. മാംസപരിശോധനയിലൂടെ ശുദ്ധമായ മാംസ ഉൽപ്പാദനവും വിതരണവും തുടങ്ങി പൊതുജനാരേഗ്യവുമായി ബന്ധപ്പെട്ട സേവനങ്ങൾ
7. പേവിഷബാധനിർമ്മാർജ്ജനവും നിയന്ത്രണവും.
8. ജന്തുജന്യാഹാരങ്ങളുടെ ഉൽപ്പാദനത്തിനായി ഇറച്ചിക്കോഴി വളർത്തൽ, ആട്, വെള്ളപന്നി, കാട, മുയൽ വളർത്തൽ തുടങ്ങിയ പദ്ധതികളിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും വരുമാനവർദ്ധനവിനും കഴിയും.
9. സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത – മൃഗസംരക്ഷണമേഖലയിലെ അദ്ധ്വാനത്തിന്റെ 60 ശതമാനവും സ്ത്രീകളെ ആശ്രയിച്ചാണ്. അതിനാൽ ഈ രംഗത്തെ നൂതനപ്രവണതകൾ സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത ഉണ്ടാക്കും.
10. കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ ആയതിനാൽ ഈ മേഖലയുടെ ഏതു വികസനവും ഗ്രാമീണ സമ്പദ്ഘടനയെ ശക്തമാക്കും.

### കോഴിവളർത്തൽ

1996ലെ സെൻസസ് കണക്ക് അനുസരിച്ച് 9162 മുട്ടയിടുന്ന പിടക്കോഴികൾ വഴി ഏതാണ്ട് 5,000 മുട്ടയാണ് പ്രതിദിനം പഞ്ചായത്ത് അതിർത്തിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത്. പഞ്ചായത്തിന്റെ മാർക്കറ്റിൽ എല്ലാംകൂടി ദിനംപ്രതി 4,000 മുട്ടകൾ വിറ്റഴിക്കപ്പെടുന്നുണ്ട്. ഇവ പൂർണ്ണമായും തമിഴ്നാട്ടിൽനിന്നുമാണ് കൊണ്ടുവരുന്നത്. അതനുസരിച്ച് നമ്മൾ 9,000 മുട്ട പ്രതിദിനം ഉപയോഗിക്കുന്നു. കോഴിവളർത്തൽ ലാഭകരമായി നടത്തുന്ന രണ്ട് ബ്രോയ്ലർ ഫാമുകൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിലൂടെ ആഴ്ചയിൽ 700 മുതൽ 800 വരെ കോഴികൾ വിറ്റഴിക്കപ്പെടുന്നമുണ്ട്. മുട്ടക്കോഴിവളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ നടത്തപ്പെടുന്നില്ല. അതുകൊണ്ടുതന്നെ വളരെയധികം സാദ്ധ്യതകളുള്ള മേഖലയാണിത്. ഏറ്റവും ചുരുങ്ങിയ കാലംകൊണ്ട് ചുരുങ്ങി മുതൽമുടക്കിൽ കൂടുതൽ വരുമാനം ഉണ്ടാക്കാവുന്ന ഒരു വ്യവസായമാണിത്. പ്രതിദിനം 80,000 കി.ഗ്രാം ഇറച്ചിക്കോഴികൾ അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന കേരളസംസ്ഥാനത്ത് ഇതിന്റെ സാദ്ധ്യത വളരെ കൂടുതലാണ്. വാർഡ് അടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് ഇറച്ചിക്കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുകവഴി ഗ്രാമീണ സമ്പദ്ഘടനയും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാവുന്നതാണ്. എളുപ്പത്തിൽ വളർന്നുവലുതാവുന്ന ഗൃഹലക്ഷ്മി കോഴികുഞ്ഞുങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഓരോ വീടിനും സൗജന്യനിരക്കിൽ കൊടുക്കുന്നപക്ഷം വീട്ടാവശ്യത്തിനുള്ള മുട്ടയ്ക്കും മാംസത്തിനും പരിഹാരം കണ്ടെത്താൻ കഴിയും.

### ആടുവളർത്തൽ

1996ലെ സെൻസസ് കണക്കനുസരിച്ച് പഞ്ചായത്തിൽ 1,500 ആടുകൾ ഉള്ളതായി കാണുന്നു. എങ്കിൽതന്നെയും നമ്മുടെ പഞ്ചായത്തിന്റെ ആവശ്യത്തിനായി മറ്റു സ്ഥലങ്ങളിൽനിന്നും ആടുകളെ കൊണ്ടുവന്നാണ് ആവശ്യം നിറവേറ്റുന്നത്. പഞ്ചായത്തിലെ മലയോരപ്രദേശങ്ങളിലും, പോത്തുണ്ടി, ആതനാടുകുന്ന്, ചാത്തമംഗലം, അളുവശ്ശേരി, അകംപാടം എന്നീ പ്രദേശങ്ങളിൽ ആടുവളർത്തലിന് വളരെ സാദ്ധ്യതകൾ ഉണ്ട്. ആട്ടിൻകുട്ടികളെ സൗജന്യനിരക്കിൽ നൽകി പ്രോത്സാഹിപ്പിക്കുന്നപക്ഷം മാംസദൗർലഭ്യതയും തൊഴിലില്ലായ്മയും പരിഹരിക്കാവുന്നതാണ്. കൂടാതെ കുടുതൽ ആടുകൾ വളർത്താൻ താല്പര്യമുള്ള കർഷകർക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്നും സഹായം നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### മുയൽ വളർത്തൽ :

പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി ചെറിയ തോതിൽ ഉള്ള 5 മുയൽവളർത്തൽ യൂണിറ്റുകൾ ഉണ്ട്. ഒരു കൗതുകത്തിനുവേണ്ടി "കുട്ടികളുടെ കൂട്ടുകാരൻ" എന്ന നിലയ്ക്കാണ് അവയെ വളർത്തിവരുന്നത്. എന്നാൽ ന്യൂസ്‌ലാന്റ്, വൈറ്റ് സോവിയറ്റ്, ചിഞ്ചില, ഗ്രേ ജയന്റ് എന്നീ ഇനങ്ങൾ പെട്ടെന്ന് വളർന്ന് തൂക്കം വെയ്ക്കുകയും മൃദുലവും പോഷകമൂല്യവും ഉള്ളതുമായ മാംസാഹാരമായി മാറുകയും ചെയ്യും. കൊളസ്ട്രോളിനെ ഭയക്കാതെ കഴിക്കാവുന്നതാണ് മുയലിറച്ചി. കൂടാതെ ഇതിന്റെ തുകൽ, രോമം എന്നിവയ്ക്ക് നല്ല വിലയും മാർക്കറ്റും ഉള്ളതാണ്. തിരഞ്ഞെടുക്കപ്പെട്ട കുറെ വനിതകൾക്ക് മുയൽവളർത്തലിൽ പരിശീലനം നൽകി സൗജന്യനിരക്കിൽ മുയൽക്കുഞ്ഞുങ്ങളെകൊടുത്ത് ഈ പദ്ധതി നടപ്പാക്കാവുന്നതാണ്.

### മാംസോൽപ്പാദനം വർദ്ധിപ്പിക്കൽ

മാംസം ഒരു പോഷകപ്രധാനമായ ആഹാരമാണ് എന്നത് തർക്കമറ്റ വസ്തുതയാണ്. അശാസ്ത്രീയമായ രീതിയിൽ വൃത്തിഹീനമായ സ്ഥലത്ത് മാംസോൽപ്പാദനം നടത്തുക നിമിത്തം ആഹാരഘടകത്തിന്റെ മൂല്യം കുറയ്ക്കുക മാത്രമല്ല, ആരോഗ്യരംഗത്ത് ഭീഷണി ഉയർത്തുക കൂടി ചെയ്യും. നമ്മുടെ പഞ്ചായത്തിൽ വല്ലങ്ങിചന്തപ്പേട്ട, അയിനംപാടം, വിത്തനശ്ശേരി എന്നിവിടങ്ങളിലായിട്ടാണ് അറവുശാലകൾ പ്രവർത്തിക്കുന്നത്. പ്രതിമാസം 50-60 വരെ കന്നുകാലികളേയും, 100 മുതൽ 120 വരെ ആടുകളേയും കശാപ്പു ചെയ്യുന്നതായി കണക്കാക്കുന്നു. കാലി മംസത്തിന്റേയും ആട്, കോഴി മാംസത്തിന്റേയും മൂല്യം ഒരു മാസത്തിൽ 5,00,000 രൂപയ്ക്ക് മേലെ വരും. അതിനു പുറമെയാണ് വീട്ടാവശ്യത്തിനായി സ്വന്തം നിലയ്ക്ക് കശാപ്പു ചെയ്യുന്നതിന്റെ കണക്കുകൾ. അറവ്ശാലയിലെ എല്ല്, തോൽ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ തുക ഇതിൽ കണക്കാക്കപ്പെട്ടില്ല.

ഏറ്റവും കൂടുതൽ വികസനസാദ്ധ്യത ഒളിഞ്ഞിരിക്കുന്ന ഒരു മേഖലയാണിത്. ഇപ്പോൾ കൃത്രിമബീജസങ്കലനം വഴി ഉൽപ്പാദിപ്പിക്കപ്പെടുന്ന കാളകുട്ടികളും, പോത്തിൻകുട്ടികളും 80 മുതൽ 90 ശതമാനം വരെ ചത്തുപോകുകയാണ്. അവയെ ശാസ്ത്രീയമായ രീതിയിൽ വിരമരുന്നുകൾ, ചെറിയ ഒരംശം കാലിത്തീറ്റയും നൽകി പരിപാലിക്കേണ്ടതാണ്. ആവശ്യമുള്ള കർഷകർക്കും സ്വയം തൊഴിൽ കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്കും സാമ്പത്തികസഹായം നൽകി കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നപക്ഷം തൊഴിലില്ലായ്മക്ക് പരിഹാരവും, മാംസത്തിന്റെ ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാനും കഴിയും.

**പന്നിവളർത്തൽ :**

നല്ലയിനം യോർക്ക്ഷയർ പന്നികളെ കൂട്ടിലിട്ടുവളർത്തുന്നതും, മറ്റും ഗ്രാമീണസമ്പദ്ഘടനയെ പരിപോഷിപ്പിക്കുന്നതാണ്. ഇതിനായി പന്നിക്കുട്ടികളെ സൗജന്യനിരക്കിൽ നൽകിയും താല്പര്യമുള്ളവർക്ക് പ്രയോഗികപരിശീലനം നൽകയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

**മാംസമാർക്കറ്റ് :**

ആദ്യമായി പഞ്ചായത്ത്തലത്തിൽ നവീനരീതിയിലുള്ള അറവുശാല നിർമ്മിക്കുക.

2. അറവുശാലയിൽ വച്ചുമാത്രമേ മൃഗങ്ങളെ മാംസമാക്കാവൂ.

3. പഞ്ചായത്തതിർത്തിയിൽ ശാസ്ത്രീയമായ രൂപകല്പന ചെയ്ത വില്പനകേന്ദ്രങ്ങളിലൂടെ മാത്രമേ (MeatStall) മാംസം വിതരണം ചെയ്യാവൂ.

**പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും പട്ടിക** (പട്ടിക-1)

| ഇനം | സങ്കരം | നാടൻ | കറവ് ഉള്ളത് | കറവ് ഇല്ലാത്തത് | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|---|---|---|
| കാള | 303 | 129 | – | – | – | – | – | – | 432 |
| പശു | 2002 | 854 | 1969 | 887 | – | – | – | – | 2856 |
| എരുമ | – | – | 147 | 350 | – | – | – | – | 497 |
| പോത്ത് | – | – | – | – | – | – | – | – | 305 |
| ആട് | – | – | – | – | – | – | – | – | 1409 |
| പട്ടികൾ | – | – | – | – | – | – | – | – | 1388 |
| പൂവൻകോഴി | – | – | – | – | – | – | – | – | 4416 |
| പിടക്കോഴി | – | – | – | – | 9162 | 7896 | – | – | 17,058 |
| താറാവ് | – | – | – | – | – | – | 20 | 34 | 54 |
| ടർക്കി കോഴി | – | – | – | – | – | – | – | – | 2 |
| മുയൽ | – | – | – | – | – | – | – | – | 20 |

## വളർത്തുമൃഗസംഖ്യ (പട്ടിക-2)

| വാർഡ് | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ് ഇല്ലാത്തത് | കറവ് ഉള്ളത് | കറവ് ഇല്ലാത്തത് | കറവ് ഉള്ളത് | കറവ് ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | – | 5 | 2 | 4 | 22 | 14 | 276 | 129 | 26 | 20 | 46 | 288 | 252 | |
| 2 | – | 2 | – | – | 42 | 11 | 171 | 45 | 11 | 12 | 14 | 23 | 227 | |
| 3 | 2 | 11 | 2 | 13 | 17 | 12 | 55 | 21 | 14 | 12 | 28 | 44 | 16 | |
| 4 | – | 2 | – | – | 13 | 16 | 32 | 16 | 13 | 12 | 30 | 24 | 23 | |
| 5 | – | 2 | – | 12 | 21 | 11 | 58 | 25 | 5 | 14 | 26 | 72 | 27 | |
| 6 | 5 | 13 | 5 | 24 | 18 | 37 | 94 | 47 | 4 | 6 | 49 | 166 | 56 | |
| 7. | 8 | 4 | 2 | 16 | 11 | 23 | 24 | 19 | 19 | 10 | 11 | 12 | 41 | |
| 8 | 4 | 10 | 2 | 24 | 27 | 22 | 164 | 67 | 15 | 5 | 22 | 29 | 26 | |
| 9 | 1 | 16 | 3 | 40 | 26 | 50 | 262 | 62 | 26 | 80 | 26 | 420 | 265 | |
| 10 | 7 | 23 | 17 | 66 | 16 | 27 | 81 | 118 | 10 | 21 | 30 | 226 | 230 | |
| 11 | 2 | 6 | – | 26 | 99 | 21 | 123 | 82 | 2 | 8 | 23 | 82 | 176 | |
| 12 | – | 6 | – | 15 | 22 | 6 | 25 | 6 | 2 | 3 | – | 24 | 49 | |
| ആകെ | 29 | 100 | 33 | 270 | 604 | 250 | 1365 | 637 | 147 | 350 | 305 | 1409 | 1388 | |

## വളർത്തുപക്ഷിസംഖ്യ (പട്ടിക-3)

| വാർഡ് | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 957 | 23214 | 3694 | 4 | 5 | – |
| 2 | 174 | 161 | 77 | 5 | 16 | – |
| 3 | 146 | 281 | 163 | 2 | 3 | – |
| 4 | 120 | 268 | 261 | – | – | 2 |
| 5 | 372 | 681 | 890 | – | – | – |
| 6. | 433 | 462 | 208 | 3 | 1 | – |
| 7. | 293 | 499 | 621 | 3 | 3 | – |
| 8 | 275 | 317 | 120 | – | – | – |
| 9 | 668 | 1932 | 1019 | – | – | – |
| 10 | 369 | 1043 | 465 | – | – | – |
| 11 | 478 | 960 | 124 | 1 | 5 | – |
| 12 | 131 | 234 | 254 | 2 | 1 | – |
| ആകെ | 4416 | 9162 | 7896 | 20 | 34 | 2 |

# മത്സ്യബന്ധനം

മുൻകാലങ്ങളിൽ പോത്തുണ്ടിപ്പുഴ, തോടുകൾ, കയ്യാലകൾ, കുളങ്ങൾ, പടാങ്ങൾ എന്നിവയിൽനിന്നും പലയിനത്തിൽപെട്ട ധാരാളം മത്സ്യങ്ങൾ ലഭിച്ചുവന്നിരുന്നു. ഇവയിൽ പ്രധാനപ്പെട്ട ഇനങ്ങൾ കടുക്, ചീക്, പരൽ, വരാൽ, മൊയ്, മനങ്ങ്, ചൊടയൻ എന്നിവയായിരുന്നു. അക്കാലങ്ങളിൽ മത്സ്യബന്ധനം ഒരു വിനോദം ആയിരുന്നു. ചൂണ്ടൽ, വല, കുരുത്തി, ഒറ്റൽ, തോട്ട, നഞ്ഞ്, കലക്കൽ എന്നിവ ഉപയോഗിച്ചാണ് അന്ന് ജനങ്ങൾ മത്സ്യം പിടിച്ചിരുന്നത്. ധാരാളമായി ലഭിച്ചുവന്നിരുന്ന മത്സ്യം അക്കാലത്ത് ഉണക്കി സൂക്ഷിക്കുക കൂടി പതിവായിരുന്നു.

രാസവളങ്ങളുടെ ഉപയോഗം മൂലം പല മത്സ്യങ്ങൾക്കും വംശനാശം സംഭവിക്കുകയും പാടങ്ങളിൽനിന്നും മത്സ്യങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്തു. മത്സ്യക്കൃഷിക്കനുയോജ്യമായ ധാരാളം കുളങ്ങളും തോടുകളും ഈ പ്രദേശത്തുണ്ട്. ഈ വക സാദ്ധ്യതകൾ മുതലെടുക്കാതെ വരവു മീൻ മാത്രം ആശ്രയിച്ചാണ് ഗ്രാമനിവാസികൾ കഴിയുന്നത്.

1956ൽ പോത്തുണ്ടി ഡാം കമ്മീഷൻ ചെയ്തുവെങ്കിലും 1985ലാണ് ഡാമിൽ ഇൻഡോ-ജർമൻ പ്രൊജക്റ്റിന്റെ സഹായത്തോടെ മിനി ഹാച്ചറി സ്ഥാപിച്ച് മത്സ്യക്കൃഷി ആരംഭിച്ചത്. പട്ടികജാതിക്കാരായ 38 പേരും പട്ടികവർഗ്ഗത്തിൽപെട്ട 20 പേരും അംഗങ്ങളായ റിസർവോയർ ഫിഷറീസ് സഹകരണസംഘം നടത്തിവരുന്നു.

ധാരാളം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് സ്റ്റോക്ക് ചെയ്ത് മത്സ്യബന്ധനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ട ഹാച്ചറിയുടെ സ്ഥലപരിമിതി മൂലം ഉദ്ദേശലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. S.C.P., T.S.P. ഫണ്ട് ഉപയോഗിച്ച് പുറമെനിന്നാണ് ഇന്ന് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ശേഖരിച്ചുവരുന്നത്.

മതിയായ മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കാതെ വരുന്നതു ഡാമിന്റെ മത്സ്യബന്ധനം തീരെ മോശമാവുകയും, പൊതുജനാവശ്യം നിറവേറ്റാൻ സാധിക്കാതെ വരുകയും, തൊഴിലാളികൾ പട്ടിണി കിടക്കേണ്ട അവസരം വരികയും ചെയ്യുന്നു.

കാര്യക്ഷമമായ മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും, Stock ചെയ്യലും സാധിച്ചാൽ മാത്രമേ ഈ പ്രശ്നത്തിനൊരു പരിഹാരം കാണുവാൻ സാധിക്കൂ.

**പ്രശ്നങ്ങൾ :**

1. സാങ്കേതിക പരിജ്ഞാനക്കുറവ് ഈ രംഗത്ത് അനുഭവപ്പെടുന്നുണ്ട്.
2. പഞ്ചായത്തതിർത്തിയിലെ കുളങ്ങൾ, തോടുകൾ എന്നിവ പാഴടഞ്ഞുകിടക്കുകയാണ്.
3. മത്സ്യക്കുഞ്ഞുങ്ങളുടെ മതിയായ ഉൽപ്പാദനവും സംഭരണവും ഇവിടെ നടക്കുന്നില്ല.
4. മത്സ്യമോഷണം വ്യാപകമായി നടക്കുന്നു.

**പരിഹാര മാർഗ്ഗങ്ങൾ :**

1. പഞ്ചായത്തിന്റെ അതിർത്തിയിലുള്ള കുളങ്ങൾ, എല്ലാം വൃത്തിയാക്കി മത്സ്യക്കൃഷി വ്യാപകമായി നടത്തുവാനുള്ള ഏർപ്പാട് ഉണ്ടാക്കണം.
2. മതസ്ക്കൃഷിക്കാവശ്യമായ കുഞ്ഞുങ്ങൾ, സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കണം.
3. മത്സ്യം പിടിക്കുന്നതിനും അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കണം.
4. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആവശമ്യായ പരിശീലനം നൽകണം.

5. മത്സ്യമാർക്കറ്റ് ഏർപ്പെടുത്തണം.

6. നിലവിലുള്ള ഹാച്ചറി വികസിപ്പിച്ചെടുത്ത് മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് ലഭ്യമാക്കണം.

7. അലങ്കാര മത്സ്യക്കൃഷി വാണിജ്യാടിസ്ഥാനത്തിൽ ഏർപ്പെടുത്തി തൊഴിലില്ലായ്മ പരിഹരിക്കാം.

8. മത്സ്യരോഗം യഥാകാലം നിയന്ത്രിക്കണം.

## പോത്തുണ്ടി റിസർവോയറിലെ 1995-96 വർഷത്തിലെ മത്സ്യവിഭവ വിവരങ്ങൾ

| ക്രമ നമ്പർ | പേര് | തൂക്കം | | വില | |
|---|---|---|---|---|---|
| | | കി. | ഗ്രാം. | രൂപ | പൈസ |
| 1. | കട്‌ല | 562 | 250 | 14056 | 25 |
| 2. | രോഹു | 403 | 200 | 10080 | 00 |
| 3. | മ്രിയാൽ | 791 | 450 | 19786 | 25 |
| 4. | ലാബ്കോ | 39 | 300 | 982 | 50 |
| 5. | സിപ്രയിൽ | 998 | 900 | 24972 | 50 |
| 6. | തിലോപിയ | 3514 | 900 | 63268 | 20 |
| 7 | പൂവാലി | 1011 | – | 15165 | 00 |
| 8. | ആരൽ | 10 | 550 | 189 | 90 |
| 9. | വാള | 4 | 150 | 74 | 70 |
| 10. | മൊയ്യ് | 4 | 400 | 80 | 30 |
| 11. | ബാർബസ് | 1 | 100 | 16 | 50 |
| 12. | പലവക | 12 | – | 120 | 00 |
| | ആകെ | 7353 | 200 | 1,48,792 | 10 |

# വ്യവസായം

വ്യവസായ മേഖലയിൽ നെമ്മാറ പഞ്ചായത്ത് വളരെ വർഷങ്ങൾക്കു മുമ്പുതന്നെ തുടക്കം കുറിച്ചിട്ടുള്ളതാണ്. കാടും, കൃഷിയും, മലയും, മലവിഭവങ്ങളും സുലഭമായി ലഭിക്കുന്ന ഈ പ്രദേശത്തിന് വ്യവസായ രംഗത്ത് വേണ്ട തോതിൽ പുരോഗതിയിലെത്താൻ സാധിച്ചിട്ടില്ല എങ്കിലും നെല്ലുകുത്തു മില്ലുകളും പ്ലൈവുഡ് ഫാക്ടറികളും, തീപ്പെട്ടി വ്യവസായ കേന്ദ്രങ്ങളും, അച്ചടി ശാലകളും, സിനിമാ തയേറ്ററുകളും കൂടാതെ കുടിൽ വ്യവസായങ്ങളായ കള്ളുചെത്ത്, മൺപാത്ര നിർമ്മാണം, കൈത്തറി, ഓട്ടുപാത്ര നിർമ്മാണം, ഇഷ്ടിക നിർമ്മാണം, പപ്പട നിർമ്മാണം, മരപ്പണി, കരിങ്കൽ കൊത്തുപണികൾ, പരമ്പ്, കൊട്ട, വട്ടി നിർമ്മാണം, കത്തി, കൊടുവാൾ നിർമ്മാണം മുതലായവ വളരെ മുമ്പുതന്നെ ഇവിടെ തുടങ്ങിയിരുന്നു. പണ്ടുകാലം മുതൽ ഉണ്ടായിരുന്ന വല്ലങ്ങി ചന്ത വളരെ പേരുകേട്ടതാണ്. പാലക്കാടു ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായ നെല്ലിയാമ്പതി മലതാഴ്‌വരയോടു ചേർന്നു കിടക്കുന്ന നെമ്മാറ പഞ്ചായത്തിന്റെ വ്യവസായിക പുരോഗതിക്ക് തുടക്കംകുറിച്ച പല മഹത്‌വ്യക്തികളുമുണ്ട് . നെമ്മാറ പഞ്ചായത്തിന്റെ ഹൃദയഭാഗത്തിൽകൂടി കടന്നുപോകുന്നതും കേരള തമിഴ്നാടിനെ ബന്ധിപ്പിക്കുന്നതുമായ തൃശൂർ - പൊള്ളാച്ചി റോഡ് കൊച്ചി മഹാരാജാവിന്റെ കാലത്ത് നിലവിൽ വന്നതാണ്. പഴയ മലബാർ പ്രദേശത്തിന്റെ തെക്കേയറ്റത്തു സ്ഥിതിചെയ്യുന്ന നെമ്മാറ പഞ്ചായത്തിൽ വ്യവസായിക പുരോഗതിക്ക് നിദാനം നെല്ലിയാമ്പതി മലയും അതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന തടിവ്യവസായ കേന്ദ്രങ്ങളും ആകുന്നു. ഈ പഞ്ചായത്ത് അതിർത്തിയിൽതന്നെ 3 പെട്രോൾ പമ്പുകൾ ഉണ്ടെന്നത് വ്യവസായിക വളർച്ചയുടെ സൂചനയായിരുന്നു. പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ, സഹകരണ മേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ ഇല്ല. 50ൽ കൂടുതൽ പേർ ജോലി ചെയ്തുവരുന്ന സ്ഥാപനം വീനസ് പ്ലൈവുഡും , ഖാദിമേഖലയിൽ കയ്പഞ്ചേരിയിലുള്ള ഖാദി യൂണിറ്റും മാത്രമാണ്. എന്നാൽ അവയെല്ലാം ഇന്ന് ശോചനീയ അവസ്ഥയിലാണ് സ്ഥിതിചെയ്യുന്നത്. പണ്ട് ഉണ്ടായിരുന്നതും ഇപ്പോൾ നിലവിലുള്ളതുമായ വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചും ലഭ്യമായ വിവരങ്ങൾ പട്ടിക ഒന്നിൽ ചേർത്തിയിട്ടുണ്ട്.

പോത്തുണ്ടി ഡാം വ്യാവസായിക, കാർഷിക മേഖലയിൽ ഒരു ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. ഡാം നിലവിൽ വന്നതോടുകൂടി കാർഷിക മേഖലയിൽ വമ്പിച്ച പുരോഗതി ഉണ്ടാകുകയും അതുവഴി കാർഷിക മേഖലയിൽ ഒതുങ്ങികഴിഞ്ഞിരുന്ന അനേകംപേർ ചെറുകിട വ്യവസായിക മേഖലയിലേക്ക് കടന്നുവരുന്നതിനും ഇടയായി.

മേൽപട്ടികയിൽ പറഞ്ഞിരിക്കുന്ന വ്യാവസായിക വളർച്ച മുരടുക്കുവാനുണ്ടായ ചില പ്രധാന സംഗതികൾ താഴെ പറയുന്നവയാണ്.

1. **തടിമില്ല്** : പ്ലൈവുഡ് മില്ലുകളെ സംബന്ധിച്ചിടത്തോളം അവയ്ക്കാവശ്യമായ തടികൾ യഥാസമയം കിട്ടുന്നില്ല. കിട്ടുന്ന ഉരുപ്പടികൾ വില കൂടുതലാണ്.
2. ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നില്ല.
3. ബാങ്കുകളിൽനിന്ന് ആവശ്യമായ വായ്പ ലഭിക്കുന്നില്ല.
4. സർക്കാർ സംവിധാനങ്ങളുടേയും ബാങ്കുകളുടേയും കർശനമായ നിലപാടുകളും അപ്രായോഗിക സമീപനത്തിന്റേയും ഫലമായി വ്യാവസായിക സംരംഭകർ നിരാശരായി പിന്നോട്ടു പോകുന്നുണ്ട്.
5. ആധുനിക രീതിയിലുള്ള യന്ത്രസാമഗ്രികളുടെ രംഗപ്രവേശനം ചെറുകിട വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു.
6. കുടിൽവ്യവസായങ്ങളെ സംബന്ധിച്ച് - അവർക്കാവശ്യമായ സംസ്കൃത പദാർത്ഥങ്ങൾ (ഈറ്റ, മുള) ആവശ്യമായ രീതിയിൽ ലഭിക്കുന്നില്ല.
7. ചെറുകിട വ്യവസായകരേയും കുടിൽ വ്യവസായകരേയും സംബന്ധിച്ച് അവർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഈ പ്രദേശങ്ങളിൽ വിപണി ഇല്ല. മാത്രമല്ല ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വേണ്ടി ജില്ലാ ആസ്ഥാനങ്ങളിലോ അന്യസംസ്ഥാനങ്ങളിലോ പോകേണ്ട അവസ്ഥയാണ് ഇന്നുള്ളത്.
8. ഖാദിമേഖലയെ സംബന്ധിച്ച് ജലദൗർലഭ്യം, വൈദ്യുതി ഇല്ലായ്മ, ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത, കുറഞ്ഞ കൂലിനിരക്ക് എന്നിവമൂലം പ്രസ്തുത മേഖലയിൽ തളർച്ച ബാധിച്ചു.

9. സഹകരണ രംഗത്ത് ആവശ്യമായ പ്രചോദനം ഇല്ലാത്തതു മൂലവും, അജ്ഞത മൂലവും വ്യവസായിക വളർച്ച മുരടിക്കുന്നു.

10. ആവശ്യമായ സാങ്കേതിക വിദ്യാഭ്യാസം ഇല്ലായ്മയും വ്യാവസായിക സംരഭത്തിന് ഉണ്ടാകേണ്ടുന്ന വിദ്യാഭ്യാസ രീതിയുടെ അഭാവവും വ്യാവസായിക വളർച്ച മുരടിക്കുന്നതിന് ഒരു കാരണമാണ്.

11. അനുയോജ്യമായ വ്യവസായ സംരംഭം അതിന്റെ ഉൽപ്പാദന സാധ്യതകൾ എന്നിവ തിരഞ്ഞെടുക്കുവാൻ സംരംഭകന് ഉള്ള അറിവില്ലായ്മ, അനുയോജ്യമായ സ്കീമുകൾ തിരഞ്ഞെടുക്കപ്പെടുന്നതിലുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അപാകത.

12. സ്ഥിതിവിവര കണക്കുകളുടെ അഭാവം.

13. വിപണിക്കനുസൃതമായ രീതിയിൽ ഉൽപ്പന്നങ്ങളുടെ ഗുണമേൻമ രൂപകൽപ്പന, ഉൽപ്പാദനക്ഷമത എന്നിവയിൽ മാറ്റങ്ങൾ വരുത്തുവാനുള്ള കഴിവില്ലായ്മ.

14. സർക്കാർ ഉദ്യോഗത്തിനുള്ള അഭിവാഞ്ഛയും, സ്വയംതൊഴിൽ ചെയ്യാനുള്ള താൽപര്യമില്ലായ്മയും.

15. വ്യവസായ രംഗത്ത് വിജയിച്ചവരുമായി അനുഭവജ്ഞാനം പങ്കിടുന്നതിലുള്ള പോരായ്മ.

16. മൺപാത്ര നിർമ്മാതാക്കൾക്ക് അനുയോജ്യമായ മണ്ണ് സുലഭമായി ലഭിക്കാതിരിക്കൽ.

**പരിഹാര നിർദ്ദേശങ്ങൾ :**

1. ആവശ്യമായ തടികൾ കുറഞ്ഞ നിരക്കിൽ ലഭിക്കുവാൻ സൗകര്യമുണ്ടാക്കൽ ( ഗവൺമെൻറ് ക്വാട്ട)

2. നിലവിലുള്ള നെമ്മാറ 66 കെ. വി. സബ്സ്റ്റേഷൻ 220 കെ. വി. സബ്സ്റ്റേഷൻ ആക്കുക. - വൈദ്യുതി ഉൽപ്പാദന രംഗത്ത് പുരോഗതി ഉണ്ടാക്കണം.

3. ആവശ്യമായ വായ്പ മിതമായ പലിശനിരക്കിൽ ലഭിക്കുവാൻ വേണ്ട സൗകര്യം ഉണ്ടാക്കണം.

4. സുലഭമായ പ്രവർത്തനത്തിന് ആവശ്യമായ ഭേദഗതികൾ വരുത്തി നല്ലരീതിയിൽ പ്രവർത്തിക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കൽ.

5. ആധുനിക രീതിയിലുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും അവ പ്രവർത്തിപ്പിക്കുന്നതിനും വേണ്ട ബോധവൽക്കരണവും നൽകണം.

6. കുടിൽ വ്യവസായങ്ങളെ സംരക്ഷിക്കാൻ ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ അവർക്ക് ലഭ്യമാക്കണം.

7. പൊതുവിപണി - വ്യവസായ മാർക്കറ്റ് എന്നിവ ബ്ലോക്ക് ആസ്ഥാനമായ നെമ്മാറയിൽ ഒരുക്കികൊടുക്കുവാൻ വേണ്ട സൗകര്യം ചെയ്യണം.

8. കുടിൽ വ്യവസായ സംരംഭകരെ സഹകരണ അടിസ്ഥാനത്തിൽ ആക്കി മാറ്റാനും അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും , ബോധവൽക്കരണ ക്ലാസ്സുകളും യഥാസമയം നടത്തുക.

9. ഒരു ടെക്നിക്കൽ കോളേജും, സ്കൂളും, പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുക.

10. വ്യവസായങ്ങളെ സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് ഉൽപ്പാദകർക്കു വേണ്ട സമയങ്ങളിൽ സ്ഥിതിവിവര കണക്കുകൾ ലഭിക്കാൻ വേണ്ട സൗകര്യം ഉണ്ടാക്കുക.

11. ആധുനിക രീതിയിലുള്ള ഉൽപ്പന്നങ്ങൾ തയ്യാർ ചെയ്യാൻ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

12. ബോധവൽക്കരണ ക്ലാസ്സുകൾ കാലാകാലങ്ങളിൽ നടത്തുക. ചർച്ചാ ക്ലാസ്സുകൾ നിർബന്ധമാക്കുക.

**ഖാദിമേഖല :**

നെമ്മാറ പഞ്ചായത്ത് 1 ഏക്കർ സ്ഥലം സ്വകാര്യവ്യക്തിയുടെ കൈയിൽനിന്നും തീറുവാങ്ങി 1983 കാലഘട്ടത്തിൽ ഖാദിയൂണിറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ഖാദിബോർഡിലേക്ക് ഏൽപ്പിച്ചതാണ്. തുടക്കം മുതൽ 2 യൂണിറ്റുകളിലായി 50ളം സ്പിന്നിംഗ് മെഷിനോടുകൂടി സ്പിന്നിംഗ് ആരംഭിക്കുകയുണ്ടായി. പിന്നീടത് അധികം താമസിയാതെ 50 മെഷിനുകൾ കൂടിവരുകയും ചെയ്തു. തുടക്കത്തിൽ 2 യൂണിറ്റുകളായി 145ളം തൊഴിലാളികൾ ജോലി ചെയ്തിരുന്നു. 1990 വരെ ഒരുവിധം മോശമല്ലാത്ത രീതിയിൽ പ്രവർത്തിച്ചിരുന്ന ഈ യൂണിറ്റുകളുടെ പ്രവർത്തനം 1990നു ശേഷം മന്ദഗതിയിലായി. അതിനുള്ള പ്രധാന കാരണം താഴെപറയുന്നവയാണ്:

1. സെൻററുകൾ വൈദ്യുതീകരിച്ചിട്ടില്ല.
2. ശുദ്ധജലം ലഭിക്കുന്നില്ല.
3. ഗതാഗതത്തിന് പോരായ്മ അനുഭവപ്പെടുന്നു.
4. കുറഞ്ഞ കൂലി നിരക്ക്
5. സുരക്ഷിതത്വമില്ലായ്മ
6. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യമില്ലായ്മ

# നെമ്മാറ പഞ്ചായത്തിലെ വ്യവസായ സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | വിഭാഗം | ആകെ ഉണ്ടായിരുന്നത് | നിലവിൽ ഉള്ളത് | നിലവിൽ ഇല്ലാത്തത് | തൊഴിൽ ചെയ്തിരുന്നവരുടെ എണ്ണം | | | നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | | | സ്ത്രീ | പുരുഷൻ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ | | |
| 1 | തടിമില്ലുകൾ | 7 | 5 | 2 | 35 | - | 35 | 25 | - | 25 | - | 100രൂ |
| 2 | തീപ്പെട്ടി ഫാക്ടറി(കോൽ മാത്രം ഉണ്ടാക്കുന്നത് ഉൾ ഭാഗം) | 4 | 1 | 3 | 16 | 24 | 40 | 4 | 6 | 10 | 35രൂ | 70രൂ |
| 3 | അരിമില്ലുകൾ വലുത് | 8 | 2 | 6 | 40 | 24 | 64 | 10 | 6 | 16 | 35രൂ | 70രൂ |
| | ചെറുത് | 26 | 22 | 4 | 20 | 6 | 26 | 18 | 4 | 22 | 35രൂ | 70രൂ |
| 4 | പ്ലൈവുഡ് | 4 | 1 ഭാഗികം | 3 | 100 | 5 | 105 | 14 | - | 14 | ഗവ. നിരക്ക് | ഗവ. നിരക്ക് |
| 5 | ഐസ് ക്രീം | 7 | 3 | 4 | 7 | - | 7 | 3 | - | 3 | - | 50രൂ |
| 6 | അവിൽ മിൽ | 5 | 3 | 2 | 15 | - | 15 | 9 | - | 9 | - | 80രൂ |
| 7 | സോപ്പ് ഫാക്ടറി | 1 | - | 1 | 10 | - | 10 | - | - | - | - | - |
| 8 | ധാന്യങ്ങൾ പൊടിക്കുന്നത് | 8 | 7 | 1 | 8 | 3 | 11 | 6 | 1 | 7 | - | 60രൂ |
| 9 | പടക്ക നിർമ്മാണശാല | 2 | 1 | 1 | 30 | - | 30 | 15 | - | 15 | - | 100രൂ |
| 10 | ഇലക്ട്രോ പ്ലേറ്റിംഗ് | 1 | - | 1 | 4 | - | 4 | - | - | - | - | - |
| 11 | അലുമിനിയം | 1 | - | 1 | 4 | - | 4 | - | - | - | - | - |
| 12 | ഫോട്ടോ സ്റ്റാറ്റ് | 6 | 5 | 1 | 6 | - | 6 | 5 | - | 5 | 30രൂ | 50രൂ |
| 13 | മെറ്റൽ | 1 | - | 1 | 6 | 4 | 10 | - | - | - | - | - |
| 14 | കൊപ്ര ആട്ടുന്നത് | 2 | 2 | - | 2 | - | 2 | 2 | - | 2 | - | 60രൂ |
| 15 | കോഫി പൗഡർ | 3 | - | - | 3 | - | 3 | - | - | - | - | - |
| 16 | ടയർ റീത്രെഡ് | 4 | 1 | 3 | 12 | - | 12 | 3 | - | 3 | - | 100രൂ |
| 17 | ഹോളോ ബ്രിക്സ് | 1 | - | 1 | 3 | 2 | 5 | - | - | - | - | - |
| 18 | ചെരുപ്പ് നിർമ്മാണം | 1 | - | 1 | 3 | - | 3 | - | - | - | - | - |

| നെമ്മാറ പഞ്ചായത്തിലെ വ്യവസായ സ്ഥാപന വിവരങ്ങൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | വിഭാഗം | ആകെ ഉണ്ടായിരുന്നത് | നിലവിൽ ഉള്ളത് | നിലവിൽ ഇല്ലാത്തത് | തൊഴിൽ ചെയ്തിരുന്നവരുടെ എണ്ണം | | | നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | | | സ്ത്രീ | പുരുഷൻ |
| | | | | | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ | | |
| 19 | റബ്ബർ ബാൻറ് | 1 | - | 1 | 1 | 8 | 9 | - | - | - | - | - |
| 20 | സ്റ്റീൽ ഫർണീച്ചർ | 2 | 1 | 1 | 10 | - | 10 | 5 | - | 5 | - | 100രൂ |
| 21 | പനച്ചക്കര സഹകരണ സംഘം | 1 | --- | 1 | 4 | 2 | 6 | - | - | - | - | - |
| 22 | ഖാദി വല്ലേജ് | 2 | 2 | - | - | 145 | 145 | - | 21 | 21 | 15രൂ | - |
| 23 | ബേക്കറി | 7 | 7 | - | 2 | 1 | 3 | 21 | 7 | 28 | 30രൂ | 60രൂ |
| 24 | സോഡ ഫാക്ടറി | 8 | 8 | - | 8 | - | 8 | - | - | - | 30രൂ | 100രൂ |
| 25 | വുഡൻ ഫർണിച്ചർ | 10 | - | - | 20 | - | 20 | 20 | - | 20 | - | 100രൂ |
| 26 | പ്രിൻറിങ്ങ് പ്രസ്സ്വകാര്യ മേഖല അധുനീകരിച്ചത് സഹകരണ മേഖലയിൽ | 4<br>(3+1)<br>1 | -<br>-<br>- | -<br>4<br>1 | -<br>10 | -<br>15 | -<br>25 | -<br>- | -<br>- | -<br>- | സ്വകാര്യ മേഖലയിൽ വേതന നിരക്ക് കുറവാണ് | |

പട്ടികയിൽ പറഞ്ഞതു കൂടാതെ പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിലും ഇഷ്ടിക നിർമ്മാണം, ആട്ടോ മൊബൈൽസ്, ലെയ്ത്ത്, ഇലക്ട്രിക്കൽ ബസ് ബോഡി ബിൽഡിംഗ്, ട്രാക്ടർ, മോട്ടോർ വൈൻറിംഗ്, ബാറ്ററി ചാർജ്ജ് എന്നിങ്ങനെയുള്ള വർക്ക് ഷോപ്പുകളും ഉണ്ട്. ഈ വിഭാഗങ്ങളിലായി സുമാർ 2000ളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. കൂടാതെ 100ൽ പരം തയ്യൽകടകളും, പലചരക്ക്, തുണിക്കട, സ്റ്റേഷനറി കടകളും, മറ്റു ചെറുകിട വ്യാപാര സ്ഥാപനങ്ങളും പഞ്ചായത്തിൽ ഉണ്ട്. ഇവയിലായി 2000ളംപേർ പണിയെടുക്കുന്നുണ്ട്. കൂടാതെ വ്യത്യസ്ത രീതിയിലുള്ള കുടിൽ വ്യവസായ സ്ഥാപനങ്ങളിലായി 1000ളം പേർ ജോലി ചെയ്യുന്നുണ്ട്.

# വിനോദ സഞ്ചാരം

പാവപ്പെട്ടവരുടെ ഊട്ടി എന്നു വിശേഷിപ്പിക്കുന്ന നെല്ലിയാംമ്പതിമലയുടെ താഴ്വരയിൽ കിടക്കുന്ന നെന്മാറ പഞ്ചായത്തിൽപ്പെട്ട പോത്തുണ്ടി ഡാം ഇന്ത്യയിൽതന്നെ മണ്ണുകൊണ്ടു നിർമ്മിച്ച ഡാമുകളിൽ 2-ാമത്തെ വലിയ ഡാമാണ്. 11-2-1958ൽ കേരള ഗവർണ്ണറായിരുന്ന ഡോക്ടർ ആർ. രാധാകൃഷ്ണറാവു ആണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

രണ്ടു ഭാഗങ്ങളിലുള്ള കനാലുകളിലായി സുമാർ ഏഴായിരത്തോളം ഹെക്ടർ കൃഷിക്കാവശ്യമായ വെള്ളം ഇവിടെ സംഭരിക്കുന്നുണ്ട്. കൂടാതെ പ്രധാനമായും 3 പഞ്ചായത്തുകൾക്കാവശ്യമായ ശുദ്ധജലവിതരണവും നടത്തുന്നുണ്ട്.

സുമാർ 150 ഓളം ഏക്കർ സ്ഥലം ഡാമിൻെറ മുൻവശത്ത് വ്യത്യസ്ത ഭാഗങ്ങളിലായി തരിശായി കിടക്കുന്നുണ്ട്. ഇതിൽ 10 ഏക്കറോളം വരുന്ന സ്ഥലത്ത് പൂന്തോട്ടം സജ്ജമാക്കിയിട്ടുണ്ട്. താഴെ വിവരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയാൽ പോത്തുണ്ടി വൻ ടൂറിസ്ററു കേന്ദ്രങ്ങളിലൊന്നായി മാറുമെന്ന കാര്യത്തിൽ സംശയമില്ല.

നിർദ്ദേശങ്ങൾ:

1. നിലവിലുള്ള പൂന്തോട്ടം അഭിവൃദ്ധിപ്പെടുത്തുക. അതിനാവശ്യമായ സ്ഥിരം ജീവനക്കാരെ നിയമിക്കുക കാലാകാലങ്ങളിൽ അററകുററപണികൾ നടത്തുക.

2. നിലവിലുള്ള പൂന്തോട്ടത്തിനു പുറമെയുള്ള രണ്ടു ഭാഗങ്ങളിലുള്ള അക്കേഷ്യ മരങ്ങൾ വെട്ടിമാററി ആ ഭാഗങ്ങളിലും പൂന്തോട്ടം നിർമ്മിക്കുക. പൂന്തോട്ടങ്ങളെ മോടിപ്പിടിപ്പിക്കുന്നതിനായി ജലധാരായന്ത്ര ങ്ങൾ കലാരൂപങ്ങൾ എന്നിവ സ്ഥാപിക്കുക. കൂടാതെ ഒരു Children's Park-ഉം നിർമ്മിക്കണം.

3. ഡാമിൽനിന്നും പോത്തുണ്ടി അമ്പലത്തിൻെറ പൻഭാഗംവരെയുള്ള പുഴയുടെ വീതി നിലവിലുള്ളതിൻെറ പതിന്മട ങ്ങുവർദ്ധിപ്പിക്കണം. അമ്പലത്തിന് താഴെ ഒരു ചെക്ക് ഡാം നിർമ്മിക്കുക. ഇത് വഴി ഉല്ലാസബോട്ടു സവാരി നടത്താവുന്നതാണ്. റിസർവോയറിനുള്ളിലും യന്ത്രവൽകൃത ബോട്ടുകളും സർവീസ് ആരംഭിക്കാവുന്നതാണ്. പോത്തുണ്ടി വെററിനറി ആശുപത്രിയുടെ താഴെയായി ഒരു ചെക്ക് ഡാം കൂടെ നിർമ്മിച്ചാൽ വാഹനങ്ങളിൽ വരുന്നവർക്കും യാത്രക്കാർക്കും കുളിക്കുവാൻ സൗകര്യം ലഭിക്കും.

4. നെന്മാറ മുതൽ പോത്തുണ്ടി കുട വരെ റോഡിൻെറ ഇരുവശങ്ങളിലും വിവിധങ്ങളായ വൃക്ഷതൈകളാൽ നട്ടുപിടിപ്പിക്കുകയും വൈദ്യുതാലങ്കാര ദീപങ്ങൾ സ്ഥാപിക്കുകയും വേണം. വൃക്ഷതൈകളുടെ മേൽനോട്ടം അതാതു ഭാഗത്തുള്ള സന്നദ്ധപ്രവർത്തകരെ ഏൽപ്പിക്കുക. ഡാമിനു മുകളിൽ അലങ്കാര ദീപങ്ങൾ സ്ഥാപിക്കുക. കൂടാതെ പൂന്തോട്ടത്തിനുള്ളിലും ദീപങ്ങൾ തെളിയിക്കണം.

ഡാമിൻെറ വടക്കു ഭാഗത്തുള്ള പാറക്കുന്നുകളിൽ ടൂറിസ്ററ് കോട്ടേജുകൾ നിർമ്മിക്കുക.

5. മീൻ വളർത്തൽ കേന്ദ്രം, മീൻ വിത്തുല്പാദന കേന്ദ്രം എന്നിവ നിർമ്മിക്കുക. സ്നേക്ക് പാർക്ക്, ബസ്സ്സ്ററാന്റ്, ബസ്സ് വെയിററിംഗ് ഷെഡ്, ഷോപ്പിങ്ങ് കോപ്ലക്സ് എന്നിവ ഏർപ്പെടുത്തുക. ടൂറിസ്ററ് ഇൻഫർമേഷൻ സെന്റർ തുടങ്ങുക.

6. താമസസൗകര്യം (പേയിങ്ങ്-ഗസ്ററ്) ഉൾപ്പെടെ ഏർപ്പെടുത്തുക.

7. K.T.D.C. സ്ററാർ ഹോട്ടൽസ് എന്നിവ വരാൻ സൗകര്യം ഉണ്ടാക്കുക. പുതുതായി താഴെ പറയുന്ന ഭാഗങ്ങളിലേക്ക് പുതിയ റോഡുകൾ നിർമ്മിക്കുക. നിലവിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവ് അഭിവൃദ്ധിപ്പെടുത്തുക.

1. പോത്തുണ്ടി കനാൽ ബണ്ടു വഴി മരുതഞ്ചേരി റോഡ്.
2. പോത്തുണ്ടി മുതൽ അള്ളിച്ചോട് – വിത്തനശ്ശേരി വഴി എലവഞ്ചേരി റോഡ് സൗകര്യപ്പെടുത്തി ഗതാഗതയോഗ്യമാക്കുക.
3. പോത്തുണ്ടി – അളുവശ്ശേരി – അയിനം പാടം റോഡ്.
4. പോത്തുണ്ടി – പോക്കാമട – അരുമ്പൂരപതി വഴി എലഞ്ചേരി റോഡ്.
5. പോത്തുണ്ടി – ചാട്ടിയോട് – തിട്ടുപുറംവഴി അയിലൂർ ഗോമതി എസ്റേററ് റോഡ് നിർമ്മിക്കുക.
6. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സൗകര്യമുണ്ടാക്കുക.

ഈ റോഡുകൾ നിർമ്മിച്ച് ബസ്സ് ഗതാഗതം പരമാവധി ഉണ്ടാക്കുക. പോത്തുണ്ടി ഡാമിൽ നിന്നും ഒരു കിലോമീററർ ഇടവിട്ട് മിനി ഇൻഡസ്ട്രിയൽ എസ്റേററുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വ്യവസായിക പുരോഗതിയ്ക്കുതകുന്ന സംവിധാനങ്ങൾ, ഓഫീസുകൾ എന്നിവ വരുത്താൻ വേണ്ട സംവിധാനങ്ങൾ ചെയ്യുക. കന്നുകാലികളുടെയും ജനങ്ങളുടേയും അനധികൃതമായ പൂന്തോട്ടത്തിലേക്കുള്ള പ്രവേശനത്തിന്, നിയന്ത്രണത്തിനാവശ്യമായ ചുററുമതിൽ, പ്രവേശനഫീസ് എന്നിവ നിർബന്ധമാക്കുക. പോത്തുണ്ടിയിൽ ഒരു റോപ് വേ സ്ഥാപിക്കണം. സിമ്മിംഗ് പൂൾ നിർമ്മിക്കുക.

**ആതനാട് കുന്നും, പരിസരവും, താഴെ പറയുന്നവിധം വികസിപ്പിക്കുന്നതാണ്.**

A. ഈ കുന്ന് നെന്മാറയെ സംബന്ധിച്ചിടത്തോളം ഐതിഹാസികമായ പ്രാധാന്യ മർഹിക്കുന്നതാണ്. ഈ കുന്ന് പ്രശസ്തമായ വല്ലങ്ങി–നെന്മാറ വേല എന്ന മഹോത്സവം നടക്കുന്ന സ്ഥലത്തെ പ്രധാന ആരാധനാലയമായ നെല്ലികുളങ്ങര ക്ഷേത്രം, നെന്മാറ പഴയ ഗ്രാമം, ശ്രീകൃഷ്ണക്ഷേത്രം എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഈ കുന്നിനെ ചുററിപ്പററി കഴിഞ്ഞ 35 വർഷമായി ആദ്ധ്യാത്മികവും ഭക്തിപരവുമായ ഒരു വൈകാരിക ബന്ധം ഉടലെടുത്തിട്ടുണ്ട്. അതായത് സേവനത്തിലിരിക്കെ നെല്ലിയാമ്പതി ചന്ദ്രമല എസ്റേററിലും തുടർന്ന് വല്ലങ്ങിയിലും ഡ്രൈവറായിരുന്ന അറുമുഖൻ ചെട്ടിയാർ ഗുരു സ്വാമിക്ക് ഒരു ദിവസം ഭഗവാൻ ശ്രീ അയ്യപ്പസ്വാമികളുടെ സാന്നിദ്ധ്യം സ്വപ്നം കാണുകയും, പിറേറന്നു തന്നെ കുറെയേറെ ഭക്തജനങ്ങളുമായി മേപ്പടി കുന്നിൽ ചെന്ന് ഭക്തിപുരസ്സരം ഇപ്പോൾ അവിടെ കാണുന്ന അയ്യപ്പക്ഷേത്രം സ്ഥാപിക്കുവാനുള്ള ആരംഭം കുറിച്ച.

പിന്നീട് ഇപ്പോൾ അവിടെയുള്ള ക്ഷേത്രം നിർമ്മിക്കുകയുണ്ടായി. മേപ്പടി ക്ഷേത്രത്തിൽ മാസംതോറും പൂജ നടത്തി വരുന്നുണ്ട്. ക്ഷേത്രത്തിൻെറ തിരുമുററത്ത് സ്ഥിരമായി കത്തുന്ന വിളക്കുമുണ്ട്. എല്ലാവർഷവും ധനു–9നും, മകരം 1–ാം തിയതിയും അനേകായിരം ഭക്തജനങ്ങൾ കേരളത്തിനകത്തും തമിഴ്നാട്ടിൽ നിന്നും വന്നു ചേർന്ന് ഉത്സവം ആഘോഷിക്കാറുണ്ട്. ഈ കുന്നിൻെറ താഴ്വാരത്ത് ദേവർകൂടം എന്നപേരിൽ സ്ഥാപിതമായിട്ടുള്ള സ്ഥലത്ത് ഭക്തജനങ്ങൾ വിവിധ വഴിപാടുകൾ നടത്തി വരുന്നുണ്ട്. നെന്മാറയിലെ പ്രഥമ ക്രൈസ്തവ ദേവാലയമായ സെന്റ് സെബാസ്ററ്യൻ ചർച്ച് ഈ കുന്നിൻെറ താഴ്വാരത്തിലാണ്.

B. ഇവിടെ ടൂറിസവുമായി ബന്ധപ്പെട്ട ചെയ്യേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

1. നെന്മാറ–അളുവശ്ശേരി പള്ളിറോഡ് മുതൽ ഈ കുന്നിനെ ചുററി ഒരു റിങ്ങ് റോഡ് സ്ഥാപിക്കുക.

2. കുന്നിൻെറ വടക്കുഭാഗത്ത് ഒരു വിഞ്ച് സ്ഥാപിക്കുക.

3. കുന്നിൻെറ മുകളിൽ എത്തുവാൻ ഒരു റോഡ് നിർമ്മിക്കുക.

4. കുന്നിൽ നിന്നും സ്വാഭാവികമായി തുടർച്ചയായി ഒഴുകികൊണ്ടിരിക്കുന്ന ജല സ്രോതസ്സ് സംരക്ഷിക്കുക.

5. കുന്നിൻെറ വയലേലകൾക്ക് അഭിമുഖമായി കുറെ കോട്ടേജുകൾ നിർമ്മിക്കുക.

6. കുന്നിൻെറ താഴ്വരയിൽ ശാസ്ത്ര സാങ്കേതിക ആയുർവ്വേദ വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങൾ നിർമ്മിക്കുക.

7. കുന്നിൻെറ മററൊരു ഭാഗത്ത് അമൂല്യങ്ങളായ ആയുർവ്വേദ ഔഷധചെടികൾ നട്ടുപിടിപ്പിക്കുക.

8. കുന്നിൻെറ ഏററവും മുകളിൽ ശക്തിയേറിയ ബൈനോക്കുലർ സ്ഥാപിക്കുക.

9. കുട്ടികൾക്കുള്ള പാർക്ക് സ്ഥാപിക്കുക.

**പോത്തുണ്ടി കുട മുതൽ മാട്ടായിവരെ**

പോത്തുണ്ടി ഡാമിൻെറ തെക്കുഭാഗത്തുള്ള കോൺക്രീററ് കുട നെല്ലിയാമ്പതി മലമ്പാതയുടെ ആരംഭത്തിലാണ്. പോത്തുണ്ടി ഡാം സന്ദർശിക്കുന്നവരെ ഈ കുട വളരെ ആകർഷിക്കുന്നു. കുറെയധികം മലയാളം, തമിഴ് ചലചിത്രങ്ങൾ ഈ കുടയുടെ പരിസരത്ത്വച്ച് അഭ്രത്തിൽ പകർത്തിയിട്ടുണ്ട്. ഈ കുടയുടെ തൊട്ടരികിലായി പോത്തുണ്ടിയിൽനിന്നു നെന്മാറ – കയറാടി ഭാഗത്തേക്ക് പോകുന്ന LB കനാൽ ഉണ്ട്. ഇപ്പറഞ്ഞ L.B. കനാലിൻെറ ഇടതുവശം, 2 കിലോമീററർ അകലെയാണ് മാട്ടായി എന്ന പ്രദേശം. ഈ പ്രദേശത്ത് ലോകപ്രശസ്തനും പറക്കും സ്വാമിയെന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന ശ്രീ. വിഷ്ണു ദേവാനന്ദ സ്വാമികളുടെ ആശ്രമവും ഉണ്ടായിരുന്നു. ഇത്രയും ദൂരം സ്ഥിരമായി വെള്ളം കനാലിലൂടെ കുറഞ്ഞ വേഗത്തിൽ ഒഴുക്കി നാടൻ തോണികൾ വഴി ടൂറിസ്ററുകളെ ആകർഷിക്കുവാൻ വേണ്ട സേവനം ചെയ്യേണ്ടതാണ്.

ഇടതുകനാൽ ബണ്ടിൻെറ ഇടതുവശം ചേർന്നുള്ള കുന്നുകളിൽ കോട്ടേജുകൾ നിർമ്മിച്ച് ഒരു ആയുർവ്വേദ ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. ഇപ്പറഞ്ഞ കുന്നിൽനിന്നും വയലുകളിലേക്കുള്ള ദൃശ്യം അവർണ്ണനീയമായ മനോഹാരിത നൽകുന്നു. ഈ കനാൽ തീരത്തെ വലതുവശത്ത് ഭംഗിയുള്ള റോഡുണ്ടാക്കണം. കനാൽ കരകളിൽ അലങ്കാരദീപങ്ങൾ വെക്കേണ്ടതാണ്. കനാൽ വെള്ളത്തിനടിയിലൂടെ മനോഹരമായ വർണദീപങ്ങൾ സ്ഥാപിക്കേണ്ടതാണ്.

മംഗലം–ഗോവിന്ദപുരം റോഡിൽ കുമ്പളക്കോട് പാലത്തിന് സമീപം ഒരു ചെക്ക് ഡാം നിർമ്മിക്കുക. അത് വാഹനങ്ങളിൽ വരുന്നവർക്കും, സമീപവാസികൾക്കും, കുളിക്കുന്നതിന് സൗകര്യമായിരിക്കും.

3. ഫർണീച്ചറുകളുടെ കുറവ് പരിഹരിക്കണം.

4. കെട്ടിടങ്ങളുടെ അററകുററപ്പണികൾ യഥാസമയം നടത്തണം.

5. പഠനോപകരണ ങ്ങൾ ലഭ്യമാക്കണം.

6. സ്കൂൾ ലൈബ്രറികൾ കാര്യക്ഷമമാക്കണം.

7. വിദ്യാർത്ഥികളുടെ ആരോഗ്യ പരിശോധന ഫലപ്രദമായി നടത്തണം.

8. നെന്മാറയിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം.

9. സ്കൂളുകളിൽ എല്ലാ ക്ലാസുകളിലും എത്ര പേർക്ക് അ ക്ഷരബോധം ഇല്ലെന്ന് കണ്ടെത്തി അവർക്ക്
സമയബന്ധിതമായി പരിഹാരം കണ്ടെത്തുക.

10. എല്ലാ ക്ലാസിലേയും എല്ലാ വിഷയങ്ങളിലും കുട്ടികൾക്ക് അടിസ്ഥാന ധാരണകൾ ഉണ്ട് എന്ന് ഉറപ്പുവരുത്തുക.

11. സ്കൂൾ കോംപ്ലക്സുകളെ പ്രവർത്തന സജ്ജമാക്കുക.

12. അദ്ധ്യാപകർക്ക് എല്ലാ വിഷയങ്ങളിലും നിരന്തരമായ പുന:പരിശീലനം നൽകുക.

13. അക്കാദമിക് പ്രവർത്തനങ്ങളോടൊപ്പം പാര അക്കാദമിക്ക് പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

14. സ്കൂളും പരിസരവും ആകർഷകമാക്കുക.

15. സ്കൂൾ പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തം സാധ്യമാക്കുക.

16. അദ്ധ്യാപക രക്ഷാകർതൃസമിതി, മാതൃസമിതി ക്ലാസുകളെ അടിസ്ഥാനമാക്കി - രക്ഷാകർതൃസമിതി എന്നിവ സജീവമാക്കുക.

17. പോത്തുണ്ടി L.P. സ്കൂൾ U.P. സ്കൂളായി ഉയർത്തുക.

18. നെന്മാറ ഗവ: ബോയ്സ് ഹൈസ്കൂളിൽ പ്ലസ്ടു ഏർപ്പെടുത്തുക.

19. ചാത്തമംഗലം U.P. സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.

20 പത്താംക്ലാസിലെ റിസൽട്ട് മെച്ചപ്പെടുത്താനുള്ള പ്രത്യേക പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.

21. നെന്മാറ ഗവ: വെക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുക.

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | ആൺകുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോററു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിത്തിയ വരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മററുള്ളവർ | | | SC/ST കുട്ടികൾ | | | മററുള്ളവർ | | | |
| സ്ററാൻഡേർഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 368 | 301 | 669 | 64 | 49 | 113 | 9 | 9 | 18 | 37 | 24 | 61 | 1 | 1 | 2 | 6 | 8 | 14 | 16 |
| II | 386 | 355 | 741 | 62 | 58 | 120 | 16 | 14 | 30 | 68 | 59 | 127 | 7 | 8 | 15 | 5 | 10 | 15 | 30 |
| III | 362 | 389 | 751 | 54 | 64 | 118 | 11 | 11 | 22 | 57 | 54 | 116 | 1 | 2 | 3 | 5 | 3 | 8 | 11 |
| IV | 364 | 363 | 727 | 55 | 56 | 111 | 17 | 8 | 25 | 70 | 71 | 141 | 2 | 0 | 2 | 5 | 2 | 7 | 9 |
| V | 329 | 371 | 700 | 38 | 70 | 108 | 2 | 20 | 22 | 33 | 26 | 59 | 8 | 0 | 3` | 3 | 1 | 4 | 7 |
| VI | 316 | 393 | 709 | 47 | 75 | 122 | 6 | 7 | 13 | 17 | 12 | 29 | 2 | 0 | 2 | 7 | 2 | 9 | 11 |
| VII | 288 | 432` | 720 | 45 | 72 | 117 | 7 | 19 | 26 | 34 | 38 | 72 | 3 | 2 | 5 | 12 | 8 | 20 | 25 |
| VIII | 437 | 565 | 1002 | 84 | 86 | 170 | 11 | 90 | 30 | 13 | 68 | 81 | 11 | 6 | 17 | 15 | 22 | 37 | 54 |
| IX | 326 | 499 | 825 | 42 | 73 | 115 | 9 | 8 | 17 | 12 | 44 | 56 | 6 | 4 | 10 | 14 | 43 | 57 | 67 |
| X | 268 | 405 | 673 | 31 | 40 | 71 | - | - | - | - | - | - | 7 | 9 | 16 | 11 | 9 | 20 | 36 |
| ആകെ | 3444 | 4043 | 7487 | 522 | 643 | 1165 | 88 | 115 | 203 | 341 | 401 | 742 | 43 | 32 | 75 | 94 | 115 | 209 | 293 |

# സ്കൂളിലെ ഭൗതികസൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല. | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം. | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസിന്റെ എണ്ണം | കുടിവെള്ളസംവിധാനം ഉണ്ട്/ഇല്ല കിണർ / പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല. | പാചകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചർ മതിയാകുമോ മതിയാകും/ഇല്ല | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| GBHS, NEMMARA | 34 | 18 | 1 | | 30 | 4 | - | - | ✓ | 1 | 100 | 4 | 4 | 2 | ✓ | ✓ | - | ✓ | - | 150 | 125 | 30 | 30 | 4 |
| GGVHSS, NEMMARA | 44 | 3 | 3 | - | 21 | 18 | 9 | 8 | ✓ | 4 | 100 | 4 | 5 | | | ✓ | ✓ | ✓ | X | 100 | 150 | 50 | 50 | 5 |
| GUPS, CHATHAMANGALAM | 18 | 4 | 2 | - | 15 | 2 | - | 2 | - | 2 | 25 | 2 | 2 | 2 | ✓ | ✓ | ✓ | ✓ | X | 25 | 25 | 5 | 8 | 1 |
| LNSUPS, NEMMARA | 6 | 3 | - | - | 10 | - | - | - | - | 2 | 15 | 2 | 1 | - | NIL | ✓ | ✓ | ✓ | X | 10 | 10 | 5 | 5 | 1 |
| CKMNUPS, VALLANGHY | 28 | 6 | - | - | 35 | - | - | 2 | ✓ | 2 | 50 | 1 | 1 | - | NIL | ✓ | ✓ | ✓ | X | 9 | 9 | 3 | 3 | 5 |
| ST. RITAS ENGUP, | 14 | 2 | - | - | 18 | - | - | - | - | 2 | 50 | - | 2 | - | ✓ | ✓ | ✓ | ✓ | ✓ | - | - | - | - | - |
| GLPS, NEMMARA | 8 | 1 | - | - | 14 | - | - | - | - | - | - | 2 | 1 | - | ✓ | ✓ | - | - | X | 20 | 20 | 5 | 5 | 2 |
| PAZHAYAGRAMAM GLPS | 8 | 2 | - | - | 10 | - | - | - | - | 1 | 50 | 1 | 1 | - | ✓ | ✓ | ✓ | ✓ | X | 10 | - | - | - | - |
| GLPS, POTHUNDI | 7 | 4 | 2 | - | 7 | 7 | - | - | ✓ | - | - | 2 | - | - | ✓ | - | ✓ | ✓ | X | 20 | 100 | 10 | 10 | 2 |
| CMLPS, VITHANASSERY | 10 | 1 | - | - | 13 | - | - | - | - | 3 | 100 | - | - | - | ✓ | - | ✓ | - | X | 10 | 10 | - | - | - |
| VALPS, ALUVASSERY | 5 | 4 | - | - | 7 | - | - | - | 1 | 3 | 20 | 1 | - | - | - | - | ✓ | - | - | - | - | - | - | - |
| VMGS, KANIMANGALAM | 6 | 1 | - | - | 6 | - | - | - | 2 | 2 | 10 | 2 | - | - | - | - | ✓ | - | - | 8 | - | 1 | 1 | 3 |

അലമാരകൾ

## ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല. | പഠനോപകരണങ്ങൾ മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല. | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി.സെറ്റ് | വി.സി.ആർ./വി.സി.പി. | സിനിമ പ്രൊജക്റ്റർ | സ്ലൈഡ് പ്രൊജക്റ്റർ | ഓവർഹെഡ് പ്രൊജക്റ്റർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | ബ്ലാക്ക് ബോർഡ് നിലവിലുള്ളത് | 95-96ൽ ലഭിച്ച അദ്ധ്യയനദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയനദിവസം | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയനദിവസങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം / സജീവമല്ല | ക്ലാസ്സ്റൂം പി.ടി.എ.കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| GBHS, NEMMARA | ✓ | ✓ | X | X | X | X | X | ✓ | ✓ | ✓ | X | 32 | 24 | 192 | 10 | 2 | X | X |
| GGVHSS, NEMMARA | ✓ | ✓ | ✓ | ✓ | ✓ | ✓ | X | ✓ | ✓ | ✓ | X | 40 | 30 | 192 | 1 | 5 | ✓ | ✓ |
| GUPS, CHATHAMANGALAM | ✓ | - | - | - | - | - | - | - | - | - | - | 15 | 10 | 196 | - | 4 | X | X |
| LNSUPS, NEMMARA | ✓ | ✓ | ✓ | ✓ | - | - | - | - | - | - | - | 15 | 9 | 145 | 3 | 5 | ✓ | ✓ |
| CKMMUPS, VALLANGI | ✓ | ✓ | - | - | - | - | - | - | - | - | - | 31 | 28 | 195 | - | 5 | ✓ | ✓ |
| ST. RITAS, NEMMARA | ✓ | - | ✓ | ✓ | - | - | - | - | - | - | - | 18 | 18 | 200 | - | - | - | ✓ |
| GLPS, NEMMARA | - | - | ✓ | - | - | - | - | - | - | - | - | 12 | 12 | 196 | - | 4 | ✓ | ✓ |
| GLPS, PAZHAYAGRAMAM | - | - | - | - | - | - | - | - | - | - | - | 8 | 8 | 196 | 8 | 8 | ✓ | ✓ |
| GLPS, POTHUNDI | - | - | - | ✓ | - | - | - | - | - | - | - | 6 | 6 | 196 | - | 4 | - | - |
| VALPS, ALUVASSERY | - | - | - | ✓ | ✓ | ✓ | - | - | - | - | - | 6 | 5 | 196 | - | 3 | ✓ | ✓ |
| VMGS, KANIMANGALAM | - | - | ✓ | ✓ | ✓ | - | - | - | - | - | - | 6 | 6 | 196 | - | 4 | - | - |
| CMLPS, VITHANASSERY | - | - | - | - | - | - | - | - | - | - | - | 10 | 10 | 196 | - | 5 | ✓ | ✓ |

## സ്കൂളിന്റെ പൊതുവിവരം

| സ്ക്കൂളിന്റെ പേര് | ഹൈ സ്ക്കൂൾ യു.പി./ എൽ.പി. പ്രി. പ്രൈമറി | സ്ക്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്ക്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മററ് കുറിപ്പുകൾ ചുററുമതിൽ, അററകുററ പണികൾ. ഫർണീച്ചർ റിപ്പയർ തുടങ്ങിയവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാര മില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| GBHS NENMARA | HS& UP | YES | - | - | - | 1356 | - | 1356 | 46 | 43 | 3 | - | 9 ACRE | 3 ACRE | 50 CENT | ആവശ്യമുണ്ട് |
| GGVHSS NENMARA | VHS/ HS&UP | YES | - | - | - | - | 2001 | 2001 | 62 | 59 | 3 | - | 3.5 ACRE | 75 CENT | ഇല്ല | ആവശ്യമുണ്ട് |
| GUPS CHATHAMANGALAM | UP | YES | - | - | - | 412 | 391 | 803 | 21 | 16 | 5 | - | 89 CENT | - | - | ആവശ്യമുണ്ട് |
| LNSUPS NENMARA | UP | YES | YES | - | - | 151 | 39 | 190 | 10 | 10 | - | - | 62 CENT | 20 CENTS | 5 CENTS | ആവശ്യമുണ്ട് |
| CKMMUPS VALLANGHY | UP LP | YES | YES | YES | - | 676 | 569 | 1245 | 36 | 36 | - | - | 2.5 CENT | 75 CENTS | - | ആവശ്യമുണ്ട് |
| ST.RITAS ENG.MEDIUM | UP LP | - | - | YES | - | 375 | 290 | 665 | 14 | 14 | - | - | 160 CENT | 20 CENTS | - | വേണ്ട |
| GLPS NENMARA | LP | YES | - | - | - | 120 | 130 | 250 | 9 | 9 - | - | - | 78 CENT | - | - | ആവശ്യമുണ്ട് |
| GLPS PAZHAYAGRAMAM | LP | YES | - | - | - | 137 | 117 | 254 | 9 | 8 | 1 | - | 69 CENT | 20 CENT | - | ആവശ്യമുണ്ട് |
| GLPS POTHUNDY | LP | YES | - | - | - | 123 | 109 | 232 | 7 | 7 | - | - | 150 CENT | 75 CENT | 75 CENT | ആവശ്യമുണ്ട് |
| VLPS AALUVASSERY | LP | - | YES | - | - | 121 | 98 | 215 | 5 | 5 - | - | - | 50 CENT | - | - | ആവശ്യമുണ്ട് |
| CMLPS VITHANASSERY | LP | - | YES | - | - | 206 | 121 | 397 | 10 | 10 | - | - | 28 CENT | 10 CENT | - | വേണ്ട |
| VMGS KANIMANGALAM | LP | - | YES | - | - | 97 | 108 | 205 | 6 | 6 | - | - | 150 CENT | 5 CENT | 100 CENT | ആവശ്യമുണ്ട് |

## അക്കാദമിക് നിലവാരം

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | |
|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30 – 40% മാർക്ക് നേടുന്നവർ | 40 – 50% മാർക്ക് നേടുന്നവർ | 50 – 60% മാർക്ക് നേടുന്നവർ | 60%ത്തിൽ കൂടുതൽ നേടുന്നവർ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 3 | 625 | 108 | 115 | 125 | 127 | 136 |
| 4 | 618 | 88 | 109 | 136 | 152 | 133 |
| 5 | 780 | 157 | 191 | 152 | 124 | 156 |
| 6 | 838 | 256 | 209 | 129 | 104 | 150 |
| 7 | 829 | 270 | 192 | 146 | 86 | 135 |
| 8 | 976 | 439 | 187 | 239 | 64 | 47 |
| 9 | 829 | 289 | 180 | 251 | 61 | 48 |
| 10 | 634 | 248 | 220 | 110 | 44 | 12 |

## S.S.L.C. വിജയശതമാനം

| നമ്പർ | വർഷം | ജി.ബി.എച്ച്.എസ്. നെന്മാറ % | ജി.ജി.എച്ച്.എസ്. നെന്മാറ % |
|---|---|---|---|
| 1 | 1991-92 | 18 | 46 |
| 2 | 1992-93 | 17 | 42 |
| 3 | 1993-94 | 21 | 40 |
| 4 | 1994-95 | 19 | 44 |
| 5 | 1995-96 | 17 | 33 |

# കുടിവെള്ളവും പൊതുജനാരോഗ്യവും

ഒരു ജനതയുടെ ആരോഗ്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങൾ ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം എന്നിവയാണ്. കിണറുകൾ, കുളങ്ങൾ, നീരുറവകൾ, അരുവികൾ, ചെറുജലാശയങ്ങൾ തുടങ്ങിയവ ജലസ്രോതസ്സുകളാണ്. ഗ്രാമ പ്രദേശക്കാർ ശുദ്ധജലത്തിന് വേനൽക്കാലങ്ങളിൽ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. നെൽപ്പാടങ്ങൾ കൊയ്ത്തു കഴിഞ്ഞാൽ ജലസാധ്യതയുള്ള പ്രദേശങ്ങളിൽ ചെറിയ കുഴികൾ ഉണ്ടക്കി വെള്ളം എടുത്തിരുന്ന. പുഴയോര ഗ്രാമവാസികൾ പുഴയിൽ ചേണി (കുഴി) ഉണ്ടാക്കി വെള്ളം എടുത്തിരുന്നു. മഴക്കാലത്ത് നല്ല മഴയും വേനൽക്കാലത്ത് ശുദ്ധജലത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന അവസ്ഥയും ആകുന്നു. കാരണം മഴവെള്ളം മുഴുവനും തോടുകൾവഴി നമ്മുടെ പഞ്ചായത്തിൽകൂടി ഒഴുകുന്ന നദികളിൽ എത്തുന്നു.

കൊച്ചിൻ ദിവാനായിരുന്ന ശ്രീ. ആർ. കെ. ഷൺമുഖൻ ചെട്ടിയുടെ കാലത്ത് നിയമസഭയിൽ അംഗമായിരുന്ന വല്ലങ്ങി സ്വദേശി ശ്രീ. ആർ. വിശ്വനാഥൻ ചെട്ടിയാർ. അദ്ദേഹത്തിന്റെ കാലത്താണ് നെമ്മാറ വാട്ടർ വർക്സ് (1928 - 29 ൽ) സ്ഥാപിച്ചത്. 1929 മുതൽ നെമ്മാറയിലും പരിസര പ്രദേശങ്ങളിലും ശുദ്ധജലം എത്തിച്ചിരുന്നു. അക്കാലത്ത് സമീപ പ്രദേശങ്ങളിൽ നിന്നും ജനങ്ങൾ പൈപ്പിൽകൂടി ജലം എത്തുന്നത് കാണാൻ വന്നിരുന്നു എന്ന് പറയപ്പെടുന്നുണ്ട്.

ഇന്നു കാണുന്ന പൊതുകിണറുകൾ പലതും മുൻകാലത്ത് പല സമുദായക്കാർ അവരവരുടെ ആവശ്യത്തിനുവേണ്ടി ഉണ്ടാക്കിയതായിരിന്നു. 1968 -ൽ പോത്തുണ്ടി ഡാം വന്നതോടെ ഇന്നാട്ടിലെ ജലക്ഷാമം ഒരു പരിധിവരെ പിടിച്ചുനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. 1984 മുതൽ നെമ്മാറ, അയിലൂർ, മേലാർകോട് എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് വാട്ടർ സപ്ലൈ സ്കീം നടപ്പിൽ വന്നു. എന്നിരുന്നാലും ഒരു പരിധിവരെ മാത്രമേ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. 1989 ടെക്നോളജി സ്കീം പ്രകാരം പഞ്ചായത്തിൽ 13 കുഴൽകിണറുകൾ കുഴിക്കുകയുണ്ടായി. മൊത്തത്തിൽ വിലയിരുത്തുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രൂക്ഷമായ കുടിവെള്ളക്ഷാമം ഇപ്പോഴും അനുഭവപ്പെടുന്നുണ്ട്. 9-ാം പഞ്ചവത്സര പദ്ധതിയിൽ നാം ലക്ഷ്യമാക്കുന്നത് 200 മീറ്ററിനുള്ളിൽ എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുക, ആറ് കുടുംബത്തിന് ഒരു കിണർ , 10 കുടുംബത്തിന് ഒരു വാട്ടർ ടാപ്പ് , 40 കുടുംബങ്ങൾക്ക് ഒരു കുഴൽക്കിണർ എന്ന സങ്കൽപ്പത്തിലാണ് പദ്ധതിയുടെ ആസൂത്രണം.

1966 മുതൽ 93 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്കായി 435 കോടി രൂപ ചിലവാക്കുകയുണ്ടായി. ഇന്നത്തെ സ്ഥിതിയിൽ കേരളത്തിലെ ഗ്രാമങ്ങളിൽ മുഴുവൻ ശുദ്ധജലം എത്തിക്കുന്നതിന് 21 വർഷം എടുക്കും. നിലവിലുള്ള സ്ഥിതി ഇതായിരിക്കെ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഓരോ ഗ്രാമവും ജലസമ്പത്തിന്റെ കാര്യത്തിൽ സ്വാശ്രയത്വം നേടേണ്ടതുണ്ട്. വികേന്ദ്രീകൃതമായി വിന്യസിക്കപ്പെട്ടിരിക്കുന്ന ജലവിഭവം പ്രാദേശികമായി പരിപാലിക്കപ്പെടുക എന്ന പരിതസ്ഥിതി തത്വത്തിൽ ഊന്നിയുള്ള ജല സംരക്ഷണ വികസന പരിപാലന പ്രക്രിയ നടപ്പിലാക്കുകയാണ് വേണ്ടത്.

## പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

### *പ്രശ്നം :*

1. നെമ്മാറ വാട്ടർ സപ്ലേ സ്കീമിന്റെ ശുദ്ധീകരണശാല 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. 1, 10 വാർഡിൽകൂടിയാണ് നെമ്മാറ വരെയുള്ള പ്രധാന പൈപ്പ് ലൈൻ പോകുന്നതെങ്കിലും പ്രസ്തുത വാർഡുകാർക്ക് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.
2. പോത്തുണ്ടിയിൽ വൈദ്യുതി തടസ്സംകൊണ്ടും , വോൾട്ടേജ് ഇല്ലാത്തതുകൊണ്ടും ശുദ്ധജലം പമ്പിങ്ങ് ഇടയ്ക്കിടെ തടസ്സപ്പെടാറുണ്ട്.
3. 1995 -96 ൽ പോത്തുണ്ടി ഡാമിലെ ജലനിരപ്പ് താഴ്ന്നതിന്റെ ഫലമായി ശുദ്ധജല വിതരണത്തിൽ തടസ്സം നേരിടുകയുണ്ടായി. ഇതുകാരണം ഡാമിന് മുകളിൽ താൽക്കാലിക മോട്ടോർ ഘടിപ്പിച്ച് പമ്പിങ്ങ് സ്റ്റേഷനിലേക്ക് പമ്പിങ്ങ് നടത്തേണ്ട അവസ്ഥ വന്നിരുന്നു.

4. മഴക്കാലത്ത് പ്രധാന പൈപ്പുകളും ഗ്രാമപ്രദേശത്തെ പൈപ്പുകളും പൊട്ടി ശുദ്ധജലം പാഴായിപ്പോകുന്നുണ്ട്.

5. 12-ാം വാർഡിൽ ചെന്നംകോടിനടുത്ത് ശുദ്ധജല സംഭരണി സ്ഥാപിച്ചിട്ടുണ്ട്. പരിസരത്തുതന്നെ കരിങ്കൽ ക്വാറി പ്രവർത്തിക്കുന്നുണ്ട്. ഇത് ടാങ്ക് കേടുവരാൻ സാധ്യതയുള്ളതുകൊണ്ട് വേണ്ട നടപടി സ്വീകരിക്കണം.

6. വേനൽക്കാലത്ത് വെള്ളം കൂടുതൽ ആവശ്യമാണ്. ഇന്നുള്ള നെമ്മാറ ജലസംഭരണിയിലെ ജലം തുറന്ന് വിട്ടാൽ മണിക്കൂറുകൾക്കകം തീരുന്ന വെള്ളം മതിയാകാതെ വരുന്നുണ്ട്.

7. പോത്തുണ്ടി പമ്പിങ്ങ് സ്റ്റേഷനിൽ നിന്നും നെമ്മാറ സെക്ഷൻ ഓഫീസുമായി 8 കി. മീ. ദൂരമുണ്ട്. പമ്പിങ്ങ് സ്റ്റേഷനിലേക്ക് നിർദ്ദേശം പരസ്പരം അറിയിക്കുന്നതിന് സൗകര്യമില്ല. ലൈൻ തകരാറുകൾ തീർക്കാൻ നേരിൽ പോയി നിർദ്ദേശം കൊടുക്കുവാൻ താമസം നേരിടുന്നുണ്ട്.

8. നെമ്മാറ പഞ്ചായത്തിലും, സമീപ പ്രദേശത്തെ പഞ്ചായത്തുകൾക്കും ജലവിതരണ സംബന്ധമായ കാര്യങ്ങൾക്കും സ്വകാര്യ, പൊതുടാപ്പ് അനുവദിച്ച് കിട്ടുന്നതിന് കാലതാമസം നേരിടുകയും ചെയ്യുന്നുണ്ട്.

9. 6, 8, 9 വാർഡുകളിൽ രൂക്ഷമായ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇന്നുള്ള വിത്തനശ്ശേരി കുന്നമ്പാറ കുഴൽ കിണറിൽ കിട്ടുന്ന വെള്ളം പമ്പിങ്ങ് നടത്തി എല്ലാ പ്രദേശങ്ങളിലേക്കും എത്തിക്കാൻ കഴിയുന്നില്ല.

### *പരിഹാര മാർഗ്ഗം :*

1. 1, 10, 11 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു ജലസംഭരണി നിർമ്മിച്ച് അടിയന്തിരമായി പെപ്പ്ലൈൻ ഇട്ട് ശുദ്ധജലം എത്തിക്കുക.

2. പോത്തുണ്ടി പമ്പിങ്ങ് സ്റ്റേദനിൽ 150 കുതിരശക്തിയുള്ള ജനറേറ്റർ സ്ഥാപിക്കുക.

3. പോത്തുണ്ടി ഡാമിലെ ജലനിരപ്പ് കുടിവെള്ള ആവശ്യം മുൻനിർത്തി വേണം കൃഷി ആവശ്യത്തിന് തുറന്നുവിടാൻ. ജലനിരപ്പ് താഴ്ന്നതുകൊണ്ട് മുടങ്ങാതെ പമ്പിങ്ങ് നടത്താൻ ഡാമിന് മുകളിൽ ഒരു മോട്ടോർ ഘടിപ്പിക്കണം.

4. പൈപ്പ് ലൈനിൻെറ അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ ചെയ്തുതീർക്കുക.

5. കരിങ്കൽ ക്വാറിയുടെ പ്രവർത്തനം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. വല്ലങ്ങി പമ്പിങ്ങ് സ്റ്റേഷനിൽനിന്ന് ടി. ബി. കുന്നിലുള്ള ജലസംഭരണിയിലേക്ക് പമ്പിങ്ങ് നടത്തി പരിഹരിക്കുക. കണിമംഗലത്ത് കുഴൽക്കിണറിൽനിന്ന് ലൈനിലേക്ക് പമ്പിങ്ങ് നടത്തുക.

7. പോത്തുണ്ടി പമ്പിങ്ങ് സ്റ്റേഷനിലും, നെമ്മാറ സെക്ഷൻ ഓഫീസിലും ടെലഫോൺ സംവിധാനം ഏർപ്പെടുത്തുക. ഒരു ജീപ്പും ഒരു സെക്ഷൻ ക്ലാർക്കും അത്യാവശ്യമാണ്.

8. നെമ്മാറ വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസ് സബ് ഡിവിഷൻ ഓഫീസായി ഉയർത്തേണ്ടതാണ്.

9. 1. വിത്തനശ്ശേരി കുന്നംപാറ കുഴൽകിണറിന് സമീപത്ത് ടാങ്കു കെട്ടി വിതരണം ചെയ്യുക.

2. കൂട്ടക്കടവിൽ ഒരു ചെക്ക്ഡാം നിർമ്മിച്ച് ജലം ശുദ്ധീകരിച്ച് കവളപ്പാറയിൽ ടാങ്ക് കെട്ടി 6, 8, 9 വാർഡുകളിലേക്കുള്ള ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.

3. സുമാർ 1500 ളം ഹൗസ് കണക്ഷനും 500 ൽ കൂടുതൽ പബ്ലിക് ടാപ്പും എന്നിവയുള്ളതിനാൽ പോത്തുണ്ടിയിൽ നിന്നും മെയിൻ ലൈൻ ഇട്ട് പഞ്ചായത്തിൻെറ ഉയർന്ന പ്രദേശമായ കോട്ടേക്കുന്നിൽ ഒരു ടാങ്ക് നിർമ്മിക്കണം.

## അറ്റകുറ്റപ്പണികളും വൃത്തിയാക്കേണ്ട കിണറുകളും

| വാർഡ് | പ്രദേശം |
|---|---|
| 1 | നെല്ലിച്ചുവട്, കൊങ്ങാൾമട, അല്ലുവശ്ശേരി, ചെമ്മൻതോട്. |
| 2. | മുതലപ്പാറ, ആണ്ടികിണർ, അയിനംപാടം, ജി. ബി. എച്ച്. എസ്. |
| 3. | കണിമംഗലം ഗ്രാമത്തിലെ രാജാ കിണർ, ഇടിയംപൊറ്റ, കണിമംഗലം, കയ്പഞ്ചേരി, കിഴക്കംപാടം |
| 4. | നായർതറ കൊക്കർണ്ണി, മാർഗ്ഗശ്ശേരി, കൃഷ്ണാപുരം 2 എണ്ണം, പുതുഗ്രാമം |
| 5. | മാട്ടുപാറ, പാലപറമ്പ്, പേഴുംപാറ, കൃഷ്ണാപുരം കിഴക്കുവശം |
| 6. | കണ്ടംകുളം, നെല്ലിപ്പാടം, ആതനാട്, പഴതറക്കാട്, അറാകുളമ്പ് |
| 7. | 40 നാഴിക കിണർ, വെള്ളൂർതൊടി |
| 8. | പുളിക്കൽതറ, ഇടപ്പൊറ്റ, വിത്തനശ്ശേരി ലക്ഷംവീട് കോളനി |
| 9. | ബ്ലോക്കാഫീസിന് സമീപമുള്ള കിണർ, വിത്തനശ്ശേരി സ്കൂളിനു മുൻവശത്ത്, മുതലിമാർതറ, മുതലിമാർതറ കോവിലിനു സമീപുള്ള, പാക്കനാംപറമ്പ്, കൊശിനിപള്ളം (2), കവളപ്പാറ, ഇടക്കംപാടം, അപ്പംപാറ, ചെന്നക്കാലായ് 2 എണ്ണം |
| 10. | ചാത്തമംഗലം, നെല്ലിക്കാട്, ചാട്ടിയോട്, കൊല്ലയൻകാട്, പുത്തൻതോട്ട് 2 എണ്ണം |
| 11. | ചൊട്ടിപ്പാറ, കൊമ്പങ്കല്ല് 2 എണ്ണം, പോണ്ടിക്കൽ, ചാത്തമംഗലം, പന്തല്ലൂർ |
| 12. | കോക്കോട്, അയിനംപാടം, കയ്പഞ്ചേരി, മൃഗാശുപത്രി കിണർ |

# പൈപ്പ് ലൈൻ ആവശ്യമുള്ള പ്രദേശങ്ങൾ

| വാർഡ് | പ്രദേശം |
|---|---|
| 2 | കവറകുളമ്പ്, ആണ്ടിത്തറ, ചെമ്പോട്ടിലൈൻ |
| 3 | പുഴക്കൽതറയിൽനിന്ന് കിഴക്കംപാടം, ഖാദിബോർഡ് കേന്ദ്രം, വെണ്ണക്കുറ, മണ്ണാത്തികുളമ്പ്, കയ്പഞ്ചേരിതറ, കൽമുക്ക്തറ, ഇടിയംപൊറ്റ കോളനി, തിട്ടുംപുറം, കണിമംഗലം ഗ്രാമം മുതൽ വക്കാവ് റോഡ്, കോട്ടേക്കുന്ന് റോഡ്, പുഴക്കൽതറ |
| 4. | കമ്മാന്തറ, മാർഗ്ഗശ്ശേരി |
| 5. | പുത്തൻകുളം ലൈൻ, മാട്ടുപ്പാറ, തൊട്ടയകോളനി, അല്ലുവശ്ശേരി; പേഴുംപാറ, നിലംപതി |
| 6. | നെല്ലിപ്പാടം - സൗദാംബിക തിയ്യേറ്റർ പിൻഭാഗം വരെ, ആതനാടു കുളം വരെ, പുല്ലാനിക്കാട്, വെള്ളറ , പഴതറക്കാട് അംഗൻവാടി, നെടുങ്ങോട് 4 ഇടവഴിയിൽ |
| 7. | പാങ്ങിൽതൊടി, കളരി ഇടവഴി, നെല്ലിച്ചുവട് |
| 8. | കവളപ്പാറ 2 ഇടവഴിയിൽ, പുളിക്കൽതറ 2 ഇടവഴിയിൽ, ശിവൻകോവിലിനു മുന്നിലെ പൈപ്പുമുതൽ ഇടപ്പൊറ്റവരെ, കവളപ്പാറ - കൂട്ടക്കടവ്, ഊർകുളമ്പ്, മാരിയമ്മൻ കോവിൽ വരെ |
| 9. | ചെന്നക്കാലായ്, ഇടയ്ക്കംപാടം, പാക്കനാംപറമ്പ്, കണ്ണോട്, കൂട്ടക്കടവ്, പഴയറോഡ്, പുഴക്കൽ ഗ്രാമം, കൊശനിപ്പള്ളം 2 ഇടവഴിയിൽ, പടിവട്ടം കോളനി, മുതലിമാർതറ - തെക്കേതറ ഇടവഴി |
| 12. | ചേന്നൻകോട്, കോക്കോട്, കമ്മാന്തറ |

## പൊതു കിണർ ആവശ്യമുള്ള പ്രദേശങ്ങൾ

| വാർഡ് | പ്രദേശം |
|---|---|
| 1 | നെല്ലിച്ചുവട്, പൂങ്ങോട്, (R. B. C.) പോക്കാമട, അരുമ്പൂരപതി, തിരുത്തംപാടം, ഉറവുമട, അയർപ്പള്ളം, അല്ലുവശ്ശേരി, അകംപാടം |
| 2. | കല്ലംകോട്, പാപ്പാനി, ചെന്നൻകോട് |
| 3. | കിഴക്കംപാടം, വെണ്ണക്കുറ |
| 4. | കമ്മാന്തറ, മാർഗ്ഗശ്ശേരി |
| 5. | പേഴുംപാറ, വക്കാവ് |
| 6. | നെയ്തക്കോട്, പൊതുവായി, കണ്ടംകുളം |
| 8. | കവളപ്പാറ, പുഴയോരം, എടപ്പൊറ്റ |
| 9. | ചെന്നക്കാലായ്, പൊട്ടക്കുളം, വാമലക്കുതാഴെ, ഇടയ്ക്കംപാടം, പാക്കനാംപറമ്പ് |
| 10. | പുത്തൻതോട്ടം, ഒഴവപ്പാടം, കോതശ്ശേരി, വടക്കേകാട്, കൊല്ലയൻകാട്, അകംപാടം ചെറുത് |
| 11. | പന്തല്ലൂർ, ചൊട്ടിപ്പാറ, പുത്തൻതോട്ടം, ചാത്തമംഗലം, കൊല്ലയൻകാട്, പോണ്ടിക്കൽ, തേവർമണി, കൽനാട്, പേഴുംപാറ |
| 12. | ചെന്നങ്കോട്, കോക്കോട്, അയിനംപാടം, കമ്മാന്തറ, കല്ലംകോട് |

## കുഴൽ കിണർ ആവശ്യമുള്ള പ്രദേശങ്ങൾ

| വാർഡ് | പ്രദേശം |
|---|---|
| 1 | ചെമ്മൻതോട്, കുരിയല്ലൂർ, ഉറവുമട, അകംപാടം, നെല്ലിച്ചുവട്, കാഞ്ഞിരംകോട്, പോക്കാമട |
| 2. | അയിനംപാടം, തോട്ടാൻകുളത്തിന് സമീപം |
| 3. | പുഴക്കൽതറ, ഇടിയംപൊററ, കയ്പഞ്ചേരി, കൽമുക്ക്, ഏന്തൻപാത, കിഴക്കംപാടം, വെണ്ണക്കുറ |
| 4. | കമ്മാന്തറ, കൊശത്തറ |
| 5. | പേഴുംപാറ, വക്കാവ്കുന്ന് , കൂത്ത്മാടം |
| 6. | നെല്ലിപ്പാടം, പാറയ്ക്കൽ, തല്ലുപറമ്പ് , ആതനാട്, തെക്കേതറ, വെള്ളറ |
| 7. | പാങ്ങിലതൊടി, കളരി |
| 8. | ഇടപ്പൊററ, കവളപ്പാറ പുഴയോരം, പുളിക്കൽതറ, ചാണ്ടിച്ചാല |
| 9. | ചെന്നക്കാലായ് (2), ഇടയ്ക്കംപാം (2), പുളിയൻതോണി, വിത്തനശ്ശേരി തെക്കേതറ റോഡിനു സമീപം |
| 10 | നായ്ക്കർതറ, വടക്കേകാട്, ചാട്ടിയോട്, ചാത്തമംഗലം |
| 11 | കൊമ്പൻകല്ല്, തിട്ടുംപുറം, പാറശ്ശേരി, പന്തല്ലൂർ, അകംപാടം, ചൊട്ടിപ്പാറ , കൽനാട്, പേഴുംപാറ, പുത്തൻതോട്ടം, കൊല്ലയൻകാട് |
| 12 | കോതകുളത്തിന് സമീപം, കോക്കോട്, ചെന്നൻകോട്, നെല്ലിക്കാട്ടുപറമ്പ്, അയിനംപാടം തെക്കുമുറി |

## പ്രശ്നങ്ങൾ

നിലവിലുള്ള ലൈൻ ഒരടി ചുറ്റളവ് ഉള്ളതാണ്. എന്നാൽ നെമ്മാറ, അയിലൂർ, മേലാർകോട് പഞ്ചായത്തുകളിലായി സുമാർ 2200 ഉം ഹൗസ് കണക്ഷനാം 1000 പബ്ലിക് ടാപ്പും ഉണ്ട്. 7 ലക്ഷം വരുന്ന ഒരു ടാങ്കും 4 ലക്ഷം വരുന്ന ഒരു ടാങ്കുമുണ്ട്. വേനൽക്കാലങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് വെള്ളത്തിന്റെ കുറവ് ( ഡാം) എന്നിവ മൂലം സുമാർ 16 മണിക്കൂർ സമയം മാത്രമേ പമ്പിങ്ങ് നടക്കുന്നുള്ളൂ. 75 എച്ച്. പി. രണ്ട് മോട്ടർ നിലവിലുണ്ടെങ്കിലും നിലവിലുള്ള ലൈൻ ചെറുതായതിനാൽ ഇത്രയും ആവശ്യകാർക്ക് വേണ്ട വെള്ളം ലഭ്യമല്ല. അതിനാൽ ഒരു പുതിയ ലൈൻ രണ്ടടി വ്യാസം ഉള്ളതെങ്കിലും ഉണ്ടെങ്കിലേ യഥാസമയം വെള്ളം ലഭിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ പുതിയ ലൈൻ (ചാട്ടിയോട് - തിട്ടുംപുറം വഴി ) ആലംപാറയിലോ കോട്ടേക്കുന്നിലോ ഒരു ടാങ്ക് നിർമ്മിച്ച് അവിടേക്ക് ഇടണം. പുതിയ മോട്ടറും ആവശ്യമാണ്. പബ്ലിക് ടാപ്പിന്റെ മെയിൻറനൻസ് ചാർജ്ജിൽനിന്നും പഞ്ചായത്തിനെ ഒഴിവാക്കിതരണം. നെമ്മാറ ഒഴിച്ച് മററു പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഒഴിവാക്കിയാലും താൽക്കാലികമായി പ്രശ്നം തീരും. വേനൽക്കാലങ്ങളിൽ ഡാമിൽ വെള്ളം കുറയുന്നതുകൊണ്ട് ശുദ്ധീകരണ ശാല കോമ്പൗണ്ടിൽ തന്നെ മലമ്പുഴയിലുള്ള മാതിരി മോട്ടോർ ലൈനിൽ തന്നെ ഘടിപ്പിച്ച് വെള്ളമെടുക്കാൻ സൗകര്യമുണ്ടാക്കണം.

സൗരോർജ്ജ മോട്ടോർ ശുദ്ധീകരണ ശാലയിൽ ഫിറ്റ് ചെയ്യേണ്ടതാണ്. വെള്ളം, വെളിച്ചം എന്നിവ എത്താത്ത കുന്നിൻ ചരിവുകളിൽ സൗരോർജ്ജ മോട്ടോർ ഘടിപ്പിച്ച് കുഴൽകിണർ കുഴിച്ച് ശുദ്ധജല വിതരണം നടത്താവുന്നതുമാണ്.

# കുടിവെള്ളവും പൊതുജനാരോഗ്യവും

### *പട്ടിക 1*

### ശുദ്ധജല സ്രോതസ്സുകളും , ശുദ്ധജല ടാപ്പുകളുടേയും, പൊതുജല സംഭരണിയേയും സംബന്ധിച്ച്

| പൊതു കിണറുകൾ | | കുഴൽ കിണറുകൾ | | ശുദ്ധജലടാപ്പുകളും കണക്ഷൻ | |
|---|---|---|---|---|---|
| വെള്ളമുള്ളത് | വെള്ളമില്ലാത്തതും/ പ്രവർത്തനരഹി | ഉപയോഗിക്കുന്ന കുഴൽ കിണറുകൾ | വെള്ളമില്ലാത്ത കിണറുകൾ | പൊതു ടാപ്പുകൾ | സ്വകാര്യ കണക്ഷൻ |
| 112 | 65 | 20 | 4 | 524 | 1657 |

## നടപ്പിലാക്കാവുന്ന ചില നിർദ്ദേശങ്ങൾ

1. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ കുഴിച്ചും വരമ്പുകൾ ഇട്ടും മഴവെള്ളം സംഭരണം വർദ്ധിപ്പിക്കാവുന്നതാണ്.

2. മഴവെള്ള സംഭരണത്തിന് കുഴികളും, പൊട്ടകിണറുകളും, കുളങ്ങളും ഉപയോഗപ്പെടുത്തുക.

3. നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകൾ ഇടുക. സാധ്യതയുള്ള പ്രദേശത്ത് തടയിണ നിർമ്മിക്കുക.

4. പൊതുസ്ഥലങ്ങളിലും, വൃക്ഷം വച്ചുപടിപ്പിക്കാവുന്ന സ്ഥലങ്ങളിലും വൃഷം നട്ടുവളർത്തുക.

5. മഴവെള്ളം പെട്ടെന്ന് ഒഴുകിപ്പോകാതെ നോക്കുക.

6. തുറന്ന കിണർ അടച്ചുവയ്ക്കുക. ബ്ലീച്ചിങ്ങ് പൗഡറിട്ട് ശുദ്ധിയായി സൂക്ഷിക്കുക

7. സന്നദ്ധ പ്രവർത്തനത്തിലൂടെ കിണറുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുക. പൊതുകിണറുകൾ വൃത്തിയാക്കി ജലമലിനീകരണം തടയാൻവേണ്ട പ്രായോഗിക പരിപാടി തയ്യാറാക്കുക.

8. നീതിപൂർണ്ണമായ ശുദ്ധജലവിതരണത്തിന് കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ഗ്രാമ പഞ്ചായത്തുകളെ ഏൽപിക്കേണ്ടതാണ്.

9. വേനൽക്കാലങ്ങളിൽ സ്വകാര്യമേഖലയിലുള്ളതും പൊതുജനങ്ങൾ ഉപയോഗിക്കുന്നതുമായ കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സംവിധാനം ഉണ്ടാക്കണം.

10. പോത്തുണ്ടിയിൽ വെറും 7 ക്വാർട്ടേഴ്സുകൾക്കുവേണ്ടി നനിലവിൽ 2 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഒരു ടാങ്ക് ഉണ്ട്. ഈ ടാങ്കിൽനിന്നും വെള്ളം പൊതുജനങ്ങൾക്ക് നൽകാൻ സൗകര്യം നൽകണം.

# പൊതുജനാരോഗ്യം

തെന്മലയുടെ താഴ്‌വരയിൽ ജനജീവിതം മുമ്പ് ഇന്നത്തേതുപോലെയായിരുന്നില്ല. വൻകാടുകളാൽ മറഞ്ഞുനിൽക്കുന്ന പ്രദേശമായിരുന്നു നെന്മാറ പഞ്ചായത്തിലെ പല ഭാഗങ്ങളും. മലമ്പനി, വസൂരി എന്നീ മാരകരോഗങ്ങളാൽ ആയിരങ്ങൾ മരണപ്പെട്ട കാലം ഉണ്ടായിരുന്നു. രോഗശാന്തിക്കായി ചരടു ജപിച്ചുകെട്ടുക, മന്ത്രവാദം ചെയ്യുക, കാവിൽ വഴിപാടു നടത്തുക തുടങ്ങിയ ആചാരങ്ങളും, നാട്ടുവൈദ്യന്മാരുടെ സേവനങ്ങളുമാണ് അക്കാലത്തെ ചികിത്സാരീതി. 1894ൽ കൊച്ചിരാജാവിന്റെ ഭരണകാലത്താണ് നെന്മാറയിൽ ആശുപത്രി സ്ഥാപിതമായത്. അക്കാലത്ത് ജില്ലയുടെ പല ഭാഗങ്ങളിൽനിന്നും ആധുനികചികിത്സക്കുവേണ്ടി ധാരാളംപേർ നെന്മാറയിലേക്ക് വന്നിരുന്നു. പ്രസിദ്ധ അലോപ്പതി ഡോക്ടർമാരുടേയും ആരോഗ്യരക്ഷാപ്രവർത്തകരുടേയും സേവനം ലഭ്യമായതോടെ നാട്ടുകാർക്ക് മാരകരോഗങ്ങളിൽനിന്ന് മുക്തി നേടുന്നതിന് കഴിഞ്ഞു. അക്കാലങ്ങളിൽ മാതൃശിശു മരണനിരക്ക് വളരെ കൂടുതലായിരുന്നു. നമ്മുടെ പഞ്ചായത്തിൽ നെൻമാറ ഗവൺമെന്റ് ആശുപത്രിക്കുപുറമെ മൂന്ന് സബ്സെന്ററുകളും ഒരു റൂറൽ ഡിസ്പൻസറിയും, ഒരു ആയുർവേദ ആശുപത്രിയും, ഒരു സ്വകാര്യ ആശുപത്രിയും, ഒരു സഹകരണ ആശുപത്രിയും, ഏഴ് ആയുർവേദമരുന്നുകടകളും, ഒമ്പത് ഇംഗ്ലീഷ് മരുന്നുകടകളും, ഒരു ഹോമിയോ മരുന്നുകടയും, സ്വകാര്യമേഖലയിൽ രണ്ടു ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു. ഇത്രയേറെ ആരോഗ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ പൊതു ആരോഗ്യനിലവാരം മെച്ചമാണെന്നു പറയാൻ കഴിയില്ല.

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ** (പട്ടിക -1)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1. | ഗവ. ആശുപത്രി നെന്മാറ | അലോപ്പതി | സ്വന്തം | 53 | 1892 ഏപ്രിൽ 27 | സ്ഥലസൗകര്യക്കുറവ് ജീവനക്കാരുടെ അഭാവം |
| 2. | ജി.ആർ.ഡി. പോത്തുണ്ടി | അലോപ്പതി | സ്വന്തം | 3 | 1962 | ജീവനക്കാരില്ല. |
| 3. | സബ്സെന്റർ, കൊമ്പൻകല്ല് | അലോപ്പതി | സ്വന്തം | 1 | – | ജീവനക്കാരില്ല. അറ്റകുറ്റപ്പണി നടത്തണം കുഴൽക്കിണർ ശരിയാക്കണം. |
| 4. | സബ്സെന്റർ,വല്ലങ്ങി (വിത്തനശ്ശേരി) | അലോപ്പതി | സ്വന്തം | 1 + 1 | – | അറ്റകുറ്റപ്പണി നടത്തണം വെള്ളം വേണം. |
| 5. | സബ് സെന്റർ, കയ്പഞ്ചേരി | അലോപ്പതി | സ്വന്തം | 1 + 1 | – | ഫർണീച്ചർ വേണം. |
| 6. | സബ് സെന്റർ, ചാത്തമംഗലം | അലോപ്പതി | ഇല്ല | 1 | – | – |
| 7. | ഗവ. ആയുർവേദ ഡിസ്പെൻസറി | ആയുർവേദം | | | | സ്ഥലസൗകര്യക്കുറവ് |
| 8. | സബ് സെന്റർ, പോത്തുണ്ടി | അലോപ്പതി | ഇല്ല | 1 + 1 | – | – |

### താഴെ പറയുന്ന സ്ഥലങ്ങളിൽ സബ് സെന്റർ ആവശ്യമാണ്. (പട്ടിക-2)

| വാർഡ് / സ്ഥലം | അലോപ്പതി | ആയുർവേദം | ഹോമിയോ |
|---|---|---|---|
| ചെമ്മൻതോട് 1,11 | | | ✓ |
| കമ്മാന്തറ 4, 12 | | | ✓ |
| വല്ലങ്ങി 7, 6 | | ✓ | |
| ചാത്തമംഗലം 10,11 | | ✓ | |
| വിത്തനശ്ശേരി 6, 8, 9 | | ✓ | ✓ |
| പേഴുംപാറ 1, 5, 10, 11 | | ✓ | ✓ |

### പ്രശ്നപരിഹാരങ്ങൾ :

1. ശതാബ്ദി പൂർത്തിയായ നെന്മാറ ഗവ. ആശുപത്രിയിലെ പോരായ്മകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.
2. കാലപ്പഴക്കത്താൽ ജീർണ്ണിച്ച ആശുപത്രി വാർഡുകൾ പുതുക്കിപ്പണിയേണ്ടതാണ്. ചുറ്റുമതിൽ അനിവാര്യമാണ്.
3. ശുദ്ധജലവിതരണത്തിനായി പ്രത്യേക ജലസംഭരണി ആശുപത്രിയിൽ സ്ഥാപിക്കണം.
4. മോർച്ചറി, പോസ്റ്റുമോർട്ടം റൂം എന്നിവ നിർമ്മിക്കണം.
5. ഈ ആശുപത്രിയെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയെങ്കിലും അതനുസരിച്ചുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരേയോ മറ്റു ജീവനക്കാരേയോ നിയമിച്ചിട്ടില്ല.
6. നിലവിലുള്ള KHRWS പേ വാർഡിൽ സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തണം.
7. നെന്മാറ ബ്ലോക്ക് അടിസ്ഥാനമായി ഒരു Mother PHC ആവശ്യമാണ്.
8. നെന്മാറ പഞ്ചായത്തിലെ !, X വാർഡുകളുടെ കേന്ദ്രമായ പോത്തുണ്ടിയിൽ നിലവിലുള്ള റൂറൽ ഡിസ്പെൻസറി PHC ആയി ഉയർത്തണം.
9. നിലവിലുള്ള ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തണം. കെട്ടിടങ്ങൾ നിർമ്മിക്കണം.
10. ചാത്തമംഗലത്തെ സബ്സെന്റർ തുറന്ന് പ്രവർത്തനം പുനരാരംഭിക്കണം.
11. കൊമ്പൻകല്ല് സബ്സെന്റർ കെട്ടിടത്തിന്റേയും, ക്വാർട്ടേഴ്സിന്റേയും അറ്റകുറ്റപ്പണികൾ നടത്തണം. നിലവിലുള്ള കുഴൽക്കിണർ ഉപയോഗയോഗ്യമാക്കണം.
12. വല്ലങ്ങി (വിത്തനശ്ശേരി) സബ്സെന്ററിന്റെ അറ്റകുറ്റപ്പണികളും ജലം ലഭിക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്.
13. കയ്പഞ്ചേരി സബ് സെന്ററിന് ഫർണീച്ചർ ആവശ്യമാണ്.
14. നെന്മാറ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഓഫീസ് സൗകര്യം ഏർപ്പെടുത്തണം.
15. ആരോഗ്യരംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി കാലഹരണപ്പെട്ട മദ്രാസ്സ് പബ്ലിക് ഹെൽത്ത് ആക്ടും, ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും കാലോചിതമായി പരിഷ്കരിക്കുക.

16. പുകവലി, മദ്യപാനം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ സ്കൂൾതലംമുതൽ ബോധവൽക്കരണം നടത്തേണ്ടതാണ്.

17. ശുദ്ധജലടാങ്കുകൾ യഥാസമയം വൃത്തിയാക്കണം.

നെന്മാറ ഗവ. ആശുപത്രിയിലെ കുട്ടികളുടേയും ഗർഭിണികളുടേയും 1995-96 വർഷത്തെ പ്രതിരോധ കുത്തിവെയ്പ് നടത്തിയതിന്റെ വിവരങ്ങൾ താഴെ പറയുംപ്രകാരമാണ്.

പട്ടിക-3

| | | Male | Female |
|---|---|---|---|
| 1. | BCG | 381 | 331 |
| 2. | DPT 1st Dost | 466 | 230 |
| 3. | DPT IInd dose | 332 | 380 |
| 4. | DPT 3rd dose | 291 | 382 |
| 5. | OPV 2nd dose | 332 | 384 |
| 7. | OPV 3rd dose | 291 | 382 |
| 8. | DT 1st dose | 71 | 68 |
| 9. | DT 2nd dose | 48 | 65 |
| 10. | Measles | 269 | 195 |
| 11. | Tetnus Toxoid 1st Dose | | 161 |
| 12. | Tetnus Toxoid 2nd Dose | | 116 |

## പരിസര ശുചിത്വം

പരിസര മലിനീകരണത്തിന് ഇടയാക്കുന്ന വ്യവസായസ്ഥാപനങ്ങളൊന്നും നമ്മുടെ പഞ്ചായത്തിലില്ല. നമ്മുടെ പഞ്ചായത്തിൽ ശുചീകരണപ്രവർത്തനങ്ങൾ ആവശ്യാനുസരണം നടന്നുകാണുന്നില്ല എന്ന പരാതി ഗ്രാമസഭകളിൽ വ്യാപകമായി ഉയർന്നുവന്നിരുന്നു.

1. വീടുകളിൽനിന്നും വ്യാപാരസ്ഥാപനങ്ങളിൽനിന്നമുള്ള പാഴ്വസ്തുക്കളും മറ്റും പൊതുനിരത്തിൽ നിക്ഷേപിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. നമ്മുടെ പഞ്ചായത്തിനെ മാലിന്യവിമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ ചപ്പുചവറുകളും പാഴ്വസ്തുക്കളും നിക്ഷേപിക്കുന്നതിനും നശിപ്പിക്കുന്നതിനും പ്രത്യേകം സ്ഥലം കണ്ടെത്തണം.
2. തെരുവുകളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കുകയും അവ യഥാസമയം ശുചീകരണം നടത്തുകയും വേണം. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഒരു ട്രെയിലർ ഘടിപ്പിച്ച ട്രില്ലർ ആവശ്യമാണ്.
3. ഇപ്പോൾ ശുചീകരണപ്രവർത്തനങ്ങൾ തീരെ നടക്കാത്ത വിത്തനശ്ശേരി, കണിമംഗലം, അയിനംപാടം അളുവശ്ശേരി എന്നിവിടങ്ങളിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## രോഗസംക്രമണം



## രോഗാതുരത സംബന്ധിച്ച വിവരങ്ങൾ (പട്ടിക-4)

| വർഷം | ഇൻപഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | ത്വക്ക് രോഗം | വാതരോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പുകടി etc,) | മറ്റുള്ള രോഗങ്ങൾ | ആകെ | |
|---|---|---|---|---|---|---|---|---|---|
| 1992-93 | .5539 | 42681 | 2320 | 1422 | 12539 | - | 31939 | 48220 | Alopathy |
| 1993-94 | 4902 | 33129 | 2692 | 2125 | 3466 | - | 29748 | 38031 | Alopathy |
| 1994-95 | 3375 | 22193 | 1134 | 931 | 1635 | - | 21868 | 26668 | Alopathy |
| 1995-96 | 3649 | 25782 | 1415 | 1434 | 1947 | - | 24635 | 2943 | Alopathy |
| | | 4656 | 414 | 3210 | 14 | - | 1018 | 4656 | Ayurveda |

## പകർച്ചവ്യാധി വിവരങ്ങൾ (പട്ടിക-5)

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993–94 | 110 | 76 | 4 | 210 |
| 1994–95 | 77 | 13 | 6 | 147 |
| 1995–96 | 14 | 77 | 144 | 219 |

### സാനിറ്റേഷൻ

ശുചിത്വത്തിന്റെ കാര്യത്തിൽ നാം ഏറെ മുന്നിലാണ്. ഇതിൽ പരിസരശുചിത്വം പാലിക്കാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. നമ്മുടെ പഞ്ചായത്തിൽ 45% വീടുകളിലും കക്കൂസ് ഇല്ല. ഗ്രാമപ്രദേശങ്ങളിലെ പൊതുനിരത്തിന് ഇരുവശങ്ങളിലും തുറന്ന സ്ഥലങ്ങളിലും മലവിസർജ്ജനം നടത്തുന്നതുകൊണ്ട് പിള്ളവാതം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, വിരശല്യരോഗങ്ങൾ, വയറിളക്കരോഗങ്ങൾ എന്നിവ താരതമ്യേന കൂടുതൽ കണ്ടുവരുന്നു. എല്ലാ ഗ്രാമസഭകളിലും ഉയർന്നുവന്ന പ്രധാനനിർദ്ദേശം എല്ലാ ഭവനങ്ങളിലും നിർബന്ധമായും കക്കൂസ് സൗകര്യം ഉണ്ടായിരിക്കണം എന്നതാണ്. ഗവ. നടപ്പിലാക്കുന്ന CRSP/JRY പദ്ധതികൾ പ്രകാരമുള്ള കക്കൂസ് നിർമ്മാണം നമ്മുടെ പഞ്ചായത്തിൽ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ വീടിനും കക്കൂസ് എന്ന ആശയം മുൻനിർത്തി പഞ്ചായത്തിലെ 4–ാം വാർഡിൽ പഞ്ചായത്തംഗം ശ്രീ എൻ.കെ. വെങ്കിടേശ്വരന്റെ നേതൃത്വത്തിൽ ബഹുജനപങ്കാളിത്തത്തോടെ കമ്മാന്തറ സാനിറ്റേഷൻ സ്കീം എന്ന പദ്ധതി ദ്രുതഗതിയിൽ നടന്നുവരുന്നു. ഈ പദ്ധതി പൂർത്തിയാവുന്നതോടെ 100% വീടുകളിലും കക്കൂസ് എന്ന ബഹുമതിക്ക് 4–ാം വാർഡ് അർഹമായിത്തീരും ഈ സംരംഭം പാലക്കാട് ജില്ലയിൽ ആദ്യത്തേതാണ്. ഈ പദ്ധതി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. ഇതിന് ആവശ്യമായ വിഭവസമാഹരണം സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്നും സന്നദ്ധപ്രവർത്തനങ്ങളിലൂടെയും സ്വരൂപിക്കാവുന്നതാണ്.

### പൊതു ശ്മശാനം

മുൻകാലങ്ങളിൽ പുഴയോരങ്ങളിലാണ് ശവസംസ്കാരം നടത്തിയിരുന്നത്. കയ്യേറ്റങ്ങളാലും ജനാധിക്യം മൂലവും ഇന്ന് പുഴയോരങ്ങളിൽ ശവസംസ്കാരം സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുന്നു. വിവിധ സമുദായക്കാർ തങ്ങളുതോയ പ്രത്യേകം ശ്മശാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിന്റെ അധീനതയിൽ നാനാജാതി മതസ്ഥർക്കുമായി പൊതു ശ്മശാനം അനിവാര്യമാണ്.

ശ്മശാനം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും മരണാനന്തരക്രിയകൾ അനുഷ്ടിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം. പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങൾ ഉണ്ട്.

താഴെ പറയുന്ന പ്രദേശങ്ങളിൽ പൊതു ശ്മശാനം ആവശ്യമാണ്.

| വാർഡ് | പ്രദേശം |
|---|---|
| 1. | ചെമ്മൻതോട്, തിരുത്തംപാടം കോളനി, അകമ്പാടം |
| 2, 12 | ആറുപറക്കാട് |
| 5. | ചേരുംകാട് |
| 6. | നെടുങ്ങോട്, നെല്ലിപ്പാടം, വാക്കോട് കേന്ദ്രീകരിച്ച് ഒരു ശ്മശാനവും, (കണ്ണോട്) |
| 8. | ഇടപ്പൊറ്റ, നെന്മാറപ്പാടം |
| 9. | കൂട്ടക്കടവ്, കുമ്പളക്കോട് |
| 10. | അകമ്പാടം, കോതശ്ശേരി, അയ്യപ്പൻപാറ |
| 11. | പുത്തൻ തോട്ടം, കൊല്ലയങ്കാട് |

കുറിപ്പ് : പുതിയതായി നിർമ്മിക്കുന്ന ശ്മശാനങ്ങളിലേയ്ക്കും, നിലവിലുള്ള കോട്ടാങ്കുന്ന് ശ്മശാനത്തിലേയ്ക്കും റോഡും വെളിച്ചവും അത്യാവശ്യമാണ്.

## യോഗകേന്ദ്രവും ജിംനേഷ്യവും

ലോകപ്രശസ്ത യോഗവിദ്യാപ്രചാരകനായ ശ്രീ പറക്കുംസ്വാമിയുടെ ജന്മനാടായ നെന്മാറയിൽ ജനതയുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഒരു യോഗകേന്ദ്രവും ഒരു ജിംനേഷ്യവും നെന്മാറ പാർക്കിൽ ഓപ്പൺ എയർ തിയറ്റർ പരിസരത്ത് സ്ഥാപിക്കേണ്ടതാണ്.

# ഗതാഗതവും ഊർജ്ജവും മാർക്കറ്റും

അക്കരെയിക്കരെയെത്താൻ നമുക്കു
പാലം വേണം ചങ്ങാതി.
ഇരുകരകളിലോടാൻ നമുക്കു
പാതകൾ വേണം ചങ്ങാതി.
സൂര്യനുറങ്ങിപ്പോയാൽ നമുക്കു,
ദീപം വേണം ചങ്ങാതി.
നമ്മുടെ നെല്ലും കനിയും വില്ക്കാൻ
ചന്തകൾ വേണം ചങ്ങാതി.
നാടിനു വേണ്ടി നാമെല്ലാം
വേലകൾ ചെയ്യണം ചങ്ങാതി.

നമുക്കു വേണം നല്ലൊരു മാർഗ്ഗം,
നമുക്കുവേണം നല്ലൊരു ദീപം,
നമുക്കു വേണം നല്ലൊരു ചന്ത,
നാടിനു വേണം ഇവയെല്ലാം.

നമുക്കു നാമേ പണിവതു നാകം,
നരകവുമതുപോലെ,
നമ്മുടെ നാട്ടിൻ നാളെയ്ക്കായി
കൈകോർക്കുക നാം നന്മയ്ക്കായി.

# അവതാരിക

നാടിന്റെ വികസനത്തിൽ റോഡിന്റെ പങ്ക് പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. തുല്യ പ്രാധാന്യം ഊർജ്ജ സ്രോതസ്സിനുമുണ്ട്.

കാർഷിക മേഖലയായ ഈ ഗ്രാമപഞ്ചായത്തിന്റെ ഒരു പ്രധാന ആവശ്യം പുതിയ റോഡുകൾ നിർമ്മിക്കലും വൈദ്യുതി ലൈനുകൾ പുതിയതായി സ്ഥാപിക്കലും ആണ്.

ഗ്രാമപ്രദേശങ്ങളിലെ കർഷകരെ സഹായിക്കുക എന്നത് ദേശത്തിന്റെ ആവശ്യമാണ്. കാർഷികോല്പന്നങ്ങൾ, അവ കാളവണ്ടി, പോത്തുവണ്ടി എന്നിവയുടെ സഹായത്തിലായാലും ഇന്ധനം ഉപയോഗിച്ചുള്ള വാഹനങ്ങളുടെ സഹായത്തിലായാലും വിപണിയിലെത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നല്ല റോഡുകൾ ഉണ്ടാക്കി അവ ശരിയായ രീതിയിൽ അറ്റകുറ്റ പണികൾ ചെയ്തുകൊണ്ടിരുന്നാൽ ഉൽപന്നങ്ങൾ വണ്ടികളിൽ വലിച്ചുകൊണ്ട് പോകുന്ന മൃഗങ്ങളുടെ കേവുഭാരം കുറയും. അതുപോലെ നല്ല റോഡുകളിലൂടെ ഏതു മോട്ടോർ വാഹനവും ഓടിക്കുമ്പോൾ ഇന്ധനക്ഷമത വർദ്ധിക്കും. തദ്വാരാ ദേശത്തിന് ലാഭം ഉണ്ടാകും. ഇപ്പോൾ തന്നെ വളരെ വില കൂടിയ ഇന്ധനങ്ങളാണ് പെട്രോൾ, ഡീസൽ എന്നിവ. നല്ല റോഡുകൾ ഉണ്ടെങ്കിൽ മാത്രമെ ഇന്ധനക്ഷമത ഉണ്ടാകൂ.

കൊച്ചി രാജാവിന്റെ ഭരണകാലത്തുണ്ടായിരുന്ന “മെറ്റൽ റോഡുകൾ താഴെ പറയുന്നവയാണ്.

1. അയിലൂർ – നെന്മാറ റോഡ്
2. കല്ലങ്കോട്– കുമ്പളക്കോട്ട് റോഡ്
3 നെന്മാറ – നെല്ലിയാമ്പതി മലമ്പാത

നെന്മാറയിൽ പോത്തുണ്ടി അണക്കെട്ട് വന്നതോടെ ഇന്നു കാണുന്ന നിലവാരത്തിലേക്ക് മേൽപ്പറഞ്ഞ മൂന്നാമത്തെ റോഡ് നിർമ്മിച്ചു.

മേല്പറഞ്ഞ ഒന്നും രണ്ടും റോഡുകൾ ഏകദേശം 20 കൊല്ലങ്ങൾക്കു മുന്നു മാത്രമാണ് ശരാശരി നിലവാരം പുലർത്തുന്ന റോഡുകളായി മാറിയത്.

ഈ റോഡുകൾ അടക്കം നെന്മാറ പഞ്ചായത്തിൽ താഴെ പട്ടികയിൽ കൊടുത്ത രീതിയിൽ 8 പൊതു മരാമത്തു വകുപ്പു റോഡുകൾ ഗ്രാമപഞ്ചായത്തിന്റെ 10 ഭാഗങ്ങളിലൂടെ പോകുന്നവയാണ്. മൊത്തം 28.5 KM നീളവും ശരാശരി 4.1 മീറ്റർ വീതിയുമുള്ള PWD റോഡാണുള്ളത്. പഞ്ചായത്തിന്റെ 12 വാർഡുകളിലൂടെയും PWD റോഡ് ഉണ്ട്.

## I (1) പഞ്ചായത്തിലെ P.W.D റോഡുകൾ

കുറിപ്പ് : 1. വീതി ടാറിട്ട ഭാഗം മാത്രം കുറിച്ചിരിക്കുന്നു.
2. താഴെ 1 ൽ കൊടുത്ത റോഡ് സംസ്ഥാന ഹൈവേ ആണ്.

| റോഡ് നം | റോഡിന്റെ പേര് ആരംഭം | അവസാനം | നീളം കി.മീ. | വീതി മീറ്റർ | കടന്നുപോകുന്ന പ്രധാന പ്രദേശം |
|---|---|---|---|---|---|
| 1 | കുമ്പളക്കോട് | കോളേജ് റോഡ് ടാങ്ക് (കല്ലാങ്കോട്) | 6.0 | 5.0 | വിത്തനശ്ശേരി, വല്ലങ്ങി, നെന്മാറ കവല, അയിനം പാടം, കല്ലേങ്കോട് |
| 1A | വാട്ടർ വർക്സ് | വല്ലങ്ങി | 0.4 | 6.0 | ബൈപാസ് |
| 2 | ഫോറസ്റ്റാഫീസ് | മേലാർകോട് | 0.1 | 3.0 | അന്താഴി റോഡ് |
| 3 | നെന്മാറ | ഇടിയംപൊറ്റ | 4.5 | 4.0 | കണിമംഗലം, കൽമുക്ക് |
| 3A | ഇടിയംപൊറ്റ | കയ്പഞ്ചേരി | 0.5 | 4.0 | കയ്പഞ്ചേരി |
| 4 | നെന്മാറ | പോത്തുണ്ടി | 8.0 | 5.0 | അളുവശ്ശേരി, പേഴുമ്പാറ, തേവർമണി, അകമ്പാടം, ചെമ്മൻതോട്, പോത്തുണ്ടി |
| 5 | വല്ലങ്ങി | ഇടപ്പൊറ്റ | 1.5 | 3.0 | ശിവക്ഷേത്രം |
| 6 | ബസ്സ്റ്റാന്റ് | പാപ്പാനി | 2.0 | 3.0 | തവളാക്കുളം |
| 7 | ബ്ലോക്കാഫീസ് | കൂടല്ലൂർ | 1.5 | 4.0 | കവളപ്പാറ, കൂട്ടക്കടവ്. |
| 8 | പേഴുമ്പാറ | തളിപ്പാടം | 4.0 | 4.0 | പുത്തൻതോട്ടം, കൊല്ലയങ്കാവ് ചാത്തമംഗലം |

## I (2): P.W.D റോഡുകൾ – പ്രശ്നങ്ങൾ

1) ഈ റോഡുകളുടെ അറ്റകുറ്റ പണികൾ കൃത്യസമയത്തു P.W.D ചെയ്യാറില്ല.

2) ഓവുചാലുകൾ പല ഭാഗങ്ങളിലും ഇല്ല. ഉള്ളവയെല്ലാം യാതൊരു പൊരുത്തവും ഇല്ലാത്ത വീതിയിൽ നിർമ്മിച്ചവയും മുകളിൽ സ്ലാബില്ലാത്തവയും റോഡിലെ മണ്ണും, ചവറും നിറഞ്ഞ് ഒഴുക്കിന് തടസ്സമുള്ളവയും കെട്ടികിടക്കുന്ന വെള്ളം മൂലം കൊതുകു പെരുകുന്നവയുമാണ്.

പഞ്ചായത്തിലെ പരിമിതമായ തൂപ്പുകാരെക്കൊണ്ട് അനുദിനം ഇത്രയും ഭാഗം വൃത്തിയാക്കുവാൻ സാധ്യമല്ല.

പഞ്ചായത്തു ഫണ്ട് പരിമിതമായതിനാൽ ഈ ചാലുകൾ പരിപാലിക്കുവാനുള്ള ബാധ്യത ഏറ്റെടുക്കുവാൻ സാധ്യമല്ല.

3) P.W.D യും ടെലികോം വകുപ്പും പരസ്പരം ആലോചിക്കാതെ അവരുടെ പണികൾ ചെയ്യുന്നതിനാൽ പലപ്പോഴും റോഡ് പുതുതായി പണിത ഉടനെ ടെലികോംകാർ കുത്തിപൊളിക്കുന്നത് അനു

ഭവമാണ്. ടെലികോംകാർ അവ നേരാക്കാറില്ല. P.W.D കാർ പിന്നീട് അത് അതുപോലെയിടുന്നു. ആകയാൽ തുടർച്ചയായി ഒരു P.W.D റോഡും കുറെയേറെകാലം നല്ലനിലയിൽ നില്ക്കാറില്ല.

4) പല സ്ഥലങ്ങളിലും ഷോൽഡൽ ലൈൻ വളരെ താഴ്ചയിലാണ്. ഇവ അപകടമുണ്ടാക്കുന്നു.

5) പൊതുവെ നല്ല ഗുണനിലവാരമുള്ള റോഡ് നിർമ്മിക്കാത്തതിനാൽ എപ്പോഴും റോഡുകളുടെ ശോചനീയാവസ്ഥ തുടരുന്നു.

6) ബൈപാസ് റോഡ് ആരംഭം മുതൽക്കുതന്നെ നല്ല ഗുണനിലവാരമില്ല.

7) വർദ്ധിച്ചുവരുന്ന ഉപയോഗം കണക്കിലെടുത്ത് നിലവിലുള്ള റോഡുകൾ വീതി കൂട്ടാറില്ല.

8) പല ഭാഗങ്ങളിലും റോഡരുകൾക്ക് പാർശ്വഭിത്തികളില്ലാത്തതിനാൽ റോഡുകൾ ഒലിച്ചു പോകുന്നു.

9) വീനസ് പ്ലൈവുഡ് (കണിമംഗലം), R.G.M. മുൻവശം എന്നിവിടുത്തെ കുത്തനെയുള്ള കയറ്റം ഭാരവണ്ടി, സൈക്കിൾ, എന്നിവയുടെ ഗതാഗതം ദുസ്സഹമാക്കുന്നുണ്ട്.

10) വിത്തനശ്ശേരി സ്കൂൾ മുൻവശം, ബൈപാസ്, കൽമുക്ക് എന്നിവിടങ്ങളിൽ കൽവെർട്ടില്ലാത്തതിനാൽ എപ്പോഴും റോഡ് പൊട്ടികിടക്കുന്നു.

### I (3) പരിഹാര നിർദ്ദേശങ്ങളും ആവശ്യങ്ങളും

1) മേല്പറഞ്ഞ പ്രശ്നങ്ങൾക്കെല്ലാം P.W.D പരിഹാരം കാണേണ്ടതാണ്.

2) നെന്മാറ കൂടല്ലൂർ–കൊടുവായൂർ–പാലക്കാട് റോഡ് നെന്മാറയിൽനിന്നും നെല്ലിയാംപതിയിൽനിന്നും ജില്ലാ തലസ്ഥാനത്തേക്കുള്ള ഏറ്റവും ദൂരം കുറഞ്ഞ റോഡാണ്. ഇത് നെല്ലിയാംപതിക്കുള്ള 'ടൂറിസവികസനം' കണക്കിലെടുത്ത് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേക്ക് ഉയർത്തേണ്ടതാണ്.

3) മംഗലം ഗോവിന്ദാപുരം റോഡ് അന്തർ സംസ്ഥാന റോഡിന്റെ ഭാഗമാണ്. തൃശൂരിൽ നിന്നും പൊള്ളാച്ചിക്കുള്ള ഈ റോഡുമാർഗ്ഗം ഏറ്റവും ദൂരം കുറഞ്ഞതാണ്. ഇത് N.H. നിലവാരത്തിലേക്ക് ഉയർത്തേണ്ടതാണ്.

4) പോത്തുണ്ടി വഴി നെല്ലിയാംപതി റോഡ് നല്ല നിലവാരത്തിലേക്ക് ഉയർത്തി അലങ്കാരദീപങ്ങൾ വഴി നീളെ സ്ഥാപിക്കേണ്ടതാണ്.

5) P.W.D യുടെ ചെങ്കുത്തായ ഭാഗങ്ങളിൽ സൈഡുകൾ വെട്ടി മുഴുവൻ വീതിക്കും ടാറിടുകയാണെങ്കിൽ യാത്ര സുഗമമാകും. മാത്രമല്ല റോഡ് ഏറെ കാലം കേടുകൂടാതെ നില്ക്കും.

6) ടെലികോം വകുപ്പുകാർ P.W.D പഞ്ചായത്ത് എന്നിവർ ഉൾക്കൊള്ളുന്ന ഒരു ഉപദേശകസമിതി ഉണ്ടാക്കി റോഡുകളിലൂടെ ടെലികോം കേബിളുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതും ദുർവ്യയം, റോഡുപണി ആവർത്തനം എന്നിവ ഒഴിവാക്കേണ്ടതുമാണ്.

അതുപോലെ ടെലികോം വകുപ്പ് റോഡ് പൊളിച്ച ഉടനെ അതു പഴയ പോലെ നന്നാക്കി തരേണ്ടതാണ്.

7) (1) P.W.D റോഡിലുള്ള അഴുക്കുചാൽ 2 മാസത്തിലൊരിക്കൽ വൃത്തിയാക്കേണ്ടതും ടൗൺ ഭാഗങ്ങളിൽ ചാലുകൾക്ക് സ്ലാബുകൾ ഇട്ട് മൂടേണ്ടതുമാണ്.

7) (2) വാർഷിക അറ്റകുറ്റപണികൾ നടത്തുമ്പോൾ ഡ്രൈനുകൾ ഡീസ്ലിറ്റിങ്ങ് പണികൂടി പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

8) കല്യാണമണ്ഡപം മുതൽ ഇടപ്പാടം വരെ കോഴിക്കോടുവഴി പത്തു കി.മീ. റോഡ് P.W.D ഏറ്റെടുക്കണം. ഇതു നെന്മാറ അയിലൂർ പഞ്ചായത്തുകളെ യോജിപ്പിക്കുന്നവയാണ്.

9) നെന്മാറ പോത്തുണ്ടി വഴി നെല്ലിയാമ്പതിയിലേക്കും അവിടെനിന്നും അതിരമ്പള്ളി വഴി ചാലക്കുടിയിലേക്കും ഒരു സ്റ്റേറ്റ് ഹൈവേ നിർമ്മിക്കുന്ന പക്ഷം ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഉതകുന്ന റോഡാകും.

10. ബൈപാസ് റോഡ് പുനർനിർമ്മാണം ചെയ്യേണ്ടതും ഇരുവശങ്ങളിലും വിളക്കുകൾ സ്ഥാപിക്കേണ്ടതുമാണ്.

## II ഗതാഗതം പഞ്ചായത്തു റോഡുകൾ

### II (A) ആമുഖം:

പണ്ട് വിവിധ പദ്ധതികൾ കുറവായിരുന്നതിനാൽ റോഡുകളുടെ നിർമ്മാണ പ്രവർത്തനം, അറ്റകുറ്റപണികൾ ചെയ്യൽ എന്നിവ ഇന്നത്തേക്കാളും കുറവായിരുന്നു.

1980നുശേഷം വന്ന പൊതുനയത്തിന്റെ ഫലമായി വിവിധ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടു. തദ്വാര ഈ പഞ്ചായത്തിൽ N.R.E.P, R.L.E.G.P. എന്നീ പദ്ധതികളിൽ റോഡുകളിൽ ചിലതു ലഭിച്ചു. എന്നാൽ JRY അൺടൈഡ് എന്നീ പദ്ധതികൾ 1989ൽ വന്നതിനുശേഷം മാത്രമാണ് റോഡുകളുടെ വികസനത്തിന് ആക്കം കൂടിയത്. ഈ റിപ്പോർട്ടു തയ്യാറാക്കുന്നതിനുവേണ്ടി താഴെ പറയുന്ന രീതിയിലാണ് റോഡുകളെ ക്ലാസിഫൈ (തരം തിരിക്കൽ) ചെയ്തിട്ടുള്ളത്.

1. TR: ടാർ റോഡ്
2. CR: കോൺക്രീറ്റ് റോഡ്
3. RR: റബ്ൾ റോഡ് (കല്ല്/മെറ്റൽ റോഡ്)
4. MR: മൺ റോഡ്
5. FP: നടപ്പാത
6. PNR: നിർദ്ദിഷ്ട പുതിയ റോഡ് (Proposed new road)
7. CBR: കനാൽ ബണ്ട് റോഡ്
8. B. പാലം (Bridge)
9. C: കൽവർട്ട് (ഓവുചാൽ പാലം)

### II (B) പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും:-

(a) പ്രശ്നങ്ങൾ:-

1) മിക്ക റോഡുകളും സമയബന്ധിതമായി അറ്റകുറ്റപണികൾ ചെയ്യാറില്ല. പ്രശ്നം രൂക്ഷമാകുമ്പോൾപോലും റോഡുകൾ നേരാക്കുവൻ പഞ്ചായത്തിന് സാദ്ധ്യമാകുന്നില്ല.

2) പഞ്ചായത്തിലെ വാർഡുകളുടെ വരുമാനാടിസ്ഥാനത്തിലോ, ജനസംഖ്യാനുപാതികമായി ഉള്ള ഉപയോഗത്തിന്റെ അടിസ്ഥാനത്തിലോ ഉള്ള മാനദണ്ഡം കണക്കിലെടുക്കാതെ ചില സ്ഥലങ്ങളിൽ റോഡുണ്ട്. ഉദാഹരണമായി 5 കുടുംബങ്ങൾ മാത്രം അധിവസിക്കുന്ന ഭാഗത്തേക്ക് റോഡ് നൽകിട്ടുണ്ടെങ്കിലും അത്രയും നീളം റോഡ് 25ൽ കൂടുതൽ കുടുംബങ്ങൾ ഉള്ളതും കൂടുതൽ ആളുകൾ ഉപയോഗിക്കുന്നതും ആയ ഭാഗത്തേക്ക് നൽകിയിട്ടില്ല. ഇവിടെ മുൻഗണന തെറ്റായ മാനദണ്ഡത്തിലാണ് നൽകിയിട്ടുള്ളത്.

3) ചില വാർഡുകളിലേക്ക് കൂടുതൽ ദൂരം TR/CR ഉൾഭാഗങ്ങളിലേക്ക് നൽകിയിട്ടും കൂടുതൽ ജനവാസവും സഞ്ചാരവുമുള്ള ഭാഗത്തേക്ക് TR/CR കുറഞ്ഞ ദൂരത്തേക്ക് നൽകിയിട്ടില്ല.

4) പഞ്ചായത്തിന്റെ മൈനസ് ഫണ്ട് സ്ഥിതി വരുമ്പോഴെല്ലാം റോഡിനുവേണ്ടി സംഖ്യ ചിലവാക്കുവാൻ സാധ്യമല്ല.

5) പൈപ്പു കണക്ഷൻ ലഭിക്കുവാൻ റോഡുകൾ കുറുകെ വെട്ടിയശേഷം ഉടനടി നേരെയാക്കാറില്ല. അതിനാൽ റോഡുകൾ കൂടുതൽ കേടുവരാറുണ്ട്.

6) ഏതെങ്കിലും ഒരു റോഡ് നേരെയാക്കണമെന്നാൽതന്നെ പഞ്ചായത്ത് ഫണ്ടിൽനിന്ന് സാങ്കേതികമായി 1000 രൂപയും അല്ലാത്തത് 5000 രൂപയും ആയി നിജപ്പെടുത്തിയിട്ടുള്ള സംഖ്യ മാത്രമെ ലഭിക്കുന്നുള്ളു.

7) വീടുകൾ പൊളിച്ചുമാറ്റി പുതിയ വീടു നിർമ്മിക്കുന്നവർ പൊളിച്ച കെട്ടിടത്തിന്റെ കല്ല്, കട്ട, മണ്ണ് എന്നിവ സ്വന്തം വളപ്പിൽനിന്നും ഒഴിവാക്കാൻ പഞ്ചായത്ത് റോഡിൽ കൊണ്ടിടുന്നു.

8) റോഡരികിൽ ഓടകൾ ഉള്ള ഭാഗത്ത് പല വീട്ടുകാരും അവരവരുടെ വീട്ടിലെ അവശിഷ്ടങ്ങൾ കൊണ്ടിടാറുണ്ട്. പണ്ട് നിത്യേന റോഡുകൾ വൃത്തിയാക്കിയിരുന്നു. കാലക്രമേണ നിത്യേന തൂപ്പുവാരൽ നിലച്ചതിനാൽ റോഡും ചാലും വൃത്തിഹീനമായിരിക്കുന്നു.

9) കൊടി, തോരണം, ബാരിക്കേട്, പന്തൽ എന്നിവ കെട്ടുവാൻ കുഴിക്കുന്ന പന്തൽകാർ കുഴികൾ മൂടാറില്ല. ഇത് വെള്ളം കെട്ടി നിന്ന് ഊർന്നിറങ്ങി വലിയ കുഴികൾ ഉണ്ടാക്കുന്നു.

10) തന്നിഷ്ടാനുസരണം താഴ്ത്തിക്കെട്ടിയ ടെലിഫോൺ കമ്പികളും കേമ്പിൾ ടി.വി ഓപ്പറേറ്റർമാരുടെ കേബിളുകളും പല സ്ഥലങ്ങളിലും സുഗമ ഗതാഗതത്തിന് തടസ്സമുണ്ടാക്കാറുണ്ട്.

11) വാർപ്പു കെട്ടിട സാമഗ്രികൾ റോഡിലിട്ട് തടസ്സം ഉണ്ടാകുന്നുണ്ട്.

12) ചപ്പുചവറു മാലിന്യങ്ങൾ ഓവുചാലിൽ കിടന്ന് ജലം ഒഴുകിപ്പോകാതെ വെള്ളം റോഡിലിറങ്ങി റോഡുകൾ കേടുവരുന്നു.

13) മിക്ക റോഡുകൾക്കും പാർശ്വഭിത്തികളോ ഓവുചാലുകളോ ഇല്ല.

14) വീതി കുറഞ്ഞ റോഡുകൾ പരിപൂർണ്ണമായും അരികുകൾ ചേർത്തുകെട്ടാത്തതിനാൽ മണ്ണൊലിപ്പുണ്ടായി റോഡുകൾ വിണ്ടുപൊട്ടാറുണ്ട്.

15) സ്കൂൾ പരിസരങ്ങളിൽ റോഡുകൾക്ക് ഹമ്പുകൾ ഇല്ലാത്തതു അപകടസാദ്ധ്യത വർദ്ധിപ്പിക്കുന്നു.

16) റോഡുകളിൽ സൈൻ ബോർഡുകളില്ല.

17) പഞ്ചായത്തു റോഡുകളുടെ പേർ രേഖപ്പെടുത്തിയ ബോർഡുകളില്ല.

18) പഞ്ചായത്തു റോഡ്റജിസ്റ്ററിൽ ന്യൂനതകളുണ്ട്.

19) വൈദ്യുതി, ടെലഫോൺ പോസ്റ്റുകൾ റോഡരുകിൽനിന്ന് 1.5 മീറ്റർ വരെ ഉള്ളിലേക്ക് സുഗമ ഗതാഗതത്തിന് തടസ്സമായി നില്ക്കുന്നു.

20) പ്രധാന റോഡരുകുകളിൽ ഫുട്ട്പാത്തില്ല. വലിയ ഓടകളുള്ള പ്രദേശത്ത് കാൽനടക്കാർ വിഷമിക്കുന്നുണ്ട്. ഉദാ: വല്ലങ്ങിചന്ത

21) മിക്ക ഭാഗങ്ങളിലും റോഡുകളിൽ കയ്യേറ്റങ്ങളുണ്ട്. ഇതിനാൽ റോഡു വീതി കുറഞ്ഞു പോയി ട്ടുണ്ട്.

22) പ്രധാനമായ ചില റോഡുകൾ ഉണ്ടാക്കാൻ സറണ്ടർ ലഭിക്കാത്തതിനാൽ പണി മാറ്റി വയ്ക്ക പ്പെടുകയോ പകരമായി സംഖ്യ വിനിയോഗിക്കുവാൻ വേണ്ടി പുതിയ നിർമ്മാണം ശുപാർശ ചെയ്യുക എന്ന അവസ്ഥയുണ്ട്.

23) ഏതെങ്കിലും പദ്ധതിയിൽ റോഡുനിർമ്മാണത്തിന്റെ ഫണ്ട് നീക്കി വയ്ക്കുവാൻ വേണ്ടി ശുപാർശ ലഭിക്കുകയും പിന്നീട് അവസരോചിതമായി സാങ്കേതിക കാരണത്താൽ മേല്പടി സംഖ്യ മറ്റൊരു റോഡിലേക്കു മാറ്റി ശുപാർശ ചെയ്യുക മൂലം കാലവിളംബം ഉണ്ടാകുന്നു. പക്ഷേ എല്ലാവി ധത്തിലും അനുയോജ്യവും അർഹവുമായ മറ്റൊരു റോഡിന് ഈ സംഖ്യ വിനിയോഗിപ്പാൻ സാധി ക്കുന്നില്ല. അതിനാൽ പലപ്പോഴും ഫണ്ട് ലാപ്സാകാറുണ്ട്.

24) പഞ്ചായത്തു റോഡുകളിൽ വെയിറ്റിങ്ങ് ഷെഡുകളും, പ്രധാന കേന്ദ്രങ്ങളിൽ ആട്ടോ-ടാക്സി സ്റ്റാന്റും പല ഭാഗങ്ങളിലും ഇല്ല.

25. നെന്മാറ മുക്കിൽ കംഫർട്ട് സ്റ്റേഷനില്ലാത്തത് ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്.

## (b) പരിഹാരനിർദ്ദേശങ്ങൾ

കുറിപ്പ്:

പ്രശ്നങ്ങളുടേയും പരിഹാരനിർദ്ദേശങ്ങളുടേയും ക്രമനമ്പറുകൾ ഒന്നുതന്നെയാണ്.

1) മൂന്നുമാസത്തിലൊരിക്കൽ ഓവർസിയർ റോഡുകളുടെ അവസ്ഥ നേരിൽകണ്ടു മനസ്സിലാക്കി അറ്റകുറ്റപണികളുടെ വിവരം പഞ്ചായത്തിനെ അറിയിക്കണം. കമ്മിറ്റി ഉടനടി നടപടികൾ സ്വീകരി ക്കണം. ഇതൊരു സ്ഥിര സംവിധാനമാകണം. പലപ്പോഴും പഞ്ചായത്തു ഫണ്ടിന്റെ അപര്യാപ്തത യാണ് പ്രശ്നം രൂക്ഷമാക്കുന്നത്.

2) രണ്ട് പഞ്ചായത്തുകൾ, ഒന്നിൽ കൂടുതൽ വാർഡുകൾ എന്നിവയെ ബന്ധിപ്പിക്കുന്ന റോഡു കൾ, 8 മീറ്റർ വീതിയുള്ള റോഡുകൾ എന്നിവയ്ക്ക് മുൻഗണന നൽകണം. ഓരോ വാർഡിലും മുഖ്യറോഡുകൾ, ഉപറോഡുകൾ, ജനവാസം കുറഞ്ഞ പ്രദേശത്തെ റോഡുകൾ എന്നീ തരംതിരിവ് അനുസരിച്ചേ റോഡുകൾ പണിയാവൂ.

3) മേൽ 2ൽ ഉദ്ധരിച്ച പരിഹാരനിർദ്ദേശം ഇതിനും ബാധകമാണ്.

4) വി.ആർ.എം. ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിച്ച് സർക്കാർ നൽകണം.

5) ഈ പ്രവൃത്തി അതത് ഗുണഭോക്താവിനെ ഏല്പിക്കണം. എന്നാൽ ഒരു സംഖ്യ പഞ്ചായത്ത് സർവ്വീസ് ചാർജ്ജായി ഈടാക്കുകയും വേണം.

6) പഞ്ചായത്തിന്റെ നിയമാനുസൃത ചിലവാക്കൽ പരിധി സംഖ്യ സാങ്കേതിക മേന്മയുള്ള ജോലികൾക്ക് 25000 രൂപയും അല്ലാത്തവയ്ക്ക് 50000 കയും ആയി വർദ്ധിപ്പിക്കേണ്ടതാണ്.

7) നിയമാനുസൃതം ഉടനടി നടപടികൾ കൈക്കൊള്ളണം. ബോധവൽക്കരണവും ഇക്കാര്യത്തിൽ ആവശ്യമാണ്.

8) ബോധവൽക്കരണം, കുപ്പത്തൊട്ടികൾ വെച്ച് അവയിലെ മാലിന്യങ്ങൾ ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം നീക്കം ചെയ്യൽ എന്നീ കാര്യങ്ങൾ ചെയ്യണം.

9) കുഴിക്കുംമുമ്പ് പഞ്ചായത്തിനെ അറിയിക്കുവാനും, ആവശ്യം കഴിഞ്ഞു കുഴികൾ മൂടുവാനും പൂർവ്വ സ്ഥിതിയിലാക്കുവാനും കുഴിക്കുന്നവർ ബാധ്യസ്ഥരാണെന്ന് രേഖാമൂലം ഉറപ്പുണ്ടാക്കണം. ഒരു നിശ്ചിത സംഖ്യ ഈടാക്കേണ്ടതുമാണ്.

10) ഇവർക്കെതിരെ നോട്ടീസ് നൽകി ഉടനടി പരിഹാരം കാണണം.

11) 7ൽ പറഞ്ഞ കാര്യങ്ങൾ ചെയ്യണം.

12) മേല്പടി 1ലും 7ലും 8ലും പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കണം. ഒരു ജീപ്പും ട്രാക്ടറും രണ്ടും ട്രെയിലറും ആവശ്യമാണ്.

13) ഇവ യഥാസമയം നിർമ്മിക്കണം.

14) പഞ്ചായത്ത് പരിശോധിച്ച് പരിഹാരം കാണണം.

15) ഇവ സ്ഥാപിക്കണം.

16) ഇവ സ്ഥാപിക്കണം.

17) ഇവ സ്ഥാപിക്കണം.

18) പുതിയ റജിസ്റ്റർ ഉണ്ടാക്കി എല്ലാ വർഷങ്ങളിലും പുതുക്കി കൃത്യതയോടെ സൂക്ഷിക്കണം.

19) ഇവ റോഡരികിലേക്ക് ബന്ധപ്പെട്ട വകുപ്പിന്റെ ചെലവിൽ ഉടനടി മാറ്റി സ്ഥാപിക്കണം.

20) ഓടകൾ സ്ലാബിട്ടുമൂടി ഫുട്ട്പാത്തുകളാക്കാവുന്നതാണ്.

21) നിയമ നടപടികൾ സ്വീകരിക്കണം. ത്രൈമാസിക സന്ദർശനത്തിൽ ഓവർസിയർ, ബിൽ കലക്ടർ എന്നിവർ സെക്രട്ടറിയെ വിവരം അറിയിക്കേണ്ടതാണ്. കൂടാതെ വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യുമ്പോൾ റോഡിന്റെ ഇരുവശവും വീതി കുറയാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

22) സ്ഥല ലഭ്യത ലഭിച്ച ശേഷമേ കമ്മിറ്റി ശുപാർശ പരിഗണിക്കാവൂ.

23). രേഖകൾ പ്രകാരം കൃത്യതയുള്ള റോഡുകൾ മാത്രമേ ശുപാർശയ്ക്കായി പഞ്ചായത്തു സമിതി പരിഗണിക്കാവൂ.

24) ഇവ നിർമ്മിക്കണം (ഇതിന്റെ പട്ടിക പ്രത്യേകം നൽകിയിട്ടുണ്ട്).

25) നെന്മാറ മുക്കിൽ പഴയ ജെല്ലിക്കളം പഞ്ചായത്തു വക ഉണ്ട്. ഇവിടെ ഒരു കംഫർട്ട് സ്റ്റേഷൻ സന്നദ്ധ സംഘടന വഴി നിർമ്മിച്ച് ഒരു എസ്.ടി.ഡി ബൂത്തും ഉണ്ടാക്കണം. ഇതു ഏതെങ്കിലും വികലാംഗരെ ഏൽപിക്കാവുന്നതാണ്.

## II (c) പഞ്ചായത്ത് പാതകൾ/ഉപവീഥികൾ–വാർഡുതല നവീകരണ– നവനിർമ്മാണ ആവശ്യങ്ങൾ

ആസൂത്രണത്തിന്റെ ഭാഗമായി ലഭ്യമാക്കുന്ന തുക ഏതെങ്കിലും ഒരു പ്രത്യേക വാർഡിനുവേണ്ടി എല്ലാ വിഷയങ്ങൾക്കും കൂടി ഒന്നിച്ചു നൽകുവാൻ സാധ്യമല്ല.

ഉദാ: ഒരു പ്രത്യേക ഭാഗത്ത് കുടിവെള്ളത്തിനുവേണ്ടി വൻതുക ചിലവാക്കുമ്പോൾ അത്രയും തന്നെ തുക മറ്റു കാര്യങ്ങൾക്കുവേണ്ടി ചിലവാക്കുവാൻ ബുദ്ധിമുട്ടായിരിക്കും.

മനുഷ്യാദ്ധ്വാനവും ധനസ്വരൂപീകരണവും ഒരു പ്രദേശത്തിൽനിന്നും ഒന്നിൽകൂടുതൽ പ്രാവശ്യം കുറഞ്ഞ സമയത്തു തന്നെ സ്വരൂപിക്കുവാനും ബുദ്ധിമുട്ടുണ്ട്. ആകയാൽ ഓരോ വാർഡിനും അവിടത്തെ ഗ്രാമസഭകളുടെ ആഗ്രഹങ്ങൾക്കനുസരിച്ചുതന്നെ മുൻഗണനാക്രമം നൽകി മാത്രമേ ഓരോ ആവശ്യങ്ങളും നിറവേറ്റുവാൻ സാധിക്കയുള്ളൂ. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം എല്ലാ വാർഡുകളും തുല്യനീതിക്കർഹമായതിനാൽ വലിയ വ്യതിയാനങ്ങൾക്കിട നൽകാതെ അതേസമയം ഏറ്റവും വലിയ ആവശ്യത്തിന് ഏറ്റവും മുന്തിയ മുൻഗണന നൽകി മാത്രമേ ധനവിനിയോഗം ചെയ്യുവാൻ സാധ്യമാവൂ.

താഴെ പട്ടികയിൽ വാർഡു തിരിച്ചുള്ള റോഡുകളുടെ ഇപ്പോഴത്തെ നിലയും ആവശ്യങ്ങളും നൽകിയിട്ടുണ്ട്. വികസന റിപ്പോർട്ട് കരടു രൂപം സമർപ്പിക്കും മുമ്പ് ഓരോ വാർഡിന്റേയും പണികളുടെ മുൻഗണനാ ക്രമം ആ വാർഡിലെ ഗ്രാമ സഭയിൽ രേഖപ്പെടുത്തിത്തന്നതിന്റെ അടിസ്ഥാനത്തിലാണ് പൂർത്തിയാക്കിയിട്ടുള്ളത്.

### II (c) നിലവിലുള്ള റോഡുകളുടെ നവീകരണം പുതിയ നിർമ്മാണം നവീകരണം – പട്ടിക 1

കുറിപ്പ്: ഉപയോഗിച്ചിട്ടുള്ള കോഡുകളുടെ വിശദീകരണം

T.R. ടാർ റോഡ് , C.R. കോൺക്രീറ്റ് റോഡ്

R.R. റബ്ൾ റോഡ് മെറ്റൽ റോഡ് , M.R. മൺ റോഡ്

FP. ഇടപ്പാത, B പാലം, C കലുങ്ക്

P.N.R. നിർദ്ദിഷ്ട പുതിയ റോഡ്, C.B.R. കനാൽ ബണ്ട് റോഡ്

R.T.R. Retaring FPT: Foot Path ടാറിങ്ങ്, FPC കോൺക്രീറ്റ് ഫുട്ട് പാത്ത്

D എന്ന പദം മേൽപറഞ്ഞ അക്ഷരങ്ങൾക്കു മുമ്പിൽ ചേർത്തിരിക്കുന്നതിന്റെ അർത്ഥം 'കേടു വന്നത്' എന്ന് സൂചിപ്പിക്കുന്നു.

R റിപ്പയർ ചെയ്യേണ്ടത് എന്നതിന്റെ സൂചനയാണ്.

W വാർഡ്, BW. ഗുണഭോക്താക്കളായ വാർഡുകൾ

RM: റോഡ് അളവ്, L നീളം (കി.മീ) B വീതി (മീറ്റർ)

PC: Present Condition ( ഇപ്പോഴത്തെ അവസ്ഥ)

PR. ഇപ്പോഴത്തെ ആവശ്യം (റോഡിനെ സംബന്ധിച്ച)

OR. മറ്റാവശ്യങ്ങൾ (പാലം – B കലുങ്ക് C, SP. അരികുകെട്ടൽ

EP. വൈദ്യുതി ലൈൻ ആവശ്യമുള്ളവ (പോസ്റ്റ് എണ്ണം)

AR. മറ്റാവശ്യങ്ങൾ – അപ്രോച് റോഡ്, SB: തെരുവ് വിളക്ക് ബൾബ്

ST/STL തെരുവു വിളക്ക് ട്യൂബ് ലൈറ്റ്, S.V/SVL തെരുവ് വിളക്ക് (വേപ്പർ ലാമ്പ്)

ML. മണ്ണുവരമ്പ്, RTR: റീട്ടാറിങ്ങ്

SP. പാർശ്വഭിത്തി നിർമ്മാണം

PN: മുൻഗണനാക്രമം

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | EP | SB | PN |
|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | |
| I | 1 | ചെമ്മൻതോട് | നെല്ലിച്ചോട് | 3.0 | 8 | DRR | TR | B | 80 | 75 | 1 |
| I | 1 | അകമ്പാടം | നെല്ലിച്ചോട് | 3.0 | 8 | MR | TR | C1 | 80 | 50 | 5 |
| I | 1 | നീർക്കലാംകോട് | ഉപറോഡ് | 0.5 | 3 | MR | RR | | 10 | 15 | 3 |
| I | 1 | ഒറവുമട | കൊറ്റിയോട് | 0.5 | 3 | MR | RR | - | | 15 | 3 |
| I | 1 | പോത്തുണ്ടി | അളുവശ്ശേരി | 7.5 | 8 | MR | TR CBR | C5 | 140 | 120 | 2 |
| I | 1 | തിരുത്തം പാടം | കുമ്പാരകോളനി | 0.8 | 3 | MR | CR | -- | 30 | 25 | 5 |
| I | 1 | പോക്കാമട | എലവഞ്ചേരി | 0.5 | 3 | MR | RR | C3 | 50 | 25 | 6 |
| I | 1 | നെല്ലിച്ചോട് | മാങ്ങാമട | 2.0 | 8 | MR | RR | 2C- | 50 | 25 | 4 |
| I | 1 | തേവർമണി | അയ്യപ്പൻപാറ IHDP | 3.0 | 8 | MR | TR | 2C- | 100 | 50 | 6 |
| I | 1 | കുറിയല്ലൂർ | ഉപറോഡ് | 0.5 | 5 | MR | CR | C1- | 2 | 8 | 3 |
| I | 1 | നിലംപതി | അളുവശ്ശേരി സ്കൂൾ Back | 1.0 | 4 | MR | CR | C2- | 3 | 5 | 4 |
| I | 1 | പോക്കാമട | എലവഞ്ചേരി Rd. | 1.0 | 8 | MR | RR | C1- | 20 | 15 | 6 |

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | EP | SB/TL | PN |
|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | |
| II | 2 | നെന്മാറ ജങ്ഷൻ | ആണ്ടിത്തറ | 0.2 | 2.5 | DCR | CR | DC | 4 | 2/1 | 1 |
| II | 2 | G.B.H.S | ഒറവക്കോട് | 0.2 | 3 | DRR | RR | DC | 2 | 6/1 | 1 |
| II | 2 | ഒറവക്കോട് | പാങ്ങിലക്കളം | 0.2 | 3.5 | DRR | CFP | DC | – | 7/3 | 2 |
| II | 2 | ഒറവക്കോട് | പാങ്ങിലക്കളം | 0.1 | 2.5 | DRR | CFP | – | 2 | 3/3 | 2 |
| II | 2 | സഹ. ആസ്പത്രി | ചെട്ടിത്തറ | 0.8 | 3 | DRR | CR | DC | – | 3/1 | 1 |
| II | 2 | എൽ.പി.സ്കൂൾ | മാരിയമ്മൻകോവിൽ | 0.6 | 3 | DRR | CR | – | – | 3/3 | 1 |
| II | 2 | ജി.ബിഎച്ച്.എസ് | മുതലപ്പാറ | 3.0 | 3 | DRR | TR | 2C | 4 | 6/3 | 3 |
| II | 2 | കുമാർ മോട്ടോർസ് | ചേടത്തറ | 0.2 | 3 | MR | CR | DC | – | 3/3 | 3 |
| II | 2 | സൂര്യാകോളനി | ഉപറോഡ് | 0.5 | 2.5 | MR | CR | – | 4 | 6/2 | 3 |
| II | 2 | അയിനമ്പാടം | സമുദായപ്പുര | 0.1 | 2.5 | MR | TR | – | 2 | 1/1 | 4 |
| II | 2 | പാപ്പാനി | മുതലപ്പാറ | 0.8 | 3 | MR | CR | – | 15 | 10/3 | 4 |
| II | 2 | കവറക്കുളമ്പ് | കനാൽബണ്ട് | 3.0 | 4 | MR | RR | SP | 14 | 10/2 | 5 |
| II | 2 | കനാൽ ആഫീസ് | മുൻവശ ഉപറോഡ് | 0.1 | 1 | ML | CFP | –– | 2 | 2/2 | 5 |
| II | 2 | അയ്യപ്പൻക്ഷേത്രം | ഉപറോഡ് 1 | 0.1 | 3 | MR | CFP | 2SP- | – | 1/1 | 2 |
| II | 2 | ,, | ഉപറോഡ് 2 | 0.1 | 0.5 | MR | CFP | 2SP- | – | 1/2 | 2 |
| III | 3,5 | കിഴക്കമ്പാടം | വക്കാവ് | 2.0 | 8 | DRR | RR | –– | – | 5/2 | 4 |
| III | 3 | കിഴക്കമ്പാടം | പുഴക്കൽതറ | 2.0 | 6 | DMR | TR | B | 70 | 15/5 | 4 |
| III | 3 | പുഴക്കൽതറ | വെണ്ണക്കുറ | 1.0 | 3 | DMR | PNR | CFP | 5 | 5/3 | 3 |
| III | 3 | കണിമംഗലം | കൽമുക്ക് | 0.9 | 4 | DTR | TR | –– | 15 | 7/3 | 5 |
| III | 3 | പുഴക്കൽതറ | തററോഡ് | 1.1 | 8 | DMR | TR | – - | 15 | 2/2 | 2 |
| III | 3 | കോട്ടാൻകുന്ന് | കണിമംഗലം | 0.7 | 8 | DMR | TR | ––– | 20 | 15/3 | 3 |
| III | 3,5,11 | കിഴക്കമ്പാടം | തിട്ടുംപുറം | 2.0 | 8 | MR | TR | ––– | 10 | 5/1 | 5 |
| III | 3 | ഇടിയംപൊറ്റ | കൽമുക്ക് | 1.0 | 3 | CBR | RR | SP- | 16 | 8/2 | 5 |
| III | 3 | ,, | കോളനി | 1.0 | 3 | Rock | PNR | CR- | – | 1/1 | 5 |

കുറിപ്പ്: ഈ പേജിൽ 9–ാം കോളത്തിൽ SB/TL എന്നത് തെരുവുവിളക്ക് ബൾബിനേയും (SB)
TL തെരുവുവിളക്ക് ട്യൂബ് ലൈറ്റിനേയും (TL) സൂചിപ്പിക്കുന്നു.

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | EP | SB | STL/ | PN |
|---|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | SLV | |
| III | 3,4 | കണിമംഗലം | മാർക്കശ്ശേരി | 0.5 | 3 | RR | TR | — | 2 | – | 8/1 | 4 |
| III | 3 | കണിമംഗലം | ഗ്രാമം | 0.3 | 3 | RR | TR | — | — | — | 2/1 | 3 |
| III | 3 | കയ്പഞ്ചേരി | തറ | 1.0 | 3 | RR | CR | ——— | 3 | — | --/3 | 3 |
| III | 3 | കൽമുക്ക് | തറ | 0.8 | 3 | RR | CR | —— | 7 | — | — | 2 |
| III | 3 | ഇടിയംപൊറ്റ | തി ട്ടുംപുറം | 1.0 | 4 | RR | PNR | SP+ C2 | 10 | 5 | — | 3 |
| III | 3,4 | കണിമംഗലം ഗ്രാമം | വക്കാവ് | 0.7 | 4 | CBR | TR | ——— | 4 | 4 | – | 4 |
| III | 3 | കൽമുക്ക് | ഖാദി ബോർഡ് | 0.3 | 4 | MR | CR | —— | 2 | 2 | 1/1 | 4 |
| III | 3 | ഇടിയംപൊറ്റ | തറ | 0.4 | 3 | RR | CR | —— | — | — | -2/2 | 3 |
| IV | 4,5 | വില്ലേജ് ഓഫീസ് | ശിവൻകോവിൽ | 0.6 | 6 | DMR | TR | -DC- | – | — | 3/1 | 3 |
| IV | 4 | എം.ജി.റോഡ് | പുതുഗ്രാമം | 0.3 | 6 | DTR | CR | DC-- | — | — | 6/0 | 1 |
| IV | 4 | പുതുഗ്രാമം | പഴയഗ്രാമം | 0.4 | 6 | DRR | CR | DC-- | — | — | 6/0 | 1 |
| IV | 4 | പുതഗ്രാമം | അമ്പലംവലതുഭാഗം | 0.1 | 5 | DRR | CR | -—— | — | — | 2/0 | 1 |
| IV | 4 | കൃഷ്ണപുരം | കിഴക്കേഅറ്റം | – | – | TR | -- | DC-- C(1) | — | — | 6/0 | 1 |
| IV | 4 | പുതുഗ്രാമം | കിഴക്കേ അറ്റം | — | — | — | — | -DC-- | — | — | 2/0 | 2 |
| IV | 4 | കല്യാണണ്ഡപം | ചക്കാത്തറ | 0.8 | 4 | DTR | TR | DC-- | — | — | 16/0 | 1 |
| IV | 4 | പഴയഗ്രാമം | നായർതറ | 0.6 | 6 | DTR | TR | DC/- C1- | — | — | 10/0 | 2 |
| IV | 4 | നായർതറ | കല്യാണമണ്ഡപം | 0.2 | 3 | DRR | CR | ——— | — | — | 3/0 | 2 |
| IV | 4 | വിനായകനഗർ | ചിന്നമ്പുള്ളി | 0.6 | 3 | DRR | CR | DC-- | — | — | 9/0 | 2 |
| IV | 4 | മന്ദം | അയിലൂർ റോഡ് | 0.4 | 2.5 | DMR | CR | —— | 6 | — | 4/0 | 4 |
| IV | 4 | മാർക്കശ്ശേരി | – | 0.1 | 5 | DMR | CR | DC-- | 2 | — | 6/0 | 3 |
| IV | 4 | കമ്മാന്തറ | റോഡ് 1 | 0.2 | 3 | DRR | CR | DC-- | — | — | 4/0 | 3 |
| IV | 4 | കമ്മാന്തറ | റോഡ് 2 | 0.2 | 3 | DRR | CR | DC | — | — | 3/0 | 3 |
| IV | 4 | കമ്മാന്തറ | സമുദായം ലെയിൻ | 0.2 | 2.5 | DMR | CR | —— | — | — | 3/0 | 3 |
| IV | 4 | വില്ലേജ് ഓഫീസ് | അയലൂർ റോഡ് | 0.6 | 6 | CBR | NPR | SP- | 15 | — | 10/0 | 4 |
| IV | 4 | ഗേൾസ് സ്കൂൾ റോഡ് | ചക്കാത്തററോഡ് | 1.2 | 3 | CBR | NPR | C1-/ SP- | 15 | -- | 10/0 | 4 |
| IV | 4,3 | വിനായകനഗർ | കണിമംഗലം | 0.1 | 3 | CBR | NPR | C1/-- SP | – | – | 3/0 | 4 |
| IV | 4,3 | കണിമംഗലം | കൊശത്തറ | 0.5 | 3 | RR | TR | ---- | – | – | 8/0 | 2 |

കുറിപ്പ്: STL/SVL എന്നത് തെരുവുവിളക്ക് ട്യൂബ് ലൈറ്റിനേയും സോഡിയം വേപ്പർ ലാമ്പിനെയും സൂചിപ്പിക്കുന്നു.

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | SP | SL | STL | SLV | PN |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | | | |
| V | 5 | നെല്ലിയാമ്പതി സാമിൽ | മാട്ടുപാറ മുണ്ടിയൻചോട് | 0.3 | 8 | FR | PNR | - | 10 | - | 3 | - | 6 |
| V | 5 | മുണ്ടിയൻചോട് | ചെട്ടിത്തറ | 0.7 | 3 | RR | CR | - | - | 5 | - | - | 6 |
| V | 5 | കളപ്പാറ | നിലംപതി | 0.5 | 3 | MFP | PNR | RR | 13 | 5 | 5 | 1 | 7 |
| V | 5 | പുത്തൻകുളം | മുണ്ടിയൻചോട് | 0.2 | 2.5 | MFP | PNR | FP(c) | 6 | 2 | 4 | - | 5 |
| V | 5 | വെളുത്തേട ത്തിൽ കുളമ്പ് | മാട്ടുപാറ | 0.2 | 2.5 | MFP | PNR | FP(c) | 6 | 2 | 4 | - | 5 |
| V | 5 | ശിവൻകോവിൽ | പുളിമ്പറമ്പ് | 0.4 | 3 | RR | CR | C1 | - | - | 4 | 1 | 1 |
| V | 5 | പുത്തൻകുളം | കളപ്പറമ്പ് | 0.2 | 2.5 | MR | PNR | FP(c) | 4 | 2 | 2 | - | 7 |
| V | 5 | പണ്ടാരക്കാട് | പാലപ്പറമ്പ് | 0.2 | 2.5 | MR | PNR | FP(c) | 4 | 2 | 2 | -- | 7 |
| V | 5 | മനങ്ങോട് | മനങ്ങോട്ട്പാറ | 0.2 | 3 | RR | CR | C1 | - | - | 3 | -- | 1 |
| V | 5 | മനങ്ങോട്ട് ആശാൻതറ | പന്തലിങ്ങൽ | 0.2 | 2.5 | MR | NPR | FP(c) | 9 | 6 | 2 | -- | 4 |
| V | 5 | മനങ്ങോട്ടുപാറ | ചക്കാത്തറ | 0.2 | 2.5 | MR | NPR | FP(c) | 4 | 2 | 2 | -- | 4 |
| V | 5 | അളുവശ്ശേരി | പഴയഗ്രാമം | 1.5 | 3 | RR | CR | 3C | - | - | 6 | -- | 5 |
| V | 5,3 | ചക്കാത്തറ | വക്കാവ് | 1.0 | 3 | DTR | TR | - | 6 | 2 | 6 | - | 2 |
| V | 5 | ചക്കാത്തറ (കനാൽ) | വക്കാവ് | 0.2 | 2.5 | CBR | RR | - | 4 | 2 | 6 | - | 2 |
| V | 5 | വക്കാവ് കനാൽ ബണ്ട് | ലക്ഷം വീട് കോളനി | 0.2 | 2.5 | MFP | FR | C2 | 6 | - | 6 | - | 8 |
| V | 5 | വക്കാവ് ല.വീ കോളനി | പേഴുമ്പാറ പാലം | 1.2 | 2.5 | - | NPR | FP | 15 | 8 | 7 | | 8 |
| V | 5 | ചക്കാത്തറ | വക്കാവ് (മാരിയ–മ്മൻ കോവിൽ വഴി) | 0.4 | 2.0 | - | NPR | FP C4 | 12 | 6 | 6 | - | 8 |
| V | 5,11 | വക്കാവ് | ആലുമ്പാറ | 0.3 | 3 | - | NPR | C2 | 5 | 3 | 2 | - | 3 |
| V | 5 | ആലുമ്പാറ | തേക്കിൻകാട് | 0.6 | 2.5 | Rock | NPR | C1 | 20 | 15 | 5 | - | 9 |
| V | 5 | തേക്കിൻകാട് | പേഴുമ്പാറ | 0.2 | 3 | | NPR | FP | 6 | 4 | 2 | - | 9 |
| V | 5 | വക്കാവ് | ലക്ഷം വീട് റോഡ് | 0.2 | 2.5 | MR | FP(c) | - | 4 | 2 | 3 | - | 3 |
| V | 5 | വക്കാവ് ല.വീ കോളനി | പേഴുമ്പാറ പാലം | 1.2 | 2.5 | | NPR | FP | 15 | 8 | 7 | - | 8 |

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | EP | SB | STL/SVL | PN |
|---|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | | |
| VI | 6 | നെടുങ്ങോട് | കണ്ടൻകുളം | 0.15 | 3 | MR | RR | C(1)- | 2 | 2- | 5/0 | 2 |
| VI | 6 | വാക്കോട് കളം | വാക്കോട് | 0.3 | 3 | MR | RR | -FP- | -6 | 4 | - | 2 |
| VI | 6 | നടക്കാവ് | നെയ്തക്കോട് | 3.5 | 4 | MR | NPR | C5 | 30 | 30 | 5/0 | 3 |
| VI | 6 | വെള്ളറ | കുന്നത്തോതി | 2.0 | 3 | RR | TR | FP | 70 | 35 | 5/0 | 1 |
| VI | 6 | കുന്നത്തോതി | നെയ്തക്കോട് | 2.0 | 3 | CBR | TR | FP | 70 | 35 | 5/0 | 1 |
| VI | 6 | കണ്ടൻകുളം | നെല്ലിപ്പാടം | 0.1 | 2.5 | MR | RR | FP | -5 | 20- | 5/0 | 2 |
| VI | 6 | നെടുങ്ങോട് | കാവുങ്കൽ | 0.6 | 3 | DRR | TR | FP | 4 | 10 | 5/- | 2 |
| VI | 6 | വിത്തനശ്ശേരി | തല്ലൂപറമ്പ് | 2.0 | 3 | DRR | TR | SP | 5 | 10 | 5/0 | 4 |
| VI | 6 | മുല്ലയ്ക്കൽ | ഇലന്തകുളമ്പ് | 1.0 | 3 | DRR | TR | SP C2 | 10- | 10- | 5/0 | 5 |
| VI | 6,1 | നെയ്തക്കോട് | കൊടുവാൾപാറ | 1.0 | 8 | DMR | PNR RR | SP | 30 | 15 | 15/0 | 6 |
| VI | 6 | നടക്കാവ് | പഴതറക്കാട് | 1.0 | 4 | DMR | RR | C2 SP | 10 | 10 | 3/0 | 5 |
| VI | 6 | പഴതറക്കാട് | കച്ചേരിപ്പാടം | 1.0 | 6 | DMR | RR | SP | 10- | 15- | 5/0 | 4 |
| VI | 6 | ബ്ലോക്കാഫീസ് | അരംകുളമ്പ് | 1.0 | 3 | PNR | RR | C1- SP | 10 | 10 | 5/0 | 5 |
| VI | 6 | വല്ലങ്ങി ബൈപസ്സ് | നെല്ലിപ്പാടം | 0.5 | 3 | PNR | RR | C2- SP | 10 | 5 | 5/0 | 6 |
| VI | 6 | തല്ലൂപറമ്പ് | കണ്ണോട് | 1.0 | 3 | MR | RR | C5 SP | 10 | -5 | 5/0 | 6 |
| VI | 6 | പഴതറക്കാട് | ബാലവാടി | 0.5 | 3 | PNR | RR | C1 SP | 10 | 5 | 5/0 | 7 |
| VI | 6 | തല്ലൂപറമ്പ് | പണ്ടാരത്തറ | 1.0 | 4 | RR | TR | SP | 10 | 3 | 3/0 | 7 |
| VI | 6 | വല്ലങ്ങി തിയറ്റർ | നെല്ലിപ്പാടം | 0.9 | 4 | RR | TR | SP | - | - | 0/2 | 8 |
| VI | 6 | അളുവശ്ശേരി പള്ളിറോഡ് | പൊന്മല | 1.0 | 3 | RR | TR | - | 30 | 15 | 10/0 | 8 |
| VI | 6 | വല്ലങ്ങി | വാക്കോട് | 0.5 | 3 | RR | TR | FP | 5 | 5 | 5/1 | 9 |
| VI | 6 | പൊന്മല | അണലിപ്പാറ | 2.0 | 3 | CBR | NPR | FP- | 10 | 5 | 5/1 | 9 |

കുറിപ്പ്: STL/SVL എന്നത് തെരുവുവിളക്ക് ട്യൂബ് ലൈറ്റിനേയും സോഡിയം വേപ്പർ ലാമ്പിനെയും സൂചിപ്പിക്കുന്നു.

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | EP | SB | STL/SVL | PN |
|---|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | | |
| VI | 6 | വാക്കോട് | ആതനാട് | 1.0 | 3 | RR | CR | FP | 5 | 3 | 2/0 | 10 |
| VI | 6 | തെക്കേത്തറ | അംഗൻവാടി | 0.5 | 2.5 | MR RR | NPR | - | 10 | 5 | 5/0 | 10 |
| VII | 7 | തവളാക്കുളം | പടിഞ്ഞാറത്തറ | 0.3 | 3 | AR | CR | SP | 3 | - | 3/0 | 1 |
| VII | 7,2 | എം.എൽ.എ റോഡ് | – | – | – | - | - | - | 4 | 2 | 2/1 | 1 |
| VII | 7,6 | ബൈപാസ് | – | – | – | - | - | - | 10 | - | 8/2 | 2 |
| VII | 7 | മുനിക്കോടം | കറുത്തേടം പടി | 0.1 | 2.5 | - | NPR | FP | 1 | 1 | - | 2 |
| VII | 7 | പള്ളിത്തെരുവ് | ശ്രീധരമേനോൻ Rd | 0.2 | 3 | CFP | NPR | - | - | - | 0/2 | 3 |
| VII | 7 | പള്ളിത്തെരുവ് | പടിഞ്ഞാറത്തറ | 0.2 | 2.5 | CR | NPR | - | - | 4 | 2/0 | 3 |
| VII | 7 | തണ്ണിപ്പാൻകുളം വടക്കുകിഴക്ക് | P.W.D. Rd. വരെ | 0.15 | 3 | CFP | NPR | - | - | - | - | -4 |
| VII | 7 | തണ്ണിയപ്പാൻകുളം | P.W.D. Rd. വരെ | 0.10 | 3 | CR | NPR | - | - | - | - | -4 |
| VII | 7 | കളരി | P.W.D വരെ | 0.30 | 3 | RR | NPR | C2 | FP | 6 | 3/3 | 5 |

കുറിപ്പ്: STL/SVL എന്നത് തെരുവുവിളക്ക് ട്യൂബ് ലൈറ്റിനേയും സോഡിയം വേപ്പർ ലാമ്പിനെയും സൂചിപ്പിക്കുന്നു.

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | DC | SP | SB | STL | SVL | PN |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | | | | |
| VIII | 8 | ബ്ലോക്കാഫീസ് | ചൂണ്ടിയാങ്കുളം | 2.0 | 5 | RR | TR | - | - | - | - | 4 | 1 | 1 |
| VIII | 8 | ചുണ്ടിയാങ്കുളം | ധനലക്ഷ്മിസോമിൽ | 0.5 | 4 | CBR | NPR | - | - | 6 | 5 | - | - | 1 |
| VIII | 8 | പുളിക്കത്തറ | ഇടപ്പൊറ്റ | 0.5 | 4 | - | NPR | 3C | - | 12 | 8 | 4 | - | 2 |
| VIII | 8 | കിഴക്കെ ക്കളം | നെന്മാറപ്പാടം കോളനി റോഡ് | 0.8 | 4 | DRR | CR | - | - | - | - | - | - | 2 |
| VIII | 8 | വിത്തനശ്ശേരി | കുന്നംപാറ | 0.2 | 3 | APR | FP(C)- | - | - | 4 | 2 | - | - | 2 |
| VIII | 8 | ലക്ഷംവീട്കോളനി | നടപ്പാത | 0.4 | 2 | - | NPR | FP(C) | - | -- | - | - | - | 3 |
| VIII | 8 | ലക്ഷംവീട്കോളനി | നടപ്പാത | 0.2 | 2 | - | NPR | FP(C) | - | - | - | - | - | 2 |
| VIII | 8 | പുളിക്കൽതറ | കുമ്പാരത്തറ | 0.4 | 2 | MR | NPR | FP(C) | - | -- | - | - | - | 3 |
| VIII | 8 | നാലൻപൊറ്റ | ഇടവഴി | 0.1 | 2 | MR | NPR | FP(C) | - | - | - | - | - | 4 |
| VIII | 8 | ചാണ്ടിച്ചാല | കൂട്ടപ്പുര | 0.2 | 3 | MR | NPR | CR | - | 4 | 2 | - | - | 3 |
| VIII | 8 | നെന്മാറപ്പാടം | കോളനി | 0.5 | 2.5 | MR | NPR | FP(C) | - | 6 | 4 | - | - | 4 |
| VIII | 8 | നെന്മാറപ്പാടം | കുമരംപുത്തൂർ | 0.5 | 4 | MR | NPR | TR | B | 8 | - | - | - | 5 |
| VIII | 8 | നടക്കാവ് | നരിക്കൂട്ടുക്കളം | 0.5 | 3 | - | NPR | RR | C4 | 6 | 3 | - | - | 6 |
| VIII | 8 | അഞ്ചുമൂർത്തി | ബ്ലോക്കുകയറ്റം | 0.6 | 3 | - | NPR | RR | C2 | 4 | 2 | - | - | 4 |
| VIII | 8 | ചുണ്ടിയാങ്കുളം | ആറുപറകാട് | 0.8 | 3 | - | NPR | RR | C1 | 6 | 3 | - | - | 6 |
| VIII | 8 | കവളപ്പാറ | കൂട്ടപ്പുരക്കളം | 0.8 | 3 | - | NPR | RR | C1 | 8 | 8 | - | - | 6 |
| VIII | 8 | കവളപ്പാറ കോളനിമുക്ക് | ചാണ്ടിച്ചാല - | 0.5 | 2.5 | - | NPR | CR | - | 4 | 2 | 3 | - | 6 |
| VIII | 8 | കവളപ്പാറ കോളനി | കവളപ്പാറത്തറ | 0.3 | 3 | - | NPR | CR | - | 3 | 2 | 1 | 1 | 7 |
| VIII | 8 | പടിഞ്ഞാറെത്തറ | പുളിക്കത്തറ | 0.5 | 3 | MR | NPR | CR | - | - | - | - | 1 | 7 |

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | DC | EP | SB | STL | SVL | PN |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | | | | |
| IX | 9 | പറയമ്പാടം | മലയടിവാരം | 1.5 | 3 | DRR | TR | C4- | SP | 50 | 25 | - | - | 8 |
| IX | 9 | വായനശാല | ചെട്ടിത്തറ | 0.2 | 3 | MR | CR NPR | C3- | SP | 5 | 5 | - | - | 3 |
| IX | 9 | ചെട്ടിത്തറ | കൊല്ലംങ്കോട്ട്കുളമ്പ് | 0.8 | 3 | - | CR NTR | - | SP- | 3 | 3 | 2 | - | 3 |
| IX | 9 | വായനശാല | അപ്പൻപാറ | 1.0 | 4 | DMR | TR | -C3 | SP | 8 | 6 | 2 | - | 5 |
| IX | 9 | മുട്ടിക്കടെവ് | ഇടക്കൻപാടം | 1.0 | 3 | DRR | TR | C2- | - | 6 | 6 | 1 | - | 5 |
| IX | 9 | കൊശിനിപ്പള്ളം | മുല്ലക്കൽപാറ | 2.0 | 3 | DMR | TR | C3- | -- | - | 5 | 2 | 1 | 4 |
| IX | 9 | പൂക്കോട്ട് | കൊശനിപ്പളം | 0.7 | 4 | DRR MR | TR | C3- | DC SP | 4 | 4 | 1 | - | -4 |
| IX | 9 | ഇടക്കംപാടം | ഗായത്രിപ്പുഴ | 0.8 | 3 | MR | RR NPR | C2- - | SP | ~3 | 3 | 1 | - | 6 |
| IX | 9 | താമരക്കുളം | ആലിൻചുവട് | 0.2 | 3 | CBR | PNR | -- | SP | 2 | - | 2 | - | 6 |
| IX | 9 | പുള ിക്കെക്കടെവ് പാലം | ചെന്നക്കാലായ | 3.0 | 8 | MR | TR | C5 | SP | -100 | 50 | 10 | - | 1 |
| IX | 9 | പുളിക്കെക്കടെവ് | ഇടക്കംപാടം പാലം ഉപറോഡ് | 0.5 | 3 | MR | NPR RR | C6 - | SP | 12 | 6 | 6 | - | -1 |
| IX | 9 | മുതലിയർതറ കിഴക്കേ അറ്റം | തെക്കെത്തറ | 0.3 | 3 | MR | NPR | TR | SP 1C | 6 | 3 - | 3 | - | 2 |
| IX | 9 | പാത്തനാംപറമ്പ് | മാഹാളിക്കുടം | 1.0 | 3 | MR | NPR | RR | 4C | SP | 15 | 10 | 1 | 2 |

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | DC | SP | SL | STL | SVL | PN |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | | | | |
| IX | 9 | ഇടക്കംപാടം | ചെന്നക്കാലായ മാമല | 2.0 | 3 | MR- | NPR | TR | 4C | 30 | 20 | 4 | 1 | 7 |
| IX | 9 | പടിവട്ടം | കോളനി | 0.2 | 3 | MR- | NPR | CR | SP IC | 5 - | 5 | 2 | 1 | 7 |
| IX | 9 | താമരക്കുളം | തെക്കെത്തറ | 0.8 | 2.5 | CBR- | NPR | CR | - | 5 | 5 | 1 | 1 | 7 |
| IX | 9 | മുതലിയാർതറ | കൊല്ലംങ്കോട് -PWD Road | 0.1 | 4 | DMR | - | CR | C1 | 3 | - | 33 | - | 2 |
| IX | 9 | താമരക്കുളം | മുതലിയാർത്തറ | 0.2 | 2 | DMR- | CR | FP | 3 | 4 | - | 4 | | 2 |
| IX | 9 | രാമൻചെട്ടിയാർ മിൽ | കനാൽബണ്ട് കിഴക്ക് | 1.0 | 3 | MR | PNR | RR | - | 8 | 4 | 4 | - | 3 |
| IX | 9 | കനാൽബണ്ട് കിഴക്ക് | ഉപറോഡ് | 1.0 | 3 | MR | PNR | RR | - | - | 5 | 3 | 2 | 2 |
| IX | 9 | " ഉപറോഡ് | പാറമട | 0.5 | 3 | MR | PNR | RR | - | 5 | 3 | 2 | - | 1 |
| X | 10 | ചാത്തമംഗലം | ചാട്ടിയോട് | 1.0 | 4 | DRR | CR | C3 | FP | | - | 4 | 1 | 6 |
| X | 10 | ചാട്ടിയോട് | പോത്തുണ്ടി | 1.0 | 4 | DRR | CR | C2 | FP | 20 | 15 | 5 | 2 | 1 |
| X | 10 | അകമ്പാടം | ചാട്ടിയോട് | 1.5 | 8 | DTR | TR | C1 | FP | 30 | 15 | 15 | 1 | 1 |
| X | 10 | മാട്ടായി | ചാട്ടിയോട് | 0.6 | 3 | DRR | CR | C1 | SP | - | 5 | 5 | 1 | 2 |
| X | 10 | രാട്ടായി | ഗിരിജൻ കോളനി | 0.2 | 4 | Rock | NCR | - | - | 6 | - | 6 | 1 | 2 |
| X | 10 | പുത്തൻതോട്ടം | നായ്ക്കത്തറ | 0.2 | 3 | MR | NCR | - | SP | 7 | 4 | 3 | | 2 |
| X | 10 | കൊല്ലയംങ്കാട് | വടക്കെക്കാട് | 2.0 | 3 | MR | NTR | C2 | - | 70 | 35 | 35 | - | 3 |
| X | 10 | വടക്കെക്കാട് | ചെമ്പത്തോട് | 1.3 | 3 | ML | NTR | C2 | SP | 40 | 20 | 20 | - | 3 |
| X | 10 | കൊല്ലയംകാട് | കുളം വരെ | 0.2 | 3 | MR | NCR | - | - | 10 | 5 | 5 | 1 | 2 |

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | DC | SP | SL | STL | SVL | PN |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | | | | |
| X | 10 | ചാത്തമംഗലം | അകമ്പാടം | 1.0 | 6 | ML | NTR | C3 | SP | 32 | 16 | 16 | 1 | 4 |
| X | 10 | ചാത്തമംഗലം | ചെമ്മണാംപറമ്പ് | 0.8 | 2.5 | ML | NFP | C3 | SP | 26 | 13 | 13 | 1 | 4 |
| X | 10 | പോത്തുണ്ടികുട | ഒറവ് | 5.0 | 6 | CBR | NTR | - | SP | 75 | 50 | 50 | 5 | 6 |
| X | 10 | നെല്ലിക്കാട് | പോത്തുംപാറ | 0.3 | 3 | CBR | NRR | C2 | SP | 10 | 5 | 5 | | 5 |
| X | 10 | അകമ്പാടം | കോളനി | 0.8 | 3 | MR | NTR | C2 | SP | 14 | 8 | 8 | - | 5 |
| XI | 11 | കൽനാട് (I) | തററോഡ് | 0.07 | 2.5 | MFP | CFP | - | SP | 4 | 2 | 2 | - | 5 |
| XI | 11 | കൽനാട് (II) | തേവർമണി | 0.06 | 2.5 | MFP | CFP | - | SP | 3 | 2 | 2 | - | 5 |
| XI | 11 | കൽനാട് (III) | തേവർമണി | 0.06 | 2.5 | MFP | CFP | - | SP | - | 1 | 2 | - | 5 |
| XI | 11 | പേഴമ്പാറ | ആറ്റുവായ് | 0.1 | 4 | MR | TR | - | - | 3 | 1 | 2 | 1 | 3 |
| XI | 11 | ആറ്റുവായ് | തേവർമണി | 0.9 | 4 | MR | TR | - | SP | 8 | 4 | 4 | - | 3 |
| XI | 11 | പേഴുമ്പാറ | തററോഡ് | 0.1 | 3 | MR | CFP | - | - | 4 | 8 | 8 | - | 5 |
| XI | 11 | പേഴുമ്പാറപാലം | ശ്മശാനം | 0.3 | 3 | MR | CR | - | SP | 6 | 2 | 3 | 1 | 3 |
| XI | 11 | പുത്തൻതോട്ടം | കൊമ്പങ്കല്ല് | 1.0 | 3 | MR | TR | DC | SP | 30 | 15 | 15 | 2 | 4 |
| XI | 11 | ഒഴവുപാടം | തോട്ടിങ്കൽ | 0.1 | 3 | MR | CR | C1 | SP | 4 | 2 | 2 | - | 4 |
| XI | 11 | പുത്തൻതോട്ടം | ചൊട്ടിപ്പാറ | 0.6 | 8 | RR | TR | - | SP | - | - | 6 | 1 | 2 |
| XI | 11 | ചൊട്ടിപ്പാറ | കൊമ്പങ്കല്ല് | 0.6 | 6 | RR | TR | - | SP | 8 | 4 | 4 | 1 | 2 |
| XI | 11 | ഒഴവുപ്പാടം | പന്തല്ലൂർ | 0.2 | 3 | MR | CR | - | SP | 6 | 3 | 3 | 1 | 4 |
| XI | 11 | പന്തല്ലൂർ | പാവുശ്ശേരി | 0.1 | 3 | MR | CR | - | SP | 4 | 2 | 2 | -2 | 1 |
| XI | 11 | പന്തല്ലൂർ | നീലങ്കോട് | 1.2 | 3 | MR | CR | C2 | SP | 40 | 20 | -20 | - 1 | 4 |
| XI | 11 | ഒഴവുപ്പാടം | ശൃംഗേശ്വരം | 0.9 | 5 | CBR | CR | - | SP | 15 | 5 | 6 | - 1 | 4 |
| XI | 11 | കൊമ്പങ്കല്ല് | കല്ലങ്കടവ് | 0.1 | 3 | MR | CR | C1 | SP | 7 | 3 | 2 | - 1 | 3 |
| XI | 11 | കൊമ്പങ്കല്ല് | തിട്ടുമ്പുറം | 0.1 | 3 | - | CR | - | SP | 10 | 3 | 3 | 1 | 3 |

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | DC | SP | SL | STL | SVL | PN |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | | | | |
| XI | 11 | ചൊട്ടിപ്പാറ | കൊമ്പങ്കല്ല് | 0.1 | 3 | MR | CR FP | - | - | 5 | 3 | 2 | 1 | 2 |
| XI | 11 | കൊമ്പങ്കല്ല് | ചുള്ളിച്ചാല | 0.1 | 2.5 | MR | CRFP | - | SP | 5 | 2 | 3 | 1 | 2 |
| XI | 11 | ചുള്ളിച്ചാല | വിഷ്ണുക്ഷേത്രം | 0.1 | 2.5 | MR | CRFP | C1 | - | 7 | 3 | 3 | 1 | 2 |
| XI | 11 | ചൊട്ടിപ്പാറ | ലക്ഷംവീട് | 0.1 | 2.5 | RR | CRFP | - | - | 7 | 3 | 3 | - | 2 |
| XI | 11 | ചൊട്ടിപ്പാറ | കൊമ്പങ്കല്ല് സബ്റോഡ് | 0.7 | 2.5 | MR | FP CR | - | - | 4 | 2 | 2 | - | 5 |
| XI | 11 | നെല്ലിക്കുന്ന് | കല്ലങ്കോട് | 1.2 | 8 | MR | TR | C1 | SP | 40 | 20 | 20 | 1 | 5 |
| XI | 11 | കൊല്ലയങ്കാട് | ചീനിക്കോട് | 1.2 | 7 | CBR | TR | C1 | SP | 30 | 10 | 15 | 1 | 1 |
| XI | 11 | ചീനിക്കോട് | ഒറവ് | 0.1 | 2.5 | MR | CFP | - | SP | 10 | 5 | 5 | - | 4 |
| XI | 11 | ഒറവ് | പോണ്ടിക്കൽ | 0.1 | 2.5 | MR | CFP | - | - | 7 | 4 | 3 | - | 4 |
| XI | 11 | ചാത്തമംഗലം | ഒറവ് | 0.1 | 2.5 | MR | CFP | - | - | 5 | 3 | 2 | - | 4 |
| XI | 11 | ചാത്തമംഗലം | നമ്പൂതിരിപറമ്പ് | 0.1 | 2.5 | MR | CFP | - | - | 10 | 5 | 5 | - | 4 |
| XI | 11 | കൊല്ലയങ്കോട് | നീലങ്കോട് | 1.0 | 4 | CBR | TR | C1 | SP | 30 | 10 | 15 | 1 | 5 |

| W | BW | റോഡിന്റെ പേര് | | RM | | PC | PR | OR | DC | EP | SB | STL | SVL | PN |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആരംഭം | അവസാനം | L | B | | | | | | | | | |
| XII | 12 | അയിലൂർ റോഡ് | കോക്കോട് | 2.0 | 8 | MR | TR | 3C C-2 | DC | 25 | 10 | 15 | 1 | 1 |
| XII | 12 | കയ്പഞ്ചേരി | പടിഞ്ഞാക്കര | 2.0 | 3 | - | PNR | SP | DC | 5 | 5 | 5 | 0 | 3 |
| XII | 12 | ഏന്തൻപ്പാത | ചെന്നങ്കോട് | 1.5 | 4 | CBR | PNR | IC | - | 10 | 5 | 5 | 1 | 4 |
| XII | 12 | ഐനംപാടം | അയലൂർ റോഡ് | 3.0 | 6 | CBR | PNR | 2C | - | 20 | 10 | 10 | 0 | 3 |
| XII | 12 | കണിമംഗലം | ചെന്നങ്കോട് | 0.3 | 3 | RR | TR | - | - | - | - | 3 | 0 | 2 |
| XII | 12 | വി.എം.ജി.സ്കൂൾ | കമ്മാന്തറ | 0.7 | 3 | MR | PFP | CFP | C2 | 6 | 3 | 3 | 1 | 2 |
| XII | 12 | ഐനംപാടം | നെന്മാറ | 1.5 | 6 | CBR | PNR | TR | C2 | 15 | 5 | 10 | 2 | 4 |
| XII | 12 | ഐനംപാടം | തെക്കുമുറി | 0.2 | 3 | RR | TR | - | - | 3 | 3 | 4 | - | 3 |
| XII | 12 | കല്ലംങ്കോട് | കണിമംഗലം | 0.9 | 8 | DTR | TR | - | DC | - | 3 | 6 | - | - |
| XII | 12 | വേട്ടക്കൊരുമകൻ | റോഡ് | 0.2 | 8 | DTR | CR | C1 | DC | - | - | - | 1 | 1 |

## II(D) പഞ്ചായത്തിൽ ആവശ്യമുള്ള ബസ് വെയിറ്റിങ്ങ് ഷെഡ്

| ക്രമനം. | വാർഡ് | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | 1,10 | പോത്തുണ്ടിയമ്പലം | 1 |
| 2 | 1,10 | പോത്തുണ്ടി ഗാർഡൻ | 2 |
| 3 | 1,10 | അകമ്പാടം | 2 |
| 4 | 1,11 | ചെമ്പൻ തോട് | 2 |
| 5 | 1,11 | തേവർകണി | 2 |
| 6 | 1,11,5 | പേഴുമ്പാറ | 2 |
| 7 | 6,7 | ബൈപാസ് | 1 |
| 8 | 7 | വല്ലങ്ങി | 1 |
| 9 | 8 | ശിവൻകോവിൽ | 1 |
| 10 | 8 | ഇടപ്പൊറ്റ | 1 |
| 11 | 8,6 | നടക്കാവ് | 2 |
| 12 | 8,9,6 | ബ്ലോക്കാഫീസ് | 2 |
| 13 | 8,9 | വിത്തനശ്ശേരി ടൗൺ | 2 |
| 14 | 9 | വിത്തനശ്ശേരി സ്കൂൾ | 1 |
| 15 | 9 | ബാങ്ക് | 2 |
| 16 | 9 | മുല്ലയ്ക്കൽ | 2 |
| 17 | 9 | കുമ്പളക്കാട് | 2 |
| 18 | 9 | ബ്ലോക്കാഫീസ് | 2 |
| 19 | 4,2 | നെൻമാറ ജംഗ്ഷൻ | 1 |
| 20 | 2 | അയിനംപാടം | 1 |
| 21 | 2 | തെക്കുമുറി | 2 |
| 22 | 2 | അയിനം പാടം (പാലം) | 2 |
| 23 | 12,2 | കല്ലങ്കോട് (പോസ്റ്റോഫീസ്) | 2 |
| 24 | 12 | സബ്ബ് സ്റ്റേഷൻ | 2 |
| 25 | 12,3 | വീനസ്സ് പ്ലൈവുഡ് | 2 |
| 26 | 12,3 | ഇടിയംപൊറ്റ | 2 |
| 27 | 12,3 | കയ്പഞ്ചേരി | 2 |
| 28 | 12,3 | കൽനാട് | 2 |
| 29 | 12,4 | കണിമംഗലം | 1 |
| 30 | 12,4 | കമ്മാന്തറ | 2 |
| 31 | 12,4 | ഗേൾസ് സ്കൂൾ | 2 |
| 32 | 12,4 | കോതകുളം മുക്ക് | 2 |
| 33 | 4 | ആർ.ജി.എം. | 1 |
| 34 | 11,5 | ആറ്റുവായ്–ആൽമരം | 1 |
| 35 | 11,10 | പുത്തൻതോട്ടം | 2 |
| 36 | 11,10 | പുത്തൻ തോട്ടം –പള്ളി | 2 |
| 37 | 11,10 | ചാത്തമംഗലം സ്കൂൾ | 2 |
| 38 | 11,10 | കൊല്ലയങ്കാട് | 2 |
| 39 | 11,10 | ചാത്തമംഗലം | 2 |
| 40 | 11,10 | നായ്ക്കത്തറ | 2 |
| 41 | 10 | ചാട്ടിയോട് | 1 |
| 42 | 9 | കവളപ്പാറ | 2 |
| 43 | 8,9 | ആലിൻചുവട് | 2 |
| | | **മൊത്തം** | **74** |

കുറിപ്പ് :

1) പോത്തുണ്ടിയിൽ ക്ഷേത്രത്തിൽ വരുന്നവരുടെ സൗകര്യാർത്ഥം 2 വീതം കക്കൂസ് പുരുഷൻമാർക്കും, സ്ത്രീകൾക്കും ഉള്ള സംവിധാനത്തോടെയാണ് വെയിറ്റിങ്ങ് ഷെഡ് വേണ്ടത്. വെള്ളം പുഴയിൽ നിന്നും എടുക്കാവുന്നതാണ്. സാധാരണക്കാർക്ക് വിശ്രമിക്കാനുള്ള ഒരു ഡൊർമെറ്ററി വേണം.

2) നെൻമാറ ജംഗ്ഷനിൽ ഒരു STD ബൂത്ത് സൗകര്യത്തോടെയുള്ള കംഫർട്ട് സ്റ്റേഷനാവശ്യമാണ്.

### III (A) (1) മറ്റു പ്രധാന റോഡു ഗതാഗത ആവശ്യങ്ങൾ

പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ ഉതകുന്നതും, നാട്ടുകാർക്കെല്ലാം വളരെയേറെ സൗകര്യങ്ങൾ ലഭ്യമാകുന്നതും ആയ മൂന്നു കാര്യങ്ങളാണ് താഴെ കുറിക്കുന്നത്.

1) നെൻമാറ ബസ്സ് സ്റ്റാന്റ്

ഈ ബസ് സ്റ്റാന്റ് 1991ൽ ആണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. ബസ് സ്റ്റാന്റ് നെൻമാറ പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നു. തൊട്ടടുത്താണ് പഞ്ചായത്ത് ആഫീസ്, പാർക്ക് മൈതാനം, ആസ്പത്രി, പോലീസ് സ്റ്റേഷൻ, രജിസ്ട്രേഷൻ ഓഫീസ് എന്നീ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നത്.

ഈ ബസ് സ്റ്റാന്റ് പരിസരം കുറെ കൂടി ശുചികരിക്കാനുണ്ട്. പ്രധാന പ്രശ്നം അതിനടുത്തു തന്നെയുള്ള ആട്ടോറിക്ഷാ സ്റ്റാന്റും അവിടെയുള്ള ഗതാഗതകുരുക്കുകളുമാണ്. ബസ്സ്റ്റാന്റിന്റെ പുറകു വശത്തുകൂടി പോകുന്ന കനാൽ ചാലും, പള്ളിക്കു മുമ്പിലുള്ള ചാലും, ആശുപത്രിയിൽ നിന്നുള്ള മാലിന്യം ഒഴുകുന്ന ചാലും കൂടി പരിസരമലിനീകരണം സൃഷ്ടിക്കുന്നുണ്ട്. പഞ്ചായത്തു ബസ് സ്റ്റാന്റ് രണ്ട് നില ആക്കി ഉയർത്തേണ്ടതാണ്. ഇപ്പോൾ ഭാഗികമായി നിൽക്കുന്ന ഈ പണി പൂർത്തിയാക്കേണ്ടതും പഞ്ചായത്തിനു വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കണം.

1) ആസ്പത്രിയുടെ പടിഞ്ഞാറു വശമുള്ള ചുറ്റുമതിൽ കുറച്ചകത്തോട്ട് മാറ്റി, തെക്കോട്ട് കനാൽ ഭാഗത്തേക്കുള്ള വഴി വീതി കൂട്ടണം. ഇവിടെ നിലവിലുള്ള കനാൽ മേൽപടി ചുറ്റുമതിലിനോടു ചേർത്തു നിർമ്മിക്കണം.

2) കനാൽ ബണ്ടിന്റെയരുകിലുള്ള പഞ്ചായത്തിന്റെ 20 സെന്റ് സ്ഥലം ടാക്സി–ആട്ടോ അസോസിയേഷൻ മുഖാന്തിരം ഒരു ടാക്സി–ആട്ടോ സ്റ്റാന്റാക്കണം. ഈ നിർദ്ദിഷ്ട സ്റ്റാന്റിൽ കുറഞ്ഞത് 2 കംഫർട്ട് സ്റ്റേഷൻ വേണം. ഈ സ്റ്റാന്റിൽ നിന്നും പഞ്ചായത്തിന് സ്ഥിരം വരുമാനം ലഭിക്കും.

3) ഈ ഭാഗത്തു പള്ളിക്ക് മുമ്പിലുള്ള അഴുക്കുചാൽ വലുപ്പം ചെറുതാക്കി പണ്ടു പാടങ്ങളായിരുന്നതും ഇപ്പോൾ വീടുകൾ ഉള്ളതുമായ ഭാഗത്തേക്ക് മലിനജലം ഒഴുകുന്നത് തടയണം. ഈ മലിനജലം സംസ്ക്കരിക്കണം. ഹെൽത്ത് വകുപ്പുകാരുടെ സഹായം ആവശ്യമാണ്.

4) ബസ് സ്റ്റാന്റിന്റെ പുറകുവശം ഉള്ള കനാൽ ചാലുകൾ വളരെ നല്ല രീതിയിൽ അരികു കെട്ടി, അതിനു മുകളിൽ നല്ല നീളത്തിലും വീതിയിലും സ്ലാബിട്ട് ഒരു നല്ല ഷോപ്പിങ്ങ് കോംപ്ലക്സ് ഉണ്ടാക്കണം. ഇത് ബസ് സ്റ്റാന്റിന്റെ പുറകിലൂടെ തെക്കു മുതൽ വടക്കു പടിഞ്ഞാറു വശം വരെയും തുടർന്ന് റോഡിന്റെ വടക്കു മുതൽ വടക്കേയറ്റം വരെയും ആണ് നിർമ്മിക്കേണ്ടത്. ഈ വിധം ധാരാളം കടകൾ നിർമ്മിക്കാം. തദ്വാരാ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം. മലിനീകരണം കുറയ്ക്കുകയും ചെയ്യാം.

ഇതിനാവശ്യമായ സംഖ്യ റൂറൽ ഡെവലപ്മെന്റ് ബോർഡ് മുഖാന്തിരവും വ്യാപാരികൾ മുഖാന്തിരവും ചുരുങ്ങിയ സമയം കൊണ്ട് സ്വരൂപിക്കാം.

ഇപ്പറഞ്ഞ കെട്ടിട ശൃംഖലയുടെ മുകളിൽ ലോഡ്ജിംഗ് സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്.

ഇത് ഏറ്റവും പ്രധാനപ്പെട്ടതും വളരെയേറെ ഉയരങ്ങളിലേക്ക് പഞ്ചായത്തിന്റെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുവാൻ സാധ്യമാകുന്നതും, പോത്തുണ്ടി റോഡിലേക്ക് ഒരു പുതിയ "പൂന്തോട്ട"റോഡ് സാധ്യമാക്കുന്നതുമായ പദ്ധതിയാണ്.

### III(A) – (2) മറ്റു പ്രധാന റോഡു ഗതാഗത ആവശ്യങ്ങൾ

മാട്ടുപാറ എന്ന പാറക്കുന്നിനെ എങ്ങിനെ പാർക്കാക്കാം:

നെൻമാറയുടെ മുഖമുദ്രയായിരുന്നു ഒരു കാലത്ത് നെൻമാറ പാർക്ക്. ഇന്ന് അവിടെ ബസ്സ് സ്റ്റാന്റ് വന്ന ശേഷം പ്രായോഗികമായി ഈ പ്രദേശം പാർക്ക് എന്ന പേരിൽ ഒതുങ്ങി നിൽക്കുന്നു.

1958–62 കാലത്ത് കുട്ടികൾക്കുള്ള കളികോപ്പുകൾ ഇവിടെയുണ്ടായിരുന്നു. ഇപ്പോൾ ഇതു ജനനിബിഡമായ ഒരു അവിശ്രമ കേന്ദ്രമാണ്. പാർക്കിൽ പലപ്പോഴും മൈതാനയോഗങ്ങൾ കൂടാറുണ്ട്.

**താഴെപ്പറയുന്ന ഗതാഗത–സാമൂഹിക ഉദ്ദേശ്യങ്ങൾ വെച്ചാണ് 'മാട്ടുപാറ പാർക്ക്' പദ്ധതിക്കു രൂപം കൊടുത്തിട്ടുള്ളത്.**

1) ബസ്സ് സ്റ്റാന്റിൽ നിന്നും ഏകദേശം 3/4 കി.മീ. ചുറ്റി വാട്ടർ അതോറിറ്റി ആപ്പീസ്, PWD ആപ്പീസ്, T.B, പോത്തുണ്ടി റോഡ് എന്നിവിടങ്ങളിലോ എത്തുവാനുള്ള ദൂരം 1/4 കി.മീ. ആയി ചുരുക്കുക.

2)ആസ്പത്രി മുതൽ പോത്തുണ്ടി റോഡ് T.B. ജംഗ്ഷൻ വരെയുള്ള ഗതാഗത തിരക്ക് ഒഴിവാക്കുക.

3) ആസ്പത്രിയുടെ ചുറ്റുമതിൽ ഈ പദ്ധതിയുടെ ഭാഗമായി കെട്ടി സംരക്ഷിച്ച് ആസ്പത്രിയുടെ പുറകുവശം ഇപ്പോൾ ശൂന്യമായി കിടക്കുന്നതിനാലുള്ള സാമൂഹിക ദ്രോഹവും നാൽക്കാലി ശല്യവും ജനസഞ്ചാരം വർദ്ധിപ്പിക്കുക വഴി ഒഴിവാക്കുക.

4) നെൻമാറ പാർക്കിന് ബദലായി ഒരു പുതിയ മനോഹരമായ പാർക്ക് നിർമ്മിക്കുക.

## സാദ്ധ്യതകൾ

1) ഇവിടെ L.B. കനാൽ പാറകുന്നിനെ രണ്ടായി മുറിക്കുന്നു. ഇവിടെ 10മീ.X5മീ. അളവിൽ ഒരു പാലം നിർമ്മിക്കുക. ഇത് ആർച്ചോടുകൂടിയാണ് നിർമ്മിക്കേണ്ടത്. ഈ പാലത്തിന്റെ ഇരുവശവും അതുപോലെ നിർദ്ദിഷ്ട പാർക്ക് പ്രദേശങ്ങളിലും അലങ്കാരദീപങ്ങൾ വേണം.

2) കേരള ജല അതോറിറ്റി വാട്ടർ ടാങ്ക് ഈ ഭാഗത്തുണ്ട്. ഒരു മനോഹരമായ ഫൗണ്ടന് കണക്ഷൻ ലഭിക്കാൻ പ്രയാസമില്ല. ഈ ഫൗണ്ടൻ വർണ്ണ വൈവിധ്യ ദീപങ്ങൾ കൊണ്ട് പ്രകാശിപ്പിച്ച്, കുട്ടികൾക്ക് കളിക്കുവാനുള്ള സ്കേറ്റിങ്ങ് റെയിൽ, സീസാ എന്നിങ്ങനെയുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം.

3) പൂച്ചെടികൾ വെച്ചു പിടിപ്പിക്കണം. ധാരാളം കോൺക്രീറ്റ് ഇരിപ്പിടങ്ങളും നിർമ്മിക്കണം. ഇങ്ങിനെ ചെയ്യുന്ന പക്ഷം നാട്ടുകാർക്ക് ജനനിബിഡതയിൽ നിന്നും വാഹനത്തിരക്കിൽ നിന്നും ഒഴിഞ്ഞ അന്തരീക്ഷത്തിൽ വിശ്രമിക്കുവാനുള്ള സ്ഥലം ലഭിക്കും. തദ്വാരാ ഈ പ്രദേശം ഒരു ടൂറിസ്റ്റ് ആകർഷണ കേന്ദ്രമാവും.

4) ഇവിടെയ്ക്കടുത്താണ് നെല്ലിക്കുളങ്ങര ക്ഷേത്രം, ക്രിസ്ത്യൻ പള്ളി എന്നിവ. കൂടാതെ ആതനാട്ടുകുന്ന് ഒരാകർഷണവുമാണ്. പച്ചപിടിച്ചു നിൽക്കുന്ന പാടങ്ങൾ മനോഹരമായ കാഴ്ചയായിരിക്കും.

5) പാർക്കിന്റെ പരിപാലനം സന്നദ്ധസംഘടനകളെ ഏൽപിക്കാവുന്നതാണ്. കോഴിക്കോട് ബീച്ചിൽ ഉള്ള ലയൺസ് പാർക്കു പോലെ മനോഹരമായ പാർക്ക് നെൻമാറയിൽ ഉണ്ടാവുകയും ചെയ്യും.

പഞ്ചായത്തിന് സ്ഥിരം വരുമാനം ലഭിക്കുകയും ചെയ്യും.

**III(A) (3) മറ്റു പ്രധാന റോഡു ഗതാഗത ആവശ്യങ്ങൾ.**

4,12 വാർഡുകളിലെ കനാൽ ബണ്ട് റോഡ് കം ഷോപ്പിങ്ങ് കോംപ്ലക്സ്

(a) വില്ലേജ് ഓഫീസു മുതൽ–അയലൂർ റോഡുവരെ കനാൽ ബണ്ടു റോഡ്.

(b) അയലൂർ റോഡു മുതൽ അയിനം പാടം (കല്ലേങ്കോട്) കനാൽ പാലം വരെ കനാൽ ബണ്ടു റോഡ്.

മേൽപറഞ്ഞ രണ്ടു നിർദ്ദിഷ്ട റോഡുകളുടെയും വീതി 6 മീറ്ററാണ്. നീളം യഥാക്രമം 600മീറ്ററും 1,500 മീറ്ററും ആണ്.

1) അനുദിനം കൂടിവരുന്ന നെൻമാറയിലെ വാഹന ഗതാഗതം പലപ്പോഴും ഗതാഗതകുരുക്ക് ഉണ്ടാ

ക്കുന്നുണ്ട്. വാഹനങ്ങളുടെ എണ്ണത്തിലെ വർദ്ധനവിനനുസരിച്ച് റോഡുകൾ വീതി കൂടുവാൻ സൗകര്യങ്ങളില്ല. ഇനിയുള്ള നാളുകളിൽ ഗതാഗതം വർദ്ധിക്കുവാനുള്ള സാഹചര്യം നിലനിൽക്കുന്നു.

2) ഈ പ്രതിസന്ധി തരണം ചെയ്യുവാനുള്ള ലളിതവും റോഡുകൾ വീതി കൂട്ടുവാനുണ്ടായേക്കാവുന്ന പ്രശ്നങ്ങളോ ചിലവുകളോ ഇല്ലാത്തതും ആയ നിർദ്ദേശങ്ങളാണ് ഈ നിർദ്ദിഷ്ട കനാൽ ബണ്ടു നിർമ്മാണം മുഖേന സാദ്ധ്യമാവുന്നത്.

3) ഈ റോഡ് രണ്ടുഘട്ടങ്ങളായി ചെയ്യുവാൻ സാധിക്കും. ആദ്യമായി മെറ്റൽ റോഡ് നിർമ്മിക്കുക. രണ്ടാം ഘട്ടത്തിൽ രണ്ടു വർഷങ്ങൾക്കുശേഷം മെറ്റൽ റോഡ് ടാറിടുക.

## സാദ്ധ്യതകൾ

1) കനാലിന്റെ വശങ്ങളിൽ താമസിക്കുന്നവരുടേയും സേവനോത്സുകതയുള്ള സാമൂഹ്യപ്രവർത്തകരുടേയും സന്നദ്ധസംഘടനകളുടേയും വ്യാപാരി-പ്രതിനിധികളുടേയും ഒരു കമ്മിറ്റി ഉണ്ടാക്കുക.

2) കനാലിന്റെ വശങ്ങളിലെ താമസക്കാരെ പ്രേരിപ്പിച്ച് അവരുടെ അതിർത്തി ഭിത്തി നല്ല ബലമായി കെട്ടി പൊന്തിക്കുക.

3) പഞ്ചായത്തിലെ മൺകൂമ്പാരങ്ങളും കെട്ടിടം പൊളിക്കുമ്പോൾ ഉള്ള പാഴ്മണ്ണും മറ്റും വശങ്ങളിലിട്ട് കുറേശ്ശെയായി ബണ്ടിന്റെ വശങ്ങൾ ഉയർത്തുക.

4) മെറ്റൽ ചെയ്യുക.

5) ബണ്ടിന്റെ മറുകരയിൽ ജനനിബിഡ പ്രദേശങ്ങൾക്ക് സമീപം കടകൾ കെട്ടുക.

6) മറുകരയുമായി ഇടക്കിടെ നടപ്പാലങ്ങൾ നിർമ്മിച്ച് ബന്ധിപ്പിക്കുക.

7) കനാൽ ജലം ഒഴുകുന്ന വശത്ത് പാർശ്വഭിത്തി കെട്ടി, എല്ലാ തൂണുകളിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

8) കാലങ്ങൾ ചെല്ലുമ്പോൾ ജലം ഒഴുക്കിവിടുന്ന പക്ഷം നാടൻ തോണി വിനോദത്തിനു വേണ്ടി ഈ ഭാഗത്ത് ഓടിക്കാവുന്നതാണ്.

9) ഏറ്റവും കുറഞ്ഞ പക്ഷം ഘട്ടം ഘട്ടമായി 50 മുതൽ 100ഓളം കടകളും, ഓഫീസുകൾക്കുള്ള കെട്ടിടങ്ങളും നിർമ്മിക്കാവുന്നതാണ്.

10) വിഭവസമാഹരണം വ്യക്തികൾ സംഘടനകൾ എന്നിവർ മുഖാന്തിരവും കടകൾ ആരംഭിക്കുവാൻ താൽപര്യമുള്ളവരിൽ നിന്നുള്ള അഡ്വാൻസ് എന്നിങ്ങനെ സ്വരൂപിക്കാവുന്നതാണ്.

11) പഞ്ചായത്തിന് കനത്ത വരുമാനം ഉറപ്പിക്കാം.

**III (A) (4) മറ്റു പ്രധാന റോഡു ഗതാഗത ആവശ്യങ്ങൾ നെൻമാറ ജംഗ്ഷൻ ആട്ടോ-ടാക്സി സ്റ്റാന്റ്**

1) ഇപ്പോൾ തന്നെ നെൻമാറ ജംഗ്ഷൻ (പുത്തൻ തറ) വളരെയേറെ വാഹനങ്ങളുടെയും യാത്രക്കാരുടേയും വഴിയാത്രക്കാരുടെയും അമിത ബാഹുല്യത്താൽ നിബിഡമാണ്.

2) ശാസ്ത്രീയമായ രീതിയില്ലാത്തതിനാൽ ആട്ടോറിക്ഷക്കാരും ടാക്സികാറുകാരും റോഡരുകിലാണ് അവരുടെ വാഹനങ്ങൾ നിർത്തിയിടുന്നത്. (പാർക്ക് ചെയ്യുന്ന ആട്ടോകൾ - 22, ടാക്സികൾ-12) ഇതു മൂലം വഴിനടക്കാർക്കും സഞ്ചാരത്തിൽ ഉള്ള വാഹനങ്ങൾക്കും, ബാങ്കുകൾ, ഓഫീസുകൾ, ഹോട്ടൽ, കടകൾ എന്നിവിടെ വരുന്ന വാഹനങ്ങൾക്കും പ്രയാസങ്ങൾ ഉണ്ട്. കാലം പോകുന്തോറും കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടാകും എന്ന കാര്യത്തിൽ സംശയം വേണ്ട.

3) ശാശ്വതവും സ്ഥിരവും ആയ പരിഹാരം ടാക്സി-ആട്ടോ സ്റ്റാന്റ് നിർമ്മിച്ച് നെൻമാറ മുക്കിലെ

ക്ലേശങ്ങൾ ഒഴിവാക്കുകയെന്നതാണ്. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്തും ടാക്സി-ആട്ടോ അസ്സോസിയേഷനും സന്നദ്ധപ്രവർത്തകരും സർക്കാർ സഹായത്തോടെ നടപ്പിലാക്കണം.

a) നെൻമാറ ജംഗ്ഷന്റെ അടുത്തുകിടക്കുന്ന സ്കൂൾ അതിർത്തി മതിലിനു പുറത്തു റോഡരുകിൽ 3 മീറ്റർ വീതിയിൽ സ്ഥലം ഒഴിഞ്ഞു കിടക്കുന്നു. കുറ്റിക്കാടുകളും, മൂത്രവിസർജ്ജദുർഗ്ഗന്ധവും ഉള്ള ഭാഗമാണിത്.

ഇവിടെ കാടുവെട്ടി മാറ്റി, ഓവുചാലുകൾ വൃത്തിയാക്കിയിടണം.

b) സ്കൂൾ മതിലിനോട് ചേർന്ന് ടാക്സി-ആട്ടോ പാർക്കിങ്ങ് സ്റ്റാന്റ് നിർമ്മിക്കണം.

c) കംഫർട്ട് സ്റ്റേഷൻ ഉണ്ടാക്കണം.

d) S.T.D. ബൂത്ത് സൗകര്യം ഉണ്ടാക്കണം. ഇതുമൂലം പുറമെ നിന്നും കാറുകളോ ആട്ടോകളോ വിളിക്കുവാൻ സൗകര്യം ലഭിക്കും. ഒന്നു രണ്ടു പേർക്ക് തൊഴിലും ലഭിക്കും.

e) ഈ സ്റ്റാന്റിനോട് ചേർന്ന് ഒരു ടീസ്റ്റാൾ/പെട്ടിക്കട എന്നിവ ആരംഭിക്കുവാനും തദ്വാരാ രണ്ടു-നാലു പേർക്കു തൊഴിലിനും സാദ്ധ്യതയുയണ്ട്.

f) ഈ സ്റ്റാന്റിൽ നിന്നും മറ്റും പഞ്ചായത്തിന് നല്ല വരുമാനവും ലഭിക്കും.

4) കോതകുളം പരിസരത്ത് രണ്ട് ആട്ടോറിക്ഷക്കെങ്കിലും ഉള്ള ഒരു സ്റ്റാന്റ് വേണമെന്ന് ഗ്രാമസഭയിൽ നിർദ്ദേശം ലഭിച്ചിരുന്നു.

### IV (A) റയിൽ ഗതാഗത സാദ്ധ്യതകൾ - അനിവാര്യത

1) ആമുഖം: പൊതുവെ മലബാർ പ്രദേശങ്ങളെ റയിൽവേ അവഗണിക്കുന്നതായുള്ള പരാതി എല്ലാ തലങ്ങളിലും നാം കേട്ടിട്ടുണ്ട്. റെയിൽ ഗതാഗതത്തിന് ഏറ്റവും ദൈർഘ്യം കുറഞ്ഞതും വളരെയേറെ സാമ്പത്തിക മെച്ചം ലഭിക്കാനുതകുന്നതുമായ മധുര-ഗുരുവായൂർ പാതയെ കുറിച്ചാണ് ഇവിടെ പറയുന്നത്. പദ്ധതിക്ക് ഊന്നൽ നൽകേണ്ടുന്ന ആവശ്യത്തിലേക്കായി നമ്മുടെ സംസ്ഥാനത്തിനകത്തുള്ള പ്രദേശങ്ങളെക്കുറിച്ചു മാത്രം പ്രാധാന്യം നൽകിയിട്ടാണ് ഇതു തയ്യാറാക്കിയിട്ടുള്ളത്.

റെയിൽ ഗതാഗതം മൂലം ഉണ്ടാകുന്ന “വിനോദ സഞ്ചാരവികസനത്തിന്റെ” സാദ്ധ്യതകൾ സ്ഥലപരിമിതി പരിഗണിച്ച് ഊന്നൽ നൽകിയിട്ടില്ല എന്നത് ടൂറിസം സാദ്ധ്യതകൾ ഇല്ല എന്നർത്ഥത്തിൽ എടുക്കരുത്.

2) പ്രാധാന്യം: മധുര - പഴനി എന്നിവ വളരെയേറെ കേരളീയർ സന്ദർശിക്കുന്ന തീർത്ഥാടന കേന്ദ്രങ്ങളാണ്. ഒഡ്ഡൻഛത്രം നല്ല പച്ചക്കറിയുൽപ്പാദന കേന്ദ്രമാണ്. ദിണ്ടുക്കൽ നല്ല വാണിജ്യ കേന്ദ്രവും തൃശ്ശിനാപ്പിള്ളി, ദേവക്കോട്ടൈ, കൊടൈക്കനാൽ എന്നീ പ്രദേശങ്ങളിലേക്ക് പോകുവാനുള്ള പ്രശസ്തമായ തുകലുൽപ്പാദനകേന്ദ്രവും അണ്ണാ ദിണ്ടുക്കൽ ജില്ലാ ആസ്ഥാനവുമാണ്. പഴനിയിൽ നിന്നും കൊടൈക്കനാലിലേക്കു പോകാം. ദിണ്ടുക്കലിൽ നിന്നും കോട്ടയം-മധുര പാതയിലുള്ള പെരിയകുളം, തേനി, കമ്പം, കുമിളി തുടങ്ങിയ സ്ഥലങ്ങളിലേക്കും പോകാവുന്നതാണ്.

പൊള്ളാച്ചി: പാലക്കാട് ജില്ലയിലെ തെക്കുപടിഞ്ഞാറൻ പ്രദേശങ്ങളായ കൊല്ലങ്കോട്, നെൻമാറ എന്നീ പ്രദേശത്തുകാർക്കും ജില്ലയുടെ തെക്കൻ പ്രദേശങ്ങളായ കൊഴിഞ്ഞാമ്പാറ, ചിറ്റൂർ, തത്തമംഗലം, നല്ലേപ്പിള്ളി, മീനാക്ഷിപ്പുരം എന്നിങ്ങനെയനവധി ഭാഗങ്ങളിലുള്ളവർക്കും ഉള്ള വാണിജ്യക്രയവിക്രയ പട്ടണവുമാണ്.

ചാലക്കുടി, തൃശൂർ, വടക്കാഞ്ചേരി, ആലത്തൂർ പ്രദേശങ്ങളിൽ നിന്ന് അനുദിനം ആയിരക്കണക്കിന് ആളുകൾ എത്തുന്ന സ്ഥലമാണ് പൊള്ളാച്ചി. അങ്ങിനെ തീർത്ഥാടകർ, വ്യാപാരികൾ, വ്യവസായികൾ എന്നിങ്ങനെ നെൻമാറ, ആലത്തൂർ, പാലക്കാട്, ചിറ്റൂർ, കൊഴിഞ്ഞാമ്പാറ എന്നീ ഭാഗങ്ങളിലൂടെയുള്ള യാത്രക്കാരുടെ എണ്ണം അനുദിനം 10,000 ൽ ഏറെ വരും. ഇവർക്കെല്ലാം ഇപ്പോഴത്തെ ഏക മാർഗ്ഗം ബസ്സുകൾ മാത്രമാണ്, അതിനാൽ ഇതു വഴിയുള്ള ഗതാഗത പ്രാധാന്യം പറയേണ്ടതില്ലല്ലോ.

3) ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്ന റയിൽവേ ഗതാഗതത്തിനുള്ള സർവ്വേ 1942–ൽ കഴിഞ്ഞിട്ടുണ്ടെന്നാണ് കേട്ടറിവ്. മേൽപ്പറഞ്ഞ സർവ്വേ മധുര ഡിവിഷനിൽ ഉള്ളതായി അറിയുന്നു.

4) ഇപ്പോൾ പൊള്ളാച്ചി–പാലക്കാട് റയിൽപ്പാതയുമുണ്ട്. ഇതു പാലക്കാട് ജില്ലയിലെ മുതലമട, വടവന്നൂർ (കൊല്ലങ്കോട് സ്റ്റേഷൻ) പുതുനഗരം എന്നീ പഞ്ചായത്തുകളിലൂടെയാണ് കടന്നു പോകുന്നത്. തികച്ചും അവഗണിക്കപ്പെട്ടതിനാൽ ഈ പാത ഇപ്പോഴും മീറ്റർഗേജ് ആയി തുടരുന്നു. മാത്രമല്ല ഈ പാതയിലൂടെയുള്ള പ്രാധാന്യത്തെക്കുറിച്ചുള്ള അജ്ഞത ഇപ്പോഴും തുടരുന്നു.

5) ഈ പഞ്ചായത്തടക്കം താഴെപ്പറയുന്ന പഞ്ചായത്തുകൾക്കെല്ലാം ഈ പാത വരുന്നതോടെ ഗുണകരമായ സാമ്പത്തിക നേട്ടങ്ങളും മെച്ചപ്പെട്ട ടൂറിസം സാദ്ധ്യതകളും, തീർത്ഥാടന കേന്ദ്രങ്ങളായ മധുര, പഴനി, തൃശൂർ, ഗുരുവായൂർ എന്നീ ഭാഗങ്ങളിലേക്കുള്ള യാത്രക്കാർക്ക് കുറഞ്ഞ ദൂരത്തിൽ സഞ്ചരിക്കാനാകും.

| ക്രമ ന. | പഞ്ചായത്ത് | ജില്ല | ക്രമ ന. | പഞ്ചായത്ത് | ജില്ല |
|---|---|---|---|---|---|
| 1. | കൊല്ലങ്കോട് | പാലക്കാട് | 8. | വണ്ടാഴി | പാലക്കാട് |
| 2. | പല്ലശ്ശേന | ” | 9. | വടക്കാഞ്ചേരി | “ |
| 3. | എലവഞ്ചേരി | ” | 10. | കണ്ണമ്പ്ര | “ |
| 4. | നെൻമാറ | ” | 11. | പാണഞ്ചേരി | തൃശൂർ |
| 5. | അയലൂർ | ” | 12. | നടത്തറ | “ |
| 6. | മേലാർക്കോട് | ” | 13. | മാടക്കത്തറ | “ |
| 7. | ആലത്തൂർ | ” | 14. | ഒല്ലൂക്കര | “ |

6)കൃഷിക്കാരുടെ കാർഷികവിളകളും മറ്റനവധി സാധനങ്ങളും ഈ പാത വരുന്നതോടെ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ ജനങ്ങൾക്കെല്ലാം വിപണികളിലെത്തിക്കുവാൻ എളുപ്പമാവും.

## 7)വിഭവസമാഹരണം.

തമിഴ് നാട് – കേരള സർക്കാർ, കൊങ്കൺ റയിൽവേ മോഡലിൽ “തമിഴ്– മലയാളം” റയിൽവേ കോർപ്പറേഷൻ ഉണ്ടാക്കണം.

# ഊർജ്ജം

പ്രധാന കുറിപ്പ് – ഈ അദ്ധ്യായം .താഴെപ്പറയും പ്രകാരം ക്രമീകരിച്ചിരിക്കുന്നു.

1) A. ആമുഖം. B (1) വൈദ്യുതി – പ്രശ്നങ്ങൾ B (2) പരിഹാരനിർദ്ദേശങ്ങൾ C) ആവശ്യങ്ങൾ D) പുതിയ ഊർജ്ജ സ്രോതസ്സ് കണ്ടെത്തുവാനുള്ള നിർദ്ദേശങ്ങൾ E) ഗാർഹിക ഊർജ്ജം മെച്ചപ്പെടുത്തൽ

2) മേൽപ്പറഞ്ഞ ഓരോ അനുബന്ധ വിഷയവും വിഷയത്തിന്റെ ആവശ്യത്തിലേക്ക് വിശദീകരിച്ച് പക്ഷെ ചുരുക്കത്തിൽ എഴുതിയിട്ടുണ്ട്.

3) ഗാർഹിക – വ്യവസായിക ഉപഭോക്താക്കളുടെയിടയിൽ ബോധവൽക്കരണം മുൻഗണനയർഹിക്കുന്നു.

## A (1) ആമുഖം.

ഗ്രാമപ്രദേശമായതിനാലും, കാർഷിക മേഖലയായതിനാലും "ഊർജ്ജത്തിന്റെ" ആവശ്യത്തിന് താഴെപ്പറയുന്ന രീതികളാണ് ജനങ്ങൾ അവലംബിച്ചു വരുന്നത്.

1) വൈദ്യുതി 2) ജനറേറ്ററുകൾ 3) വിറക്, 4) കരി 5) ഉമി 6) വരട്ടി 7) ചകിരി 8) ചിരട്ട 9) തെങ്ങിന്റെ ഓല, മടലുകൾ തുടങ്ങിയവ 10) മണ്ണെണ്ണ 11) മെഴുകുതിരി 12) ചൂട്ട് 13) L.P. ഗ്യാസ്. 14) ബാറ്ററി – ആട്ടോ & ഡ്രൈസെൽ 15) പെട്രോൾ 16) ഡീസൽ 17) വിളക്ക് കത്തിക്കുവാനുള്ള എണ്ണകൾ. 18) വർക്ക്ഷോപ്പ്-ഗ്യാസ് 19) ഈർച്ചപ്പൊടി 20) ബയോഗ്യാസ്. 21) ചപ്പുചവറുകൾ

നെൻമാറ പഞ്ചായത്തിൽ മറ്റു പ്രദേശങ്ങൾ പോലെ തന്നെ ജനസംഖ്യാനുപാതികമായി ഊർജ്ജ സ്രോതസ്സുകളുടെ ദൗർബല്യം മൂലം പ്രശ്നങ്ങൾ ഉണ്ട്.

1928–ൽ ജലവിതരണത്തിനും തെരുവു വിളക്ക് കത്തിക്കുവാനും വേണ്ടി സ്ഥാപിച്ച ഒരു "ഡയനാമോ" ആയിരുന്നു, ആദ്യത്തെ യന്ത്രവൽക്കരിച്ച ഊർജ്ജോൽപാദനത്തിനു നാന്ദി കുറിച്ചത്.

കൊച്ചി മഹാരാജാവിന്റെ ദിവാനായിന്ന ശ്രീ. ഷൺമുഖം ചെട്ടി അവർകളുടെ ശുപാർശ പ്രകാരം നെൻമാറയിൽ ആദ്യമായി ജലവിതരണവും വൈദ്യുതിയും വന്നു. അക്കാലത്ത് സാമൂഹ്യക്ഷേമ പ്രവർത്തന രംഗത്ത് ശ്രദ്ധേയരായിരുന്ന ശ്രീ. വിശ്വനാഥൻ ചെട്ട്യാർ, കൊച്ചി ചീഫ് കോർട്ട് രജിസ്ട്രാർ ശ്രീ. എൻ. ആർ. വൈദ്യനാഥയ്യർ എന്നിവരെല്ലാം ഇക്കാര്യത്തിന് പരിശ്രമിക്കുകയുണ്ടായി. തെരുവു വിളക്കുകൾ തൃശൂർ നഗരത്തോടൊപ്പമോ അതിനുമുമ്പോ തന്നെ നെൻമാറയിൽ വന്നു. മറ്റു പ്രദേശങ്ങളിൽ നിന്നും ജനങ്ങൾ തെരുവു വിളക്കുകൾ കത്തുന്നതു കാണാൻ സന്ധ്യാനേരത്ത് വരുക പതിവായിരുന്നുവത്രേ.

പണ്ടുകാലത്ത് പഞ്ചായത്തിന്റെ വക വിവിധ ജനനിബിഡ പ്രദേശങ്ങളിൽ മണ്ണെണ്ണ ഒഴിച്ചു കത്തിച്ചിരുന്ന വഴി വിളക്കുകൾ ഉണ്ടായിരുന്നു. വെളിച്ചത്തിനു പുറമെ വിളക്കു കത്തുന്ന പ്രദേശം ജനവാസം ഉള്ളതാണെന്ന് അപരിചിതർക്കു മനസ്സിലാക്കുവാനുള്ള സംവിധാനം കൂടിയായിരുന്നു അത്. രാത്രി കാലങ്ങളിൽ ചൂട്ടു കത്തിച്ചാണ് വഴിയാത്രക്കാർ നടന്നിരുന്നത്. ചൂട്ടുകൾ കടകളിൽ ലഭ്യമായിരുന്നു.

അക്കാലത്ത് സ്ഥാപിച്ച് ഇരുമ്പുകൊണ്ടുള്ള "ഇറ്റാലിയൻ" ഇലക്ട്രിക്ക് പോസ്റ്റുകൾ യാതൊരു കേടു മില്ലാതെ ഇപ്പോഴും മനോഹരമായി നിൽക്കുന്നത് കാണാവുന്നതാണ്.

പിൽക്കാലത്ത് സ്ഥാപിതമായ വിദ്യുച്ഛക്തി ബോർഡിന്റെ നിയന്ത്രണത്തിൽ വന്ന ശേഷം ഉള്ള അവസ്ഥയാണ് ഇപ്പോഴത്തെ വൈദ്യുതിയുടെ കാര്യത്തിൽ പറയാതെ തന്നെ അനുഭവത്തിൽ നിന്നും മനസ്സിലാക്കാവുന്ന യാഥാർത്ഥ്യങ്ങൾ.

2) ജനങ്ങൾക്ക് ഊർജ്ജത്തിന്റെ ആവശ്യം താഴെപ്പറയുന്ന മേഖലകളിലേക്കാണ് വേണ്ടത്.

1)ഗാർഹികതലത്തിൽ ഭക്ഷണം പാകം ചെയ്യുവാൻ ഇന്ധനമായും, ഗാർഹിക യന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ വിദ്യുച്ഛക്തിയായും (ഇന്ധനത്തിന്റെ ആവശ്യത്തിന് മറ്റു പല മാർഗ്ഗങ്ങളും ഉണ്ട്)

2) ഹോട്ടലുകൾ - മേൽപ്പറഞ്ഞ പോലെ

3) വ്യവസായ സ്ഥാപനങ്ങൾ – ഇന്ധനമായി കരി, വിറക് മുതലായവയും യന്ത്രങ്ങൾ പ്രവർത്തിപ്പി ക്കുവാൻ വിദ്യുച്ഛക്തി, ജനറേറ്റർ എന്നിവയും.

4) പൊതുവായി എല്ലാ വിഭാഗത്തിൽപെട്ടവർക്കും വിളക്കുകൾ കത്തിക്കുവാൻ ഊർജ്ജത്തിന്റെ ആവശ്യം ഉണ്ട്. ഇതിനുള്ള മാർഗ്ഗങ്ങൾ പലതാണ്. താഴെ നോക്കുക.

വെളിച്ചം – വൈദ്യുതി, മണ്ണെണ്ണ (വിവിധതരം വിളക്കുകൾ, പെട്രോമാക്സ് എന്നിവ) മെഴുകുതിരി, ബാറ്ററി, വിളക്കുകത്തിക്കാനുള്ള എണ്ണ, L.P.G. ഗ്യാസ്, ചൂട്ട് എന്നിങ്ങനെ.

5) പരമ്പരാഗതമായ മാർഗ്ഗം അവലംബിക്കുന്നവർ ഒട്ടും കുറഞ്ഞിട്ടില്ല.

ഇതെല്ലാമാണെങ്കിലും ഊർജ്ജത്തിന്റെ ആവശ്യത്തിന് ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കു ന്നത് നേരിട്ടാണെങ്കിലും അല്ലെങ്കിലും വിദ്യുച്ഛക്തിയെയാണ്.

മറ്റു പരമ്പരാഗത മാർഗ്ഗങ്ങൾ തുടരുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ ഭാവിയിൽ ഗുരുതരമാകു മെന്നറിഞ്ഞു കൊണ്ടുവേണം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്.

ഊർജ്ജം അനാവശ്യമായി പാഴാകുന്നതു ഒഴിവാക്കി, വൈദ്യുതി ഉപഭോഗം പരമാവധി കുറച്ചു കൊണ്ടുള്ള പദ്ധതികളാണ് അഭികാമ്യം.

## B – വൈദ്യുതി പ്രശ്നങ്ങൾ

1. ഉപഭോക്താക്കളിൽ ഭയവും വെറുപ്പും ഉളവാക്കുന്ന രീതിയിലുള്ള വകുപ്പുകാരുടെ പെരുമാറ്റം.

2. പൊതുവായി ജനങ്ങൾ അറിയേണ്ട നിയമങ്ങളെക്കുറിച്ച് അജ്ഞത

3. നിരക്കു സൗജന്യം ഉള്ളവർക്കു മുഴുവനും അതു ലഭിക്കുന്നില്ല.

4. വിദ്യുച്ഛക്തി ബന്ധം ലഭിക്കുവാനായി സംഖ്യകൾ മുൻകൂർ കെട്ടിവെച്ചിട്ടും മാസങ്ങളും വർഷ ങ്ങളുമായി കണക്ഷൻ ലഭിക്കാതെ കാത്തിരിക്കുന്ന ആളുകൾ ഉണ്ട്.

5. ഗാർഹിക ഉപഭോക്താക്കൾ ഇപ്പോഴും സ്ലാബ് സമ്പ്രദായത്തിൽ കത്തിക്കാത്ത വൈദ്യുതിക്കു പോലും ചാർജ്ജ് നൽകുന്നുണ്ട്. ഇടക്കിടെ അഡീഷനൽ ബില്ലും വരാറുണ്ട്.

6. ഗാർഹിക–വ്യവസായ–കാർഷികാവശ്യ ഉപഭോക്താക്കൾ വിവിധ ആവശ്യങ്ങൾക്ക് തുടർച്ചയായി ആഫീസ് കയറിയിറങ്ങേണ്ട അവസ്ഥയുണ്ട്.

7. 1) പഞ്ചായത്ത് മാസം തോറും 22,000 രൂപയുടെ മേൽ തെരുവു വിളക്കുകൾക്കായി അടയ്ക്കു ന്നുണ്ട്. പക്ഷെ അനുഭവത്തിൽ 85% വിളക്കുകളും തുടർച്ചയായി ഒരാഴ്ചയെങ്കിലും കത്തിയ ചരിത്ര മില്ല.

2) നിരന്തരമായ പരാതികൾ പ്രയോജനമുള്ളതായി കണ്ടിട്ടില്ല. ഈ അവസ്ഥമൂലം ജനപ്രതിനിധികൾ മാനസ്സികമായി വളരെയധികം വിഷമത നേരിടുന്നുണ്ട്.

3) 100% വിളക്കുകൾ ഒരു ദിവസം പോലും പരിപൂർണ്ണമായും കത്തിയ ചരിത്രമില്ല. പഞ്ചായത്ത് കത്താത്ത വിളക്കുകൾക്ക് വേണ്ടി സംഖ്യ കൊടുക്കുന്നു. ലൈൻമാൻമാർ പകൽ സമയത്ത് കത്താത്ത വിളക്കുകൾ സ്വയം കണ്ടുപിടിക്കാറില്ല. അവർ ലൈൻ കേടുപാട് നേരാക്കിയെന്നു പറയുന്ന അവസരങ്ങളിൽ പോലും കേടുപാടു തീരാത്ത അനുഭവങ്ങളുണ്ട്.

8. ആശുപത്രികൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവിടെയെല്ലാം പവ്വർകട്ട് ബാധിക്കുന്നു.

9. കേബിൾ ടി.വി.ക്കാരും, പരസ്യക്കാരും പോസ്റ്ററുകൾ, പരസ്യപലകകൾ എന്നിവ സ്വന്തം ഇഷ്ടത്തിനുപയോഗിക്കുന്നു. തദ്വാര പഞ്ചായത്തിന് കേബിൾക്കാരുടെ ആവശ്യത്തിനുവേണ്ടി അവർ ഉപയോഗിക്കുന്ന പോസ്റ്റുകളുടെ കണക്കു വെച്ച് പഞ്ചായത്തിന് ലഭ്യമായേക്കാവുന്ന വരുമാനം ഇല്ലാതാകുന്നു. മാത്രമല്ല അവർ അനധികൃതമായി പോസ്റ്റിൽ കയറി അപകട സാധ്യത വർദ്ധിപ്പിക്കുന്നു.

10. ഗാർഹിക ഉപഭോക്താക്കളിൽ ചിലരുടെ വീടുകളിൽ കൂടുതൽ തവണ ഇടവിട്ട് വൈദ്യുതി നിലയ്ക്കാറുണ്ട്.

11. ഗാർഹിക ഉപഭോക്താക്കളിൽ കൂടുതൽ പേരും ബൾബുകൾ ഉപയോഗിക്കുന്നു. ഇത് കൂടുതൽ വിദ്യുച്ഛക്തി ആഗിരണം ചെയ്യുന്നു.

12. ഗാർഹിക ആവശ്യത്തിന് വിദ്യുച്ഛക്തി ഉപയോഗിച്ചുള്ള വിളക്കുകൾ അല്ലാതെ മറ്റു വൈദ്യുത സ്രോതസ്സ് അവലംബിച്ചു കാണുന്നില്ല.

13. ആഢംബരത്തിനു വേണ്ടിയും ദുരഭിമാനം മൂലവും ചില പണക്കാർ കൂടുതൽ വൈദ്യുതി അനാവശ്യമായി ഉപയോഗിക്കുന്നു.

14. ഗാർഹിക ഉപോയോഗത്തിന് സിംഗിൾ ഫെയ്സ് ലൈനാണ് കൂടുതൽ ഉള്ളത്. ആകയാൽ ഇക്കാലത്തെ ആധുനിക ഗൃഹോപകരണങ്ങളായ മിക്സി, ഗീസർ, വാഷിങ്ങ് മെഷീൻ, ഗ്രൈന്റർ, പമ്പ് സെറ്റ്, ഫാൻ, ഫ്രിഡ്ജ് എന്നിങ്ങനെ അനവധി യന്ത്രസാമഗ്രികൾ ഉപയോഗിക്കുമ്പോൾ ലൈൻ ലോഡ് കൂടുന്നു. ചില സമയങ്ങളിൽ വയറുകൾ കത്താറുണ്ട്.

15. ലൈൻ ഓവർ ലോഡിങ്ങ്, ഓവർ വോൾട്ടേജ് തുടങ്ങിയ സംഭവങ്ങൾ അപൂർവ്വമാണെങ്കിലും സംഭവിക്കുന്നുണ്ട്.

16. തെരുവുവിളക്കു ബൾബുകൾ അൽപായുസ്സാണ്.

17. പ്രസരണ നഷ്ടം ധാരാളം ഉണ്ടാകുന്നുണ്ട്.

18. മരച്ചില്ലകൾ മൂലം ലൈൻ തടസ്സങ്ങളും ഉണ്ടാകാറുണ്ട്.

19. വോൾട്ടേജ് കുറവ്, അപ്രഖ്യാപിത പവർ കട്ട് എന്നിവ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇതു മൂലം വൈദ്യുതിയധിഷ്ഠിത വ്യവസായങ്ങൾക്ക് നഷ്ടം ഉണ്ടാകുന്നു.

20. വ്യവസായ യൂണിറ്റുകളിൽ ചിലതും മറ്റു ഉപഭോക്താക്കളിൽ ചിലരും സാങ്കേതികമായും അല്ലാതെയും വൈദ്യുതി മോഷണം ചെയ്യുന്നുണ്ടോ എന്ന സംശയം ചിലരിൽ ഉണ്ട്.

21. നെൻമാറയിൽ ചില ഭാഗങ്ങൾ കൊല്ലങ്കോട് ഫീഡറിൽ നിന്നുമാണ് ബന്ധിച്ചിട്ടുള്ളത്. ആയതിനാൽ 38കി.മീ.അകലെ നെല്ലിയാമ്പതിയിൽ ലൈനിൽ മരം വീണാലുടൻ നെൻമാറയിൽ ചില പ്രദേശങ്ങളിൽ വൈദ്യുതി നിലയ്ക്കുന്നു.

## B പരിഹാരനിർദ്ദേശങ്ങൾ

1. മാനുഷിക–ജനാധിപത്യ – ഉപഭോക്തൃ ബന്ധങ്ങളെക്കുറിച്ച് ഉദ്യോഗസ്ഥൻമാരെ വിദ്യുച്ഛക്തി വകുപ്പുകാർ തന്നെ മനസ്സിലാക്കി കൊടുക്കണം.

2. ഇവ പ്രത്യേകം നോട്ടീസ് ബോർഡിൽ പെയിന്റ് ചെയ്തു വെയ്ക്കണം. പത്രമാധ്യമങ്ങളും വകുപ്പിന്റെ P.R.വിഭാഗവും ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കണം.

3. സന്നദ്ധസംഘടനകളും, ബോർഡുദ്യോഗസ്ഥൻമാരും ജനങ്ങളെ സഹായിക്കണം.

4. കണക്ഷന് ആവശ്യമുള്ള സാധനങ്ങൾ എല്ലാം സമയബന്ധിതരായി ബന്ധപ്പെട്ട ആപ്പീസുകളിൽ സ്വരൂപിച്ച ശേഷം C.D. സംഖ്യ വാങ്ങുക. ഇങ്ങിനെയുള്ള സന്ദർഭത്തിൽ മുൻഗണനാക്രമം ലഭിക്കുവാൻ ആവശ്യക്കാരുടെ പേര് മുൻകൂട്ടി നിശ്ചയിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. പഴയകാലത്തുപോലെ മാസത്തിലൊരിക്കൽ മീറ്റർ റീഡിങ്ങ് എടുത്ത് കൃത്യമായ ചാർജ്ജ് ഈടാക്കാനുള്ള സംവിധാനം വേണം. ഇതുമൂലം അഡീഷനൽ ബില്ലുകൾ ഒഴിവാക്കുവാൻ സാധിക്കും.

6. പ്രാഥമിക അന്വേഷണ സമയത്തുതന്നെ പ്രശ്നോത്തരി കുറിച്ച് വിശകലനം ചെയ്തു സമയപരിധി നിശ്ചയിക്കണം. ആവശ്യമായ സാമഗ്രികൾ യഥാസമയം ബോർഡ് ലഭ്യമാക്കണം.

7. (1) പഞ്ചായത്തു വിളക്കുകൾക്ക് മാത്രമായി മീറ്ററുകൾ സ്ഥാപിക്കുക. ടൗണിൽ നിന്നും ദൂരെയുള്ള സ്ഥലങ്ങളടക്കം എല്ലാ ഭാഗത്തും സന്ധ്യ കഴിഞ്ഞാൽ പരിശോധനക്കായി ഇഞ്ചിനീയർ പോകേണ്ടതാണ്.

(2) പരാതികൾ പരിഹാരം ഉടനടി നൽകുക. ജനപ്രതിനിധികളുടെ വികാരങ്ങൾ മാനിച്ച് സമയബന്ധിതമായി പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.

(3) ഗുണമേൻമ കുറഞ്ഞ ബൾബുകൾ വീണ്ടും വീണ്ടും ഇടാതിരിക്കുക. സാങ്കേതികമായ ലൈൻ തകരാറുകൾ പരിഹരിക്കുക. പഞ്ചായത്തുകൾക്ക് തെരുവുവിളക്കുകൾക്ക് മാത്രമായി മീറ്ററുകൾ സ്ഥാപിക്കുക. ലൈൻമാൻമാരുടെ പരിശോധന എല്ലാ ഭാഗത്തും ലഭ്യമാക്കുക. ലൈനിൽ കുഴപ്പമില്ലെന്നുറപ്പു വരുത്തുക.

8. ആസ്പത്രികളെയെങ്കിലും പവർകട്ടിൽ നിന്നൊഴിവാക്കണം.

9. നിയമപരമായി ഇവർക്കെതിരെ ബോർഡ് നടപടി എടുക്കേണ്ടതാണ്. നാട്ടുകാരുടെ നികുതിപ്പണം പഞ്ചായത്തു നേരിട്ടും അല്ലാതെയും നൽകിയാണ് പോസ്റ്റുകൾ ഇടുന്നത്. അത് ഏതെങ്കിലും സ്വകാര്യസ്ഥാപനത്തിന് കുത്തക ഉപയോഗത്തിന് നൽകുന്നത് നിർത്തലാക്കണം.

10. ലൈനിൽ ഉള്ള ഗാർഹിക കണക്ഷൻ നല്ലരീതിയിൽ നേരാക്കുക.

11. ലൈനിൽ ഉള്ള ഗാർഹിക കണക്ഷൻ നല്ല രീതിയിൽ നേരാക്കുക.

12. കോപാംക്റ്റ് ഫ്ളൂറസന്റ് ട്യൂബു ലൈറ്റുകൾ വ്യാപകമാക്കണം. ഈ ഉപഭോക്താക്കൾക്ക് കൂടുതൽ സബ്സിഡി നൽകണം.

13. സൗരോർജ്ജം, ബയോഗ്യാസ് (ഗോബർ ഗ്യാസ്) വിളക്കുകൾ താങ്ങാവുന്ന വിലക്ക് ലഭ്യമാക്കണം. ബോധവൽക്കരണം ത്വരിതപ്പെടുത്തണം.

14. രാജ്യത്തിന്റെ സമ്പദ്ഘടനയിൽ വൈദ്യുതിക്ക് മുഖ്യസ്ഥാനം ഉണ്ടെന്നതും അനാവശ്യ ഉപഭോഗം കുറയ്ക്കണമെന്നതും ബോധവൽക്കരിക്കണം.

15. ത്രീഫെയ്സ് ലൈൻ എല്ലാ ഭാഗങ്ങളിലും ലഭ്യമാക്കുവാൻ വേണ്ട സ്ഥിരം സംവിധാനം ഉണ്ടാകണം. എല്ലാ വിധ ഗൃഹോപകരണങ്ങളിലും ഉപയോഗിക്കപ്പെടുന്ന മോട്ടോർ ഏതു തരം വേണമെന്ന അവബോധം വൈദ്യുതി ബോർഡ് ജനങ്ങളിൽ സൃഷ്ടിക്കണം.

16. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ നഷ്ടപ്പെടുന്ന സാമഗ്രികൾക്ക് ഇൻഷൂറൻസ് കമ്പനികൾ വഴി നഷ്ടപരിഹാരം നൽകണം.

17. എല്ലാ ബൾബുകൾക്കും പകരം ഗുണമേൻമയുള്ള ട്യൂബ് ലൈറ്റുകൾ ഇടണം.

18. യഥാ സമയം മരച്ചില്ലകൾ വെട്ടിമാറ്റേണ്ടതാണ്.

19. സാങ്കേതികമായി പുരോഗതിയുണ്ടാക്കണം. പവർകട്ട് കൃത്യസമയത്തുമാത്രം നടപ്പിലാക്കണം.

20. ഒരു പക്ഷെ യാഥാർത്ഥ്യമായിരിക്കാം. പരിശോധന കർശനമാക്കണം. നിയമലംഘനം ഉണ്ടെങ്കിൽ മാതൃകാപരമായി നടപടി കൈക്കൊള്ളണം.

21. നെൻമാറ പഞ്ചായത്തിലെ എല്ലാ ഭാഗവും നെൻമാറ ഫീഡറുമായി മാത്രം ബന്ധിപ്പിക്കേണ്ടതാണ്.

## (C) വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

**പട്ടിക – 1**

| നിലവിലുള്ളഉപഭോക്താക്കൾ | | | | കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകരുടെ എണ്ണം | | | തെരുവുവിളക്കുകളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഗാർഹികം | വ്യാ-പാരം | വ്യാവസായികം | കാർഷികം | Ordinary | OTP | OYEC | ബൾബുകളുടെ തരം | | | | | |
| | | | | | | | 25w | 40w | 60w | TL | SV | T |
| 5885 | 1052 | 160 | 796 | 537 | 30 | 62 | 104 | 875 | 186 | 126 | 28 | 1319 |

ഏറ്റവും അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയ്യതി (OYEC) 8– 8–1996

ചുരുക്കെഴുത്ത് – W: വാട്ട്സ് TL: ട്യൂബ് ലൈറ്റ് T: Total SV: സോഡിയം വേപ്പർ ലാമ്പ്

തെരുവുവിളക്കിനുവേണ്ടി പഞ്ചായത്ത് പ്രതിമാസം 21,675 രൂപ പഞ്ചായത്ത് അടയ്ക്കുന്നുണ്ട്.

**പട്ടിക – 2**

പഞ്ചായത്തിൽ വൈദ്യുതി നിയന്ത്രണം നടത്തുന്ന എൽ.ടി. ട്രാൻസ്ഫോർമർ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ

| ക്രമന. | സ്ഥലപ്പേര് | ക്രമന. | സ്ഥലപ്പേര് | ക്രമന. | സ്ഥലപ്പേര് |
|---|---|---|---|---|---|
| 1. | കണിമംഗലം | 7. | നെൻമാറ ആസ്പത്രി | 13. | കവളപ്പാറ |
| 2. | വീനസ് പ്ലൈവുഡ് | 8. | വാട്ടർ വർക്സ് | 14. | പഴതറ |
| 3. | നായർ തറ | 9. | തണ്ണിയപ്പാൻ കുളം | 15. | പേഴുമ്പാറ |
| 4. | 155 അർബൻ ബാങ്ക് | 10 | വിത്തനശ്ശേരി I & II | 16. | ചാത്തമംഗലം |
| 5. | വില്ലേജ് ഓഫീസ് | 11. | നെടുങ്ങോട് | 17. | അകമ്പാടം |
| 6. | ആണ്ടിത്തറ | 12. | കച്ചേരിപ്പാടം | 18. | പോത്തുണ്ടി |

## പട്ടിക – 3

### ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നം. | ഹരിജൻ കോളനികളുടെ പേരുകൾ | വൈദ്യുതി ലഭിച്ച കുടുംബങ്ങൾ (എണ്ണം) | വൈദ്യുതി സൗജന്യം ലഭിച്ചവരുടെ എണ്ണം | മറ്റു ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2. | മുതലപ്പാറ ഹരിജൻ കോളനി | 4 | – | 4 |
| 8. | ലക്ഷം വീടുകോളനി | 6 | 2 | 4 |
| 9. | കൊല്ലങ്കോട്ടു കുളമ്പ് | 5 | – | 5 |
| 10. | അകമ്പാടം കോളനി | 14 | 3 | 11 |
| 10. | മാട്ടായി | 2 | – | 2 |
| 11. | ബോയൻ കോളനി | 6 | 5 | 1 |

## ആവശ്യങ്ങൾ

1) പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കേണ്ടതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാൻ സന്നദ്ധ സംഘടനകൾ, പഞ്ചായത്ത്, വിവിധ ഏജൻസികൾ എന്നിവർ മുന്നോട്ടു വരണം.

2) വിദ്യുച്ഛക്തി ലൈൻ വലിക്കുവാൻ സമയബന്ധിതമായി പരിപാടികൾ തയ്യാറാക്കണം. അതു നടപ്പിൽ വരുത്തണം.

3) വീടുകൾക്ക് വിദ്യുച്ഛക്തി വയറിംഗ് നടത്തുവാൻ ബാങ്കുകൾ വഴി വായ്പ ലഭ്യമാക്കണം.

4) കാർഷിക ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായി നൽകണം. സംസ്ഥാന താൽപര്യം പരിഗണിച്ച് മേൽപടി ആനുകൂല്യം ദുരുപയോഗപ്പെടുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം.

5) നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. ആക്കി ഉയർത്തണം.

6) പല പ്രശ്നങ്ങൾക്കും പരിഹാരതടസ്സമായിട്ടുള്ള സെൻട്രൽ വിദ്യുച്ഛക്തി ആക്ട് കാലോചിതമായി പരിഷ്ക്കരിക്കണം.

7) വൈദ്യുതി ലൈൻ, പോസ്റ്റുകൾ, തെരുവു വിളക്കുകൾ എന്നിവ ഇപ്പോഴത്തെ നിയമമനുസരിച്ച് സംഭാവനകളായി പഞ്ചായത്തിന് സ്വീകരിക്കുവാൻ നിർവ്വാഹമില്ല. പഞ്ചായത്തു രാജ് നിയമസഭയിൽ നിയമഭേദഗതി വരുത്തി മേൽപ്പറഞ്ഞ സംഭാവന സംഖ്യയായോ, ജനങ്ങൾ മുഖാന്തിരം വിദ്യുച്ഛക്തി ബോർഡിനു നൽകുവാൻ ഡെപ്പോസിറ്റായോ സംവിധാനം ഉണ്ടാക്കണം.

8) പഞ്ചായത്ത്, തെരുവുവിളക്കുകൾക്കുവേണ്ടി ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ പോസ്റ്റുകളുടെ ചാർജ്ജ് പഞ്ചായത്തിൽ നിന്നും ഈടാക്കരുത്.

9) പ്രായോഗികമായി നോക്കുമ്പോൾ ട്യൂബ് ലൈറ്റുകൾ മറ്റു ബൾബുകളേക്കാൾ കൂടുതൽ കാലം ഈടു നിൽക്കുന്നു. പഞ്ചായത്തിലെ എല്ലാ ബൾബുകളും മാറ്റി ട്യൂബ് ലൈറ്റുകൾ ഇടണം.

10) എല്ലാ അംഗൻവാടികൾക്കും, ഉച്ചക്കഞ്ഞിയുണ്ടാക്കുന്ന പഞ്ചായത്തിലെ സർക്കാർ L.P. സ്കൂളുകൾക്കും, L.P.G. ഗ്യാസ് കണക്ഷൻ സൗജന്യമായി നൽകേണ്ടതാണ്. ഹൈസ്കൂളുകളിൽ LPG ഗ്യാസ് കണക്ഷന്റെ 50 % വിഹിതം PTA വഴി സ്വരൂപിക്കാൻ സാധിക്കും. മാനേജ്മെന്റ് സ്കൂളുകളിൽ വിറകിനു പകരമായി LPG ഉപയോഗിക്കുവാൻ പ്രേരണ ചെലുത്തേണ്ടതാണ്.

## പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തൽ

1) ANERT, IREP എന്നിവ പോലെയുള്ള പാരമ്പര്യേതര ഊർജ്ജം ഉൽപ്പാദിപ്പിക്കാൻ സഹായിക്കുന്ന സ്ഥാപനങ്ങൾ മുഖാന്തിരം ഈ പഞ്ചായത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ കാറ്റാടിയന്ത്രം സ്ഥാപിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കാം.

1) പോക്കാമട 2) ആതനാട്ടു കുന്ന് 3) അയ്യപ്പൻ പാറ.

2) സൗരോർജ്ജം വിദ്യുച്ഛക്തി ഈ പഞ്ചായത്തിൽ അടുത്തടുത്ത് കിടക്കുന്ന വീടുകൾ ധാരാളമുള്ള കോളനി പോലത്തെ സ്ഥലങ്ങളിൽ പൊതുവായി ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യണം. ഇതുമൂലം വ്യക്തിപരമായി ഓരോരുത്തർക്കും ചിലവ് ഉണ്ടാകാവുന്ന ചിലവു കുറയ്ക്കുവാൻ സാധിക്കും.

2) സൗരോർജ്ജം ഉപയോഗിക്കുവാൻ എല്ലാവിധ ഉപഭോക്താക്കളെയും ബോധവൽക്കരിച്ച്, ഊർജ്ജോൽപാദന ഉപകരണങ്ങൾ സൗജന്യനിരക്കിൽ നൽകേണ്ടതാണ്.

3) ബ്ലോക്കടിസ്ഥാനത്തിൽ ചപ്പുചവറുകൾ ഉപയോഗിച്ച് കറണ്ട് ഉൽപ്പാദിപ്പിക്കാം. കമ്പോസ്റ്റു വളവും ഇതു മൂലം ലഭിക്കുന്നതാണ്.

4) നെല്ലിയാമ്പതിയിൽ നിന്നുള്ള വെള്ളച്ചാട്ടം ഉപയോഗിച്ച് ഒരു മിനി ഹൈഡൽ പദ്ധതി രൂപീകരിച്ചാൽ കുറഞ്ഞപക്ഷം മഴക്കാലത്തെങ്കിലും ഊർജ്ജം ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. ഈ പദ്ധതിയുടെ വൈദ്യുതി ഉൽപ്പാദനം കാരപ്പാറ പദ്ധതി നടപ്പിൽ വരുത്തിയാൽ എല്ലാ കാലത്തും ലഭ്യമാകും.

5) പഞ്ചായത്തിൽ വക്കാവ് എന്ന സ്ഥലത്ത് ഉള്ള 50 ഏക്കർ പുറമ്പോക്കു സ്ഥലം ലീസിനു നൽകി മിനി ഡീസൽ പവർ ജനറേറ്റർ സൗകര്യം സ്വകാര്യമേഖലക്കോ സഹകരണ മേഖലക്കോ നൽകേണ്ടതാണ്.

6) കോളനി പോലെ അടുത്തടുത്തു കിടക്കുന്ന സ്ഥലങ്ങളിലെ കക്കൂസ് ടാങ്കുകൾ, പൈപ്പുകൾ വഴി ഒരു വലിയ പിറ്റിൽ വിസർജ്ജ്യം ശേഖരിച്ച് ഗോബർ ഗ്യാസ് പോലുള്ള ഉൽപാദനം ലഭ്യമാക്കി ജനറേറ്റർ പ്രവർത്തിപ്പിച്ച് വിദ്യുച്ഛക്തി ഉൽപാദിപ്പിക്കാം. ഇതിന്റെ അവശിഷ്ടം വളമായി ഉപയോഗിക്കാം.

7) ഗോബർ ഗ്യാസ് (ബയോഗ്യാസ്) ഉൽപാദിപ്പിക്കുവാൻ കൂടുതൽ പ്രചരണവും സാങ്കേതിക–സാമ്പത്തിക–സബ്സിഡി സഹായവും നൽകേണ്ടതുണ്ട്.

## E) ഗാർഹിക മേഖല- ഊർജ്ജം ലാഭിക്കൽ

1) എല്ലാ വീടുകൾക്കും പുകയില്ലാ അടുപ്പുകൾ (പരിഷത്ത് അടുപ്പുകൾ) സബ്സിഡി നിരത്തിൽ ഉണ്ടാക്കിക്കൊടുക്കണം.

2) നേരത്തെ പറഞ്ഞ രീതിയിൽ സൗരോർജ്ജസ്രോതസ്സിൽ നിന്നുള്ള വൈദ്യുതി പൊതുവായി 10 വീടിനൊന്ന് എന്ന കണക്കിൽ ഉപകരണം സ്ഥാപിച്ച് വൈദ്യുതിയുൽപാദിപ്പിച്ച് വിതരണം ചെയ്യണം.

3) കച്ചിപ്പെട്ടി വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിച്ച് വിതരണം നടത്തുക. ഇതുമൂലം അരി വേവിക്കുവാൻ വേണ്ടിയുള്ള സമയവും ഊർജ്ജവും ലാഭിക്കാം.

4) വിറകിന്റെ വില കൂടുതൽ കണക്കിലെടുത്തു കൊണ്ടും, വിറകിനു വേണ്ടി മരം വെട്ടുന്നതു നിയന്ത്രിക്കുന്നതിനുവേണ്ടിയും പകരമായി ഉപയോഗിക്കാവുന്ന LPG ഗ്യാസ് ലഭിക്കുവാനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കണം. പാവപ്പെട്ടവർക്ക് LPG ഗ്യാസ് ലഭിക്കുവാൻ വായ്പ ബാങ്കുകൾ വഴി ലഭ്യമാക്കണം.

5) മെച്ചപ്പെട്ട നൂതൻ ISI മാർക്കുള്ള മണ്ണെണ്ണ സ്റ്റൗ മാത്രം ഉപയോഗപ്പെടുത്തണം. ഇതു നിർമ്മിക്കാൻ ഇവിടെ വ്യവസായം ആരംഭിക്കാവുന്നതാണ്.

6) ഈർച്ചപ്പൊടി ഇന്ധനമായി ഉപയോഗിക്കുവാൻ ക്ലേശരഹിതമായ രീതിയിലുള്ള അടുപ്പുകൾ ഉണ്ട്. അതിനു വേണ്ടത്ര പ്രചാരണം ഇല്ല. ഇക്കാര്യത്തിൽ IREP സഹായിക്കണം.

7) ഇന്ധനകാര്യക്ഷമതക്കുവേണ്ടി ഭക്ഷണം പാകം ചെയ്യുവാൻ പ്രഷർ കുക്കർ എന്നിവ ഉപയോഗിക്കുന്നത് നന്നായിരിക്കും.

# പൊതുമാർക്കറ്റ്

നെന്മാറ പഞ്ചായത്തിൽ നിലവിലുള്ള ആഴ്ചച്ചന്ത വല്ലങ്ങിയിലാണ് പ്രവർത്തിച്ചുവരുന്നത്. ദശാബ്ദങ്ങളോളം പഴക്കമുള്ള ഈ ആഴ്ചച്ചന്ത സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലാണ്. പ്രസ്തുത ആഴ്ചച്ചന്ത പഞ്ചായത്ത് ഏറ്റെടുക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. ഈ ആഴ്ചച്ചന്ത പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ആയാൽ ബഹുഹ്രജനങ്ങൾക്ക് ഗുണപ്രദമായ രീതിയിൽ നിരവധി വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് കഴിയും.



# പാർപ്പിടവും സാമൂഹിക ക്ഷേമവും

**പാർപ്പിടം:**

പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തെക്കുറിച്ച് പറയുമ്പോൾ പഞ്ചായത്തിൽ കുടിലുകളും ഓടിട്ട കെട്ടിടങ്ങളും ബഹുനില കെട്ടിടങ്ങളും ഉണ്ട്. കുറഞ്ഞ തോതിലാണെങ്കിലും കുടിലിൽ വസിക്കുന്നവർ ഇന്നും ഈ പഞ്ചായത്തിലുണ്ട് എന്നത് ഒരു വസ്തുതയാണ്. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപെടേണ്ട ഒന്നാണ്.

പഞ്ചായത്തിൽ വിവധ രീതികളിലുള്ള ചെലവേറിയതും ചെലവുകുറഞ്ഞതുമായ വിടുകൾ ഉണ്ട്. പ്രധാന റോഡുകൾക്ക് സമീപമുള്ള വീടുകൾ പലതും വളരെയെറെ പണം മുടക്കി നിർമ്മിച്ചവയാണ്. പഞ്ചായത്തിൽ പൊതുവെ ഈ പ്രവണത വർദ്ദിച്ച് വരുന്നതായി കാണാം. പ്രധാന റോഡിന്റെ സമീപമുള്ള വയലുകൾ നികത്തി കെട്ടിടങ്ങൾ പണിയുന്ന പ്രവണതയും വർദ്ധിച്ചിരിക്കുന്നു. ഇത് കാർഷികമേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

**പട്ടിക - 1**

**പഞ്ചായത്തിലെ വീടുകളുടെ വിവരങ്ങൾ**

| വാർഡ് നമ്പർ | കെട്ടിടങ്ങളുടെ എണ്ണം | മേൽപുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|
| | | കോൺക്രീററ് | ഓട് | ഓല | മററുള്ളവ |
| I | 1073 | 24 | 591 | 453 | 5 |
| II | 709 | 119 | 514 | 453 | 5 |
| III | 630 | 31 | 444 | 152 | 5 |
| IV | 542 | 88 | 427 | 26 | 7 |
| V | 726 | 109 | 472 | 135 | 10 |
| VI | 1042 | 126 | 802 | 98 | 16 |
| VII | 652 | 122 | 481 | 40 | 9 |
| VIII | 673 | 40 | 563 | 63 | 7 |
| IX | 824 | 98 | 632 | 85 | 9 |
| X | 813 | 33 | 520 | 237 | - |
| XI | 783 | 23 | 520 | 237 | 3 |
| XII | 634 | 113 | 457 | 60 | 4 |

## പട്ടിക - II
## ഭവന ലഭ്യതാ പട്ടിക

**പഞ്ചായത്തിൽ സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ പട്ടിക താഴെ കൊടുക്കുന്നു**

| വർഷം | I.A.Y. | J.R.Y. | M.W.S. | N.R.E.P. | RLEGP |
|---|---|---|---|---|---|
| 84-85 | - | - | - | 10 | - |
| 85-86 | - | - | - | 20 | 10 |
| 86-87 | - | - | - | 22 | 16 |
| 87-88 | - | - | - | 12 | - |
| 88-89 | - | - | - | 18 | - |
| 89-90 | - | 18 | - | - | - |
| 90-91 | 3 | 7 | 19 | - | - |
| 91-92 | 3 | 3 | 5 | - | - |
| 92-93 | 3 | 14 | 11 | - | - |
| 93-94 | - | 22 | 16 | - | - |
| 94-95 | - | - | 33 | - | - |
| 95-96 | 20 | 15 | 17 | - | - |
| 96-97 | 13 | 10 | - | - | - |

പഞ്ചായത്തിൽ മേൽപ്പറഞ്ഞ രീതിയിലുള്ള ഭവന വായ്പകൾ ലഭ്യമായെങ്കിലും ഭവനങ്ങൾ ആവശ്യമുള്ളവരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഇവ തീരെ അപര്യാപ്തമാണ്. ആയതുകൊണ്ട് ദുർബലവിഭാഗ ങ്ങൾക്ക് ഉള്ള സഹായങ്ങളും വായ്പകളും അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

സർക്കാരിൻെറ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടാത്ത ഇടത്തര വരുമാനക്കാർ സാധാരണയായി ഭവന നിമ്മാണ സഹായത്തിന് ധനകാര്യ ഏജൻസികളെയാണ് സമീപിക്കാറ്. എന്നാൽ ഇവർക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകളും അനുഭവപെടാറുണ്ട്. ബാങ്കുകളിലെ അമിതമായ പലിശ, സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥകൾ, വായ്പ അനുവദിക്കുന്നതിലുള്ള കാലതാമസം, എന്നിവ കാരണം ഇടത്തരക്കാർ ബാങ്കുകളെ സമീപിക്കാൻ വിമുഖത കാണിക്കുന്നു.

**ഈ പോരായ്മ പരിഹരിക്കുന്നതിന് ചില നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.**

**നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.**

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.
2. ഭവന നിർമ്മാണത്തിനുള്ള വായ്പക്കുള്ള പലിശ മററു വായ്പകളുടെ പലിശയേക്കാൾ കുറവാക്കുക.
3. വായ്പ കാലതാമസം കൂടാതെ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

സ്വന്തമായ ഒരു വീട് ഏതൊരാളുടെയും ആഗ്രഹമാണെന്നിരിക്കെ നിർമ്മാണ സാമഗ്രികൾ അമിതമായ വിലക്കയററവും വായ്പ ലഭ്യതയുടെ അപര്യാപ്തതയും, കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനവും നിമിത്തം സ്വന്തമായ വീട് എന്ന പാവപ്പെട്ടവൻെറ ആഗ്രഹം, ആഗ്രഹമായി അവശേഷിക്കുന്നു.

72–73 വർഷങ്ങളിൽ വിദഗ്ധ തൊഴിലാളികൾക്ക് 6 രൂപയും അവിദഗ്ധ തൊഴിലാളികൾക്ക് 3 രൂപയുമായിരുന്നു കൂലി നിരക്ക്. എന്നാൽ 80–81 വർഷങ്ങളിൽ വിദഗ്ധ തൊഴിലാളിക്ക് 50 രൂപയും അവിദ്ഗദ തൊഴിലാളിക്ക് 30 രൂപ കൂലിയുണ്ടായിരുന്നു. എന്നാൽ 95–96 കാലയളവായപ്പോഴേക്കും ഇത് വിദഗ്ധ തൊഴിലാളിക്ക് 100 രൂപയും അവിദഗ്ധ തൊഴിലാളിക്ക് 70 രൂപയും കൂലി കൊടുക്കേണ്ടതായി വരുന്നു. ഇതിൽ നിന്നും കൂലിയുടെ ക്രമാതീതമായ വർദ്ധന വ്യക്തമാവുന്നുണ്ടല്ലോ. സ്ത്രീ തൊഴിലാളികൾക്ക് പുരുഷ തൊഴിലാളികളെക്കാൾ കൂലി കുറവാണ്. സ്ത്രീകൾ അധികവും അവിദഗ്ധ മേഖലകളിൽ പണിയെടുക്കുന്നതായാണ് കണ്ടുവരുന്നത്.

കെട്ടിട നിർമ്മാണ സാമഗ്രികളിൽ പ്രധാനപ്പെട്ട സിമന്റിന് 87–88 കാളലളവിൽ 65 രൂപ എന്നത് 95–96 കാലയളവിൽ 175 രൂപയായി വർദ്ധിച്ചിരിക്കുന്നു. അതുപോലെ കമ്പിയുടെയും, മരത്തിന്റേയും, കരിങ്കല്ല്, ഇഷ്ടിക എന്നിവയുടെ വിലയിലും ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

കൂലിയിലും കെട്ടിട നിർമ്മാണ സാമഗ്രികളിലുള്ള വിലർദ്ധന പരിഗണിക്കുമ്പോൾ സർക്കാരിൻെറ വിവധ പദ്ധതികളിലൂടെ നൽകുന്ന ഭവന നിർമ്മാണ വായ്പകൾ തീരെ അപര്യാപ്തമാണ്. ആയതിനാൽ വായ്പാ പരിധി വർദ്ധിപ്പിക്കാനും, വായ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുള്ള നടപടികൾ സത്വരം കൈകൊള്ളേണ്ടതാണ്.

സർക്കാരിൻെറ വിവിധ വായ്പകൾ ഉപയോഗിച്ചുള്ള ഭവന നിർമ്മാണംകൊണ്ട് പഞ്ചായത്തിൻെറ പാർപ്പിട പ്രയത്നത്തിന് വലിയ തോതിൽ പരിഹരിക്കപ്പെടാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത അനുഭവത്തിലൂടെ നാം മനസ്സിലാക്കിയതാണല്ലോ. ഇതിന് ഒരു പരിഹാരം കാണണമെങ്കിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു ബൃഹത് പദ്ധതിക്ക് നാം രൂപം നൽകേണ്ടിയിരിക്കുന്നു. ഇതിനായി വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളുടേയുംയും ഉൾപ്പെടുത്തി സർക്കാർ സഹായത്തിനു പുറമെ സാധനങ്ങളും, അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഈ പ്രയത്നത്തിന് വലിയ ഒരളവുവരെ പരിഹാരം കാണാവുന്നതാണ്.

**മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.**

1. പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.
2. പ്രസ്തുത സംഘത്തിലൂടെ വിദഗ്ധ, അവിദഗ്ധ തൊഴിലാളികളും, കെട്ടിട നിർമ്മാണ സാമഗ്രികളും മിതമായ നിരക്കിൽ ലഭ്യമാക്കുക.
3. സാധനങ്ങളുടെ വില വർദ്ധന സർക്കാർ ഇടപെടൽ മൂലം നിന്ത്രിക്കുക.
4. കെട്ടിട നിർമ്മാണത്തിലെ ആഢംഭരം നിയന്ത്രിക്കുന്നതിന് പഞ്ചായത്തിന് ഉപാധികൾ വയ്ക്കാവുന്നതാണ്.
5. ഭവന നിർമ്മാണ വായ്പക്കുള്ള പലിശ കുറയ്ക്കുകയും വായ്പ ലഭിക്കനുള്ള സാമ്പത്തികവും സാങ്കേതികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും ചെയ്യുക.
6. സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന ഭവന വായ്പകൾ പ്രാദേശിക പരിഗണകൾക്ക്അനുസൃതമായും സാധന സാമഗ്രികളുടെ വില വർദ്ധനവുകൾ പരിശോധിച്ചും കാലകാലങ്ങളിൽ പുനർനിർണ്ണയം ചെയ്യേണ്ടതാണ്.
7. ചെലവുകുറഞ്ഞ വീടുകളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക
8. ഭവന നിർമ്മാണത്തിൽ നിർമ്മിതി കേന്ദ്രം പോലെയുള്ള .ഏജൻസികളുടെ സഹായം ലഭ്യമാക്കുക.
9. നിർമിതി കേന്ദ്രത്തിലൂടെ നിർമ്മിച്ച വീടുകൾക്ക് നികുതി ഇളവ് അനുവദിക്കുക.
10. ഹൗസിങ്ങ് ബോർഡിൻെറ ശാഖ അനുവദിക്കുക.

ഭവനരഹിതർക്ക് ഭവനം നിർമ്മിക്കാൻ ആദ്യമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള പുറമ്പോക്ക് ഭൂമിയും സർക്കാർ മിച്ചഭൂമി എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂരഹിതർക്ക് 4 സെൻ്റ് വീതം ഭൂമി സൗജന്യമായി നൽകുകയും അവിടങ്ങളിൽ സർക്കാരിൻെറ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കുകയും വീടിൻെറ നിർമ്മാണം നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെ ഏൽപ്പിക്കുകയും ചെയ്യുക. ഇത്തരം ഭവന നിർമ്മാണങ്ങളിൽ ഗുണഭോക്താക്കളുടേയും സാമ്പത്തികവും, മനുഷ്യാദ്ധ്വാനവും പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്.

ഭവന വായ്പകൾക്ക് അപേക്ഷിക്കാൻ പല ബുദ്ധിമുട്ടുകളും ഇന്ന് അനുഭവപെടുന്നുണ്ട്. അവയിൽ വളരെ പ്രധാനപ്പെട്ടത് സ്ഥലത്തിൻെറ പട്ടയമില്ലായ്മയാണ്. ഈ പ്രശ്നം ഗൗരവത്തോടെ വിലയിരുത്തി എല്ലാ അർഹരായവർക്കും പട്ടയം ഉടനെ വിതരണം ചെയ്യാൻ നടപടികൾ കൈകൊള്ളണം.

അടുത്ത, അഞ്ചുവർഷം കൊണ്ട് നമ്മുടെ കൂട്ടായ പ്രവർത്തനം കൊണ്ടും പരസ്പര സഹകരണം കൊണ്ടും ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് വലിയൊരളവുവരെ പരിഹാരം കാണാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം. അതിനായി നമുക്ക് ഒരുമിച്ച് പ്രയത്നിക്കാം.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്തെ രണ്ട് വിഭാഗങ്ങളായി തിരിക്കാം. ദാരിദ്ര രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളും, ദാരിദ്ര നിർമ്മാർജ്ജന പദ്ധതിശൾ കൂടുതലും കേന്ദ്ര സംസ്ഥാന സർക്കാരിൻെറ ധനസഹായത്തോടെ നടപ്പാക്കുന്നവയാണ്. തൊഴിലാളികളും, തൊഴിലുടമകളും സഹകരിച്ചു നടപ്പാക്കുന്നവയാണ് മിക്ക ക്ഷേമ പദ്ധതികളും.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും, വനിതകളുടെ ക്ഷേമത്തിനായി വനിതാക്ഷേമ കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

പട്ടിക ജാതി കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ആനുകൂല്യങ്ങൾ അനുവദി ക്കുന്നതിനുള്ള കാലതാമസം ഒരു പ്രധാന ന്യൂനതയായി ചൂണ്ടിക്കാട്ടാം. വനിതാ വികസന കോർപ്പറേഷനിലൂടെയുള്ള ആനുകൂല്യങ്ങൾ പഞ്ചായത്തിലെ വനിതകൾ വ്യപകമായി ഉപയോഗപ്പെടുത്തുന്നതായി അറിവില്ല. ഇതിന് പ്രധാന കാരണം വനിതകൾക്ക് കോർപ്പറേഷൻെറ പ്രവർത്തനത്തെ കുറിച്ചുള്ള അറിവില്ലായ്മയാണ്.

സാമൂഹ്യക്ഷേമ രംഗത്തെ പദ്ധതികളുടെ പ്രധാന ന്യൂനതകൾ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്താൻ ഗുണഭോക്താക്കൾ നേരിടുന്ന സാമ്പത്തികവും, സാങ്കേതികവുമായ പ്രശ്നങ്ങൾ എന്നിവ എടുത്തു പറയേണ്ടവയാണ്.

.സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കികൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് മുഖേനയാണ്. പ്രസ്തുത ഓഫീസ് മുഖാന്തരം പഞ്ചായത്തിൽ ലഭ്യമാക്കിയ വിവധ പദ്ധതികളെ താഴെ പ്രതിപാദിക്കുന്നു.

### പട്ടിക: I
### IRDP സർവെ സഹായ ലഭ്യതാ കണക്ക്

| വർഷം | സഹായം ലഭിച്ച കുടുംബങ്ങൾ | | | | | | നിക്ഷേപം (ലക്ഷത്തിൽ) | | പ്രതികുടുംബ നിക്ഷേപം |
|---|---|---|---|---|---|---|---|---|---|
| | SC | ST | Others | Total | Women | P.H. | സബ്സിഡി | വായ്പ | |
| 92-93 | 29 | - | 45 | 74 | 29 | 3 | 1.34 | 2,62 | 5351 |
| 93-94 | 25 | - | 28 | 53 | 20 | - | 2.19 | 2.89 | 9885 |
| 94-95 | 25 | - | 47 | 72 | 35 | - | 2.10 | 3.47 | 7736 |
| 95.96 | 20 | - | 25 | 45 | 24 | - | 2.03 | 5,46 | 16644 |

ഈ പദ്ധതിയിൽ കൂടുതലും പ്രാഥമിക മേഖലയിൽപ്പെട്ട ഗുണഭോക്താക്കളാണ്. ഗുണഭോക്താക്കളെ ബോധവൽക്കരണത്തിലൂടെ ചെറുകിട വ്യവസായ മേഖലകളിലേക്ക് തിരിച്ച് വിടുകയാണെങ്കിൽ അത് അവർക്കും പഞ്ചായത്തിനും സാമ്പത്തിക,,സാമൂഹ്യമേഖലകളിൽ ഉന്നതി കൈവരിക്കാൻ സഹായിക്കും.

92 93 മുതൽ 95 96 വരെ ബ്ലോക്കിൽ നടത്തിയ സർവ്വേയിൽ ദാരിദ്രരേഖക്ക് താഴെയുള്ളവരുടെ എണ്ണം 2288 ആണ്. അതിൽ 226 എണ്ണം പട്ടിക ജാതിക്കാരും, 1 പട്ടിക വർഗ്ഗകുടുംബവും 2061മററ് ഉള്ളവരും ഉൾപ്പെടും. ദാരിദ്രരേഖക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനായി നടത്തുന്ന IRDP സർവ്വേകളിൽ സാമ്പത്തിക പരിധിയായി നിശ്ചയിച്ചിരിക്കുന്നത്. 11,000 രൂപയാണ് ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിൻെറ നിർവ്വചനം കാലോചിതമായി മാററത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്രരേഖയുടെ പരിധി 25,000 രൂപയായി വർദ്ധിപ്പിക്കുകയും, IRDP സർവ്വേ വർഷം തോറും നടത്തുകയും ചെയ്താൽ, കൂടുത ൽ പേരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായിക്കുവാൻ കഴിയും.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്.

സഹകരണ മേഖലയിലൂടെ പ്രസ്തുത സ്കീം നടപ്പിലാക്കുന്നുണ്ടെങ്കിലും ആ മേഖലയിലെ പല വ്യവസ്ഥകളും ഗുണഭോക്താക്കളെ ദോഷകരമായി ബാധിക്കുന്നുണ്ട്. അംഗത്വവും പരസ്പര ജാമ്യ വ്യവസ്ഥകളും ഉദാഹരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്.

ആയതുകൊണ്ട് സഹകരണ മേഖലയിലൂടെ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സഹകരണ ബാങ്കുകൾ വഴി സ്കീം നടപ്പാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കണം.

## DWCRA സഹായലഭ്യത

IRDPയുടെ അനുബന്ധമായി നടപ്പിലാക്കുന്ന ഒരു പരാപാടിയാണിത്. ഈ പരിപാടി പ്രകാരം വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും ധനസഹായവും നൽകി വരുന്നു. വനിതകളുടെ സാമ്പത്തിക ഉന്നമനമാണ് ഇതിൻെറ ലക്ഷ്യം.

താഴെപറയുന്ന യൂണിററുകളിൽ ചാണ്ടിചാലയിലുള്ള ഫുഡ്പ്രൊസസിങ്ങ് യൂണിററ് ഇപ്പോൾ ഏതാണ്ട് പ്രവർത്തനരഹിതമാണ്. മററു യൂണിററുകളുടെ പ്രവർത്തനം കുറെകൂടി ഊർജ്ജിതമാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾക്ക് അനുസൃതമായ രീതിയിലുള്ള യൂണിററുകൾ താല്പര്യമുള്ളവരെ കണ്ടെത്തി നടപ്പിലാക്കിയാൽ ഈ പദ്ധതി കുറെകൂടി പ്രാവത്തികമാക്കാൻ കഴിയും. പല യൂണിററുകളുടേയും പ്രധാന പ്രശ്നം ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കളുടെ വിപണനമാണ്. IRDP വിപണനമേളകൾ ഒരു പരിധിവരെ യൂണിററംഗങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ സഹായിക്കുന്നുണ്ടെങ്കിലും സ്ഥിരമായി വിപണനസൗകര്യമില്ലായ്മ ഒരു പ്രധാന കോട്ടമായി ചൂണ്ടികാണിക്കാവുന്നതാണ്. ഇതിന് ഒരു പോംവഴി എന്ന നിലയിൽ സർക്കാർ ഏജൻസികളിലൂടെ വിപണനം നടത്താൻ ഉള്ള സൗകര്യ ഉണ്ടാക്കണം.

പഞ്ചായത്തിലെ വനിതകൾക്കിടയിൽ ഈ സ്കീമിനെക്കുറിച്ചുള്ള അറിവ് പരിമിതമാണെന്നാണ് മനസിലാക്കുവാൻ കഴിയുന്നത്. ബോധവൽക്കരണത്തിലൂടെ വനിതകളെ ഈ സ്കീമിലേക്ക് ആകർഷിക്കുകയും കൂടുതൽ യൂണിററുകൾ ആരംഭിക്കുകയും ചെയ്താൽ അത് വനിതകളുടെ ഉന്നമനത്തിന് വളരെയേറെ ഗുണം ചെയ്യും.

## പട്ടിക -II

പഞ്ചായത്തിൽ ഇതുവരെ അനുവദിച്ച DWCRA പദ്ധതികളുടെ വിശദവിവരം ചുവടെ കൊടുത്തിരിക്കുന്നു

| Sl. No. | യൂണിററിൻെറ പേര് | പ്രവർത്തന മേഖല | ഗുണഭോക്താക്കൾ | | | നിക്ഷേപത്തെ സംബന്ധിച്ച് | |
|---|---|---|---|---|---|---|---|
| | | | SC | ST | Total | വായ്പ | സബ്സിഡി |
| 1 | പേഴുംപാറ | ജെല്ലി നിർമ്മാണം | 3 | – | 15 | 45015 | 22485 |
| 2 | ചാണ്ടിച്ചാല | ഫുഡ് പ്രൊസസിങ്ങ് | 1 | – | 18 | 69480 | 34740 |
| 3 | ആണ്ടിത്തറ | പ്ലാസ്ററിക് വർക്സ് | – | – | 15 | 50010 | 24990 |
| 4 | കവളപ്പാറ | ചെങ്കല്ലുനിർമ്മാണം | – | – | 16 | 40000 | 20000 |
| 5 | ചാട്ടിയോട് | ഡയറിഫാം | – | – | 15 | 75000 | 37500 |
| 6 | ചാത്തമംഗലം | ഫുഡ് പ്രൊസസിങ്ങ് | – | – | 15 | 50010 | 24990 |
| 7 | വല്ലങ്ങി | അരികച്ചവടം | – | – | 15 | 30000 | 15000 |
| 8 | മുതലപ്പാറ | ഡയറിഫാം | 9 | – | 15 | 83010 | 41490 |
| 9 | കയ്പഞ്ചേരി | മൺപാത്രനിർമ്മാണം | – | – | 15 | 70005 | 34995 |
| 10 | നടക്കാവ് | നെല്ലുകുത്ത് പപ്പടനിർമ്മാണം | 3 | – | 15 | 27000 | 13500 |
| 11 | മുല്ലക്കൽത്തറ | അരിക്കച്ചവടം | 1 | – | 15 | 30000 | 15000 |
| 12 | കൊല്ലയംകിട് | അരിക്കച്ചവടം | 4 | – | 15 | 30075 | 14925 |
| 13 | കമ്മാന്തറ | പ്ലാസ്ററിക് വർക്ക് | – | – | 15 | 31695 | 11305 |
| 14 | കിഴക്കുംപാടം | ചെങ്കല്ലുനിർമ്മാണം | 3 | – | 15 | 51750 | 24870 |
| 15 | നെന്മാറപാടം | അരിക്കച്ചവടം | 2 | – | 15 | 30000 | 15000 |
| 16 | പുളിക്കൽത്തറ | അരിക്കച്ചവടം | 3 | – | 15 | 30000 | 15000 |
| 17 | കൊമ്പംകല്ല് | നെയ്ത്ത് | – | – | 10 | 60000 | 30000 |
| 18 | ചെന്നകലായ് | ഡയറിഫാം | 4 | – | 10 | 426000 | 47600 |

## ട്രൈസം

IRDP ലക്ഷ്യ വിഭാഗത്തിൽ 18നും, 35നും മദ്ധ്യേ പ്രായമായ ഗ്രാമീണ യുവജനങ്ങൾ ചെറുകിട കുടിൽ വ്യവസായ സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നൽകി അവർക്ക് I.R.D.P. യുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതാണ്. ഈ പരിപാടി പരിശീലനാനന്തരം സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും സബ്സിഡിയും കൊടുത്ത് നിശ്ചിത തൊഴിൽ മേഖലകളിൽ അവരെ കുടിയിരുത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

റേഡിയോ, ടി.വി. മെക്കാനിസം, ഇലക്ട്രീഷ്യൻ, വയർമാൻ, ആട്ടോമോബൈൽ മെക്കാനിസം, പ്ലംബിങ്ങ് എന്നിവ ഉൾപ്പട 99 മേഖലകളിൽ രൗ പരിപാടിയിലൂടെ പരിശീലനം നൽകിവരുന്നുണ്ട്. പഞ്ചായത്തിൽ ഇവയിൽ എട്ടോ, പത്തോ, മേഖലകളിൽ പരിശീലനം തേടാനെ യുവാക്കൾ ഇതുവരെ തയ്യാറായി കാണുന്നുള്ളു.

## പട്ടിക - III

**ഈ പരിപാടിയിലൂടെ വിവധ വർഷങ്ങളിൽ പരിശീലനം നേടിയവരുടെ വിവരം ചുവടെ കൊടുത്തിരിക്കുന്നു.**

| വർഷം | പരിശീലനം നേടിയവരുടെ എണ്ണം |
|---|---|
| 85-86 | 15 |
| 86-87 | 28 |
| 87-88 | 15 |
| 88-89 | 20 |
| 89-90 | 25 |
| 90-91 | 20 |
| 91-92 | 8 |
| 92-93 | 14 |
| 93-94 | 5 |
| 94-95 | 11 |
| 95-96 | 10 |

ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന മിക്ക ട്രേഡുകളും പരിശീലനകേന്ദ്രങ്ങൾ ജില്ലാ ആസ്ഥാനത്ത് മാത്രമേയുള്ളൂ. ഇതുമൂലം പരിശീലനാർത്ഥികൾക്ക് വളരെ ഏറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഇക്കാരണംകൊണ്ട് പലയുവാക്കളും പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ വിമുഖത കാണിക്കുന്നതായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ബ്ലോക്ക് അടിസ്ഥാനത്തിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചാൽ ഈ പ്രശ്നത്തിന് വലിയൊരളവുവരെ പരിഹാരം കാണാൻ കഴിയും.

പരിശീലനം പൂർത്തിയാക്കിയവരിൽ ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയുന്ന അനുബന്ധട്രേഡുകാരെ ഒരു യൂണിററായി കരുതി വായ്പ നൽകുന്നത് വളരെ ഫലപ്രദമായിരിക്കും. കണക്കുകളിൽ നിന്നും പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം പരിശീലനം നേടിയവരുടെ എണ്ണം വളരെ ചുരുക്കമാണെന്നു കാണാം. ആയതുകൊണ്ട് പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപ്പന്റ് തുക കൂട്ടുകയും വേണം.

ഈ പദ്ധതിയെക്കുറിച്ച് ഗ്രാമീണ യുവാക്കളുടെ അറിവ് പരിമിതമാണ്. ബോധവൽക്കരണത്തിലൂടെ ഗ്രാമീണരായ കൂടുതൽ യുവാക്കളെ ഈ പദ്ധതിയിലൂടെ പരിശീലനം നൽകാൻ കഴിയും.

## ടൂൾ കിററ്

ഗ്രാമീണ തൊഴിലുകൾക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നൽകുന്നതാണ്. ഈ പരിപാടി ഗുണഭോക്താവിന്റെ അഭിഷ്ടപ്രകാരമുള്ള ആധുനിക തൊഴിലുപകരണങ്ങളാണ് നൽകുന്നത്. ഉപകരണ വിലയുടെ 10% ഗുണഭോക്താവ് നൽകിയാൽ മതി.

### ടൂൾ കിററ് വിതരണ പട്ടിക – IV

| വർഷം | ലഭിച്ചവരുടെ എണ്ണം |
|---|---|
| 1993-93 | 29 |
| 1993-94 | 6 |
| 1994-95 | 12 |
| 1995-96 | 15 |

വളരെ കുറച്ച് തൊഴിലാളികൾക്ക് മാത്രമെ ഇത് ലഭിച്ചു കാണുന്നുള്ളു. കൂടുതൽ പേർക്ക് ടൂൾകിററ് ലഭ്യമാക്കാനുള്ള നടപടി കൈകൊള്ളണം. തൊഴിലാളികളിൽ ഭൂരിപക്ഷം പേർക്കും നവീന ഉപകരണങ്ങളെക്കുറിച്ചും അവയുടെ ഉപയോഗത്തെകുറിച്ചുമുള്ള അറിവ് പരിമിതമാണ്. തൊഴിലാളികളിൽ ആധുനീക തൊഴിലുപകരണങ്ങളെകുറിച്ചും അവയുടെ ഉപയോഗത്തെ കുറിച്ചും ബോധവൽക്കരണം ആവശ്യമാണ്. ഈ പദ്ധതിയെക്കുറിച്ചു ഈ മേഖലയിലെ തൊഴിലാളികൾക്കിടയിലും ഇനിയും പ്രചരണം അത്യാവശ്യമാണ്.

## C.R.S.P

ഗ്രാമങ്ങളിൽ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പരിപാടിയാണിത്. ഗ്രാമ ങ്ങളിൽ ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ സഹായിക്കുന്നതാണ ഈ പരിപാടി.

### C.R.S.P. കക്കൂസ് ലഭ്യതാ പട്ടിക V

| വർഷം | ലഭിച്ചവരുടെ എണ്ണം |
|---|---|
| 1993-94 | 26 |
| 1994-95 | 15 |
| 1995-96 | 21 |

ആവശ്യക്കാരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ലഭിച്ചവരുടെ എണ്ണം വളരെ കുറവാണ്. കൂടുതൽ പേർക്ക് പദ്ധതിയിലൂടെ കക്കൂസ് അനുവദിക്കേണ്ടതാണ്. ഈ പദ്ധതിയുടെ തുക 4000 രൂപയെങ്കിലും വർദ്ധിപ്പിക്കണം.

പഞ്ചായത്തിലെ ആവശ്യക്കാരുടെ എണ്ണം വളരെയേറെയാണെന്നിരിക്കെ ഈ പഞ്ചായത്തിലെ 4-ാം വാഡിൽ ജനകീയപങ്കാളിത്തത്തോടെ നടപ്പാക്കി കമ്മാന്തറ സാനിറേഷൻ പ്രോഗ്രാം വളരെ ശ്രദ്ധേയമാണ്. വാർഡിലെ എല്ലാ വീട്ടിലും ഒരു കക്കൂസ് എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പഞ്ചായത്തിൽ എല്ലാ വാർഡുകളിലും നടപ്പിലാക്കലാവട്ടെ ഇനി നമ്മുടെ ലക്ഷ്യം.

## അങ്കൺവാടികൾ

സാമൂഹ്യ ക്ഷേമ വകുപ്പിൻെറ ഈ പഞ്ചായത്തിലെ പ്രവർത്തനങ്ങളിൽ അങ്കൺവാടികൾ വഴിയുള്ള സേവനങ്ങളാണ്. 1994-ൽ പ്രവർത്തനമാരംഭിച്ച നെന്മാറ ICDS പ്രാജക്ടിൻെറ കീഴിൽ 32 അങ്കൺവാടികൾ പ്രവർത്തിക്കുന്നു. ആയിരം ജനസംഖ്യക്ക് ഒരു അങ്കൺവാടി എന്നാണ് പ്രൊജക്ടിൻെറ ലക്ഷ്യം എങ്കിലും സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഒന്നിൽ കൂടുതൽ അങ്കൺവാടികൾ പ്രവർത്തിക്കുന്നുണ്ട്.. 3 അങ്കൺവാടികൾക്ക് സ്വന്തമായി (CPWP കേന്ദ്രങ്ങൾ) കെട്ടിടങ്ങൾ ഉണ്ട്. 10 അങ്കൺവാടികൾക്ക് സ്ഥലം ലഭിച്ചിട്ടുണ്ട്. കൊമ്പൻകല്ല്, പഴതറക്കാട് എന്നീ കേന്ദ്രങ്ങൾക്കും പടിവട്ടം മാതൃകാ അങ്കൺവാടിക്കും കെട്ടിട പണി നടന്നുവരുന്നു.

അങ്കൻവാടികളിൽ നല്ല രീതിയിൽ സേവനം നൽകാൻ ശ്രമിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങളുടേയും മററും അഭാവം പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. 6 വയസ്സുവരെയുള്ള ശിശുക്കളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ പൂർണ്ണ വർച്ചക്കും വ്യക്തിത്വ വികസനത്തിനും അതു വഴി സമൂഹത്തിൻെറ മൊത്തത്തിലുള്ള ഉന്നമനത്തിനു അടിത്തറയിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് അങ്കൺവാടികൾ വഴി നടക്കുന്നത്. അതുകൊണ്ട് അങ്കൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൽ കൂടുതൽ പ്രാധാന്യം കെടുക്കേണ്ടതുണ്ട്.

ഓരോ അങ്കൻവാടിയിലും ഒരു വർക്കറേയും ഒരു ഹെൽപ്പറേയുംമാണ് നിയമിച്ചിരിക്കുന്നത്. ഈ വർക്കർമാരെല്ലാം ഈ മേഖലയിൽ മൂന്നുമാസത്തെ പരിശീലനം ലഭിച്ചവരാണ്. 9 1/2 മണി മുതൽ 3 1/2 മണിവരെയുള്ള അങ്കൺവാടിയിലെ പ്രവർത്തനത്തിനു പുറമെ 3 1/2 മണിക്കു ശേഷം ഗുണഭോക്താക്കളുടെ ഗൃഹസന്ദർശനവും ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് നിർദ്ദേശങ്ങൾ നൽകിവരുന്നതുമാണ് ഇവരുടെ സേവനം. ഇതിനു പുറമെ അങ്കൺവാടികളിൽ വെച്ച് അമ്മമാർക്ക് എല്ലാ മാസവും ആരോഗ്യ പോക്ഷണ വിദ്യാഭ്യാസം നൽകുന്നു. ശിശുക്കളെ ശരിയായ രീതിയിൽ വളർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. കുട്ടികൾക്ക് ഓരോ പ്രായത്തിലും എടുക്കേണ്ട കുത്തിവെപ്പുകളെ കുറിച്ച് മാതാപിതാക്കൾക്ക് ഒരു അവബോധം നൽകുന്നു. തൂക്കം കുറഞ്ഞതും ശരിയായ ആരോഗ്യം ഇല്ലാത്തതുമായ കുട്ടികളെ കണ്ടു പിടിച്ച് അവർക്ക് പ്രത്യേക പരിചരണം നൽകുകയും അവരുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതും ഇവരുടെ സേവനപരിധിയിൽ പെടുന്നു. വർക്കർക്ക് 500 രൂപയും ഹെൽപ്പർ 300 രൂപയുമാണ് നൽകിവരുന്നത്. ഈ തുക ഇവരുടെ ദൈനംദിന ചെലവുകൾക്ക് തീരെ അപര്യാപ്തമാണ്.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടും അത്തരം വിദ്യാലയങ്ങളിൽ പ്രീ-പ്രൈമറി തലം മുതൽ തന്നെ കുട്ടികളെ അയക്കുന്നതിനോടുള്ള താൽപര്യം രക്ഷിതാക്കളിൽ പ്രകടമായി കാണുന്നു. എങ്കിലും അങ്കൺവാടികൾ വഴിയുള്ള വിദ്യാഭ്യാസം മെച്ചപ്പെട്ടുവരുന്നുണ്ട്. ജനപങ്കാളിത്തത്തോടുകൂടിയ ബോധവൽക്കരണം വഴി അങ്കൺവാടി പ്രവർത്തനങ്ങളുടെ പ്രധാന്യം ജനങ്ങളിൽ എത്തിക്കുകയും അതുവഴി ഈ രംഗത്തോടുള്ള പൊതുവായ വൈമുഖ്യം മാററിയെടുക്കാവുന്നതുമാണ്. സ്ഥല ദൗർലഭ്യം, കെട്ടിടങ്ങളുടെ കുറവ് തുടങ്ങിയ സാങ്കേതിക തടസ്സ ങ്ങൾ നീക്കിയാൽ ഈ പഞ്ചായത്തിൽ കൂടുതൽ അങ്കൺവാടികൾ തുടങ്ങാനുള്ള സാദ്ധ്യതകൾ ഏറെയുണ്ട്.

| വാർഡ് നമ്പർ | സ്ഥലപ്പേര് | സെന്റർ നമ്പർ | കെട്ടിടത്തിന്റെ സ്വഭാവം | വീടുകളുടെ എണ്ണം | മൂന്നുവയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം | | | മൂന്നുവയസ്സു മുതൽ ആറു കുട്ടികളുടെ എണ്ണം | | | കെട്ടിടം കെട്ടുന്നതിന് സ്ഥലം ലഭ്യമാണോ? | നിലവിലുള്ള സ്ഥിതിവിശേഷം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പ്രദേശത്ത് ആകെയുള്ളത് | സെന്ററിൽ വരുന്നത് | ശതമാനം | പ്രദേശത്തര ആകെയുള്ളത് | സെന്ററിൽ വരുന്നത് | ശതമാനം | | |
| 1 | ബോയൻ കോളനി | 1 | വാടക | 170 | 53 | 13 | 24 | 22 | 15 | 68 | ലഭ്യമാണ് | (റവന്യൂ പുറമ്പോക്ക് ലഭ്യമാണ്. അതിനുള്ള നടപടികൾ എടുത്തുവരുന്നു) |
| | നെല്ലിച്ചുവട് | 2 | വാടക | 156 | 36 | 18 | 50 | 16 | 16 | 100 | ലഭ്യമാണ് | (കെട്ടിടനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ അയച്ചിട്ടുണ്ട്) |
| | ചെമ്മൻതോട് | 3 | സ്വന്തം ഷെഡ് | 163 | 25 | 10 | 40 | 30 | 15 | 50 | ലഭ്യമാണ് | |
| | അയ്യപ്പൻപാറ | 4 | വാടക | 160 | 40 | 23 | 57 | 22 | 21 | 95 | ലഭ്യമാണ് | (റവന്യൂ പുറമ്പോക്ക് ലഭ്യമാണ്. അതിനുള്ള നടപടികൾ എടുത്തുവരുന്നു.) |
| | ചേരുങ്കാട് | 5 | വാടക | 191 | 40 | 19 | 47 | 4 | 19 | 39 | ലഭ്യമല്ല | - - - |
| 2 | മുതലപ്പാറ | 19 | സ്വന്തം കെട്ടിടം | 237 | 49 | 12 | 24 | 25 | 5 | 20 | - | - - - |
| | അയിനംപാടം | 20 | വാടക | 306 | 51 | 21 | 41 | 37 | 20 | 54 | ലഭ്യമല്ല | - - - |
| 3 | കിഴക്കമ്പാടം | 15 | സൗജന്യം | 159 | 27 | 8 | 30 | 25 | 15 | 60 | ലഭ്യമല്ല | - - - |
| | കണിമലഗലം | 16 | വാടക | 270 | 62 | 31 | 50 | 53 | 27 | 51 | ലഭ്യമാണ് | (കെട്ടിടനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ അയച്ചിട്ടുണ്ട്) |
| | കയ്പഞ്ചേരി | 17 | സ്വന്തം കെട്ടിടം | 230 | 55 | 28 | 51 | 52 | 52 | 100 | - | |
| | വക്കാവ് | 12 | സ്വന്തം ഷെഡ് | 196 | 46 | 17 | 36 | 26 | 19 | 73 | ലഭ്യമാണ് | (കെട്ടിടനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ അയച്ചിട്ടുണ്ട്) |
| | മനങ്ങോട് | 13 | വാടക | 203 | 37 | 28 | 76 | 12 | 12 | 100 | ലഭ്യമല്ല | - - - |
| | മാട്ടുപാറ | 14 | വാടക | 180 | 16 | 6 | 37 | 17 | 17 | 100 | ലഭ്യമല്ല | - - - |
| 6 | നെല്ലിപ്പാടം | 22 | വാടക | 189 | 55 | 21 | 38 | 28 | 19 | 67 | ലഭ്യമാണ് | (റവന്യൂ പുറമ്പോക്ക് ലഭ്യമാണ്. അതിനുള്ള നടപടികൾ എടുത്തുവരുന്നു.) |
| | നെടുങ്ങോട് | 23 | വാടക | 146 | 29 | 12 | 41 | 12 | 12 | 100 | ലഭ്യമല്ല | - - - |



തുടർച്ച അടുത്ത പേജിൽ

| വാർഡ് നമ്പർ | സ്ഥലപ്പേര് | സെന്റർ നമ്പർ | കെട്ടിടത്തിന്റെ സ്വഭാവം | വീടുകളുടെ എണ്ണം | മൂന്നുവയസ്സന് താഴെയുള്ള കുട്ടികളുടെ എണ്ണം | | | മൂന്നുവയസ്സു മുതൽ ആറു കുട്ടികളുടെ എണ്ണം | | | കെട്ടിടം കെട്ടുന്നതിന് സ്ഥലം ലഭ്യമാണോ? | നിലവിലുള്ള സ്ഥിതിവിശേഷം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പ്രദേശത്ത് ആകെ യുള്ളത് | സെന്ററിൽ വരുന്നത് | ശതമാനം | പ്രദേശത്തര ആകെ യുള്ളത് | സെന്ററിൽ വരുന്നത് | ശതമാനം | | |
| | പഴതറക്കാട് | 74 | വാടക | 155 | 41 | 15 | 36 | 27 | 17 | 63 | ലഭ്യമാണ് | കെട്ടിടംപണി നടക്കുന്നു. |
| | തെക്കേത്തറ | 25 | വാടക | 181 | 41 | 14 | 34 | 35 | 33 | 94 | ലഭ്യമാണ് | (കെട്ടിടനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ അയച്ചിട്ടുണ്ട്) |
| 7 | പടിഞ്ഞാറെതറ | 21 | സൗജന്യം സമുദായപുര | 346 | 52 | 15 | 29 | 23 | 13 | 56 | ലഭ്യമല്ല | - - - |
| 8 | ചാണ്ടിച്ചാല | 29 | വാടക | 190 | 49 | 29 | 47 | 35 | 19 | 54 | ലഭ്യമല്ല | - - - |
| | കുന്നമ്പാറ | 30 | വാടക | 115 | 34 | 16 | 47 | 13 | 13 | 100 | ലഭ്യമല്ല | - - - |
| | നെന്മാറപാടം | 31 | വാടക | 125 | 32 | 15 | 46 | 24 | 24 | 100 | ലഭ്യമല്ല | - - - |
| | പുളിക്കത്തറ | 32 | സ്വന്തം ഷെഡ് | 168 | 44 | 26 | 29 | 32 | 24 | 75 | ലഭ്യമാണ് | (ബാലവാടി കെട്ടിടം നിലംപതിച്ചു പുതിയ കെട്ടിടം നിർമ്മിക്കണം) |
| 9 | കൊല്ലങ്കോട്ട് കുളമ്പ് | 26 | വാടക | 205 | 18 | 10 | 55 | 12 | 12 | 100 | ലഭ്യമല്ല | - - - |
| | പടിവട്ടം | 27 | വാടക | 134 | 33 | 15 | 45 | 23 | 14 | 61 | ലഭ്യമിണ് | (മാതൃകാ അങ്കൺവാടികെട്ടിടം പണിനടക്കുന്നു) |
| | കൊശനിപ്പള്ളം | 28 | വാടക | 273 | 40 | 22 | 72 | 53 | 18 | 33 | ലഭ്യമല്ല | - - - |
| 10 | പുത്തൻതോട്ടം | 7 | വാടക | 184 | 43 | 12 | 27 | 21 | 21 | 100 | ലഭ്യമല്ല | - - - |
| | ചാത്തമംഗലം | 10 | സ്വന്തം കെട്ടിടം | 169 | 35 | 27 | 77 | 23 | 23 | 100 | | |
| | മാട്ടായി | 11 | വാടക | 204 | 52 | 31 | 59 | 28 | 17 | 60 | ലഭ്യമാണ് | (റവന്യൂ പുറമ്പോക്ക് ലഭ്യമാണ്. അതിനുള്ള നടപടികൾ എടുത്തുവരുന്നു. |
| 11 | പേഴുമ്പാറ | 6 | വാടക | 136 | 23 | 16 | 69 | 27 | 14 | 51 | ലഭ്യമാണ് | (കെട്ടിടനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ അയച്ചിട്ടുണ്ട്) |
| | കൊമ്പൻകല്ല് | 8 | സൗജന്യം ക്ലബ്ബ് കെട്ടിടം | 212 | 39 | 20 | 51 | 45 | 35 | 77 | ലഭ്യമാണ് | (കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.) |
| | കൊല്ലയങ്കാട് | 9 | ഷെഡ് | 184 | 42 | 33 | 81 | 24 | 24 | 100 | ലഭ്യമാണ് | (റവന്യൂ പുറമ്പോക്ക് ലഭ്യമാണ്. അതിനുള്ള നടപടികൾ എടുത്തുവരുന്നു. |
| 12 | ചേന്നങ്കോട്ട് | 18 | വാടക | 281 | 43 | 12 | 28 | 34 | 20 | 58 | ലഭ്യമല്ല | - - - |

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള വെൽഫെയർ കമ്മററികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക വഴി അങ്കൺവാടികളുടെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്.

2. സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ലാത്ത അങ്കൺവാടികൾക്ക് സർക്കാർ/പഞ്ചായത്തുവക സ്ഥലം ലഭ്യമാക്കുകയും കെട്ടിടം നിർമ്മിക്കുകയും ചെയ്യണം.

3. അങ്കൺവാടികളിൽ അനുപൂരക പോക്ഷകാഹാരം നൽകുന്നതിനുപുറമെ തെറാപ്യൂട്ടിക് ഫുഡ് (Therapeutic Food) കൂടി വിതരണം ചെയ്യുകയാണെങ്കിൽ ആരോഗ്യമുള്ള ഭാവി തലമുറയെ വാർത്തെടുക്കാൻ കഴിയും.

4. D.W.C.R.A.(Development of Women & children in Rural Areas) ഫണ്ട് ഉപയോഗിച്ച് അങ്കണവാടിക്ക് ആവശ്യമായ കളിക്കോപ്പുകൾ വാങ്ങാവുന്നതാണ്.

5. സ്ത്രീകൾക്കുള്ള എല്ലാ ക്ഷേമപദ്ധതികളും അങ്കൺവാടികൾ വഴി നടപ്പിലാക്കുകയാണെങ്കിൽ പദ്ധതിയുടെ ഗുണം എല്ലാ സ്ത്രീകൾക്കും ലഭ്യമാക്കാവുന്നതാണ്.

6. അങ്കൺവാടികളിൽ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ (Audio Visual Aids) ഉപയോഗിച്ച് ആരോഗ്യ പരിപാലനം ശിശുസംരക്ഷണം, സുരക്ഷിത മാതൃത്വം തുടങ്ങിയ കാര്യങ്ങളിൽ സാധാരണജനങ്ങൾക്ക് പരിജ്ഞാനം ഉണ്ടാക്കാവുന്നതാണ്.

7. നിലവിലുള്ള കെട്ടിട നിർമ്മാണത്തിനുള്ള ഗ്രാന്റ് തീരെ അപര്യാപ്തമാണ്. ആയതുകൊണ്ട് അത് 25,000 രൂപയിൽ നിന്ന് 100000 രൂപയെങ്കിലും ഗ്രാന്റ് ആയി ഏർപ്പെടുത്തേണ്ടതാണ്.

8. അങ്കൺവാടി കെട്ടിട നിർമ്മാണത്തിന് സ്ഥലപരിധിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള 5 സെന്റ് 3 സെന്റ് ആയി കുറക്കുക.

9. സാധ്യതയുള്ള സ്ഥലങ്ങളിൽ 'ക്രഷ്' തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

10.. 5 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് കളികളിലൂടെയുള്ള പഠനം മാത്രമേ നൽകാവൂ. ഇത് നടപ്പിലാക്കുവാൻ നിയമം മൂലം ഈ കാര്യം പ്രാവർത്തികമാക്കണം. പ്രീ–പ്രൈമറി തലത്തിൽ അക്ഷരം എഴുത്ത്, കുഞ്ഞുങ്ങളുടെ മാനസികോല്ലാസത്തിന് വിഘാതമായി നിൽക്കുന്ന പഠനരീതി സ്വകാര്യ സർക്കാർ സ്ഥാപനങ്ങളിൽ നിരോധിക്കണം.

11. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിശിഷ്യ പ്രൈമറി വിദ്യാഭ്യാസസ്ഥാപനങ്ങളിലെ കുട്ടികൾക്ക് നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യമായ രീതിയിലുള്ള വസ്ത്രങ്ങളും പാദരക്ഷകളും ഉപയോഗിക്കാൻ സ്വാതന്ത്ര്യം നൽകണം. ഉഷ്ണമേഖലയായ നമ്മുടെ പ്രദേശത്ത് ടൈ, ഷൂസ് തുടങ്ങിയ ആംഗ്ലേയ വേഷവിധാനങ്ങൾ കുട്ടികളുടെ വളർച്ചയെ ബാധിക്കും. ഇവ യാതൊരു കാരണവശാലും നിർബന്ധമാക്കരുത്.

12. അങ്കൺവാടികളിലെ ഭൗതിക സാഹചര്യങ്ങൾ കുററമററതാക്കണം. അവിടുത്തെ കുട്ടികൾക്ക് കളിക്കുവാൻ ആവശ്യമുള്ള കളിക്കോപ്പുകൾ സമയബന്ധിതമായി നൽകണം.

13. അങ്കൻവാടികളുടെ മെയിന്റനൻസ് ഗ്രാന്റ് കാലോചിതമായി പരിഷ്ക്കരിക്കണം.

## ക്ഷേമനിധികൾ:

പഞ്ചായത്തിൽ ഒട്ടു മിക്ക ക്ഷേമനധികളും പ്രാബല്യത്തിലുണ്ട്. തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗത്വമെടുപ്പിക്കുന്നത് മിക്കവാറും തൊഴിലാളി യൂണിയനുകളാണ്.

പഞ്ചായത്തിൽ താഴെ പറയുന്ന ക്ഷേമനിധികൾ ഉള്ളതായി കാണാം.

1. കേരള കള്ളുതൊഴിലാളി ക്ഷേമനിധി
2. കേരള തൊഴിലാളി ക്ഷേമനിധി
3. കേരള ചുമട്ട് തൊഴിലാഴി ക്ഷേമനിധി
4. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. കേരള കൈതൊഴിലാളി – വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി
6. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി
7. കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി
8. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി
9. കേരള കർഷക തൊഴിലാളി ക്ഷേമനിധി
10. കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി
11. കേരള തുന്നൽ തൊഴിലാളി ക്ഷേമനിധി

മിക്ക ക്ഷേമനിധികളിലും മുഴുവൻ തൊഴിലാളികളും അംഗങ്ങളല്ല. ആയതുകൊണ്ട് മുഴുവൻ തൊഴിലാളികളേയും ഇതിൽ അംഗങ്ങളാക്കാൻ നടപടി കൈക്കൊള്ളേണ്ടതാണ്. മിക്ക ക്ഷേമനിധികളിലും ഉടമസ്ഥാവിഹിതം യഥാസമയം പിരിച്ചിച്ചെടുക്കുന്നില്ല. എന്ന് അറിയാൻ കഴിയുന്നു. ഇത് യഥാസമയം പിരിച്ചെടുക്കാൻ നടപടി കൈക്കൊള്ളണം.

ക്ഷേമനിധിയിലെ അംഗങ്ങൾക്കുള്ള പെൻഷൻെറ പ്രായപരിധി തൊഴിലിൻെറ സ്വഭാവമനുസരിച്ച് നിശ്ചയിച്ചാൽ കൂടുതൽ പ്രചോദനപ്രദമായിരിക്കും. എല്ലാ ക്ഷേമനിധിക്കാർക്കും പെൻഷൻ ആനുകൂല്യം നടപ്പിലാക്കേണ്ടതാണ്.

ഇന്ന് വിവിധതരം ക്ഷേമപദ്ധതികൾ നിലവിലുണ്ട്. ഇവയുടെ നടത്തിപ്പിനായി പ്രത്യേകം പ്രത്യേകം ഭരണസംവിധാനമുണ്ട്. ഈ നിരവധി പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് എല്ലാ മേഖലകളിലുംപെട്ട അസംഘടിത തൊഴിലാളികൾക്കു വേണ്ടി സമഗ്രമായ ഒരു സാമൂഹ്യക്ഷേമ പദ്ധതി നടപ്പിലാക്കിയാൽ അത് കൂടുതൽ ഫലപ്രദമായിരിക്കും.

## പെൻഷനുകൾ

പഞ്ചായത്തുമുഖാന്തിരവും അല്ലാതെയും നടപ്പിലാക്കുന്ന നിരവധി പെൻഷൻ പദ്ധതികൾ നിലവിലുണ്ട്. അവയിൽ പ്രധാനപ്പെട്ടവ,കർഷകതൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അഗതിപെൻഷൻ, വിധവാ പെൻഷൻ, വികലാംഗപെൻഷൻ എന്നിവയാണ്.വിവിധ പെൻഷനുകൾ ലഭിക്കാൻ ഗുണഭോക്താക്കൾ പലതരം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്.

**വിധവാ പെൻഷൻ** – പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുന്നില്ല. ഈ രീതി മാററി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

**വികലാംഗ പെൻഷൻ** – വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്ക ററ് ലഭിക്കാൻ ഇന്ന് വളരെയേറെ കടമ്പകൾ കടേ ക്കണ്ടതുണ്ട്. ഇന്ന് ലഘൂകരിച്ച് സർട്ടിഫിക്കററ് എളുപ്പത്തിൽ ലൂഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

അർഹരായ നിരവധിപേർ പെൻഷൻ ലഭിക്കാതെയിരിക്കേ അനർഹരായ ഒരുപാട് പേർ വിവിധ പെൻഷനുകൾ കൈപ്പററുന്നുണ്ട്. അർഹരായ മുഴുവൻ പേരെയും പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനർഹരെ ഉൾപെടുത്തേണ്ടതാണു്. അതുപോലെ വിവധ പെൻഷൻഷനുകൾക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രത്യേകസെൽ രൂപീകരിക്കുന്നത് ഈ പദ്ധതിയുടെ മേന്മ വർദ്ധിപ്പിക്കുന്നതിന് സഹായിക്കും.

## പൊതു വിതരണം

പഞ്ചായത്തിലാകെ 11 പൊതുവിതരണകേന്ദ്രങ്ങളും, ഒരു മാവേലിസ്റ്റോറും പ്രവർത്തിക്കുന്നുണ്ട്.

അവശ്യസാധനങ്ങളുടെ വിലക്കയററം പിടിച്ചു നിർത്താൻ മാവേലി സ്റേറാർ ഒരു പരിധിവരെ സഹായിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ ഒരു മാവേലിസ്റേറാർ കൂടി ആരംഭിക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്. സ്റേറാറിലൂടെ അവശ്യ സാധനങ്ങൾ ആവശ്യാനുസരണം വിതരണം ചെയ്യാൻ നടപടി കൈക്കൊള്ളേണ്ടതാണ്. സഹകരണസംഘങ്ങളുടെ ഓണച്ചന്തകൾ വളരെ ഫല പ്രദമാണ്. ഉപഭോക്തൃ സഹകരണ സംഘം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്.

## പൊതു വിതരണകേന്ദ്രം

പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണെങ്കിലും അത കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ട്. കേന്ദ്രങ്ങളിൽ കൂടി വിതരണം ചെയ്യുന്ന വസ്തുക്കളുടെ അളവ് വർദ്ധിപ്പിക്കേണ്ടതാണ്. കൂടുതൽ ആവശ്യസാധനങ്ങൾ പൊതുവിതരണ കേന്ദ്രത്തിലൂടെ വിതരണം ചെയ്യാൻ നടപടിയെടുക്കേണ്ടതാണ്. പുതിയ റേഷൻ കാർഡ് ലഭിക്കാനും, കാർഡിൽ അംഗങ്ങളെ ചേർക്കാനും ഇന്ന് താലൂക്ക് സപ്ലൈ ആഫീസിൽ പോകേണ്ട സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇതിനുള്ള അധികാരം പഞ്ചായത്തിന് കൈമാറുകയാണെങ്കിൽ അത് ജനങ്ങൾക്ക് വളരെ സൗകര്യപ്രദമായിരിക്കും.

# സംസ്കാരം

നെല്ലിയാമ്പതി മലനിരകളും ഗായത്രി, പോത്തുണ്ടി പുഴകളും ഭാഗികമായി അതിരിടുന്ന നെന്മാറ പഞ്ചായത്തിന് സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകം അവകാശപ്പെടാനുണ്ട്. പഴയ കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്ന ഈ കൊച്ചുഗ്രാമം രാജവാഴ്ചക്കാലത്തുതന്നെ മുന്തിയ പരിഗണനകൾക്ക് വിധേയമായിരുന്നു. തൽഫലമായി പ്രാഥമിക ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾക്ക് ഒരു നൂറ്റാണ്ടുമുമ്പേ തുടക്കം കുറിച്ചിരുന്നു.

പഞ്ചായത്തിന് നെടുകേയും, കുറുകേയുമായി പ്രധാനറോഡുകളുടെ നിർമ്മാണം എല്ലാ പ്രദേശങ്ങളേയും ഏതാണ്ട് സമമായി വികസിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്. എന്നാൽ പുതിയ ജനവാസകേന്ദ്രങ്ങൾ ഉയർന്നുവരുന്നതനുസരിച്ച് ഗതാഗതസൗകര്യം വർദ്ധിപ്പിക്കാനായിട്ടില്ല. ഒരു ജനതയുടെ സാംസ്കാരിക നിലവാരത്തെ ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം എന്നിവ സ്വാധീനിക്കുമെങ്കിൽ വളരെ ബോധപൂർവ്വംതന്നെ ഈ രംഗങ്ങളിൽ ഒരു മുൻകൈ നേടാൻ ഒരു നൂറ്റാണ്ടുമുമ്പേ ഇവിടെ ശ്രമം നടന്നിട്ടുണ്ട്. പാരമ്പര്യവൈദ്യത്തിലും വിദ്യാഭ്യാസത്തിലും ഊന്നിയ ചികിത്സാരീതികളുള്ള നെന്മാറയിൽ ഒരു ഗവ. ആശുപത്രി 1894ൽ സ്ഥാപിക്കപ്പെട്ടു. സംസ്ഥാനത്തിലെ മേജർ പട്ടണങ്ങൾക്കൊപ്പംതന്നെ ശാസ്ത്രീയരീതി അവലംബിച്ച് ശുദ്ധജലവിതരണപദ്ധതി 1929ൽ നടപ്പിലായി. അതിനുമുമ്പായിത്തന്നെ നെന്മാറയിൽ വൈദ്യുതിയും വല്ലങ്ങിയിൽ അതിന്റെ വിതരണം നിയന്ത്രിക്കുന്നതിന് പവർഹൗസും സ്ഥാപിക്കപ്പെട്ടു. അതേ കാലഘട്ടത്തിൽതന്നെ നിർമ്മാണം നടന്ന നെന്മാറ ഹൈസ്കൂൾ ഒറ്റക്കെട്ടിടങ്ങളിൽ ഒരു ക്ലാസ്സ് മുറി എന്ന നിലയിലും രണ്ടു ക്ലാസ്സ് മുറികൾ തമ്മിൽ നിശ്ചിത അകലം സൂക്ഷിക്കുന്നതിനും ഉദ്ദേശിച്ചുള്ള നിർമ്മാണരീതി അവലംബിച്ചും വിദ്യാഭ്യാസരംഗത്തും ഗൗരവപൂർണ്ണവും അനന്യവുമായ മാതൃക സൃഷ്ടിച്ചിരുന്നു.

ഈ പശ്ചാത്തലം സൃഷ്ടിച്ച ഉൽപതിഷ്ണുത സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലേക്ക് നെന്മാറക്കാരെ കൈപിടിച്ചാനയിച്ചു. സ്വാതന്ത്ര്യസമരചരിത്രത്തിലെ നാഴികക്കല്ലുകൾ ചൂണ്ടിക്കാണിക്കാനില്ലെങ്കിലും ദേശീയ പൊതുധാരയിൽനിന്ന് നെന്മാറ ഒരിക്കലും മാറി നിന്നിട്ടില്ല. മതസാഹോദര്യത്തിന് നാളിതുവരെ ഒരു കളങ്കവുമേൽക്കാതെ കാത്തുസൂക്ഷിക്കുവാനും നെന്മാറയ്ക്കു കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിമാനാർഹമാണ്.

### ഗ്രന്ഥശാലകളും കലാസമിതികളും

നെന്മാറ RGM, വിത്തനശ്ശേരി NMMYMC അളുവശ്ശേരി ഝാൻസി റാണി, കയ്പഞ്ചേരി വായനശാല, എന്നിവ ആദ്യകാലഗ്രന്ഥശാലകളും കലാകായികസമിതികളുമെന്നനിലയിൽ നമ്മുടെ സാംസ്കാരിക അടിത്തറ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകപങ്കുവഹിച്ചിട്ടുണ്ട്. തുടർന്ന് കലാകായികസാംസ്കാരികസമിതികൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി വിവിധ കാലഘട്ടങ്ങളിലായി രൂപീകരിക്കപ്പെട്ടു. ഇവയിൽ ആദ്യകാലസമിതികളായ നെന്മാറ R.G.M. അളുവശ്ശേരി ഝാൻസീറാണി എന്നിവ നിർജ്ജീവാവസ്ഥയിലാണ്. ഇപ്പോൾ പഞ്ചായത്തിന്റെ ചുമതലയിൽ വല്ലങ്ങിയിൽ ഒരു പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം കൂടി ആരംഭിച്ചിട്ടുണ്ട്.

പട്ടിക -1

## പഞ്ചായത്തിലെ വായനശാലകളുടേയും ക്ലബ്ബുകളുടേയും പേരുകൾ :

| | വാർഡ് |
|---|---|
| 1. യുവതാര, നെല്ലിച്ചോട് | 1 |
| 2. നവജ്യോതി ചെമ്മന്തോട് | 1 |
| 3. എ.കെ.ജി. സ്മാരക വായനശാല, നെല്ലിപ്പാടം | 6 |
| 4. പ്രീതി ഇടിയംപൊറ്റ | 3 |
| 5. യൂത്ത് ക്ലബ്ബ് കിഴക്കമ്പാടം | 5 |
| 6. നവരശ്മി ചെമ്മന്തോട് | 1 |
| 7. എക്കോ പോത്തുണ്ടി | 1 |
| 8. യുവചൈതന്യ വിത്തനശ്ശേരി | 9 |
| 9. യുവജനകലാകായികസമിതി വിത്തനശ്ശേരി | 9 |
| 10. ദർശന നെന്മാറ | 4 |
| 11. ഫിനിക്സ്, പുളിക്കൽതറ | 8 |
| 12. നർമ്മദ, മാട്ടുപാറ | 5 |
| 13. ഝാൻസിറാണി, അളുവശ്ശേരി | 5 |
| 14. സപ്തതി, അകമ്പാടം | 10 |
| 15. ഉഷസ്സ്, നെന്മാറ | 2 |
| 16. R.G.M., നെന്മാറ | 2 |
| 17. പ്രിയദർശിനി, കണിമംഗലം | 4 |
| 18. ഫ്രന്റ്സ്, പുളിക്കൽതറ | 8 |
| 19. N.M.M.Y.M.C വിത്തനശ്ശേരി | 9 |
| 20. ആശ്ചര്യ, മാട്ടുപാറ | 5 |

### വിദ്യാഭ്യാസകേന്ദ്രങ്ങൾ

പോത്തുണ്ടി GLPS, പഴയഗ്രാമം GLPS നെന്മാറ GLPS അളുവശ്ശേരി വി.എ.എൽ,.പി.എസ്. കണിമംഗലം വി.എം.ജി. എൽ.പി.എസ്., വിത്തനശ്ശേരി എൽ.പി.എസ്. എന്നീ എൽ.പി. സ്കൂളുകളും, വല്ലങ്ങി സി.കെ.എം.എം.യു.പി. സ്കൂൾപഴയഗ്രാമം സംസ്കൃത UPS, ചാത്തമംഗലം GUPS എന്നീ UP സ്കൂളുകളും നെന്മാറ GBHS, നെന്മാറ GGHS എന്നീ ഹൈസ്കൂളുകളും അൺ എയിഡഡ് റെക്കഗ്നൈസ്ഡ് ആയി SRC സ്കൂൾ, ഗംഗോത്രി സ്കൂൾ എന്നിവയും നെന്മാറ N.S.S. കോളേജും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നു. എങ്കിലും ഉന്നതവിദ്യാഭ്യാസരംഗത്ത് അപര്യാപ്തത വിളിച്ചോതുന്ന നിലയിൽ ധാരാളം പാരലൽ കോളേജുകൾ. കൂടാതെ പ്രീ പ്രൈമറി രംഗത്ത് 5 സ്കൂളുകളും 32 അങ്കൺവാടികളും പ്രവർത്തിക്കുന്നു. പഞ്ചായത്ത് നേരിട്ടുനടത്തുന്ന ഒരു നഴ്സറി സ്കൂൾ സ്വന്തം കെട്ടിടത്തിൽ വല്ലങ്ങിയിൽ പ്രവർത്തിക്കുന്നു.

### പത്രമാസികകൾ

പഞ്ചായത്തിൽ പ്രതിദിനം 1,500ലധികം മലയാളപത്രങ്ങൾ വരുന്നുണ്ട്. അതിനുപുറമെ ഇംഗ്ലീഷ്, തമിഴ് പത്രങ്ങളും, ആനുകാലികപ്രസിദ്ധീകരണങ്ങളായി ഓരോ ആഴ്ചയിലും 2000-ൽ അധികം വിവിധ വാരികകളും മാസികകളും വിതരണം ചെയ്യപ്പെടുന്നു.

### അമേച്വർ കലാസമിതികൾ

നേരത്തെ ഗ്രന്ഥശാലകളുടെ ഉപവിഭാഗമായി പ്രവർത്തിച്ചിരുന്ന കലാസമിതികൾ സ്വതന്ത്രരൂപം കൈവരിക്കുന്നത് 1970കളിലാണ്. ആദ്യം പ്രിയ, പിന്നീട് സൺ ഇപ്പോൾ നിള എന്നീ വിവിധ സമിതികൾ ഇക്കാലത്ത് പ്രവർത്തനരംഗത്തു വന്നു. കോരളത്തിൽ അങ്ങോളമിങ്ങോളമുള്ള

പ്രൊഫഷണൽ സംഘങ്ങളെ വരുത്തി പരിപാടികൾ അവതരിപ്പിക്കുക യാണ് ഇവർ ചെയ്യുന്നത്. ഒരു സമിതി പ്രവർത്തനം നിന്നുപോവുമ്പോൾ മറ്റൊന്ന് ഉയർന്നുവരുന്നത് കാശു മുടക്കി കലാസ്വാദനത്തിന് തയ്യാറാവുന്ന ഒരു സഹൃദയ അന്തരീക്ഷം നെന്മാറയിൽ നിലനിൽക്കുന്നതുകൊണ്ടാണല്ലോ.

## നാടൻകലകൾ :

നമ്മുടെ തനത് നാടൻ കലാരൂപങ്ങളായ കണ്യാർകളി, ആര്യമാല പൊറാട്ടുകളി എന്നിവ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും സ്വന്തമായ സംഭാവനകൾ നൽകിയവരാണ് കണ്യാർകളിരംഗത്തെ ചിന്നപ്പൻനായർ ആശാൻ പറങ്ങേടൻ നായർ, ആശാൻ വിത്തനശ്ശേരിയിലെ ചിപ്പുമാസ്റ്റർ, കുഞ്ചു ആശാൻ എന്നിവരാണ്. ഇതിൽ പാലത്തോണി വേലായുധനാശാൻ സംസ്ഥാന അവാർഡുൾപ്പെടെയുള്ള പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കണ്യാർ കളിയെ പുനരുദ്ധരിക്കുന്നതിനായി കഴിഞ്ഞ 3 വർഷമായി നെന്മാറ കേന്ദ്രമായി രൂപീകരിക്കപ്പെട്ട ഒരു സമിതി ജില്ലാതലമത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. തോറ്റംപാട്ട്, പുള്ളുവൻപാട്ട്, അയ്യപ്പൻപാട്ട്, മാരിയമ്മൻപാട്ട് എന്നിവ പല പ്രദേശത്തും നടത്തിവരുന്നുണ്ട്. പാരമ്പര്യ ഉത്സവമായ നെന്മാറ-വല്ലങ്ങി വേല സംസ്ഥാനത്തിനകത്തും പുറത്തും നമ്മുടെ പഞ്ചായത്തിന്റെ പേർ അറിയപ്പെടുന്നതരത്തിൽ ഇവിടെ സംഘടിപ്പിക്കപ്പെടുന്നുണ്ട്. എല്ലാവർഷവും മീനം 20ന് വേല ആഘോഷിക്കുന്നു. ലക്ഷക്കണക്കിനു ആളുകൾ ഇതിൽ പങ്കെടുക്കുവാൻ എത്തിച്ചേരാറുണ്ട്.

കൊയ്ത്തുത്സവമായ കതിർ ഉത്സവത്തിന് കാർഷികമേഖലയായ ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പ്രാമുഖ്യം മാറി വെറും അനുഷ്ഠാനമായി പോകുന്നുണ്ട്. അത് കാലോചിതമായി ഏറ്റെടുത്ത് ആധുനികനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമായി മാറ്റണം. പാടത്തെ കൊയ്ത്ത് കഴിഞ്ഞാൽ തെക്കേത്തറ, വടക്കേത്തറ, നെന്മാറ പാടം, പഴതറക്കാട് തളൂർ എന്നിവിടങ്ങളിലെ ദേശക്കാർ മൂന്നുദിവസം നീണ്ടുനിൽക്കുന്ന കണ്യാർകളി കുടല്ലൂർ ദേശമന്ദത്തുവെച്ച് ദേവിയെ പ്രീതിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊണ്ടാടുന്നു.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. വിവിധ സാംസ്കാരിക പരിപാടികളെ ഏകോപിപ്പിക്കുന്നതിനും വിപുലമായ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പഞ്ചായത്ത് മുൻകൈ എടുത്ത് സാംസ്കാരിക സമിതി രൂപീകരിക്കേണ്ടതാണ്. സമിതികളുടെ നേതൃത്വത്തിൽ പരിപാടികൾ ആവിഷ്കരിക്കണം. വിവിധ സമിതികളുടെ ആരോഗ്യകരമായ മത്സരത്തിലൂടെ പ്രതിഭകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം.
2. വായനശാലകൾക്കും, ഗ്രന്ഥശാലകൾക്കും പത്രങ്ങൾ സർക്കാർ സൗജന്യമായി വിതരണം ചെയ്യണം. അംഗീകൃതസമിതികൾക്ക് കെട്ടിടമുണ്ടാകുവാൻ സഹായിക്കുക. കെട്ടിടം ഉള്ളവർക്ക് ടി.വി. നൽകുക.
3. വനിതകൾക്കു മാത്രമായുള്ള പ്രത്യേക സാംസ്കാരിക പരിപാടികൾ ആവിഷ്കരിക്കണം.
4. നാമാവശേഷമാകുന്ന നാടൻകലകളായ കണ്യാർകളി, പറവാദ്യം, കതിർ വീഴ്ചക്കളി, എന്നിവ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നാടൻ കലാമേളകൾ, പഞ്ചായത്ത് മുൻകൈ എടുത്ത് സംഘടിപ്പിക്കണം.
5. പഞ്ചായത്തിന് സ്വന്തമായ സ്റ്റേഡിയമില്ലാത്ത കുറവു നികത്തുകയും അതിലേക്ക് ദീർഘകാല പദ്ധതിയാവിഷ്കരിക്കുകയും വേണം.
6. സാമ്പത്തികശേഷിയില്ലാത്ത കായികതാരങ്ങളെ കണ്ടെത്തി പരിശീലനം, ഉപകരണങ്ങൾ വാങ്ങൽ എന്നിവക്കായി സാമ്പത്തികസഹായം അനുവദിക്കുക.
7. പോത്തുണ്ടി കേന്ദ്രമായി ടൂറിസം വികസനത്തിന് പദ്ധതികൾ ആരായുക. DTPC മുഖാന്തിരം അതിനുള്ള സഹായം തേടുക.

8. ഒഴിവുകാലങ്ങളിൽ കലാകായികരംഗത്ത്അഭിരുചിയുള്ള കുട്ടികളുടെ ഒത്തുചേരലിന് അവസരം ഉണ്ടാക്കുകയും അവർക്ക് പരിശീലനകളരികൾ ഏർപ്പെടുത്തുകയും ചെയ്യുക.

9. മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാകുന്ന രീതിയിൽ നമ്മുടെ പഞ്ചായത്തിന്റെ ആസ്ഥാനത്ത് കുട്ടികൾക്കായുള്ള ഒരു ഗ്രന്ഥശാല സ്ഥാപിക്കുക. ഇത് കുട്ടികളിൽ സാമൂഹ്യബോധം വളർത്തുന്നതിനും സഹായകമാകും.

10. നമ്മുടെ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഫിലിം സൊസൈറ്റി ആവശ്യമാണ്. ഇത് രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കേണ്ടതായുണ്ട്.

11. പോത്തുണ്ടി കേന്ദ്രീകരിച്ച് ഒരു മിനി സ്റ്റേഡിയവും നെന്മാറ ബോയ്സ് ഹൈസ്കൂളിൽ ഒരു സ്റ്റേഡിയവും നിർമ്മിക്കേണ്ടതാണ്.

12. കുട്ടികൾക്കായുള്ള ഒരു പാർക്ക്, അതിനോട് ചേർന്ന് ഒരു ട്രാഫിക് പാർക്ക് എന്നിവ നിർമ്മിക്കണം.

13. പഞ്ചായത്തിൽ ഗ്രന്ഥശാലകളുടെ എണ്ണം വളരെ കുറവാണ്. വായനാശീലം വളർത്തുന്നതിന് സഹായകമാകുംവിധംപുതിയ ഗ്രന്ഥശാലകൾ ചെമ്മംതോട്, കണിമംഗലം, അയിനംപാടം, പോത്തുണ്ടി, ചാത്തമംഗലം എന്നിവിടങ്ങളിൽ സ്ഥാപിക്കുവാൻ വേണ്ടതായ നടപടികൾ എടുക്കണം.

14. സ്കൂളുകളിലൂടെ കലാസാംസ്കാരികപരിപാടികൾക്ക് പരിശീലനം നൽകണം.

15. പഞ്ചായത്ത്തലത്തിൽ ഒരു സാംസ്കാരിക സമിതി രൂപീകരിക്കേണ്ടതാണ്.

# വനിത

സാമൂഹിക പ്രവർത്തന മേഖലയിൽ മുൻ കാല ങ്ങളിൽ സ്ത്രീപങ്കാളിത്തം തുലോം കുറവായിരുന്നു. ആ കാലഘട്ട ങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നു. കുടിപള്ളിക്കൂടങ്ങളിലൂടെയായിരുന്നു എഴുതുവാനും, വായിക്കുവാനുമുള്ള അറിവും ലഭിച്ചിരുന്നത്. എഴുത്തും വായനയും അഭ്യസിച്ചുകഴിഞ്ഞാൽ പെൺകുട്ടികളെ വീട്ടുജോലികളിൽ പ്രാവീണ്യരാക്കുകയാണ് ഗൃഹനാഥൻമാർ ചെയ്തിരുന്നത്. ഉപരിവിദ്യാ ഭ്യാസത്തിനുള്ള അവസരം അവർക്ക് തുലോം വിരളമായിരുന്നു. പൊതുപരിപാടികളിലും, ആഘോഷങ്ങളിലും സ്ത്രീപങ്കാളിത്തം വളരെ കുറവായിരുന്നു സ്ത്രീകൾ പൊതുവെ നേരിടുന്ന അവഗണനയും, പിന്നോക്കാവസ്ഥയും ഈ പഞ്ചായത്തിൽ ഇപ്പോഴും നിലനിൽക്കുന്നു.

വിദ്യാഭ്യാസരംഗത്ത് മുൻകാലങ്ങളെ അപേക്ഷിച്ചു വളരെ പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് അത് പൂർണ്ണമായി പ്രതിഫലിച്ചുകാണുന്നില്ല. പഠനനിലവാരത്തിൽ ആൺകുട്ടികളെ അപേക്ഷിച്ചും പെൺകുട്ടികൾ ഏറെ മുന്നിലാണ് കാണുന്നതെങ്കിലും പൊതുവേദികളിലും, രാഷ്ട്രീയരംഗത്തും സ്ത്രീപങ്കാളിത്തം ആവശ്യമായതോതിൽ ഉണ്ടാവുന്നില്ല. സ്ത്രീകളിൽ വിദ്യാഭ്യാസം നേടുന്നവർ അദ്ധ്യാപനവൃത്തിയിൽ മാത്രം ഒതുങ്ങി കൂടുക എന്ന പ്രവണതയ്ക്ക് മാററം സംഭവിക്കുന്നുണ്ട്. ഗ്രാമീണമേഖലയിൽ വനിതകൾ പരമ്പരാഗത തൊഴിൽ മേഖലയിൽ തന്നെ ഒതുങ്ങി കൂടുന്നു.

സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ പൊതുവെ നമ്മുടെ പഞ്ചായത്തിൽ കുറവാണ് എങ്കിലും ഈ കാലയളവിൽ സ്ത്രീപീഠനകേസുകൾ റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്കിടയലെ നിരക്ഷരത ഇല്ലായ്മചെയ്യുന്നതിൽ 1990-ലെ സാക്ഷരതായജ്ഞം വളരെ സഹായമായിട്ടുണ്ട്.

രൂക്ഷമായ തെഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാനപ്രശ്നമാണ്. ഏറെറടുത്ത ജോലികൾ ഭംഗിയായും, ഉത്തരവാദിത്തത്തോടെ ചെയ്യുമെങ്കിലും പൊതുവെ ജോലികൾ ഏറെറടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും, ഉത്തരവാദിത്തം ഏൽപ്പിക്കുന്നതിനുള്ള താത്പര്യക്കുറവും പുരുഷൻമാരുടെ ഭാഗത്തുമുണ്ട്. ജീവിതത്തിൻെറ സമസ്ഥ മേഖലകളിലും പുരുഷനോടൊപ്പം നിൽക്കുവാനുള്ള ബുദ്ധിയും, കഴിവും, സ്ത്രീകൾ ആർജ്ജിച്ചീട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കുവാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

1994-ലെ പഞ്ചായത്ത്രാജ് നിയമം നടപ്പിലായതോടെ പഞ്ചായത്ത് - മുൻസിപ്പൽ തലങ്ങളിലെങ്കിലും സ്ത്രീകളുടെ പങ്ക് സജീവമായി വരുന്നുണ്ട്.

പഞ്ചായത്തിലെ കൃഷി-വ്യവസായ-ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹിക ക്ഷേമ മേഘലകളിലെ സ്ത്രീ പങ്കാളിത്തം, നിലവിലുള്ള സ്ത്രീ ക്ഷേമ പദ്ധതികളുടെ സവിശേഷതകൾ, പ്രവർത്തനം, പോരായ്മകൾ എന്നിവ പരിശോധിച്ച് സ്ത്രീകളുടെ മേഖലയിൽ കഴിയുന്ന നിർദ്ദേശ ങ്ങൾക്ക് രൂപം നൽകി. സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക പരാധീനതകൾക്ക് അറുതി വരുത്തണം. ഇന്നു നടക്കുന്ന പ്രാദേശികാസൂത്രണ പ്രക്രിയകളിലും, വികസന പ്രവർത്തനങ്ങളിലും വൻതോതിൽ സ്ത്രീകളളെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കണം.

**വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ**

1. തുല്യജോലിക്കും, തുല്യവേതനം നൽകുന്നതിൽ വൈഷമ്യം കാണിക്കുന്നു.
2. സാമൂഹ്യസേവന രംഗങ്ങളിൽ സ്ത്രീകൾ ധീരമായി പ്രവർത്തനസജ്ജരായിവരുന്നില്ല.
3. തൊഴിൽ മേഖലകളിൽ സ്ത്രീകൾ അവഗണന നേരിടുന്നു.

4. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ട താത്പര്യം കാണിക്കുകയോ, ആരംഭിക്കുന്നതിന് മുമ്പോട്ട് വരികയോ ചെയ്യുന്നില്ല.
5. സമാന്യവിദ്യാഭ്യാസമുണ്ടെങ്കിലും ശരിയായ ബോധനിലവാരം സ്ത്രീകളിൽ കുറവാണ്.
6. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമായി കണ്ടുവരുന്നു.
7. വിദ്യാഭ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺ കുട്ടികളുടെ പങ്കാളിത്തം കുറവാണ്.
8. സർക്കാർ സഹായപദ്ധതികൾ ഏതൊക്കെയാണെന്ന അറിവില്ലായ്മ നിലനിൽക്കുന്നു.
9. അംഗനവാടികൾ പലതിലും മതിയായ സൗകര്യങ്ങൾ ഇല്ല. ന്യായമായ വേതനം ലഭിക്കുന്നില്ല.
10. തൊഴിൽ മേഖലകളിൽ പരിശീലനത്തിനുള്ള സ്യകര്യം ലഭിക്കുന്നില്ല.
11. തൊഴിൽ രംഗത്ത് ഉത്തരവാദിത്തം ഉള്ള ജോലികൾ ഏൽപ്പിക്കുന്നതിന് വൈമനസ്യം കാണിക്കുന്നു.
12. സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോദാർഢ്യം സ്ത്രീകൾ പ്രകടിപ്പിക്കുന്നില്ല.
13. കൂട്ടായ തൊഴിൽ സംരംഭങ്ങൾ തുടങ്ങിയാലും അവ നിലനിർത്തുന്നതിന് അവർക്ക് കഴിയുന്നില്ല.
14. ഇടത്തരക്കാർ തൊഴിൽ മേഖലകളിൽ കടന്നുവരുന്നില്ല.
15. സ്വയംതെഴിൽ വായ്പ നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങൾ വൈമുഖ്യം പ്രകടിപ്പിക്കുന്നു.
16. ആരോഗ്യ സ്ഥാപനങ്ങളിൽ സ്ത്രീരോഗ വിദഗ്ദരുടെ സേവനം ലഭ്യമാകുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.
2. സ്ത്രീകളുടെതായുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക. അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുക, വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. ക്ഷീരോൽപാദനം, വിതരണം, പുഷ്പ കൃഷി, അലങ്കാര മത്സ്യം വളർത്തൽ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ വനിതകളുടെ സംരംഭങ്ങൾ തുടങ്ങണം.
4. ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾക്കായും സാമൂഹിക അനാചാരങ്ങൾക്കെതിരായും ബോധവൽക്കരണ ക്ലാസുകൾ, പരിശീലനപരിപാടികർ എന്നിവ സംഘടിപ്പിക്കണം.
5. തൊഴിൽ എടുക്കുന്ന സ്ത്രീകൾക്കായി വർക്കിങ്ങ് വുമൺസ് ഹോസ്ററലുകൾ ആരംഭിക്കണം.

6. സാധ്യതയുള്ള പ്രദേശങ്ങളിൽ ശിശു പരിപാലനകേന്ദ്രങ്ങൾ (ക്രഷ്) ആരംഭിക്കണം.

7. വനിതാ വ്യവസായ സംരഭങ്ങൾ ആവശ്യമാണ്.

8. വനിതാ വികസന കോർപ്പറേഷന്റെ ധനസഹായ പദ്ധതികളുടെയും ,ക്ഷേമ പ്രവർത്തനങ്ങളും സംബന്ധിച്ച പഠനക്ലാസുകൾ സംഘടിപ്പിക്കുകയും നധസഹായം ഗ്രാന്റ് എന്നിവ ലളിതമായ വ്യവസ്ഥയിൽ നൽകേണ്ടതുമാണ്. വനിതാ വികസന കോർപ്പറേഷൻ ഓഫീസുകൾ താലൂക്കു തലത്തിൽ ആവശ്യമാണ്.

9. കേന്ദ്രസംസ്ഥാന സർവ്വീസുകളിലും നിയമനിർമ്മാണസഭകളിലും വനിതകൾക്ക് 33% സംവരണം ഏർപ്പെടുത്തണം.

10. സ്ത്രീകർക്ക് മാത്രമായി വ്യവസായ എസ്റേററുകൾ പരിശീലനകേന്ദ്രങ്ങൾ എന്നിവ ആരംഭിക്കണം.

11. അംഗൺവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണം.

12. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

13. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃ–സഹായപദ്ധതികൾ മുതലായവ അർഹതയുള്ള മുഴുവൻ പേർക്കും ലഭ്യമാക്കണം.

14. സ്ത്രീപീഡനകേസുകളിൽ സത്വരമായി നടപടികൾ സ്വീകരിക്കുന്നതിന് ലീഗൽ–സെൽ ബ്ലോക്കുതലത്തിൽ രൂപീകരിക്കണം.

15. ബസ്സുകളിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള സീററുകൾ അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

16. പഞ്ചായത്തിലെ മുഴുവൻ സ്ത്രീകൾക്കും പങ്കാളിത്തം നൽകികൊണ്ട് വനിതാ സമിതി രൂപീകരിക്കണം.

## പട്ടിക – 1

പഞ്ചായത്തിൽ IRDP വായ്പ, TRYSEM, DWCRA എന്നിവ വനിതകൾക്ക് അനുവദിച്ചത്

| ക്രമ നമ്പർ | വർഷം | IRDP വായ്പ | TRYSEM | DWCRA |
|---|---|---|---|---|
| 1 | 1992-93 | 29 | 3 | - |
| 2 | 1993-94 | 20 | 2 | - |
| 3 | 1994-95 | 35 | 7 | 10 |
| 4 | 1995-96 | 24 | 3 | - |

# സഹകരണം

ഗ്രാമപഞ്ചായത്തുകളും , സഹകരണ സ്ഥാപനങ്ങളും ഗ്രാമപുരോഗതിയിലേക്കുള്ള രാജപാതയുടെ ഭാഗങ്ങളാണ്. പാലവും അപ്രോച്ച് റോഡുകളും പോലെ അവ ബന്ധപ്പെട്ടിരിക്കുന്നു. ഗ്രാമങ്ങളുടെ നാടായ ഭാരതത്തിന്റെ പുരോഗതിക്ക് ഗ്രാമ പഞ്ചായത്തുകളുടെയും സഹകരണ സ്ഥാപനങ്ങളുടെയും യോജിച്ചുള്ള പ്രവർത്തനം കൂടിയേ തീരൂ. ഇവ ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. സർവ്വീസ് സഹകരണ ബാങ്കുകളും, ഗ്രാമ പഞ്ചായത്തുകളും ഗ്രാമതലത്തിൽ ഒത്തുചേർന്ന് പ്രവർത്തിക്കണമെന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് 1958-ലെ ദേശീയ വികസന സമിതിയാണ്. ആ ആശയം യാഥാർത്ഥ്യമാകണമെങ്കിൽ , ഗ്രാമീണ കർഷകരുടെ സാമ്പത്തിക വിഷമതകൾ താങ്ങുന്ന ഒരു അത്താണിയായി സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടതുണ്ട്. അതുപോലെ, പഞ്ചായത്തുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ യഥാർത്ഥ തൊഴിലാളികളുടെ തൊഴിൽ കരാർ സംഘങ്ങളെ പങ്കെടുപ്പിക്കേണ്ടതും, വ്യാപകാതിർത്തിയിൽപ്പെട്ട സഹകരണ കാർഷിക സംഘങ്ങളെ പ്രത്യേക ഉത്തരവാദിത്വ ബോധത്തോടെ സഹായിക്കേണ്ടതുമാണ്. എന്നാൽ, ഏതെല്ലാം മേഖലകളിൽ എങ്ങനെയെല്ലാം അവ യോജിച്ചു പ്രവർത്തി ക്കണമെന്നതിനെപ്പറ്റി 1961-ൽ ഇന്ത്യാ ഗവർമെൻറ് നിയമിച്ച വർക്കിങ്ങ് ഗ്രൂപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. മഹാനായ മുൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അഭിപ്രായത്തിൽ, ഒരു ഗ്രാമത്തിന്റെ പുരോഗതിക്ക്, ഒരു ഗ്രാമ പഞ്ചായത്ത്, ഒരു കാർഷിക വായ്പാ സഹകരണ സംഘം, ഒരു ഗ്രാമീണ വായനശാല എന്നീ മൂന്ന് ജനാധിപത്യ സ്ഥാപനങ്ങൾ അത്യന്താപേക്ഷിതമാണ്.

ഭാരതത്തിൽ 1904 -ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടു കൂടിയാണ് സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്. 1 - 11 - 1956-ൽ കേരള സംസ്ഥാനം രൂപീകരിച്ചെങ്കിലും 1969-ലെ കേരള സഹകരണ നിയമം 1969 മെയ്മാസം 15-ാംന്ന് നടപ്പാക്കുന്നതുവരെ പഴയ മലബാർ പ്രദേശത്ത് 1932 -ലെ മദ്രാസ് സഹകരണ നിയമവുമാണ് പ്രാബല്യത്തിലുണ്ടായിരുന്നത്.

നെമ്മാറ ഗ്രാമപഞ്ചായത്ത് വല്ലങ്ങി, നെമ്മാറ, പോത്തുണ്ടി എന്നീ വില്ലേജുകൾ ഉൾപ്പെട്ടതാണ്. വിവിധ മേഖലകളിലായി പതിനേഴോളം സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. കാർഷിക മേഖലയിൽ ആദ്യമായി സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത് 15 - 5 - 1107-ൽ ആണ്. പ്രസ്തുത സ്ഥാപനം ഇന്ന് വല്ലങ്ങി വിത്തനശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പ്ര് 282 എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു. ടി ബാങ്കിന് ഒരു പ്രഭാത, സായാഹ്ന ശാഖ ഉൾപ്പെടെ 3 ശാഖകൾ നിലവിലുണ്ട്. ഇതിന്റെ സ്ഥാപക പ്രസിഡൻറ് പൂക്കോട്ട് നാരായണ മന്ദാടിയാർ ആണ്. സുമാർ 15 പേർക്ക് ജോലി അവസരം ലഭിച്ചിട്ടുള്ള ഈ സ്ഥാപനം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടത്തിനു പ്രധാന കാരണം അവധി ബാക്കിയായ കടങ്ങളുടെ പലിശയാണ്. അത് കൂടുതൽ വേഗത്തിൽ പിരിച്ചെടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും കൂടാതെ സാധാരണ മെമ്പർമാരെ വായ്പകൾ തിരിച്ചടക്കുന്ന കാര്യത്തിൽ ബോധവൽക്കരിക്കുകയും കൂടി ചെയ്ത് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ലാഭകരമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഒരു വായ്പാ സംഘമുള്ളത് നെമ്മാറ കോ- ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 155 ആണ്. ടി സംഘം കാർഷികേതര വായ്പകൾ നൽകുന്നു. പഞ്ചായത്തിൽ ആദ്യമായി സഹകരണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ ബാങ്ക് ആദ്യകാലങ്ങളിൽ കാർഷിക വായ്പയും അനുവദിച്ചിരുന്നു. സുമാർ 6000 മെമ്പർമാരും ഏകദേശം 2.5 കോടിയോളം പ്രവർത്തന മൂലധനവും ഉള്ള ടി സംഘം നഷ്ടത്തിലാണ് പ്രവർത്തിച്ചുവന്നതെങ്കിലും ഈ കൊല്ലത്തെ പ്രവർത്തനം ലാഭത്തിലാണ്. 15 ജീവനക്കാർ ജോലി ചെയ്യുന്ന ഈ സംഘത്തിൽ ഇപ്പോൾ ഹ്രസ്വകാല / മദ്ധ്യകാല വായ്പകളും നൽകിവരുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് സംഘങ്ങളുടെ പ്രവർത്തന പരിധി, ഓഹരി, അംഗങ്ങൾ, കടം, നിക്ഷേപം, പ്രവർത്തന മൂലധനം എന്നിവ ഉൾക്കൊള്ളിച്ച ഒരു പട്ടിക അന്യത്ര ചേർത്തിരിക്കുന്നു.

## പട്ടിക - 1
## കാർഷിക / കാർഷികേതര വായ്പാസംഘങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | ജീവനക്കാർ | എസ്റ്റാബ്ലിഷ്മെൻറ് കണ്ടിജൻസി ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | വല്ലങ്ങി- വിത്തനശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 282, വിത്തനശ്ശേരി | 9 - 10 - 1107 (ME) | വല്ലങ്ങി, നെമ്മാറ, പോത്തുണ്ടി വില്ലേജുകൾ | A 4753 B1 C 1063 | 355824-B 1993497-A | 54978811 | 50735336 | 53084657 | നഷ്ടം | 15 | 1602265 രൂ. |
| 2 | നെമ്മാറ കോ- ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 155, നെമ്മാറ | 17 - 4 - 1926 | നെമ്മാറ, അയിലൂർ, നെല്ലിയാമ്പതി വില്ലേജുകൾ, ആലത്തൂർ താലൂക്ക് | 5440 | 1620450 | 16316927 | 19191044 | 20811494 | നഷ്ടം | 15 | 3968346 രൂ. |

വല്ലങ്ങി വിത്തനശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ഡെപ്പോസിറ്റുകൾ സ്വീകരിക്കുകയും വായ്പാ വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. വളം, കീടനാശിനി, നോട്ടുബുക്ക്, കൺട്രോൾ തുണി, വിത്തുകൾ എന്നിവയും സംഘം മുഖാന്തിരം വിതരണം ചെയ്യുന്നുണ്ട്. വിഷു ആഘോഷത്തിനായി പടക്കകച്ചവടവും, ഓണത്തിന് ഓണച്ചന്തകളും നടത്താറുണ്ട്. നെമ്മാറ കോ-ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക് കാർഷികേതര വായപകളും പണ്ടം പണയത്തിൻമേലുള്ള വായ്പകളും മറ്റും നൽകുന്നു.

സഹകരണ മേഖലയ്ക്കു പുറമെ നെമ്മാറയിൽ പല ഷെഡ്യൂൾഡ് ബാങ്കുകളുടേയും ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. ശരാശരി ഓരോ ബാങ്കിലും 5 കോടിയോളം നിക്ഷേപം ഉണ്ടാവുമെന്നാണ് ഉദ്ദേശിക്കുന്നത്. ഈ കമേർസിയൽ ബാങ്കുകൾ നിക്ഷേപം സ്വീകരിക്കുകയല്ലാതെ, വായ്പകൾ വളരെ തുച്ഛമായേ നൽകാറുള്ളൂ. അവശേഷിക്കുന്ന മുഴുവൻ സംഖ്യയും കൂടുതൽ വ്യവസായങ്ങൾ നടക്കുന്ന മേഖലകളിലേക്ക് (അന്യസംസ്ഥാനങ്ങളിലേക്ക്) എത്തിച്ച് അവിടെനിന്നും കൂടുതൽ ലാഭമുണ്ടാക്കുവാനാണ് ശ്രമിക്കുന്നത്. അതിനാൽ പ്രാദേശികമായി ആ വൻനിക്ഷേപം കൊണ്ട് ജനങ്ങൾക്ക് യാതൊരു ഫലവും ലഭിക്കുന്നില്ല. അതിൻെറ പ്രയോജനം ലഭ്യമാക്കുവാനായി പഞ്ചായത്തിലുള്ള ഇത്തരം ഷെഡ്യൂൾഡ് ബാങ്കുകളുടെ മൊത്തം നിക്ഷേപതുകക്ക് അരശതമാനം ''വികസന സെസ്സ്'' ഏർപ്പെടുത്തുകയാണെങ്കിൽ ഉദ്ദേശം 25 ലക്ഷം രൂപ നെമ്മാറ ഗ്രാമപഞ്ചായത്തിന് വർഷംതോറും നിഷ്പ്രയാസം സ്വരൂപിക്കുവാൻ സാധിക്കും.

## കാർഷിക ഗ്രാമ വികസന ബാങ്കുകൾ

ചിറ്റൂർ താലൂക്കിൽ പ്രവർത്തിക്കുന്ന കാർഷിക ഗ്രാമ വികസന ബാങ്കാണ് ഈ പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല കാർഷിക വായ്പനൽകിവരുന്നത്. വേണ്ടത്ര ഫണ്ട് ഈ സ്ഥാപനത്തിന് ഉണ്ടെങ്കിലും ദൂരവും സാങ്കേതിക തടസ്സങ്ങളും മൂലം കർഷകർക്ക് വായ്പ വിനിയോഗിക്കുവാൻ പറ്റാത്ത അവസ്ഥയാണ് ഇന്നുള്ളത്. അതുകൊണ്ട് ടി ബാങ്കിൻെറ ഒരു ശാഖ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തനമാരംഭിക്കുകയോ അല്ലെങ്കിൽ പുതുതായി ഒരു സംഘം രൂപീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

### പട്ടിക - 2
### ഗ്രാമവികസന ബാങ്കുകൾ

| ക്രമ നമ്പർ | പേര് | വായ്പ നൽകിയവരുടെ എണ്ണം | ഏത് ഇനം വായ്പ | നൽകിയ തുക |
|---|---|---|---|---|
| 1. | ചിറ്റൂർ പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻറ് റൂറൽ ഡവലപ്മെൻറ് ബാങ്ക് നമ്പർ പി. 619 ചിറ്റൂർ | 312 | കാർഷിക വായ്പ | 123 ലക്ഷം |
| | | 24 | കാർഷികേതര വായ്പ | 11 ലക്ഷം |
| | | 28 | ഭവനനിർമ്മാണ വായ്പ | 21 ലക്ഷം |
| | | | ആകെ | 155 ലക്ഷം |

## ഉപഭോക്തൃ സഹകരണ സംഘങ്ങൾ

നിലവിലുള്ള നെമ്മാറ കോ: ഓപ്പ: കൺസ്യൂമർ സ്റ്റോർസ് പി. 582 നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. അതിൻെറ പ്രവർത്തന പരിധി നെമ്മാറ ബ്ലോക്കിൻെറ വ്യാപക അതിർത്തിയാണ്. 1968 -ലാണ് സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. 1254 അംഗങ്ങളും 32170 രൂപ ഓഹരി മൂലധനവും ഉണ്ട്. സർക്കാരിൽനിന്നും 11,02,500 രൂപ ഓഹരി ലഭിച്ചിട്ടുണ്ട്. ഇപ്പോഴത്തെ വിറ്റുവരവ് 39,03,400 രൂപയാണ്. സംഘം സ്വകാര്യ വ്യക്തികളിൽ നിന്നും സാധനങ്ങൾ വാങ്ങിച്ച വകയിൽ 1,82,800 രൂപ കടം കൊടുത്ത് തീർക്കുവാനുണ്ട്. 30 - 6 - 94ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ നഷ്ടം 23193 ഉറുപ്പികയാണ്. ഇപ്പോൾ ഈ സ്ഥാപനത്തിൽ 7 പേർ ജോലിക്കാരായിട്ടുണ്ട്. വേതനമായി 1,26,060 ക. നൽകുന്നുണ്ട്. 2,82,000 ക. കരുതൽ ഫണ്ടുകളായിട്ടുണ്ട്. കൺസ്യൂമർ സംഘങ്ങൾക്ക് വരുന്ന നഷ്ടം സിവിൽ സപ്ലൈസ് കോർപ്പറേഷനു വരുന്ന നഷ്ടംപോലെ കണക്കാക്കി സർക്കാരിൽനിന്നും സബ്സിഡി അനുവദിച്ച് നികത്തേണ്ടതാണ്. ഇപ്പോൾ ഈ സംഘത്തിന് അയിലൂർ പഞ്ചായത്തിലുള്ള ശാഖയുടെ സെയിൽസും കൂടി കണക്കാക്കിയ തുകയാണ് ഇവിടെ കൊടുത്തിട്ടുള്ളത്. വല്ലങ്ങിയിൽ ഒരു ശാഖ തുടങ്ങുവാൻ ആലോചിക്കുന്നുണ്ട്.

ഇപ്പോൾ നിലവിലുള്ള നെമ്മാറ കൺസ്യൂമർ സ്റ്റോറിൽ നെമ്മാറയിലും, അയിലൂരിലും, വല്ലങ്ങിയിൽ തുടങ്ങുവാനുദ്ദേശിക്കുന്ന ശാഖയിലും അംഗങ്ങളിൽനിന്നും ട്രേഡ് ഡെപ്പോസിറ്റ് സ്വീകരിച്ച് ''ഡോർ ഡെലിവറി സിസ്റ്റം'' നടപ്പിലാക്കാവുന്നതാണ്. അങ്ങനെ നടപ്പാക്കുകയാണെങ്കിൽ ആയതിന് ഒരു വാഹനവും അത്യാവശ്യമാണ്.

ഇതിനുവേണ്ട സാമ്പത്തിക സഹായവും സാധനങ്ങൾ വാങ്ങിക്കുന്നതിനാവശ്യമായ ഫണ്ടും ലഭ്യമാക്കേണ്ടതുണ്ട്.

നെന്മാറ ഗ്രാമ പഞ്ചായത്തിന്റെ വ്യാപകാതിർത്തിയിലുള്ള 2 ഹൈസ്കൂളുകൾ, 3 യു. പി. സ്കൂളുകൾ, 4 എൽ. പി. സ്കൂളുകൾ, 2 നഴ്സറി സ്കൂളുകൾ ഇവയ്ക്കെല്ലാം കൂടി 3 സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. പ്രൈമറിതലത്തിൽ വല്ലങ്ങി സി. കെ. എം. എം. യു. പി. സ്കൂൾ ആസ്ഥാനമായിട്ടാണ് സ്കൂൾ കോംപ്ലക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്നത്. മേൽപറഞ്ഞ സംഘങ്ങൾ ഇപ്പോൾ പഠനോപകരണങ്ങൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോമുകൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവയും ഈ സംഘങ്ങൾ മുഖേന വിതരണം ചെയ്യാവുന്നതാണ്.

എല്ലാ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും നിർബന്ധമായും ഈ സംഘങ്ങളിൽ അംഗങ്ങളാക്കേണ്ടതും സെക്രട്ടറി എന്ന നിലയ്ക്ക് കൂടുതൽ ജോലി ചെയ്തുവരുന്ന അധ്യാപകന് പ്രത്യേക അലവൻസും അധ്യാപക ജോലിയിൽ ഇളവും അനുവദിക്കേണ്ടതാണ്.

## പട്ടിക - 3
## ഉപഭോക്തൃ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | അംഗങ്ങൾ | ഓഹരി മൂലധനം | കടം | വിറ്റു വരവ് | ലാഭം നഷ്ടം | ജീവനക്കാർ | എസ്റ്റാബ്ലിഷ്മെന്റ് ചിലവ് | കരുതലുകൾ | ആരംഭിച്ച വർഷം |
|---|---|---|---|---|---|---|---|---|---|---|
| 1 | നെന്മാറ കോ: ഓപ്പ: കൺസ്യൂമർ സ്റ്റോർസ് ക്ലിപ്തം നമ്പർ പി. 582 നെന്മാറ | A 1254 B1 | A 32770 B 102500 | 182800 | 3908400 | നഷ്ടം | 7 | 126060 | 282000 | 1968 |
| 2 | വല്ലങ്ങി സോൺ യു. പി. എൽ. പി. സക്കൂൾകോംപ്ലക്സ് കോ.ഓപ്പ.സൊസൈറ്റി ക്ലിപ്തം നമ്പർ 724 വല്ലങ്ങി | 17 - 4 - 1926 | നെന്മാറ, അയിലൂർ, നെല്ലിയാമ്പതി വല്ലങ്ങികൾ, ആലത്തൂർ താലൂക്ക് | 5440 | 1620450 | 16316927 | 19191044 | 20811494 | നഷ്ടം | 15 |

## ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

ഇപ്പോൾ നെന്മാറ പഞ്ചായത്തിൽ 5 സംഘങ്ങളാണുള്ളത്. മിക്ക സംഘങ്ങളും പാൽ ശേഖരിക്കുന്നത് കുറഞ്ഞ തോതിലാണ്. കൂടുതൽ കറവുമാടുകളെ സംഘം മുഖേന വിതരണം ചെയ്ത് ഉത്പാദനം 5 കൊല്ലം കൊണ്ട് ദിവസവും സുമാർ 5000 ലിറ്ററായി വർദ്ധിപ്പിക്കുവാനുള്ള നടപടി എടുക്കേണ്ടതാണ്.

## പട്ടിക - 4
## ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | വ്യാപാര ഇടപാടുകൾ | ഒരു ദിവസം മൊത്തം ശേഖരിക്കുന്ന പാൽ ലിറ്റർ | ഒരു ദിവസം പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് ലിറ്റർ | ഒരു ദിവസം പുറത്തേക്ക് അയയ്ക്കുന്നത് ലിറ്റർ |
|---|---|---|---|---|---|---|---|---|---|---|
| 1 | നെമ്മാറ ക്ഷീര വ്യവസായ സഹകരണ സംഘം പി. 554 നെമ്മാറ | 1965 | നെമ്മാറ പഞ്ചായത്ത് | 476 | 6690 | 20,000 | 972000 | | | |
| 2 | പോത്തുണ്ടി ക്ഷീരോല്പ്പാദക സഹകരണ സംഘം പി. 53 (ഡി). പോത്തുണ്ടി | 1980 | 1,10 വാർഡുകൾ | 542 | 5600 | 2000 | 4860000 | 1500 | 450 | 1050 |
| 3 | വല്ലങ്ങി ക്ഷീരോല്പ്പാദക സഹകരണ സംഘം വല്ലങ്ങി | 1995 | 6, 7 വാർഡുകൾ | 50 | 1500 | 5000 | 324000 | 75 | 35 | 40 |
| 4 | പുല്ലിക്കൽതറ ക്ഷീരോത്പ്പാദക സഹകരണ സംഘം, വിത്തനശ്ശേരി | 1995 | 8-ാം വാർഡ് | 94 | 3560 | 10000 | 1149750 | 350 | 120 | 230 |
| 5 | വിത്തനശ്ശേരി ക്ഷീരോത്പ്പാദക സഹകരണ സംഘം, വിത്തനശ്ശേരി | 1995 | 9-ാം വാർഡ് | 103 | 6880 | 10000 | 1296000 | 400 | 80 | 320 |

## മറ്റു നിർദ്ദേശങ്ങൾ

1. സാധ്യതയുള്ള വാർഡുകളിൽ കൂടി ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ വേണ്ട നടപടികൾ ത്വരിതഗതിയിൽ നടപ്പാക്കേണ്ടതാണ്.

2. മേൽപ്പറഞ്ഞ സഹകരണ സംഘങ്ങളെല്ലാം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞാൽ പാൽ കേടു കൂടാതെ സൂക്ഷിക്കുവാനായി നെമ്മാറ പഞ്ചായത്ത് അതിർത്തിയിൽ ഒരു ശീതീകരണ യൂണിറ്റ് (Chilling Plant) തുടങ്ങുവാൻ സാധിക്കുന്നതാണ്. അതിനുവേണ്ടതായ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ആരംഭിക്കേണ്ടതാണ്.

3. കാലിത്തീറ്റ വിതരണത്തിനായി ഓരോ സംഘത്തിലും സംവിധാനം ഉണ്ടാക്കണം.

4. നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

5. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്ക സമയത്ത് ലഭ്യമാക്കണം.

6. സംഘത്തിന്റെ എല്ലാ അംഗങ്ങളേയും, പശുക്കളെയും ഇൻഷുറൻസ് സംവിധാനം സംഘം വഴി ഏർപ്പെടുത്തുക.

7. പഞ്ചായത്ത് തലത്തിലും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ക്ഷീര വികസനത്തിന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.

8. പഞ്ചായത്ത് തലത്തിൽ ഒരു ക്ഷീരോൽപ്പന്ന വിൽപന കേന്ദ്രം ആവശ്യമാണ്.

9. ക്ഷീരോൽപ്പാദകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക.

## ഹരിജൻ സഹകരണ സംഘം

നെമ്മാറ പഞ്ചായത്തിൽ പോത്തുണ്ടിയിൽ ഒരു ഹരിജൻ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. മത്സ്യബന്ധന സഹകരണ സംഘമായിട്ടാണ് ഇത് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ചാത്തമംഗലത്ത് 11-ാം വാർഡിൽ പ്രവർത്തന രഹിതമായിക്കിടക്കുന്ന ഹരിജൻ സൊസൈറ്റി പുനരുജ്ജീവിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### പട്ടിക - 5
### ഹരിജൻ / ഗിരിജൻ റിസർവോയർ ഫിഷറീസ് കോ: ഓപ്പ: സൊസൈറ്റി

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | വ്യാപാര ഇടപാട് |
|---|---|---|---|---|---|---|
| 1 | പോത്തുണ്ടി ഹരിജൻ / ഗിരിജൻ റിസർവോയർ ഫിഷറീസ് കോ: ഓപ്പ: സൊസൈറ്റി എഫ്. പി. 744 പോത്തുണ്ടി ഡാം. | 1985 | 58 | ലഭ്യമല്ല | | |

മേപ്പടി സംഘത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല. ആയത് നല്ല നിലയിൽ പ്രവർത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

## സഹകരണ ആശുപത്രി

നെമ്മാറ പഞ്ചായത്തിൽ നിലവിലുള്ള പാലക്കാട് ഡിസ്ട്രിക്ട് ഹെൽത്ത് ആൻറ് ഫാമിലി വെൽഫെയർ കോ: ഓപ്പ: ഹോസ്പിറ്റൽ സൊസൈറ്റി ലി. നമ്പർ പി. 965 പാലക്കാട് ജില്ല മുഴുവനും വ്യാപകാതിർത്തിയുള്ള ഹോസ്പിറ്റൽ സൊസൈറ്റിയാണ്. ഈ സൊസൈറ്റി 1992 -ലാണ് രൂപീകൃതമായത്. 128 അംഗങ്ങളുള്ള ഈ സംഘത്തിൻെറ അംഗീകൃത ഓഹരി മൂലധനം 25 ലക്ഷമാണെങ്കിലും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 1.71 ലക്ഷം മാത്രമാണ്. ഈ സംഘത്തിന് ഒരു ആംബുലൻസ് ഉണ്ട്. രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം പരിമിതമാണ്. ഈ സംഘത്തിൻെറ പ്രവർത്തനം ഇനിയും വളരെ ഊർജ്ജിതപ്പെടുത്തുകയും അംഗത്വഫീസ് കുറച്ച് സാധാരണക്കാരെ ചേർത്ത് അംഗീകൃത ഓഹരി മൂലധന തുകയായ 25 ലക്ഷം കൈവരിക്കുകയും സംഘത്തിനു സ്വന്തമായി ഒരു കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുവാനായി നെമ്മാറ പഞ്ചായത്തിൻെറ ഹൃദയഭാഗത്ത് കെട്ടിടം നിർമ്മിക്കുവാനുള്ള സ്ഥലം പഞ്ചായത്ത് പുറംമ്പോക്കിലോ മറ്റോ സൗകര്യപ്പെടുത്തി കൊടുക്കുകയും, അതിനാവശ്യമായ ഫണ്ടു രൂപീകരിക്കുവാൻ വേണ്ട സഹായ സഹകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. മേൽപറഞ്ഞ രീതിയിൽ ഓരോ സംഘം ആയുർവ്വേദത്തിലും ഹോമിയോപ്പതിയിലും പ്രവർത്തനം ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## വനിതാ സഹകരണ സംഘങ്ങൾ

നിലവിൽ നെമ്മാറ പഞ്ചായത്ത് അതിർത്തിയിൽ ഒരു വനിതാ സഹകരണ സംഘം ക്രെഡിറ്റ് സംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങൾക്ക് ടൈലറിംഗ്, റെഡിമെയ്ഡ് ഗാർമെൻറ്സ്, കറിമസാല, പപ്പടം, ചിപ്സ് മുതലായ സാധനം ഉണ്ടാക്കി വിപണനം ചെയ്യുവാൻ സാധിക്കും. കൂടാതെ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന വാഴയിൽനിന്നും വാഴനാര് ശേഖരിച്ച് സഞ്ചികൾ, മറ്റ് അലങ്കാര വസ്തുക്കൾ എന്നിവ നിർമ്മിക്കാവുന്നതാണ്. നിലവിലുള്ള സംഘത്തിനു പുറമെ പ്രായോഗികമായി

നടത്തുവാൻ പറ്റുന്ന സ്ഥലങ്ങൾ ആരാഞ്ഞ് അവിടെയും ഇതുപോലെ രണ്ടോ മൂന്നോ വാർഡുകൾ കേന്ദ്രീകരിച്ച് വനിതാ വ്യവസായ സംഘങ്ങൾകൂടി രജിസ്റ്റർ ചെയ്യാവുന്നതാണ്.

## പട്ടിക - 6
## വനിതാ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന പരിധി | പ്രവർത്തന മൂലധനം | വ്യാപാര ഇടപാട് | കടം |
|---|---|---|---|---|---|---|---|---|
| 1 | നെമ്മാറ വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1017 നെമ്മാറ | 1996 | 258 | 6300 | നെമ്മാറ, അയിലൂർ ഗ്രാമ പഞ്ചായത്ത് | പ്രവർത്തനം ആരംഭിക്കുന്നതേയുള്ളു. | | |

## സഹകരണ പ്രിൻറിംഗ് പ്രസ്സ്

നിലവിൽ ഒരു സഹകരണ പ്രിൻറിംഗ് പ്രസ്സ് നെമ്മാറ സെൻററിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇപ്പോൾ ആ സംഘത്തിന് സഹകരണ സംഘങ്ങളുടെ അച്ചടി ആവശ്യങ്ങൾ തന്നെ നിറവേറ്റുവാൻ സാധിക്കുന്നില്ല. അതിൻെറ പ്രവർത്തനം കുറേകൂടി വിപുലീകരിക്കുകയും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കളർ പ്രിൻറിംഗ് , ഫോട്ടോ പ്രിൻറിംഗ് മുതലായ നൂതന സംവിധാനങ്ങൾ സ്വീകരിച്ച് നെമ്മാറ ബ്ലോക്കിൻെറ കീഴിലുള്ള സഹകരണ സംഘങ്ങളുടേയും പഞ്ചായത്തുകളുടേയും ആവശ്യങ്ങൾ നിറവേറ്റാൻ തക്കമുള്ള ഒരു പ്രിൻറിംഗ് സംഘമായി വളർത്തിയെടുക്കുവാൻ വേണ്ട സഹായ സഹകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## പട്ടിക - 7
## പ്രിൻറിംഗ് സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന പരിധി | പ്രവർത്തന മൂലധനം | വ്യാപാര ഇടപാട് | കടം |
|---|---|---|---|---|---|---|---|---|
| 1 | നെമ്മാറ പ്രിൻറിംഗ് ഇൻഡസ്ട്രിയൽ കോ: ഓപ്പ: സൊസൈറ്റി , നെമ്മാറ | 1960 | A - 61<br>B - 1 | A - 5000<br>B -20000 | നെമ്മാറ, ബ്ലോക്ക് | ലഭ്യമല്ല | | |

## റബ്ബർ സഹകരണ സംഘങ്ങൾ

നെമ്മാറ, അയിലൂർ പഞ്ചായത്തുകളുടെ വ്യാപകാതിർത്തിയിൽ നെമ്മാറ ആസ്ഥാനമായി റബ്ബർ സർവ്വീസ് സൊസൈറ്റി പ്രവർത്തിച്ചുവരുന്നു. അത് ഇന്ന് നല്ല നിലയിൽ പ്രവർത്തിക്കുന്നില്ല എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത്. ചെറുകിട റബ്ബർ കർഷകരെ സംബന്ധിച്ചിടത്തോളം ഈ സംഘം ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ആവശ്യമാണ്. എന്തെന്നാൽ ചെറുകിട കർഷകർക്ക് റബ്ബർ പാൽ സംസ്കരിക്കുവാനും മറ്റും സൗകര്യം കുറവായതിനാൽ ഇങ്ങനെയുള്ള സംഘങ്ങൾ റബ്ബർഷീറ്റ് അടിക്കുവാനുള്ള മെഷിനുകൾ നാലോ അഞ്ചോ സ്ഥലത്ത് സ്ഥാപിക്കുകയാണെങ്കിൽ അതിനടുത്തുള്ള റബ്ബർ കർഷകർക്ക് ഷീറ്റ് അടിക്കുവാൻ പ്രയാസമുണ്ടാകുകയില്ല. കൂടാതെ ഈ സംഘത്തിന് റബ്ബർ കൃഷിക്കാവശ്യമായ വളം, കീടനാശിനി മുതലായ സാധനങ്ങൾ കൃഷികാർക്ക് വിതരണം ചെയ്യുവാനും സാധിക്കുന്നതാണ്. അതുകൊണ്ട് ഇപ്പോൾ മന്ദഗതിയിലായിരിക്കുന്ന ഈ സംഘത്തിൻെറ പ്രവർത്തനം സുഗമമാക്കുവാൻ വേണ്ട സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## പട്ടിക - 8
## റബ്ബർ സഹകരണ സംഘം

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | വായ്പകൾ | എസ്റ്റാബ്ലിഷ്മെൻറ് ചെലവ് | നിക്ഷേപം |
|---|---|---|---|---|---|---|---|---|
| 1 | ഗവ. എയിഡഡ് റബ്ബർ പ്ലാൻേറർസ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 523, നെമ്മാറ | 1963 | 200 | 5850 | റെക്കാർഡുകൾ ലഭ്യമല്ല | 550 | 5850 | റെക്കാർഡുകൾ ലഭ്യമല്ല |

### 1. നെയ്ത്തു സഹകരണ സംഘം

നെമ്മാറ പഞ്ചായത്തിൽ നിലവിൽ ഒരു നെയ്ത്ത് സഹകരണ സംഘം പ്രവർത്തിച്ചുവരുന്നുണ്ട്. അതിന് നേരത്തേ പവർലൂമുകൾ ഉണ്ടായിരുന്നു. ഇപ്പോൾ അവ പ്രവർത്തനരഹിതമാണ്. ഇപ്പോൾ വീവേഴ്സിന് നൂൽ വിതരണം ചെയ്ത് അവരുടെ പക്കൽനിന്നും വേഷ്ടികൾ, മുണ്ട് മുതലായവയാക്കി തിരിച്ചുവാങ്ങി വിപണനം ചെയ്യുകയാണ്. അതിൻെറ പ്രവർത്തനം കാര്യക്ഷമമല്ല. ഈ സംഘത്തിൻെറ പ്രവർത്തനം നല്ല നിലയിലാക്കുവാൻ വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## പട്ടിക - 9
## നെയ്ത്ത് സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന പരിധി | പ്രവർത്തന മൂലധനം | വ്യാപാര ഇടപാട് | കടം |
|---|---|---|---|---|---|---|---|---|
| 1 | ഹരിജൻ വനിത നെയ്ത്ത് സഹകരണ സംഘം. | റെക്കാർഡുകൾ ലഭ്യമല്ല | | | | | | |

### 2. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ

നമ്മുടെ ഭാഗത്തേക്ക് വ്യാപകാതിർത്തിയുള്ള ഒരു ഭവന നിർമ്മാണ സഹകരണ സംഘം ഇപ്പോൾ നിലവിലുള്ള വടവന്നൂർ ഭവന നിർമ്മാണ സഹകരണ സംഘമാണ്. ആ സംഘത്തിൽനിന്നും വളരെ ചുരുക്കംപേർ മാത്രമാണ് ഭവന നിർമ്മാണത്തിനായി വായ്പ എടുത്തിട്ടുള്ളത്. കൂടാതെ ജില്ലാ സഹകരണ ബാങ്കിലൂടെ ഹഡ്കോവിൻെറ വായ്പ സാധാരണക്കാരന് ഭവന നിർമ്മാണ ആവശ്യത്തിനായി ലഭ്യമാക്കുന്നുണ്ട്. ആയത് ഇവിടെ ലഭ്യമാകുവാൻ സാങ്കേതികമായ പല ബുദ്ധിമുട്ടുകളും നേരിടുന്നതിനാൽ നെമ്മാറ ബ്ലോക്ക് വ്യാപകാതിർത്തിയുള്ള ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുകയാണെങ്കിൽ നെമ്മാറ പഞ്ചായത്തു കൂടാതെ മറ്റ് അഞ്ചു പഞ്ചായത്തുകൾക്കുകൂടി പ്രയോജനപ്പെടുകയും ചെയ്യും. ആയതിനാൽ അങ്ങനെ ഒരു സംഘം രജിസ്റ്റർ ചെയ്ത് നല്ല നിലയിൽ പ്രവർത്തിക്കുവാൻ വേണ്ട നിർദ്ദേശങ്ങളും സഹായ സഹകരണങ്ങളും പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

# പട്ടിക - 10
## ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | നെമ്മാറ പഞ്ചായത്തിലെ വായ്പാ വിവരം | |
|---|---|---|---|
| | | എത്ര പേർക്ക് തുക നൽകി | നൽകിയ തുക |
| 1 | വടവന്നൂർ റൂറൽ കോ: ഓപ്പ: ഹൗസിംഗ് സൊസൈറ്റി ലി. നമ്പർ പി. 1485, വടവന്നൂർ | 38 | 1079000 |

മേൽപറഞ്ഞ സഹകരണ സംഘങ്ങളെ കൂടാതെ നെമ്മാറ പഞ്ചായത്തിൽ വിവിധ മേഖലകളിലായി നടപ്പിലാക്കാവുന്ന സഹകരണ സംഘങ്ങളുടെ രൂപീകരണം സംബന്ധിച്ച ചില നിർദ്ദേശങ്ങൾ ഇവിടെ പ്രതിപാദിക്കുന്നു.

### 1. ലേബർ കോൺട്രാക്ട് സഹകരണ സംഘം

അസംഘടിത തൊഴിൽ മേഖലകളായ മരപ്പണി, കെട്ടുപണി എന്നിവയുടെ ധാരാളം തൊഴിലാളികൾ ഈ ഫഞ്ചായത്തിൽ ഉണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിനും അതിലുപരി പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും പഞ്ചായത്തിനുള്ളിലെ സ്വകാര്യ വ്യക്തികൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുവാനുതകുന്ന രീതിയിൽ ഒരു ലേബർ കോൺട്രാക്ട് സഹ: സംഘം രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഈ സംഘത്തിന് മുൻഗണന നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 2. കോഴിവളർത്തൽ സഹകരണ സംഘങ്ങൾ

ഇപ്പോൾ കേരളത്തിലേക്ക് ആവശ്യമുള്ള കോഴിമുട്ട, ഇറച്ചിക്കോഴി എന്നിവ തമിഴ്നാട്ടിലെ നാമക്കൽ മുതലായ സ്ഥലങ്ങളിൽ നിന്നാണ് കൂടുതലും എത്തുന്നത്. അതുമൂലം നമ്മുടെ സംസ്ഥാനത്തിൻെറ വലിയൊരു ഭാഗം വരുമാനം അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുകയാണ്. പഞ്ചായത്തു തലത്തിൽ കോഴുമുട്ട വിരിപ്പിച്ച് കോഴി വളർത്തുന്നതിനായി ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. കൂടാതെ മുയൽ, ശീമപന്നി എന്നിവ വളർത്തി വ്യക്തികളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ തക്കവണ്ണം സഹകരണാടിസ്ഥാനത്തിൽ മുയൽ വളർത്തൽ കേന്ദവും, പന്നിവളർത്തൽ കേന്ദ്രവും തുടങ്ങുവാൻ വേണ്ട പ്രവർത്തനം നടത്താവുന്നതാണ്.

### 3. ഖാദി വ്യവസായ സഹകരണ സംഘം

ഇവിടെ കൃഷിക്കും മറ്റും ഉപയോഗത്തിനായി കക്കവാങ്ങി സംസ്ക്കരിച്ച് വിതരണം ചെയ്യുവാനും മറ്റുമായി ഖാദി ബോർഡിൻെറ കീഴിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കാവുന്നതാണ്. കൂടാതെ ഇവിടുത്തെ കേരകർഷകരിൽ നിന്നും ലഭിക്കുന്ന തെങ്ങോലകൊണ്ട് ഓല മടയലും, കൈതോല, തെങ്ങോല എന്നിവ ഉപയോഗിച്ചുകൊണ്ട് പായ നെയ്ത്തും ഈ സംഘങ്ങൾക്കു തന്നെ ഏറ്റെടുത്ത് ചെയ്യാവുന്നതാണ്. നെമ്മാറ പഞ്ചായത്തിൻെറ പ്രധാന വിളയായ നെല്ല് കഴിഞ്ഞാൽ അടുത്ത വിള നാളികേരമാണ്. നാളികേരത്തിൻെറ വികസനത്തിനായി നാളികേരം സംസ്ക്കരിച്ച് പാൽ, നാളികേരപ്പൊടി, നാളികേര വെള്ളം ഉപയോഗിച്ച് ശീതള പാനീയം മുതലായ അനുബന്ധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുവാനായി കോക്കനട്ട് ഗ്രേവേഴ്സ് കോ: ഓപ്പ: സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

### 4. സഹകരണ മെഡിക്കൽ സ്റ്റോർ

ഒരു റഫറൽ ഹോസ്പിറ്റൽ, ഒരു സഹകരണ ആശുപത്രി, ഒരു സ്വകാര്യ ആശുപത്രി, കൂടാതെ അഞ്ചോ ആറോ സ്വകാര്യ ഡോക്ടർമാർ എന്നിവർ നെമ്മാറ പഞ്ചായത്തിൽ ആതുര സേവനം നടത്തുന്നുണ്ട്. ഈ

പഞ്ചായത്തിലേയും നെമ്മാറ ബ്ലോക്കിലെ മറ്റു അഞ്ച് പഞ്ചായത്തുകളിലേയും ജനങ്ങൾ അതാതു പഞ്ചായത്തുകളിലെ ഡിസ്പെൻസറികളിൽ ശുശ്രൂഷിച്ച് രോഗശമനം കിട്ടാത്ത ധാരാളം കേസുകൾ നെമ്മാറ ആശുപത്രിയിൽ ചികിത്സ തേടി എത്താറുണ്ട്. ഇപ്പോൾ ഇവിടെ സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾ നാലോ അഞ്ചോ ഉണ്ടെങ്കിലും ഈ രംഗത്ത് സഹകരണ മേഖലയിൽ ഒരു മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുയാണെങ്കിൽ തീർച്ചയായും മറ്റ് സ്റ്റോറുകളെ അപേക്ഷിച്ച് ചുരുങ്ങിയ വിലക്ക് മരുന്നുകൾ സാധാരണകാർക്ക് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് മാത്രമല്ല, ഒരു പരിധിവരെ മരുന്നിൻെറ വില നിയന്ത്രിക്കുവാനും കഴഴിയുന്നതാണ്. അതിനുവേണ്ട നടപടികൾ ആരംഭിക്കാവുന്നതാണ്.

## 5. സഹകരണ മേഖലയിൽ ഒരു പെട്രോൾ ബങ്ക്

നലവിൽ 3 പെട്രോൾ ബങ്കുകൾ സ്വകാര്യമേഖലയിൽ നടത്തുന്നുണ്ട്. പഞ്ചായത്ത് അതിർത്തിയിലുള്ള കാർഷിക മേഖലയിൽ ധാരാളം ട്രാക്ടറുകളും, ട്രില്ലറുകളും പ്രവർത്തിക്കുന്നതുകൊണ്ട് സഹകരണ മേഖലയിൽ ഒരു പെട്രോൾ ബങ്ക് തുടങ്ങുകയാണെങ്കിൽ അത് കർഷകർക്ക് വലിയ നേട്ടമായിരിക്കും. എന്തുകൊണ്ടെന്നാൽ, മായം ചേർക്കാത്തതും ശരിയായ അളവിലും ഡീസലും, പെട്രോളും കൃഷികാർക്കും സധാരണകാർക്കും ലഭ്യമാക്കുവാൻ സാധിക്കും. ഇത് സർവ്വീസ് സഹകരണ സംഘത്തിൻെറ ഭാഗമായോ അല്ലെങ്കിൽ തനിച്ചോ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 6. സഹകരണ മാർക്കറ്റിങ്ങ് സൊസൈറ്റി

നെമ്മാറ ബ്ലോക്കിൻെറ വ്യാപകാതിർത്തിയിൽ ഒരു മാർക്കറ്റിംഗ് സൊസൈറ്റിയുടെ അഭാവമുണ്ട്. നെമ്മാറ ബ്ലോക്കിൽപ്പെട്ട 6 പഞ്ചായത്തുകളും നെമ്മാറ പഞ്ചായത്തിനെപ്പോലെ തന്നെ കാർഷിക വൃത്തിയിൽ അധിഷ്ഠിതമായ ജീവിത മാർഗ്ഗമാണ് സ്വീകരിച്ചിരിക്കുന്നത്. പറയത്തക്ക വ്യവസായങ്ങളൊന്നും തന്നെ ഈ പ്രദേശത്തില്ല. പ്രധാന വ്യവസായമായി പറയുകയാണെങ്കിൽ അത് അരി ഉൽപ്പാദിപ്പിക്കുന്ന മില്ലുകളാണ്. സ്വകാര്യ വ്യക്തികൾ നടത്തുന്ന പ്രസ്തുത മില്ലുകൾ കൊയ്ത്തുകാലത്ത് ഏജൻറുമാർ മുഖാന്തിരം നെല്ല് സംഭരിക്കുന്നു. അവർ നിശ്ചയിക്കുന്ന വിലയാണ് കർഷകർക്ക് ലഭിക്കുന്നത്. ഒന്നാം വിളക്ക് മഴയത്ത് കൊയ്തെടുക്കുന്ന നെല്ല് കർഷകർക്ക് ഉണക്കുവാനും മറ്റും സൗകര്യമില്ലാത്തതിനാൽ കിട്ടിയ വിലക്ക് വിൽക്കുവാൻ കർഷകർ പ്രേരിതരാകുന്നു. ഈ അവസ്ഥക്ക് ഒരു മാറ്റം വരണമെങ്കിൽ സഹകരണ മേഖലയിൽ ഒരു വിപണന സംഘം ഉണ്ടവേണ്ടതുണ്ട്. ഇങ്ങനെ ഉണ്ടാക്കുന്ന വിപണനസംഘത്തിന് നെല്ല് മഴക്കാലത്ത് ഉണക്കി സൂക്ഷിക്കുവാനുള്ള ഡ്രൈയറും നെല്ലിൽ നിന്നും വിവിധഘട്ടങ്ങളിലായി അരിയാക്കി മാറ്റുവാൻ സ്വയം പ്രവർത്തിക്കുന്ന ആധുനിക സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ''മോഡേൺ റൈസ് മിൽ'' പ്രവർത്തിപ്പിക്കാവുന്നതാണ്. അതിനായി സുമാർ ഒരു കോടിയോളം രൂപ മുതൽമുടക്ക് വേണ്ടിവന്നേക്കാം. ആ തുക ഗവർമെൻറിൽനിന്ന് ലോണായും സബ്സിഡിയായും കൊടുക്കുവാനുള്ള സംവിധാനം ലഭ്യമാക്കേണ്ടതാണ്. ഇങ്ങനെ ഒരു സംവിധാനം പ്രാവർത്തികമാക്കുകയാണെങ്കിൽ ഒരു പരിധി വരെ കൃഷികാർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഈടാക്കുവാൻ സാധിക്കും.

## 7. വെജിറ്റബിൾ മാർക്കറ്റിംഗ് സൊസൈറ്റി

നെമ്മാറ പഞ്ചായത്തിൽ വിത്തനശ്ശേരി പച്ചക്കറി ഉൽപ്പാദനത്തിന് പ്രസിദ്ധിപ്പെട്ട ഒരു സ്ഥലമാണ്. കൂടാതെ അയിലൂർ പഞ്ചായത്തിൽ അടിപ്പെരണ്ട പ്രദേശത്തും ധാരാളം പച്ചക്കറി കൃഷി നടത്തുന്നവരുണ്ട്. ഇവർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി വിപണനത്തിനായി ഇപ്പോൾ തൃശൂരിലേക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നത്. പച്ചക്കറി കൂടുതൽ ദവിസം കേടുകൂടാതെ സൂക്ഷിക്കണമെങ്കിൽ ''കോൾഡ് സ്റ്റോറേജ് യൂണിറ്റ്'' ആവശ്യമാണ്. ഇപ്പോൾ കർഷകർ തൃശൂരിൽ എത്തിക്കുന്ന പച്ചക്കറികൾ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായാലും അവിടെത്തന്നെ ചുരുങ്ങിയ വിലക്ക് വിറ്റഴിക്കുവാൻ നിർബന്ധിതരാകുന്നു. അതിനാൽ ഒരു വിപണന സംഘം തുടങ്ങിയാൽ കർഷകർക്ക് ന്യായമായ വില ലഭിക്കുമെന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരക്കേണ്ടതാണ്.

## 8. സഹകരണ ചിറ്റ് ഫണ്ട്

നെമ്മാറ പഞ്ചായത്ത് അതിർത്തിയിൽ ഇന്ന് ഏകദേശം അഞ്ചോ ആറോ സ്വകാര്യ ചിറ്റ് ഫണ്ടുകൾ

നടത്തികൊണ്ടിരിക്കുന്നു. അവയുടെ ആസ്തിയെപ്പറ്റിയോ, വിശ്വാസ്യതയെപ്പറ്റിയോ ഇവിടെ പ്രതിപാദിക്കുന്നില്ല. അറിഞ്ഞേടത്തോളം ഇപ്പോൾ നടന്നുവരുന്ന ചിറ്റ് ഫണ്ടുകൾ എല്ലാം തന്നെ ഫരീദാബാദിൽ രജിസ്റ്റർ ചെയ്ത് കേരളം ആസ്ഥാനമായി നടത്തപ്പെടുന്നവയാണ്. ഈ ചിറ്റ് ഫണ്ടുകളിൽ എന്തെങ്കിലും ക്രമക്കേടുകൾ നടക്കുകയാണെങ്കിൽ ആയത് ഫരീദാബാദ് ആസ്ഥാനമായുള്ള കോടതികളിൽ മാത്രമേ കേസ്സെടുക്കുകയുള്ളൂ. അതുകൊണ്ട് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. ഇതിന് നിവാരണ മാർഗ്ഗമെന്നോണം, ഇവിടെ സഹകരണ ക്രെഡിറ്റ് സംഘങ്ങളിൽ തന്നെ ചിറ്റ് ഫണ്ടുകൾ നടത്തുവാനുള്ള വകുപ്പ് ഉണ്ടെന്നിരിക്കെ പഞ്ചായത്തതിർത്തിയിലുള്ള സഹകരണ സംഘങ്ങൾക്ക് തന്നെ ഇത് ഏറ്റെടുത്ത് നടത്തുവാൻ വേണ്ട പ്രേരണ ചെലുത്തേണ്ടതാണ്. കൂടാതെ സർക്കാർ തലത്തിൽ പ്രേരണ ചെലുത്തി കുറി നടത്തുവാനുള്ള നിയമത്തിൽ സഹകരണ സംഘങ്ങൾക്ക് ചില ഇളവുകൾ വരുത്തിയാൽ സംഘങ്ങൾക്ക് അനായാസം ഇത് ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുന്നതാണ്. ഇപ്പോൾ ഇതിൽനിന്നുള്ള വരുമാനം കുറി കമ്പനികൾ അനുഭവിക്കുകയാണ്. നേരേമറിച്ച് ഇവ സഹ: സംഘങ്ങൾ നടത്തുകയാണെങ്കിൽ ലക്ഷകണക്കിന് രൂപ സംഘങ്ങൾക്ക് ലഭ്യമാകുന്നതാണ്.

### 9. കരകൗശല സഹകരണ സംഘം

ഇവിടുത്തെ ഭൂപ്രകൃതി അനുസരിച്ച് ചകിരി സംസ്ക്കരിച്ച് കയറുല്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള സാധ്യതകൾ കുറവാണെങ്കിലും ചിരട്ട ഉപയോഗിച്ച് പല അലങ്കാര വസ്തുക്കളും, ഐസ്ക്രീം മുതലായവ വിതരണം ചെയ്യുവാൻ തക്ക ചെറിയ പാത്രങ്ങൾ, സ്പൂണുകൾ മുതലായവ ചെറിയ മെഷിനുകൾ ഉപയോഗിച്ച് ഉണ്ടാക്കുവാൻ കഴിയുന്നതാണ്. അത്തരത്തിലുള്ള നിർമ്മാണത്തിനും വിപണനത്തിനുമായി ഒരു കരകൗശല സഹകരണ സംഘം രൂപീകരിക്കുകയാണെങ്കിൽ കുറച്ചുപേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.

### 10. കളിമൺ വ്യവസായ സഹകരണ സംഘം

പുളിക്കൽതറ, കയ്പഞ്ചേരി മുതലായ നെമ്മാറ പഞ്ചായത്തതിർത്തിയിലെ സ്ഥലങ്ങളിൽ കളിമൺ പാത്രനിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള ധാരാളംപേർ ഉണ്ട്. അവരെ ഉൾപ്പെടുത്തി കളിമൺ വ്യവസായ സഹകരണ സംഘം തുടങ്ങാവുന്നതാണ്. സംഘം രജിസ്റ്റർ ചെയ്യുവാനും നല്ല രീതിയിൽ നടത്തുവാനും വേണ്ട സഹായ സഹകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 11. കൊട്ട, പരമ്പ് നെയ്ത്ത് സഹകരണ സംഘം

ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരെ സംഘടിപ്പിച്ച് കൊട്ട, പരമ്പ് വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്യാവുന്നതാണ്. 6, 8, 9 വാർഡുകളിൽ ഈ ജോലി പാരമ്പര്യമായി ചെയ്തുവരുന്ന ധാരാളം കുടുംബങ്ങൾ ഉണ്ട്. കൂടാതെ സമീപപഞ്ചായത്തായ പല്ലശ്ശന പഞ്ചായത്തിലും ഇത്തരം ആളുകൾ അധിവസിക്കുന്നുണ്ട്. അതിനാൽ മേപ്പടി സഹകരണ സംഘത്തിൻെറ പ്രവർത്തനം ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

### 12. ആർട്ടിസാൻസ് സഹകരണ സംഘം

ഗ്രാമങ്ങളിലെ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ ഉതകുമാറുള്ള ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നപോലെ, അത്തരം സംഘങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളായ ഇഷ്ടിക, കല്ല്, മരം, മണൽ, സിമൻറ്, വാതിലുകൾ, ജനലുകൾ മുതലായവ ലഭ്യമാക്കുന്നതിന് ഇവയുടെ നിർമ്മാണ തൊഴിലാളികളെ ഉൾപ്പെടുത്തി പ്രാദേശികമായി ആർട്ടിസാൻസ് സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

### 13. ഹോട്ടൽ സഹകരണ സംഘം

നെമ്മാറയിൽ വ്യവസായിക ആവശ്യങ്ങൾക്ക് ദൈനംദിനം നെല്ലിയാമ്പതി മറ്റു പരിസര പഞ്ചായത്തുകളിൽ നിന്നും ആശുപത്രിയിലേക്കും, ഓഫീസുകളിലേക്കും മറ്റും എത്തിപ്പെടുന്നുണ്ട്. അമിത വില കൊടുത്ത് ഭക്ഷണം കഴിക്കേണ്ട അവസ്ഥയാണ്. ആയതുകൊണ്ട് ''ഇന്ത്യൻ കോഫി ഹൗസ് മോഡൽ'' നെമ്മാറ ടൗൺ കേന്ദ്രീകരിച്ച് ഒരു സഹകരണ ഹോട്ടൽ ആവശ്യമാണ്.

## 14. കാലിത്തീറ്റ നിർമ്മാണ സഹകരണ സംഘം

ചരിത്രപരമായിതന്നെ നെമ്മാറ ക്ഷീര വ്യവസായ കേന്ദ്രമായിരുന്നു. അയൽ സംസ്ഥാനത്തു നിന്നും കാലിത്തീറ്റക്കുള്ള അസംസ്കൃത സാധനങ്ങളുടെ ലഭ്യതയുമുണ്ട്. നമ്മുടെ നാട്ടിലെ വിഭവങ്ങളും കൂട്ടി സഹകരണാടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി തുടങ്ങാവുന്നതാണ്.

ഇതു കൂടാതെ നെമ്മാറ പഞ്ചായത്തിൽ സഹകരണ രംഗത്ത് വിവിധ മേഖലകളിലായി നടപ്പിലാക്കേണ്ടുന്ന പദ്ധതികളുടെ പൊതു നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. ക്രെഡിറ്റ് സഹകരണ സംഘങ്ങൾ കംപ്യൂട്ടർ വൽക്കരിക്കുകയാണെങ്കിൽ മാനുഷിക പ്രയത്നം ചുരുക്കുവാനും ആവശ്യമുള്ള സ്ഥിതിവിവര കണക്കുകൾ പെട്ടെന്ന് ലഭിക്കുവാനും സാധിക്കും. അതുകാരണം ഇപ്പോൾ നിലവിലുള്ള ജീവനക്കാർക്ക് കൂടുതൽ സമയം മെമ്പർമാരെ നേരിൽക്കണ്ട് വായ്പകൾ പിരിച്ചെടുക്കുവാൻ സൗകര്യമുണ്ടായിരിക്കും.

2. പഞ്ചായത്തിൽ മിച്ചമുള്ള ഫണ്ടുകൾ നെമ്മാറയിലുള്ള സഹകരണ സംഘങ്ങളിൽ മാത്രമേ നിക്ഷേപിക്കുവാൻ പാടുള്ളൂ എന്ന ഒരു സംവിധാനം ഏർപ്പെടുത്തുക.

3. നെമ്മാറ പഞ്ചായത്ത് ഉൾപ്പെട്ട നെമ്മാറ ബ്ലോക്ക് അതിർത്തിയിൽ കാർഷിക ഉൽപ്പന്നങ്ങൾ ധാരാളം ലഭിക്കുന്നതുകൊണ്ട് ആ ഉൽപ്പന്നങ്ങൾ '' വെയർ ഹൗസി '' ൽ സൂക്ഷിച്ച് അവിടെനിന്നും ലഭിക്കുന്ന ചീട്ടുപ്രകാരം ക്രെഡിറ്റ് സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ ലഭിക്കുവാനുള്ള സൗകര്യം (കീലോൺ സിസ്റ്റം) ഉണ്ടാക്കാവുന്നതാണ്. അങ്ങനെയൊരു സിസ്റ്റം ഇവിടെ കൊണ്ടുവരുവാനായി '' വെയർ ഹൗസിങ്ങ് കോർപ്പറേഷ'' ന്റെ വക ഒരു '' വെയർ ഹൗസ്'' സ്ഥാപിക്കുവാൻ ഫലപ്രദമായ സമ്മർദ്ദം ചെലുത്തേണ്ടതാണ്.

4. കക്ഷിരാഷ്ട്രീയത്തിന്നതീതമായ ഒരു സമീപനം സഹകരണ സംഘങ്ങളിൽ ആവശ്യമാണ്.

5. ജീവനകാർക്ക് പ്രൊഫഷണൽ മാനേജ്മെന്റിൽ പരിശീലനം നൽകുകയും പുതിയ പ്രവർത്തന മേഖലകൾ കണ്ടുപിടിച്ച് പ്രവർത്തനം പുരോഗമിപ്പിക്കുകയും ചെയ്യേണ്ടതാണ്.

6. സഹകരണ പ്രസ്ഥാനം ഒരു ജീവിതശൈലിയാക്കുവാൻ പ്രേരകമാകുമാറ് ജനങ്ങളെ ബോധവൽക്കരിക്കുക.

7. പഞ്ചായത്തുകൾ അവയുടെ അധികാരപരിധിയിലുള്ള വിവിധ ഗവൺമെന്റ് ആനുകൂല്യങ്ങൾ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യാവുന്നതാണ്.

8. സഹകരണ സംഘങ്ങളുടെ പൊതുയോഗത്തിൽ നടപടിക്രമങ്ങളിൽ ആഡിറ്റ്, ഇൻസ്പെക്ഷൻ തുടങ്ങിയവയും ഭരണസമിതിയുടെ ഭാഗത്തുനിന്ന് വയ്ക്കുന്ന നിർദ്ദേശങ്ങളും എല്ലാം തന്നെ വിശദമായ ചർച്ചകൾക്ക് വിധേയമാക്കപ്പെടാതെ അംഗീകരിക്കുകയാണ് പതിവ്. വർഷത്തിൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടുവാൻ തന്നെ ഭീമമായ ചെലവ് വരുന്നതുകൊണ്ട് ഒന്നിൽ കൂടുതൽ പൊതുയോഗങ്ങൾ വിളിച്ചുകൂട്ടുന്നത് ദുഷ്ക്കരവുമാകുന്നു. അതിനാൽ മുഴുവൻ അംഗങ്ങളെയും വിളിച്ചുചേർത്ത് യോഗം സംഘടിപ്പിക്കുന്നതിന് പകരം '' പ്രാതിനിധ്യ പൊതുയോഗ '' മാണെങ്കിൽ ഭരണകാര്യങ്ങൾ വിശദവും സജീവവുമായ ചർച്ചകൾക്ക് വിധേയമാക്കുവാൻ കഴിയും. ഈ പ്രതിനിധികൾക്ക് ഭരണസമിതിയുടേതുപോലെ തന്നെ കാലാവധി നൽകുകയാണെങ്കിൽ കാര്യക്ഷമമായ രീതിയിൽ നടപടിക്രമങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ സാധിക്കും.

9. സഹകരണ രംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ '' സഹകരണ സെൽ '' രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്ക് ആവശ്യമായ വിദഗ്ധ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും അതുവഴി സംഘങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യാവുന്നതുമാണ്.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നെമ്മാറ പഞ്ചായത്തിലെ 12 ഗ്രാമ സഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച ഗ്രാമ സഭാ റിപ്പോർട്ടുകൾ പഞ്ചായത്തിലെ സഹകാരികളുമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കോർ ഗ്രൂപ്പ് ക്രോഡീകരിക്കുകയും ചെയ്ത നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സഹകരണ രംഗത്ത് വിവിധ മേഖലകളിലെ വളർച്ചയ്ക്ക് ആവശ്യമായി ഈ പഞ്ചായത്തിൽ മൊത്തം 4.5 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നുണ്ട്. ഇത്രയും തുക മുതൽമുടക്കുക വഴി പ്രത്യക്ഷമായി ഇപ്പോൾ നിലവിലുള്ള 50 പേരടക്കം സുമാർ 200 പേർക്കും പരോക്ഷമായി നിലവിലുള്ള 100 പേരടക്കം 500 പേർക്കും തൊഴിൽ സാധ്യതയും അതിലൂടെ 1000ത്തോളം കുടുംബങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധിയും പ്രതീക്ഷിക്കുന്നു.

ഗ്രാമാങ്ങളുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കുവാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ നെമ്മാറ പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യയിൽ പട്ടികജാതി പട്ടകവർഗ്ഗ വിഭാഗം ജനങ്ങൾ 12.35% ആണ്. 3 I.H.D.P. കോളനികളിലും 28 അംഗീകരിക്കേണ്ട കോളനികളിലുമായി ആകെ 493 കുടുംബങ്ങളും മററു ജനവിഭാഗങ്ങളുമായി ഇടകലർന്ന് 108 കുടുംബങ്ങളും താമസിച്ചുവരുന്നു. കൂടാതെ 12 ഓളം പട്ടികവർഗ്ഗ കുടുംബങ്ങളും താമസിച്ചുവരുന്ന. ലഭ്യമായ കണക്കനുസരിച്ച് രണ്ടിലും ജനങ്ങളും ഉണ്ട്.

വളരെക്കാലം അടിയാളൻമാരായും ചൂഷണവിധേയരായും ജീവിച്ച ഒരു ജനവിഭാഗമായിരുന്നു ഇവർ. തൊട്ടുകൂടാത്തവരായും തീണ്ടിക്കൂടാത്തവരായും സാധാരണ ജനവിഭാഗങ്ങളിൽനിന്നും അകററിനിർത്തി അക്ഷരങ്ങളും അനുകൂല്യങ്ങളും നിഷേധിച്ച ഇവർക്ക് ക്രമേണ ക്രമേണ പൊതുധാരയിൽ എത്തിചേരാനുള്ള ഒരു ഏണിപ്പടിയായിരുന്നു ഭൂപരിഷ്ക്കരണം. അന്നത്തെ വൻ ജന്മിമാരും ഭൂപ്രഭുക്കളും അധ്വാനിക്കാൻ ശീലിപ്പിച്ച ഇവർക്ക് മേൽപ്പറഞ്ഞ സംഭവത്തോടെുകൂടിയാണ് അവകാശങ്ങളെപ്പററിയും അധ്വാനത്തിൻെറ വിലയെപ്പററിയും മനസിലാക്കാൻ കഴിഞ്ഞത്. അടിമ ഉടമ വ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് മണ്ണിൽ അധ്വാനിച്ച തൊഴിലാളിയുടെ പ്രതിഫലത്തിൽ ആഹ്ലാദംകൊണ്ട ഭൂവുടമ അവനെ സന്തോഷിപ്പിക്കാൻ ഉണ്ടാക്കിയ ആഘോഷമാണ് ഇന്നും നടന്നു വരുന്ന ധനുമാസം 1-ാംതിയതിയിലെ കതിർ ഉത്സവം (പാൽക്കിണ്ടി). ആഹാരവും വസ്ത്രവും മദ്യവും നൽകി അവനെ സന്തോഷിപ്പിച്ച് കൂടുതൽ കൂടുതൽ അധ്വാനിപ്പിക്കാൻ അവനെ പ്രേരിപ്പിച്ചു. കതിർ ഉത്സവത്തിൽ നടത്തുന്ന വടിതല്ല് അവൻ അധ്വനിച്ച് ഉണ്ടാക്കിയ വിളനശിപ്പിക്കാൻ എത്തുന്ന ബാഹ്യശക്തികളെ ആട്ടിയോടിക്കുന്നതിൻെറ പ്രതീകമാണ്. അങ്ങനെ തൻെറ സംരക്ഷണം ജന്മിയുടെ കയ്യിലാണെന്ന ധാരണ തിരുത്തികുറിച്ചത് ഭൂപരിഷ്ക്കരണ നടപടിയോടുകൂടിയാണ്. ചെറുകിട കർഷകന് അതിൽ അധ്വാനിക്കുന്ന തൊഴിലാളിയും ഇതെൻെറ സ്വന്തമാണെന്നും കൂടുതൽ അധ്വനിക്കേണ്ടതാണെന്നും ഉള്ള ബോധ്യത്തിലേക്ക് വന്നത്. അതോടുകൂടി ആ കാലഘട്ടത്തിൽ കാർഷികരംഗത്ത് ഉൽപ്പാദനം വർദ്ധിക്കുന്നതായി കണക്കുകൾ കാണിച്ചിട്ടുണ്ട്. ഉൽപാദനം വർദ്ധിച്ചതോടുകൂടി കൃഷിക്കാരനും തൊഴിലാളിയും സാമ്പത്തികമായി മെച്ചപ്പെട്ടു വന്നു. അങ്ങനെയാണ് ഈ ജനവിഭാഗം മററിതര ജനവിഭാഗങ്ങളോടൊപ്പം വിദ്യാഭ്യാസത്തിലും സംസ്ക്കാരത്തിലും വ്യവസായത്തിലും പുരോഗമിക്കാൻ തുടങ്ങിയത്. ഈ വളർച്ചയാണ് ഇവരെ ദേശീയധാരയിലേക്കും, തിരിച്ചറിവിലേക്കും എത്തിപ്പെടാൻ സഹായിച്ചത്

വിദ്യാഭ്യാസപരമായും സാമൂഹികപരമായും കുറെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും നിക്ഷരതയും വേണ്ടത്ര അറിവില്ലായ്മയും നിയമകുരുക്കളും ചിലനേട്ടങ്ങൾ കൈവരിക്കാൻ ഇവർക്ക് വിലങ്ങുതടിയായി നിൽക്കുന്നു. ഗവൺമെന്റിനന്റെ ഏജൻസികൾ നേരിട്ട് ഇടപെടുന്ന I.H.D.P. കോളനികളിലും മററു ചില കോളനികളിലും മാത്രമാണ് നാമമാത്രമായ പുരോഗതി ഉണ്ടായിട്ടുള്ളത്. ഗവൺമെന്റിൽ നിന്ന് നൽകുന്ന സൗജന്യങ്ങളും ലോണുകളും തുകയുടെ അപര്യാപ്തത കൊണ്ട് ഉദ്ദേശിച്ച പദ്ധതികൾ പൂർണമായി നേടിയെടുക്കാൻ കഴിഞ്ഞീട്ടില്ല. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന സാമൂഹികമായ അകൽച്ചകളും നിസ്സഹകരണ ങ്ങളും പൂർണ്ണമായല്ലെങ്കിൽപോലും മാറിക്കൊണ്ടിരിക്കുന്നു. കോളനികളിലും ഒററപ്പെട്ട സ്ഥലങ്ങളിലും ഇനിയും പരിഹരിക്കേണ്ട നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു. കോളനികൾ അംഗീകരിച്ചവയും (പട്ടിക I) അംഗീകരിക്കപ്പെടേണ്ടവയും താഴെക്കൊടുക്കുന്നു.

| പട്ടിക I | | | I.H.D.P. കോളനികൾ | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനികളുടെ പേര് | കുടുംബ ങ്ങളുടെ എണ്ണം | അംഗങ്ങ ങ്ങളുടെ എണ്ണം | കുടി വെള്ളം | വൈ ദ്യുതി | വീടിൻെറ സ്ഥിതി ഓട് | ഓല |
| 1 | 1 | അയ്യപ്പൻപാറ | 19 | 97 | ഇല്ല | ഇല്ല | – | – |
| 2 | 1 | ചേരുംകാട് | 21 | 101 | ഉണ്ട് | ഉണ്ട് | – | – |
| 3 | 8 | കുന്നംപാറ | 15 | 74 | ഉണ്ട് | ഉണ്ട് | – | – |
| | | ആകെ | 55 | 272 | | | | |

**1. വിദ്യാഭ്യാസം:**

വിദ്യാഭ്യാസരംഗത്ത് ഫലപ്രദമായ പുരോഗതി കൈവരിച്ചതായി കാണുന്നില്ല. എസ്.എസ്.എൽസിക്ക് ശേഷം പഠിത്തം തുടരുന്നവരുടെ സംഖ്യ വളരെ കുറവാണ്. ഒന്നാംതരത്തിൽ ചേരുന്നവരുടെ മൂന്നിലൊന്ന്ഭാഗം പോലും പത്താംതത്തിൽ എത്തുന്നില്ല. കുടുംബബാദ്ധ്യത ഏറെറടുക്കുന്നതുകൊണ്ടും വേണ്ടത്ര ബോധവൽക്കരണമില്ലാത്തതുകൊണ്ടും കൊഴിഞ്ഞുപോക്ക് ഇപ്പോഴും നിലനിൽക്കുന്നു. രക്ഷിതാക്കളുടെ ഭാഗത്ത്നിന്ന് ഒ്ണ്ടത്ര ശ്രദ്ധ വിദ്യാഭ്യാസക്കാര്യത്തിൽ ഉണ്ടായിക്കാണുന്നില്ല. 1996–97 വർഷത്തിൽ **1316** കുട്ടികളാണ് ഒന്നാംതരം മുതൽ 10–ാം തരം വരെ 1ക വിദ്ധ്യാലയങ്ങളായി പഠനം തുടരുന്നത്. ഇത് മൊത്തം വിദ്ധ്യാർത്ഥികളുടെ **17%** ആണ്. ഇതിൽ **169** കട്ടികൾ തോററ് പഠനം തുടരുന്നവരാണ്. ഇതിലൊന്നും ഉൾപ്പെടാത്ത പഠനം നിർത്തിയവരുടെ സംഖ്യ **81** ആണ് (1995–96 വർഷം)

**2. തൊഴിൽ:**

ഭൂരിഭാഗം ജനങ്ങളും കാർഷികവൃത്തിയെ ആശ്രയിച്ചിരിക്കുന്നവരാണ്. പാരമ്പര്യമായി തെഴിൽ നൽകിയിരുന്ന ഈ മേഖല ഇന്ന് തകർച്ചയെ നേരിടുന്നു. അതുകൊണ്ട് തൊഴിലവസരങ്ങൾ കുറയുന്നു. ഇതിൻെറ ഫലമായി തൊഴിലാളികൾ മററു തൊഴിൽ മേഖലകൾ തേടിപോകുന്നു. തന്മൂലം ഉള്ള കാർഷികവൃത്തിക്ക് ആളെ ക്ട്ടാൻ ഇല്ലാത്ത അവസ്ഥ നിലനിൽക്കുമ്പോൾ തന്നെ ഉള്ള ആളുകൾക്ക് തൊഴിൽ ക്ട്ടാൻ ഇല്ലാത്ത വൈരുദ്ധ്യവും നിലനിൽക്കുന്നു. ആയതുകൊണ്ട് കാർഷിക രംഗം ആകർഷകമാക്കുകയും പരമ്പരാഗത തൊഴിലുകളായ പായനെയ്ത്ത്, കൊട്ട, വട്ടി നെയ്ത്ത്, പനനാരു നിർമ്മാണം അലക്ക് എന്നിവ കോപ്പറേററീവ് സൊസൈററി മുഖാിരം സംരക്ഷിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഈ വിഭാഗം ജനങ്ങളുടെ തൊഴിൽ മേഖല സംരക്ഷിക്കാനും അഭിവൃദ്ധിപ്പെടുത്താനും കഴിയുകയുള്ളു.

3. പാർപ്പിടം:

പാർപ്പിട പ്രശ്നത്തിൽ ഒരു പരിധി വരെ വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാൽ ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന വായ്പയുടെ തുക നിശ്ചിത പദ്ധതിക്ക് തികയാത്തതുകൊണ്ടും ചില ഏജൻസികളിൽ നിന്ന് അമിത പലിശക്ക് വായ്പ എടുക്കുന്നതുകൊണ്ടും ഈ വിഭാഗം ജനങ്ങൾ കടകെണിയിൽ അകപ്പെട്ടുപോകുന്നു. ഈ ഒരവസ്ഥ നിശ്ചിത ലക്ഷ്യം കൈവരിക്കാൻ തടസ്സമായി നിൽക്കുന്നു. ആയതുകൊണ്ട് ഭവന നിർമ്മാണ ഗ്രാന്റും വായ്പയും കാലോചിതമായ തുക വർദ്ധനവിന് വിധേയമാക്കണം.

മുൻ കാലങ്ങളിൽ വായ്പ എടുത്ത് കാലാവധി കഴിഞ്ഞീട്ടും തിരിച്ചടക്കാൻ കഴിയാത്തവരുടെ വായ്പാ സംഖ്യ ഗ്രാന്റായി പരിഗണിച്ച് അവരെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

പുതിയ പദ്ധതികൾ ഭവന നിർമ്മാണ രംഗത്ത് ആവിഷ്ക്കരിക്കുകയും അവ നേടിയെടുക്കുന്നതിനുള്ള നിയമങ്ങൾ ലഘൂകരിക്കുകയും ചെയ്താൽ മുഴുവൻ ആളുകൾക്കും പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയും.

4. ആരോഗ്യം:

പരിസര ശുചിത്വത്തിലും വ്യക്തി ശുചിത്വത്തിലും വേണ്ടത്ര ശുഷ്ക്കാന്തി പുലർത്തികാണുന്നില്ല. ആരോഗ്യം ദൈവീകമായി നിലനിൽക്കുന്ന ഒന്നാണെന്ന് ചിലരെങ്കിലും വിശ്വസിക്കുന്നു. ശുചിത്വത്തെപററിയുള്ള ബോധവൽക്കരണം കോളനികൾ കേന്ദ്രീകരിച്ച് നടത്തേണ്ടിയിരിക്കുന്നു. രോഗം വന്നാൽ ചികിൽസ കൂടി വേണം എന്ന നാട്ടറിവിലേക്ക് ഭൂരിപക്ഷം ജനങ്ങളും ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. അടുത്തടുത്തുള്ള രണ്ടോ മൂന്നോ കോളനികൾ കേന്ദ്രീകരിക്കുന്ന വിധത്തിൽ ഓരോ PHC സബ് സെന്ററുകൾ അനിവാര്യമാണ്.

വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാനും, കന്നുകാളികളെ വീട്ടിൽ നിന്നകലെ പാർപ്പിക്കാനും, എല്ലാവീടുകളിലും കക്കൂസ് നിർബന്ധമാക്കുവാനും, അന്ധവിശ്വാസങ്ങൾ അകററാനും, അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരുടെ സഹായത്തോടുകൂടി പഞ്ചായത്ത് മുൻകൈ എടുത്ത് ബോധവൽക്കരണ ക്ലാസുകളും സാമ്പത്തികമായ സഹായസഹകരണളും നടത്തേണ്ടത് അത്യാവശ്യമാണ്.

5. നടപ്പിലാക്കിയ പദ്ധതികൾ:

(1) മണ്ണുസംരക്ഷണം പട്ടിക - IV

കോളനികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിയ മണ്ണുസംരക്ഷണ പദ്ധതികൾ തുടർ പരിപാടിയല്ലാത്തതുകൊണ്ടും വേണ്ടത്ര ശ്രദ്ധയില്ലാത്തതു കൊണ്ടും ഉണ്ടായ നേട്ടങ്ങൾ ക്രമേണ ഇല്ലാതായി തീരുന്ന അവസ്ഥയുണ്ട്. ആയതിന് അവരെ കൂടി പങ്കാളികളാക്കികൊണ്ട് ബോധവൽക്കരണം നടത്തി മണ്ണൊലിപ്പ് തടയാനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടതാണ്. അതായത് ഈ പദ്ധതി ഗവൺമെന്റിൻെറ ബാദ്ധ്യതയാണെന്നുള്ള ബോധത്തിൽ നിന്ന് തങ്ങളുടെ നിലനിൽപ്പിൻെറ കൂടി പ്രശ്നമാണെന്നുള്ള തിരിച്ചറിവിലേക്ക് അവരെ എത്തിക്കേണ്ടിയിരിക്കുന്നു.

(2) മററിതര സഹായങ്ങൾ പട്ടിക - V

കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, പെൺമക്കളുടെ വിവാഹത്തിനുള്ള സഹായം, തുടങ്ങിയവയെ കുറിച്ചുള്ള ശരിയായ ബോധം അവർക്കുണ്ടാക്കികൊടുക്കണം. കൂടാതെ വിവിധതരം വായ്പാപദ്ധതികളെ കുറിച്ചും വേണ്ടത്ര വിവരം അവർക്ക് നൽകേണ്ടതാണ്. ഗവൺമെന്റിൻെറ വിവിധ തരത്തിലുള്ള പദ്ധതികൾ മുഖാന്തിരം അനുകൂല്യങ്ങൾ ലഭിച്ചവരുടെ എണ്ണം നോക്കുമ്പോൾ തീരെ അപര്യാപ്തമാണ്. ഇതിൽ വായ്പ അനുവദിക്കുന്ന ഏജൻസികൾ വേണ്ടത്ര ശുഷ്ക്കാന്തി കാണിച്ചിട്ടില്ലെന്ന് മനസ്സിലാകും.

## പൊതു പ്രശ്നങ്ങൾ

1. നിരക്ഷരതയും, വിദ്യാഭ്യാസത്തിൻെറ അപര്യാപ്തതയും, അറിവില്ലായ്മയും.
2. കാർഷിക മേഖലയിലെ തൊഴിൽ കുറവും ഉള്ള തൊഴിലിന് ആളെ കിട്ടായ്കയും.
3. വീടുവെയ്ക്കാൻ സ്ഥലമില്ലാത്തവർ.
4. സ്ഥലവും, വീടും ഇല്ലാത്തവർ.
5. പട്ടയം ലഭിക്കാത്തവർ.
6. കുടിവെള്ള ക്ഷാമം.
7. വൈദ്യുതിയുടെ ക്ഷാമം.
8. പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത വീടും പരിസരവും
9. ശുചിത്വം പാലിക്കാത്ത കോളനി പ്രദേശം.
10. വേണ്ടത്ര യാത്രാസൗകര്യങ്ങൾ ഇല്ലാത്ത കോളനികൾ.
11. നിർദ്ധനകുടുംബങ്ങളിലെ അംഗങ്ങൾക്ക്, നൽകിവരുന്ന വിവിധതരം സഹായങ്ങളെകുറിച്ചുള്ള അജ്ഞത.
12. ഗവ:നൽകുന്ന പല പദ്ധതികളും ലക്ഷ്യം നേടുന്നില്ല.
13. അനുവദിക്കുന്ന ഗ്രാന്റുകളുടെയും, വായ്പകളുടെയും തുകയിലുള്ള കുറവ്.
14. പട്ടികജാതി – പട്ടികവർഗ്ഗ ഉന്നമനത്തിന് നടത്തുന്ന പദ്ധതികളെകുറിച്ച് വേണ്ടത്ര അറിവില്ലായ്മ.
15. പട്ടികജാതി – പട്ടിക വർഗ്ഗ കോർപ്പറേഷൻ നൽകുന്ന വായ്പക്കുള്ള ജാമ്യ വ്യവസ്ഥ.

**നിർദ്ദേശങ്ങൾ:**

1. കോളനികൾ കേന്ദ്രീകരിച്ച് സാക്ഷരതാ ക്ലാസുകളും വിവധ വിഷയങ്ങളെ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുക.
2. കാർഷിക മേഖല കേന്ദ്രീകരിച്ച് പുതിയ പദ്ധതികൾ ആരംഭിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.
3. പരമ്പരാഗത വ്യവസായങ്ങളായ പായനെയ്ത്ത്, കൊട്ട വട്ടി നെയ്ത്ത്, പനനാരു നിർമ്മാണം എന്നിവ സൊസൈററി മുഖാന്തിരം നിർമ്മിച്ച് വിപണന കേന്ദ്രങ്ങൾ ഏർപ്പെടുത്തികൊടുക്കുകയും ചെയ്യുക.
4. സഹകരണ മേഖലയിൽ ചെങ്കല്ല്, ഹോളോ ബ്രിക്സ്, വീട്ടുഉപകരണങ്ങൾ എന്നിവ നിർമ്മിച്ചു നൽകാനുള്ള ഏർപ്പാടുണ്ടാക്കുക.
5. സ്ഥലമില്ലാത്തവരെയും, സ്ഥലമുണ്ടായിട്ട് വീടില്ലാത്തവരെയും കണ്ടെത്തി അവർക്ക് സഹായം ചെയ്യുക.
6. ഭവന നിർമ്മാണ വായ്പയുടെ തുക വർദ്ധിപ്പിക്കുകയും നിയമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.
7. എല്ലാ വീടുകളിലും കക്കൂസ് നിർബന്ധമായി ഉണ്ടായിരിക്കണമെന്ന് ബോധവൽക്കരണം നടത്തുകയും അവയ്ക്കു വേണ്ടതായ സഹായം ചെയ്തുകൊടുക്കുകയും ചെയ്യുക.

8. കുടിവെള്ളം എത്തിക്കാൻ വേണ്ട സംവിധാനം ചെയ്യുക.

9. വൈദ്യുതി എല്ലാ വീടുകളിലും എത്തി എന്ന് ഉറപ്പുവരുത്തുക.

10. മണ്ണു സംരക്ഷണം നടപ്പിലാക്കാത്ത കോളനികളിൽ അത് നടപ്പിലാക്കുകയും തുടർ പരിപാടിയായി നടപ്പിലാക്കുകയും ചെയ്യുക.

11 ഗവൺമെന്റും പട്ടിക ജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനും നൽകിവരുന്ന വായ്പകൾ വിപുലീകരിക്കുകയും നിയമങ്ങൾ ലളിതമാക്കി അനവേദ്യമാക്കുക. വീടുകൾ പുതുക്കി പണിയുന്നതിന് പലിശരഹിത വായ്പകളോ ഗ്രാന്റോ അനുവദിക്കുക.

12. പട്ടയം കൃത്യമായി വിതരണം ചെയ്യുക.

13. കുടുംബ ബാധ്യതയുടേയും, സാമ്പത്തിക ബാദ്ധ്യതയുടേയും പേരിൽ പഠനം നിർത്തി പോകുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് തുടർ വിദ്യാഭ്യാസം ചെയ്യാനുള്ള സൗകര്യം ചെയ്തു കൊടുക്കുക.

14. പഞ്ചായത്തിൽ ഉചിതമായ സ്ഥലത്ത് ഒരു പ്രീ മെട്രിക് ഹോസ്ററൽ ആരംഭിക്കുക.

15. വിത്തനശ്ശേരി, അകംമ്പാടം, അയ്യപ്പൻ പാറ, എന്നിവിടങ്ങളിൽ പട്ടിക ജാതി സർവ്വീസ് സഹകരണ സംഘങ്ങൾ ആരംഭിക്കുക.

16. കൃഷിഭവന്റെ പ്രവർത്തനങ്ങൾ കോളനികളിലേക്ക് കൂടുതലായി വ്യാപിപ്പിക്കുക.

17. എല്ലാ കോളനികളിലും വായനശാല സ്ഥാപിക്കുക.

18. റോഡ് ഇല്ലാത്ത സ്ഥലങ്ങളിലേക്ക് റോഡ് ഉണ്ടാക്കുക.

19. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻമാർ മാസത്തിലൊരിക്കലെങ്കിലും കോളനികൾ സന്ദർശിക്കുക.

20. ഹരിജൻ കോളനികളിൽ ടെലിവിഷൻ സ്ഥാപിക്കുക.

21. നാടൻ കലാ പരിപാടികളെ പ്രോൽസാഹിപ്പിക്കാൻ പഞ്ചായത്തുവഴി ക്ലാസുകളും, സംഗീത ഉപകരണങ്ങളും, മററും സൗജന്യമായി നൽകുക.

22. മാട്ടായി കോളനിയിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടി ഫോറസ്ററ് ഡിപ്പാട്ട്മെന്റ് കിണർ കുഴിച്ച് പമ്പുഹൗസ് നിർമ്മിച്ച് 500 മീററോളം പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്. ആറു വർഷം കഴിഞ്ഞീട്ടും പമ്പിംഗ് നടത്തുന്നില്ല. പമ്പിങ്ങ് നടത്താനുള്ള നടപടി ഉടൻ ആരംഭിക്കണം

## I.H.D.P. കോളനിയായി അംഗീകരിക്കേണ്ടവ

### പട്ടിക I A

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | കുടി വെള്ളം | വൈദ്യുതി | റോഡ് |
|---|---|---|---|---|---|---|
| 1 | 1 | അയ്യപ്പൻകുന്ന് | 15 | ഇല്ല | ഇല്ല | ഇല്ല |
| 2 | 1 | ബോയർ കോളനി | 20 | ഇല്ല | ഉണ്ട് | ഉണ്ട് |
| 3 | 1 | അയ്യപ്പൻകുന്ന് (മുകൾ) | 15 | ഇല്ല | ഇല്ല | ഇല്ല |
| 4 | 1 | വേലത്താൻപാറ | 15 | ഇല്ല | ഇല്ല | ഇല്ല |
| 5 | 1 | തിരുത്തമ്പാടം | 12 | ഇല്ല | ഇല്ല | ഇല്ല |
| 6 | 2 | മുതലപ്പാറ കോളനി | 15 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | 2 | കവറക്കുളമ്പ് | 11 | ഉണ്ട് | ഉണ്ട് | ഇല്ല |
| 8 | 3 | ഇടിയമ്പൊററ | 26 | ഇല്ല | ഉണ്ട് | ഇല്ല |
| 9 | 3 | വക്കാവ് | – | – | ഉണ്ട് | ഇല്ല |
| 10 | 3 | കയ്പഞ്ചേരി | – | ഇല്ല | ഉണ്ട് | ഇല്ല |
| 11 | 3 | കിഴക്കമ്പാടം | – | ഉണ്ട് | ഉണ്ട് | ഇല്ല |
| 12 | 5 | നിലമ്പതി | 12 | ഉണ്ട് | ഉണ്ട് | ഇല്ല |
| 13 | 6 | നെല്ലിപാടം | 33 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14 | 8 | ലക്ഷംവീട് കോളനി | 17 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15 | 8 | പുളിക്കൽത്തറ | 12 | ഉണ്ട് | ഉണ്ട് | ഇല്ല |
| 16 | 8 | നെന്മാറപ്പാടം | 17 | ഉണ്ട് | ഉണ്ട് | ഇല്ല |
| 17 | 9 | കൊല്ലങ്കോട്ടു കുളമ്പ് | 11 | ഉണ്ട് | ഉണ്ട് | ഇല്ല |
| 18 | 9 | മുല്ലക്കൽത്തറ | 11 | ഉണ്ട് | ഉണ്ട് | ഇല്ല |
| 19 | 9 | അപ്പംപാറ | 13 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 20 | 10 | മാട്ടായികോളനി | 22 | ഇല്ല | ഉണ്ട് | ഉണ്ട് |
| 21 | 10 | അകംപാടം | 29 | ഇല്ല | ഉണ്ട് | ഇല്ല |
| 22 | 10 | കൊല്ലയങ്കാട് | 20 | ഇല്ല | ഇല്ല | ഇല്ല |
| 23 | 11 | കൊമ്പൻകല്ല് കോളനി | 16 | ഇല്ല | ഇല്ല | ഉണ്ട് |
| 24 | 11 | ആററുവായ് | 15 | ഇല്ല | ഇല്ല | ഇല്ല |
| 25 | 12 | ചെന്നംകോട് കോളനി | 12 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 26 | 1 | വെള്ളപ്പാറകുന്ന്(ഗിരിജനം) | 12 | ഇല്ല | ഇല്ല | ഇല്ല |
| 27 | 6 | നെയ്തക്കോട് | 24 | ഇല്ല | ഇല്ല | ഇല്ല |
| 28 | 6 | വെള്ളറകോളനി | 12 | ഇല്ല | ഇല്ല | ഇല്ല |

# പട്ടിക – II

| | Name of School | I | | II | | III | | IV | | V | | VI | | VII | | VIII | | IX | | X | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 | G.L.P.S. നെന്മാറ | 6 | 2 | 3 | 9 | 6 | 7 | 3 | 12 | – | – | – | – | – | – | – | – | – | – | – | – |
| 2 | V.M.G സ്കൂൾ കണിമംഗലം | 6 | 4 | 7 | 4 | 3 | 8 | 5 | 7 | – | – | – | – | – | – | – | – | – | – | – | – |
| 3 | G.L.P.S. പഴയഗ്രാമം | 7 | 2 | 3 | 5 | 2 | 1 | 4 | 3 | – | – | – | – | – | – | – | – | – | – | – | – |
| 4 | G.L.P.S. പോത്തുണ്ടി | 11 | 10 | 12 | 12 | 11 | 10 | 3 | 9 | – | – | – | – | – | – | – | – | – | – | – | – |
| 5 | VALPS ആളുപംത്തി | 9 | 7 | 13 | 5 | 6 | 5 | 9 | 12 | – | – | – | – | – | – | – | – | – | – | – | – |
| 6 | VALPS ആളുവശ്ശേരി | 9 | 9 | 8 | 10 | 8 | 7 | 6 | 5 | – | – | – | – | – | – | – | – | – | – | – | – |
| 7 | LNSUPS നെന്മാറ | – | – | – | – | – | – | – | – | 6 | 0 | 5 | 0 | 7 | 0 | – | – | – | – | – | – |
| 8 | GUPS ചാത്തമംഗലം | 16 | 6 | 9 | 13 | 12 | 15 | 17 | 6 | 7 | 14 | 16 | 16 | 16 | 6 | – | – | – | – | – | – |
| 9 | CKMMUPSS വല്ലങ്ങി | 13 | 7 | 14 | 9 | 14 | 18 | 14 | 7 | 25 | 22 | 26 | 30 | 22 | 29 | – | – | – | – | – | – |
| 10 | St. റീത്ത'സ് ഇംഗ്ലീഷ്മീഡിയം UPS.നെന്മാറ | 2 | 1 | 1 | 1 | – | – | – | – | – | 1 | – | – | – | 1 | – | – | – | – | – | – |
| 11 | G.G.V.H.S. നെന്മാറ | – | – | – | – | – | – | – | – | – | 33 | – | 29 | – | 36 | – | 86 | – | 73 | – | 40 |
| 12 | G.B.H.S. നെന്മാറ | – | – | – | – | – | – | 25 | | 26 | – | – | – | 32 | – | 84 | – | 42 | – | 31 | – |
| | Total | 79 | 58 | 70 | 68 | 62 | 71 | 61 | 61 | 63 | 70 | 73 | 75 | 77 | 72 | 84 | 86 | 42 | 73 | 31 | 40 |
| | Gross Total | 137 | | 138 | | 133 | | 122 | | 133 | | 148 | | 149 | | 170 | | 115 | | 71 | |

പട്ടിക III A

തോററീട്ട് പഠനം തുടരുന്നവർ

കൊഴിഞ്ഞുപോകുന്നവർ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ | ആൺ പെൺ |
| 1 | ജി.എൽ.പി.എസ് നെന്മാറ | - - | - - | - - | 1 - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - |
| 2 | വി.എൻ.ജി.എസ്. കണിമംഗലം | - - | - - | 1 - | 1 1 | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - |
| 2 | ജി.എൽ.പി.എസ്. പഴയഗ്രാമം | - - | - 2 | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - |
| 4 | ജി.എൽ.പി.എസ്. പോത്തുണ്ടി | - - | 4 - | - - | - - | - - | - - | - - | - - | - - | - - | 1 - | - - | 1 2 | - - | - - | - - | - - | - - | - - | - - |
| 5 | വ.എ.എൻ.വി.എസ്. അളുവുശ്ശേരി | - - | 2 - | 1 1 | 2 1 | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - |
| 6 | സി.എം.എൽ.പി,എസ്. വിത്തനശ്ശേരി | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - |
| 7 | എൻ.എസ്.എസ്.യു.പി. നെന്മാറ | - - | - - | - - | - - | - - | 1 - | 1 - | - - | - - | - - | - - | - - | - - | - - | 2 - | 2 - | 3 - | - - | - - | - - |
| 8 | ജി.യു.പി.എസ്. ചാത്തമംഗലം | - - | - 1 | - - | 5 1 | 1 - | - - | 1 3 | - - | - - | - - | - - | 1 - | - - | 2 - | - - | - - | - - | - - | - - | - - |
| 9 | സി.കെ.എം.എം. യു.പി.എസ് വല്ലങ്ങി | - - | 2 1 | 1 2 | 2 - | - - | 5 2 | 5 6 | - - | - - | - - | 1 1 | - - | - - | - - | 1 - | - - | - - | - - | - - | - - |
| 10 | SRC. E.M. UPS നെന്മാറ | - - | - - | - 1 | 1 - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - | - - |
| 11 | ജി.ജി.വി..എച്ച്.എസ്.എസ്. നെന്മാറ | - - | - - | - - | - - | - 19 | - 5 | - 10 | - 19 | - 8 | - - | - - | - - | - - | - - | - - | - - | - 2 | - 6 | - 4 | - - |
| 12 | ജി.ബി.എച്ച്.എസ്. നെന്മാറ | - - | - - | - - | - - | 5 - | 3 - | 6 - | 11 - | 9 - | 13 - | - - | - - | - - | - - | 7 - | 9 - | 10 - | 11 - | 6 - | 9 |
| | Total | - - | 8 4 | 3 4 | 12 3 | 7 20 | 9 7 | 13 19 | 11 19 | 9 8 | 13 - | 1 1 | 1 1 | 1 2 | 2 - | 10 - | 11 - | 13 2 | 11 6 | 6 4 | 9 - |
| | G. Total | - - | 12 | 7 | 15 | 27 | 16 | 32 | 30 | 17 | 13 | 2 | 2 | 3 | 2 | 10 | 11 | 15 | 17 | 10 | 9 |

## കോളനികളിൽ നടപ്പിലാക്കിയ മണ്ണുസംരക്ഷണ പദ്ധതി. പട്ടിക - IV

| ക്രമ നമ്പർ | കോളനിയുടെ പേര് | ആകെ വിസ്തീർണ്ണം ഹെക്ടറിൽ | അനുഭവ വേദ്യരായ വരുടെ എണ്ണം | തുടങ്ങിയ തിയ്യതി | അവസാനിച്ച തിയ്യതി | പദ്ധതി നടത്തിയ സ്ഥലത്തിൻെറ വിസ്തീർണ്ണം ഹെക്ടറിൽ | അനുവദിച്ച തുക Rs. | ചില വഴിച്ച തുക Rs. |
|---|---|---|---|---|---|---|---|---|
| 1 | നിലംപതി | 0.75 | 9 | 31.3.84 | 26.10.84 | 0.75 | 8500/- | 5331/- |
| 2 | ചേരുംകാട് | 2.27 | 19 | 13.8.84 | 18.3.85 | 2.00 | 21200/ - | 14935/- |
| 3 | അയ്യപ്പൻപാറ | 3.70 | 21 | 26.12.85 | 26.3.82 | 3.30 | 37500/- | 31347/- |
| 4 | തിരുത്തമ്പാടം | 1.57 | 15 | 30.12.85 | 29 3.86 | 1.53 | 15600/- | 13516/- |
| 5 | മാട്ടായി | 1.63 | 25 | 20.9.84 | 21.11.84 | 1.57 | 22700/- | 17207/- |
| 6 | നെമ്മാറിപാടം | 1.28 | 25 | 28.11.89 | 4.3.89 | 1.28 | 7000/- | 5482/- |
| 7 | മുതലപ്പാറ | 0.66 | 19 | 8.8.89 | 4.12.89 | 0.66 | 14200/- | 12352/- |
| | Total | 11.86 | 133 | - | - | - | 1,26,700/- | 1,00,170/- |

## മററിതര സഹായങ്ങൾ പട്ടിക V

| വർഷം | ലഭിച്ച അപേക്ഷകൾ | അനുവദിച്ച എണ്ണം | ചിലവഴിച്ച തുക | വിവാഹ ധനസഹായം | | ഉദ്യോഗാർത്തികളുടെ യാത്രപ്പടി | |
|---|---|---|---|---|---|---|---|
| | | | | നൽകിയ വരുടെ എണ്ണം | ചിലവഴിയച്ച തുക | എണ്ണം | ചിലവഴിയച്ച തുക |
| 1991- 92 | 5 | 5 | 750.00 | 5 | 10000.00 | 4 | 232.00 |
| 1992-93 | 4 | 4 | 600.00 | 2 | 4000.00 | 6 | 289.00 |
| 1993-94 | 10 | 1 | 500.00 | 1 | 2000.00 | 4 | 380.00 |
| 1994-95 | - | - | - | 3 | 6000.00 | 6 | 341.00 |
| 1995-96 | 1 | 1 | 500.00 | 1 | 2000.00 | 4 | 175.00 |
| Total | 20 | 11 | 2350.00 | 12 | 2,40,000.00 | 24 | 1,417.00 |

# വിഭവസമാഹരണം

'' എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ
വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ
ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങൾ ഇല്ലതാനും ''

- മഹാത്മാ ഗാന്ധി

നമ്മുടെ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ച് മേലുദ്ധരിച്ച രാഷ്ട്രപിതാവിൻെറ വാക്കുകൾ അർത്ഥവത്താണ്. പരാശ്രയമില്ലാതെ സന്നദ്ധ പ്രവർത്തനങ്ങൾ മുഖേനയും മറ്റു വിധത്തിലുള്ള സൗകര്യങ്ങളും ഉപയോഗിച്ച് നമ്മുടെ പഞ്ചായത്തിൻെറ വികസനം ഒരളവുവരെ നടത്താനാവും എന്ന കാര്യത്തിൽ തർക്കമില്ല.

നെമ്മാറയിലെ ഏറ്റവും പഴക്കംചെന്ന അംഗീകൃത ധനകാര്യസ്ഥാപനം നെമ്മാറ പരസ്പര ക്രയവിക്രയ ധനസഹായ സഹകരണ സംഘമാണ്. ഈ സ്ഥാപനം ഇപ്പോൾ 155-ാം നമ്പർ കോ. ഓപ്പറേറ്റീവ് അർബൻ ബാങ്കായി പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമീണ ജനത പണ്ടുമുതൽക്കുതന്നെ സമ്പാദ്യശീലം ഉള്ളവരായിരുന്നു. സമുദായ ഫണ്ട്, നറുക്ക്, കുറി എന്നിവയുണ്ടാക്കി പ്രാദേശിയ ഉൽസവങ്ങളുടെ ആസ്വാദനത്തിനു മാത്രമായി ഫണ്ടു ചിലവിടുന്നതായാണ് കണ്ടുവരുന്നത്. ഇത്തരം ഫണ്ടുകൾ ഒരളവുവരെ നമ്മുടെ ഗ്രാമങ്ങളുടെ പൊതുതാൽപര്യത്തിന് ചിലവഴിക്കാൻ വേണ്ട പ്രചോദനങ്ങൾ നാം നൽകേണ്ടിയിരിക്കുന്നു. 1994 ഒക്ടോബർ മാസം നമ്മുടെ പഞ്ചായത്തിൽ മഹിളാ സമൃദ്ധി യോജന നടപ്പിലാക്കി വന്നിരുന്നത് മുഴുവൻ സ്ത്രീ ജനവിഭാഗത്തേയും ഉൾക്കൊണ്ടുകൊണ്ട് ബോധവൽക്കരണത്തോടെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

1954 ൽ സ്ഥാപിച്ചതും 14.8 ചതു. മൈൽ വിസ്തീർണ്ണമുള്ളതുമായ നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 1991 ലെ കാനേഷുമാരിപ്രകാരം 32,456 ആണ്. നാനാജാതി മതസ്ഥർ താമസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗവും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്.

വികസനത്തിനായി മുറവിളി കൂട്ടുന്ന നമുക്ക് അത് എങ്ങനെ പ്രാവർത്തികമാക്കാം എന്ന് പരിശോധിക്കാം. സന്നദ്ധ സേവനവും ധനസമാഹരണവുമാണ് വികസനത്തിനായി വേണ്ടുന്ന രണ്ടിനങ്ങൾ. സന്നദ്ധസേവനത്തിനായി നാം കൈയ്യും മെയ്യും മറന്ന് തയ്യാറാവേണ്ടത് അത്യാവശ്യവും ഒഴിച്ചുകൂടാൻ കഴിയാത്തതുമാണ്. പിന്നീട് വരുന്ന ഭാഗമാണ് ധനസമാഹരണം. അത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള പോംവഴികൾ പരിശോധിക്കുന്നതിനു മുമ്പായി നിലവിലുള്ള ധനാഗമമാർഗ്ഗങ്ങളെപ്പറ്റി വിശകലനം ചെയ്യുക എന്നത് വളരെ യോജിച്ച സംഗതിയാണ്.

1959 - 60 വർഷത്തിൽ 14,893 വരവും, 8,126 രൂപ ചിലവും എന്നതാണ് നെമ്മാറ പഞ്ചായത്തിൻെറ നില. 1990 -91 വർഷത്തിൽ വരവ് 20,30, 272-00 രൂപയും ചിലവ് 16,80,941-50 രൂപയായും, 1995-96 വർഷത്തിൽ വരവ് 22,68,267-75 രൂപയായും, ചിലവ് 21,66,643 രൂപയായും വർദ്ധിച്ചു. ഇതിൽനിന്നുതന്നെ നമ്മുടെ പഞ്ചായത്തിൻെറ പ്രവർത്തനമേഖല വർഷംതോറും വർദ്ധിച്ചുവരികയാണ് എന്ന് നമുക്ക് മനസിലാക്കാൻ കഴിയും. കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, സർക്കാരിൽനിന്നും ലഭിക്കുന്ന വിവിധ ഗ്രാൻറുകൾ, ലൈസൻസ് ഫീസ് എന്നിവയാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ.

## കെട്ടിട നികുതി :

1995 -96 വർഷത്തിൽ 3,98,292-50രൂപയാണ് ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. ശാസ്ത്രീയമായ രീതിയിലുള്ള നികുതി നിർണ്ണയം നടപ്പിലാക്കാത്തതിനാൽ ഈ ഇനത്തിൽ വലിയ ഒരു സംഖ്യ ആർക്കും ലഭിക്കാതെ പോകുന്നുണ്ട്. ഇത് പൊതുജന പങ്കാളിത്തത്തോടെ എങ്ങനെ പരിഹരിക്കാം എന്ന് പിന്നീട് പരിശോധിക്കാം.

## തൊഴിൽ നികുതി :

വിവിധ ഗവ. സ്ഥാപനങ്ങളിലേയും, ഓഫീസുകളിലേയും ജീവനക്കാർ, ഭൂവുടമകൾ, വ്യാപാരികൾ എന്നിവരിൽ നിന്നുമായി 1995-96 വർഷം തൊഴിൽ നികുതിയായി 3,04,831 രൂപ ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന് ലഭിക്കേണ്ടതായിട്ടുള്ള മുഴുവൻ തുകയും ഇന്ന് നിലവിലുള്ള സംവിധാനപ്രകാരം പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

## വിനോദനികുതി

വിനോദനികുതിയിനത്തിൽ രണ്ടു തിയേറ്ററുകളിൽ നിന്നുമായി 1,51,502 രൂപയും അധികവിനോദനികുതിയായി 91,750 രൂപയും, കാഴ്ചനികുതി മേലുള്ള സർചാർജ്ജ് എന്നീ ഇനങ്ങളിലായി 5704.50 രൂപയും അടക്കം മൊത്തം 1995-96 വർഷത്തിൽ 248956.50 രൂപ പിരിച്ചെടുത്തു. നെന്മാറ അയിലൂർ റോഡിൽ പണിതുവരുന്ന സിനിമാതിയേറ്റർ പൂർത്തിയായാൽ ഈ ഇനത്തിൽ വൻവർദ്ധനവ് ഉണ്ടാകാൻ സാദ്ധ്യതയുമുണ്ട്.

## ലൈസൻസ് ഫീസ്

ലൈസൻസ് പിരിവിന്നായി ഇന്നുള്ള സംവിധാനം അശാസ്ത്രീയമാണ് വളരെയേറെ വ്യാപാര സ്ഥാപനങ്ങൾ ഉള്ള നെന്മാറ ഗ്രാമപഞ്ചായത്തിൽനിന്നും 17958 രൂപമാത്രമാണ് 95-96 വർഷത്തിൽ ലഭിച്ചത് എന്ന വസ്തുത നോക്കുമ്പോൾ തന്നെ ആയതു വ്യക്തമാവുന്നതാണ്.

## മറ്റു ധനാഗമമാർഗ്ഗങ്ങൾ

പഞ്ചായത്തുവകയായുള്ള ഷോപ്പിങ്ങ് കോംപ്ലക്സുകളിൽനിന്നുമുള്ള വാടക, ബസ്സ് സ്റ്റാൻറ് ഫീസ് പിരിവ്, മണൽ ലേലം, ഭൂമിപാട്ടത്തിനു നൽകിയതിൽ നിന്നുള്ള വരുമാനം, സർക്കാരിൽ നിന്നും ലഭിച്ചുവരുന്ന ഗ്രാൻറുകൾ, പൊതു കക്കൂസ്, മൂത്രപ്പുര എന്നിവ ലേലം ചെയ്തു കിട്ടുന്ന സംഖ്യകൾ പഞ്ചായത്തിൻെറ മറ്റു ധനാഗമമാർഗ്ഗങ്ങൾ.

മേൽ പറഞ്ഞ സംഗതികളിലെ ന്യൂനതകൾ പരിഹരിച്ച് വിഭവസമാഹരണം ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ആയതിനായി താഴെപറയുന്ന സംഗതികൾ അവശ്യം നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

1. പഞ്ചായത്തിന് നൽകേണ്ടുന്ന മുഴുവൻ നികുതികളും, ഫീസുകളും, കൃത്യമായി നൽകുക. നികുതി നൽകുന്നത് ഒരു ബാദ്ധ്യതയായി കണക്കാക്കാതെ സേവന മനോഭാവത്തോടെ ചെയ്യുക. തദ്വാര നിങ്ങളും വികസന പ്രവർത്തനത്തിൽ പങ്കാളികളാവുന്നു.

2. കെട്ടിട നികുതി നിർണ്ണയം ശാസ്ത്രീയമായ രീതിയിൽ പരിഷ്ക്കരിക്കുക. പുതിയ പരിഷ്ക്കാരങ്ങൾ നിലവിലുള്ള കെട്ടിടങ്ങൾക്ക് വരുത്തുമ്പോൾ നിർബന്ധമായും വിവരം ഗ്രാമപഞ്ചായത്തധികൃതരെ അറിയിക്കുക. താമസത്തിനായുള്ള കെട്ടിടങ്ങൾക്ക് ആഡംബരങ്ങൾക്കനുസൃതമായി നികുതി ചുമത്തുകയും മറ്റു കെട്ടിടങ്ങൾക്ക് വാർഷിക വാടകയുടെ അടിസ്ഥാനത്തിലും നികുതി ചുമത്തുക.

3. മുഴുവൻ കച്ചവടക്കാരും , വ്യവസായികളും കൃത്യമായ ലൈസൻസ് എടുക്കുക. ആയതിന് ആവശ്യമായ രീതിയിൽ നിയമ നിർണ്ണയം നടത്തണം. സ്വകാര്യ ഇഷ്ടിക നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെകൂടി ഇതിൻെറ പരിധിയിൽ കൊണ്ടുവരണം.

4. തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥരായുള്ള ഭൂവുടമകളും, കച്ചവടക്കാരും, വ്യപാരികളും ആയത് നൽകുന്നതിൽ വീഴ്ച വരുത്താതിരിക്കുക.

5. ഭൂനികുതി ശാസ്ത്രീയമായ രീതിയിൽ പരിഷ്ക്കരിച്ച് ആയത് പിരിച്ചെടുക്കുന്നതിനുള്ള അവകാശം പൂർണ്ണമായും പഞ്ചായത്തുകൾക്ക് നൽകുക.

6. കൃഷിനിലങ്ങൾ നികത്തി തോട്ടങ്ങൾ നിർമ്മിക്കാനും വീടു വയ്ക്കുവാനും അനുവദിക്കുന്ന നടപടി കർശനമായി നിയന്ത്രിക്കണം. കാർഷികരംഗത്തെ വളരെയേറെ തളർത്തുന്ന ഒരു പരിപാടിയായി മാത്രമെ ഇതിനെ കാണാൻ കഴിയുകയുള്ളു. ഇത്തരം അനുമതികൾ നിശ്ചിത ഫീസ് ചുമത്തി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെ ഏൽപിക്കാവുന്നതാണ്.

7. ഇന്ദിരാ വികാസ്പത്രവഴിയുള്ള നിക്ഷേപം കൂടുതൽ പ്രചരിപ്പിക്കുകയും നിക്ഷേപതുകയുടെ 25% വരുന്ന സംഖ്യ ഗ്രാമ പഞ്ചായത്തുകൾ നിശ്ചയിക്കുന്ന വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുവദിക്കുകയും ചെയ്യുക.

8. വാണിജ്യബാങ്കുകൾ, ദേശസൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ ലാഭവിഹിതത്തിൻെറ ചുരുങ്ങിയത് 5%മെങ്കിലും പ്രാദേശിക വികസനത്തിനായി ഉപയോഗിക്കുക.

9. സർക്കാരിൽനിന്നും വിവിധാവശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാൻറു തുക യഥാസമയം ലഭിക്കാത്ത കാരണത്താൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് കാലവിളംബം വന്നുചേരുകയും തുക നഷ്ടമാകാൻ ഇടവരുകയും ചെയ്തുവരുന്നു. ശാസ്ത്രീയമായ രീതിയിലുള്ള സമീപനം തുക വിഭജിക്കുമ്പോൾ ആവശ്യമാണ്. പ്രാദേശിക പരിഗണന, ജനസംഖ്യാനുപാതം എന്നിവ കണക്കിലെടുത്ത് തുക വിഭജനം നടത്തിയാൽ ഇത് ഒരളവോളം പരിഹരിക്കാനാവും. താഴേതട്ടിൽ നിന്നുതന്നെ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യാവുന്ന ഇനങ്ങൾ അവിടെവച്ചുതന്നെ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

10. 1994 ലെ കേരള പഞ്ചായത്ത്രാജ് ആക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അതാതു സ്ഥലങ്ങളിലെ പാരലൽ കോളേജുകളിൽനിന്നും , പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത തുക ഫീസായി പിരിച്ചെടുക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരുന്നു. എന്നാൽ നിയമനിർമ്മാണങ്ങൾ വരുത്തിവെച്ച പാകപ്പിഴകൾ മൂലം ആയത് ഇനിയും നടപ്പിലാക്കുന്നതിന് കഴിയാതെ വന്നിരിക്കുകയാണ്. അർഹതയില്ലാത്ത വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾ നിർത്തലാക്കാൻ കഴുയുന്നതോടൊപ്പം പഞ്ചായത്തിന് സാമ്പത്തികമായ ലാഭം ഉണ്ടാക്കുന്നതിനും ഈ നിയമം നടപ്പിലാക്കിയാൽ കഴിയുന്നതാണ്.

11. കേബിൾ ടി വി ശൃംഖല നാട്ടിൽ ഉടനീളം വ്യാപിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ പഞ്ചായത്ത് ലൈസൻസ് എടുക്കണമെന്ന വ്യവസ്ഥ ഉണ്ടാവണം. ആയതിനോടനുബന്ധിച്ചുള്ള കേബിൾ ഓപ്പറേറ്റർമാരിൽ നിന്നും വരിക്കാർക്കനുസരിച്ച് നിശ്ചിത തുക ഈടാക്കേണ്ടതുമാണ്. ഇതിനാവശ്യമായ ഭേദഗതികൾ പഞ്ചായത്തു രാജ് നിയമത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

12. സ്വകാര്യ ബാങ്കുകളും , ചിട്ടികമ്പനികളും ധാരാളമുള്ള കേരളത്തിൽ ഇവരിൽനിന്നും ഫീസുകളും നികുതികളും ഈടാക്കുന്നതിനും ആവശ്യമായ ലൈസൻസുകൾ നൽകുന്നതിനുമുള്ള അധികാരം നിയമംമൂലം ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചാൽ ഗ്രാമ പഞ്ചായത്തുകളുടെ വരുമാനത്തിന് കാരണമാവുന്നതാണ്.

13. ചാരായനിരോധനം നടപ്പിലായതിനുശേഷം കള്ളിൻെറ ഉപയോഗം വളരെയധികം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ കള്ള് ചെത്തിനായി ഉപയോഗിച്ചുവരുന്ന തെങ്ങ്, പന എന്നിവയ്ക്ക് എണ്ണങ്ങളുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ആയതിനുള്ള അധികാരം എക്സൈസ് വകുപ്പ് മുഖേന ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിരിക്കണം.

14. പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചാൽ വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ റവന്യൂ അധികൃതർ ചുമത്തുന്ന കെട്ടിട നികുതി പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകളെതന്നെ ഏൽപിച്ചിരിക്കണം.

15. നാട്ടിൻ പുറങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള അംഗീകാരം ഇപ്പോൾ പോലീസ് വകുപ്പിൽ നിന്നും നൽകിവരുന്നു. അത്തരത്തിൽ നൽകുന്ന അംഗീകാരങ്ങൾക്ക് നിശ്ചിത തുക ഫീസായി ഗ്രാമ പഞ്ചായത്തുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ഇതുമൂലം ശബ്ദമലിനീകരണം ഒരളവോളം നിയന്ത്രിക്കാൻ സാധിക്കും.

16. പഞ്ചായത്തുരാജ് ആക്ട് പ്രകാരം ഗവൺമെൻറ് തലത്തിൽ പഞ്ചായത്ത് ധനകാര്യ കമ്മീഷനെ നിയമിച്ചിട്ട്

വർഷങ്ങൾ കഴിഞ്ഞുവെങ്കിലും ആയതിന്റെ ആനുകൂല്യങ്ങൾ നാളിതുവരെയായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് ലഭ്യമായിട്ടില്ല. ധനകാര്യ കമ്മീഷൻ റിപ്പോർട്ട് ഉടനടി പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

17. പഞ്ചായത്തിന്റെ വിഭവ സമാഹരണത്തിനും മറ്റു വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ജീവനക്കാരുടെ അപര്യാപ്തതയാണ് മറ്റൊരു പ്രധാന വസ്തുത. 1962 -ലെ പഞ്ചായത്തു നിയമപ്രകാരമുള്ള ജീവനക്കാരാണ് ഇപ്പോഴും നിലവിലുള്ളത്. കാലോചിതമായി ആയത് പരിഷ്ക്കരിക്കുകയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മാരുടെ പദവി ഉയർത്തുകയും ചെയ്യേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്.

18. കൃഷിക്കാരിൽനിന്നും ഈടാക്കുന്ന തൊഴിൽനികുതി വ്യത്യസ്ത കൃഷിരീതി അനുസരിച്ച് ഈടാക്കുന്നതിന് ആവശ്യമായ സൗകര്യം ഉണ്ടായിരിക്കണം.

19. നെന്മാറയിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ സ്റ്റേഡിയം നിർമ്മിക്കണം.

20. വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ലോൺ എൽ. ഐ. സി. യിൽ തുച്ഛമായ പലിശനിരക്കിൽ ലഭ്യമാകുന്നതിന് ആവശ്യമായ സൗകര്യം വേണം.

21. വിശാലമായ മൈതാനം നിർമ്മിക്കാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. ആയത് പൂർത്തിയാവുന്ന മുറക്ക് നിലവിലുള്ള പഞ്ചായത്ത് പാർക്ക് മോടിപിടിപ്പിച്ച് ഇരുവശങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ പണിത് വരുമാനം വർദ്ധിപ്പിക്കും.

22. കെട്ടിട നിർമ്മാണ നിയന്ത്രണ നിയമം ഇവിടെ നടപ്പിലാക്കണം.

23. നിലവിലുള്ള ബസ് സ്റ്റാൻഡ് ഷോപ്പിംഗ് സെൻററിന് മുകളിലായി കെട്ടിടങ്ങൾ നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കാം

24. വിവിധ പ്രവൃത്തികൾക്കായി പഞ്ചായത്തുകൾ ഈടാക്കുന്നതും , കേന്ദ്ര കേരള ഗവൺമെൻറിലേക്ക് ഒടുക്കുന്നതുമായ തുകയുടെ നിശ്ചിത ശതമാനം പഞ്ചായത്തുകൾക്ക് തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

25. തസ്തിക സംബന്ധിച്ച് വരുന്ന ചിലവുകൾ സർക്കാർ തന്നെ വഹിക്കുന്നതിന് നടപടികൾ ഉണ്ടാവണം.

26. പുതിയ സേവനങ്ങൾ നൽകി അവക്ക് ചാർജ്ജ് ഈടാക്കാവുന്നതാണ്.

27. സന്നദ്ധ സംഘടനകൾക്കായുള്ള സഹായപദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള പരിപാടിയും പദ്ധതികളും സംസ്ഥാന കേന്ദ്ര ഗവൺമെൻറ് ഏജൻസികളിൽനിന്നും പ്രോജക്ട് അടിസ്ഥാനത്തിൽ സഹായധനം ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുക.

28. പുറംപോക്കുഭൂമികൾ സന്നദ്ധസംഘടനകൾക്ക് വൃക്ഷതൈ നടുന്നതിന് ലീസ് അടിസ്ഥാനത്തിൽ കൊടുക്കുക.

29. പഞ്ചായത്തുറോഡിന്റെ ഇരുവശങ്ങളിൽ വൃക്ഷതൈകളും പുളിവൃക്ഷവും വച്ചുപിടിപ്പിച്ച് വരുമാനമാർഗ്ഗം കാണുക.

മേൽപ്പറഞ്ഞവക്ക് പുറമേയായി നെന്മാറ ഗ്രാമ പഞ്ചായത്ത് തുടങ്ങിവച്ച താഴെപറയുന്ന പദ്ധതികൾ പൂർത്തിയായാൽ നല്ലൊരു തുക പ്രതിവർഷം പഞ്ചായത്തിന് ലഭ്യമാകും.

വർഷങ്ങളോളം പഴക്കമുള്ളതും വല്ലങ്ങിയിൽ ആഴ്ചയിൽ ഒരിക്കൽ പ്രവർത്തിച്ചുവരുന്നതുമായ സ്വകാര്യചന്ത പഞ്ചായത്ത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. ഇത് സാധിത പ്രായമായാൽ ആഴ്ചയിൽ ചുരുങ്ങിയത് രണ്ട് തവണയെങ്കിലും ചന്ത നടത്താൻ കഴിയുകയും ചെയ്യും. പൊതുജനങ്ങൾക്ക്

വളരേയേറെ ഗുണംചെയ്യുന്ന പദ്ധതിയാണിത്.

1962-ൽ കമ്മ്യൂണിറ്റി ഹാളിനായി നിർമ്മിച്ച കെട്ടിടത്തിലാണ് പഞ്ചായത്താഫീസ് ഇന്ന് പ്രവർത്തിച്ചു വരുന്നത്. കാലപഴക്കം കാരണം ജീർണ്ണിച്ചുപോയ കെട്ടിടം പൊളിച്ചുമാറ്റി ഗ്രാമവികസന ബോർഡിൻെറ ധനസഹായത്തോടെ ഉദ്ദേശ്യം 30 ലക്ഷം രൂപ ചിലവിൽ പ്രസ്തുത സ്ഥലത്ത് ഇരുനില ഷോപ്പിംഗ് കോംപ്ലക്സ് കം ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞു. ഈ പദ്ധതി നടപ്പിലായി കഴിഞ്ഞാൽ കെട്ടിട വാടകയിനത്തിൽ നല്ലൊരു തുക വർഷംതോറും പഞ്ചായത്തിന് സ്വരൂപിക്കുവാൻ കഴിയും. ടൂറിസ്റ്റ് കേന്ദ്രമായ പോത്തുണ്ടിയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

നിലവിലുള്ള പഞ്ചായത്ത് കല്യാണമണ്ഡപം വിപുലീകരിച്ചാൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദവും, പഞ്ചായത്തിൻെറ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്യും. ഇതിനുള്ള നടപടികളും ആവിഷ്ക്കരിച്ച് വരുന്നു.

പഞ്ചായത്തിൻെറ കൈവശത്തിലായി 20ഓളം കുളങ്ങളുണ്ട്. ഇവയിൽ പലതും മത്സ്യസമ്പത്താൽ അനുഗൃഹീതമായവയാണ്. ഇവയിലെ മത്സ്യങ്ങൾ പരസ്യമായി ലേലം നടത്തി വരുമാനം വർദ്ധിപ്പിക്കാം. പഞ്ചായത്ത് വകയായുള്ള കുളങ്ങളിൽ മത്സ്യം വളർത്തുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു.

മേൽപറഞ്ഞവയ്ക്ക് പുറമേ നെമ്മാറ ബസ് സ്റ്റാൻഡിന് സമീപമായുള്ള പഞ്ചായത്ത് സ്ഥലത്ത് കാർ, ജീപ്പ്, ഓട്ടോറിക്ഷ എന്നിവയ്ക്കായി സ്റ്റാൻഡ് പണിയുന്ന കാര്യവും, വല്ലങ്ങിയിലുള്ള പഞ്ചായത്ത് സ്ഥലത്ത് കല്യാണ മണ്ഡപവും, ലോഡ്ജും പണിയുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ച് വരുന്നു.

മേൽപ്പറഞ്ഞ വസ്തുതകളെല്ലാംതന്നെ പഞ്ചായത്തിൻെറ തനതായ വരുമാന മാർഗ്ഗങ്ങളെകുറിച്ച് ഉള്ളവയാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതിനുശേഷം മറ്റു വകുപ്പുകളിലെ ചില സ്ഥാപനങ്ങൾ കൂടി പഞ്ചായത്തിൻെറ അധീനതയിൽ വരുകയും , ജനക്ഷേമ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തു മുഖേന നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്. 1995 - 96 വർഷത്തിൽ കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, പട്ടികജാതിക്ഷേമം , ക്ഷീരവികസനം, ആരോഗ്യം എന്നീ ഇനങ്ങളിലായി 8.5 ലക്ഷം രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് വിവിധ പ്രവൃത്തികൾ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. 1996 - 97 വർഷത്തെ കേരള ബഡ്ജറ്റിൽ ഗ്രാമ പഞ്ചായത്തുകളുടെ വികസനത്തിനായി കൂടുതൽ തുക വകകൊള്ളിച്ചത് വളരെയേറെ ആശാവഹമായ സംഗതിയാണ്.

## ചിലവുകൾ :

പഞ്ചായത്തിൻെറ ചിലവുകളെക്കുറിച്ച് പരിശോധിക്കുമ്പോൾ പൊതുമരാമത്ത് പ്രവൃത്തികൾ, ജലവിതരണം, തെരുവ് വിളക്കുകൾ കത്തിക്കൽ എന്നിവക്കാണ് കൂടുതൽ തുക ചിലവഴിച്ചിട്ടുള്ളത് എന്ന വസ്തുത വ്യക്തമാകും. നെമ്മാറ പഞ്ചായത്തിൽനിന്നും വൈദ്യുതി ബോർഡിന് തെരുവുവിളക്കുകൾ കത്തിക്കുന്നതിനായി 95-96 വൽഷത്തിൽ 3,38,926 രൂപ നൽകിയിട്ടുണ്ട്. എന്നാൽ മിക്കവയും കത്താതിരിക്കുകയാണ് ചെയ്യുന്നത് എന്ന വസ്തുത മറച്ചുവയ്ക്കാനാവില്ല. ഇത്രയും ഭീമമായ തുക ചിലവഴിച്ചിട്ടും പഞ്ചായത്തിലെ നിവാസികൾക്ക് ആയത് ഗുണം ചെയ്യുന്നില്ല. ചിലവിൻെറ കാര്യത്തിൽ കൂടുതൽ വരുന്ന മറ്റൊരു മേഖലയാണ് ജലവിതരണം. 1996 ഒക്ടോബർ വരെയായി ശുദ്ധജലം വിതരണം ചെയ്ത വകയിൽ കേരള വാട്ടർ അതോറിറ്റിക്ക് 20 ലക്ഷം രൂപ ഇനിയും നൽകുവാൻ ബാക്കിയുണ്ട് എന്നതാണ് വസ്തുത. 1995 - 96 വർഷം പൊതുമരാമത്ത് പ്രവർത്തികൾക്കായി 7,04,576 രൂപ പഞ്ചായത്ത് ചിലവഴിച്ചിട്ടുണ്ട്. ഇതിൽ 5,89,663 രൂപ ഗ്രാമീണ റോഡുകളുടെ സംരക്ഷണത്തിന് മാത്രമായി ഉപയോഗിച്ചിട്ടുള്ളതാണ്. ഇനിയും ഏറെ സംഖ്യ ഈ ആവശ്യത്തിനായി ഉപയോഗിച്ചെങ്കിൽ മാത്രമേ ഗ്രാമീണ റോഡുകളുടെ സംരക്ഷണം പൂർത്തിയാവുകയുള്ളൂ. ഗ്രാമീണ റോഡ് സംരക്ഷണത്തിനായി സന്നദ്ധസംഘടനകൾക്കും, കലാകായിക സമിതികൾക്കും, പൊതുജനങ്ങൾക്കും വളരെയേറെ സഹായങ്ങൾ ചെയ്യുവാൻ സാധിക്കും. തസ്തിക സംബന്ധിച്ചും നല്ലൊരു തുക പഞ്ചായത്ത് പ്രതിവർഷം ചിലവഴിച്ച് വരുന്നുണ്ട്. പഞ്ചായത്തുകളുടെ തരംതിരിവ് നോക്കാതെ എല്ലാവർക്കും എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് നൽകാൻ തയ്യാറായാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ.

പഞ്ചായത്തിൻെറ പ്രവർത്തനങ്ങളിൽ സന്നദ്ധതയോടെ പങ്കെടുത്തും, വിഭവ സമാഹരണത്തിൽ സഹകരിച്ചും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ ഓരോ പൗരനും പങ്കെടുക്കുമെന്ന പ്രതീക്ഷ അസ്ഥാനത്താവില്ലെന്ന് ഉറപ്പുണ്ട്.

# സ്ഥാപനവിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉദ്യോഗസ്ഥരുടെ എണ്ണം | ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|---|---|
| 1. | പഞ്ചായത്തിന്റെ ഓഫീസ് | 18 | 28. | പഴയഗ്രാമം പോസ്റ്റ് ഓഫീസ് | 1 |
| 2. | ലേബർ ഓഫീസ് | 1 | 29. | പി.ഡബ്ല്യു.ഡി. ഓഫീസ് | 21 |
| 3. | കനറാ ബാങ്ക് | 19 | 30 | കാത്തലിക് സിറിയൻ ബാങ്ക് | 7 |
| 4. | വിത്തനശ്ശേരി സ്കൂൾ | 11 | 31. | എസ്.ബി.ടി., നെന്മാറ | 14 |
| 5. | പോത്തുണ്ടി സ്കൂൾ | 8 | 32. | ജി.എൽ.പി.എസ്., പഴയഗ്രാമം | 10 |
| 6. | നെന്മാറ, ജി.എൽ.പി.എസ്. | 12 | 33. | ഫിഷറീസ് ഓഫീസ്, പോത്തുണ്ടി | 3 |
| 7. | പഴയഗ്രാമം ജി.എൽ.പി.എസ്. | 10 | 34. | ധനലക്ഷ്മി ബാങ്ക് | 7 |
| 8. | അളുവശ്ശേരി എൽ.പി.എസ്. | 5 | 35. | വല്ലങ്ങി യു.പി.സ്കൂൾ | 34 |
| 9. | കയ്പഞ്ചേരി ആയുർവേദ ആശുപത്രി | 3 | 36. | യൂണിയൻ ബാങ്ക് | 9 |
| 10. | സബ്ബ് റജിസ്ട്രാർ ഓഫീസ് | 8 | 37. | പി.എച്ച്.സി., നെന്മാറ | 10 |
| 11. | നെന്മാറ പോസ്റ്റാഫീസ് | 17 | 38. | അർബൻ ബാങ്ക് | 13 |
| 12. | കെ.എസ്.ഇ.ബി. ഓഫീസ് | 4 | 39. | സൗത്ത് ഇൻഡ്യൻ ബാങ്ക് | 10 |
| 13. | വല്ലങ്ങി പോസ്റ്റ് ഓഫീസ് | 1 | 40. | പി.ഡബ്ല്യു.ഡി. ഓഫീസ് | 8 |
| 14. | ഫോറസ്റ്റ് ഓഫീസ് | 24 | 41. | മൃഗാസ്പത്രി, നെന്മാറ | 3 |
| 15. | എക്സൈസ് ഓഫീസ് | 14 | 42. | മൃഗാസ്പത്രി, പോത്തുണ്ടി | 4 |
| 16. | ഇറിഗേഷൻ ഓഫീസ് | 10 | 43. | ഇറിഗേഷൻ ഓഫീസ് | 11 |
| 17. | കണിമംഗലം എൽ.പി.എസ്. | 6 | 44. | ഗേൾസ് ഹൈസ്കൂൾ | 74 |
| 18. | പോലീസ് സ്റ്റേഷൻ | 35 | 45. | ബ്ലോക്ക് ഓഫീസ് | 24 |
| 19. | ഐ.സി.ഡി.എസ് | 8 | 46. | ചാത്തമംഗലം പോസ്റ്റ് ഓഫീസ് | 2 |
| 20. | ഗവ. ആശുപത്രി | 54 | 47. | യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി | 11 |
| 21. | ജി.യു.പി., ചാത്തമംഗലം | 22 | 48. | ജി.ആർ.ഡി. പോത്തുണ്ടി | 3 |
| 22. | കൃഷി അസി.ഡയറക്ടരുടെ ഓഫീസ് | 5 | 49. | കണിമംഗലം പോസ്റ്റ് ഓഫീസ് | 1 |
| 23. | ടെലിഫോൺ എക്സ്ചേഞ്ച് | 17 | 50. | ബോയ്സ് ഹൈസ്കൂൾ | 49 |
| 24. | പി.ഡി.സി. ബാങ്ക് | 8 | 51. | കനാൽ ഓഫീസ് | 9 |
| 25. | നെടുങ്ങാടി ബാങ്ക് | 10 | 52. | വിത്തനശ്ശേരി സഹ. ബാങ്ക് | 16 |
| 26. | കൃഷിഭവൻ | 2 | 53. | വാട്ടർ അതോറിറ്റി ഓഫീസ് | 19 |
| 27. | പോത്തുണ്ടി പോസ്റ്റ് ഓഫീസ് | 2 | 54. | ഡയറി ഡവലപ്മെന്റ് ഓഫീസ് | 2 |
| | | | 55. | വില്ലേജ് ഓഫീസ് | 12 |

# ഉപസംഹാരം

****************************

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വികസനം താഴെ തട്ടിൽ നിന്നും ആരംഭിക്കുന്നതിനുള്ള ആദ്യപടിയാണ് അശാസ്ത്രീയമായ വികസന പരിപാടിയാണ് നമ്മുടെ നാട്ടിൽ നിലനിലൽക്കുന്നത്. ആയതിന് ഒരു കടിഞ്ഞാൺ ഇടാനും, “വികസനം ജന നൻമയ്ക്ക്” എന്ന ആശയം നടപ്പിലാക്കാനും നമുക്ക് കഴിയണം. വർദ്ധിച്ച ജനപങ്കാളിത്തത്തോടെ മാത്രമേ ഇത് സാദ്ധ്യമാവുകയുള്ളൂ.

വികസനം എന്നാൽ റോഡുകളുടെ നിർമ്മാണവും തോടുകളുടെ ശുചീകരണവും മാത്രമാണെന്നുള്ള ധാരണ പൊതുവെ ഉള്ളതാണ്. കാർഷിക, വ്യാവസായിക, വിദ്യാഭ്യാസ, സാംസ്കാരിക, ആരോഗ്യ രംഗങ്ങളിൽ സമൂലമായ വളർച്ചയുണ്ടായാൽ മാത്രമേ വികസനം പൂർണ്ണരൂപത്തിലെത്തുകയുള്ളു. വികസന പ്രക്രിയയ്ക്ക് കക്ഷി രാഷ്ട്രീയ പരിഗണനയോ, ജാതിമത ചിന്തകളോ പാടില്ലാത്തതാണ്. വികസന പ്രക്രിയ താഴെതട്ടിൽ നിന്നും പരിഗണിക്കപ്പെടുമ്പോൾ, ആയതിന് വസ്തുനിഷ്ടമായ സമീപനം കൈക്കൊള്ളാൻ നമുക്ക് സാധിക്കുകയും ഉദ്ദേശിച്ച ഫലം കൈവരിക്കാൻ കഴിയുകയും ചെയ്യും. ഈ സമീപനം കണക്കിലെടുത്ത് ആവശ്യമായ വിവരങ്ങൾ കഴിയുന്നത്ര റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്.

പ്രകൃതി വിഭവങ്ങളും, ജലവിഭവങ്ങളും പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം. കാര്യങ്ങൾ ബന്ധപ്പെട്ട തലങ്ങളിലെ വിശദമായ വിശകലനങ്ങൾക്ക് ശേഷം മാത്രമേ നടപ്പിലാക്കാവൂ. ആയത് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും ധനം ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിനും വഴിതെളിയിക്കും. വികസനപ്രക്രിയ താഴെതട്ടിൽ നിന്നും ആരംഭിക്കുമ്പോൾ പ്രാദേശിക പരിഗണനയ്ക്ക് മുൻതൂക്കം ലഭിക്കും. ഇത് ആ പ്രദേശത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമാവുകയും ചെയ്യും. ഇത്തരത്തിലുള്ള സമീപനമാണ് എല്ലാ തലങ്ങളിലേയും വികസനരേഖ തയ്യാറാക്കുമ്പോൾ അവലംബിച്ചിരിക്കുന്നത്.

ഇതൊരു വികസന സഹായി മാത്രമാണ്. പദ്ധതികളുടെ നടത്തിപ്പും, അതിന്റെ വിജയപ്രാപ്തിയും, നമ്മുടെ കൈകളിലാണ്. ഇതിന്റെ വിജയകരമായ പ്രവർത്തനത്തിന് ഒറ്റക്കെട്ടായി നമുക്ക് കൈയ്യും മെയ്യും മറന്ന് പ്രവർത്തിക്കാം. അങ്ങിനെ നല്ലൊരു നാളെയുണ്ടാവാൻ യത്നിക്കാം.

# കൃതജ്ഞത

പഞ്ചായത്തിന്റെ സമഗ്ര വികസനരേഖ നെന്മാറയിലെ പൗരാവലിക്കു മുമ്പാകെ സാദരം സമർപ്പിക്കുകയാണ്. പഞ്ചായത്തിലെ സമസ്ത പ്രശ്നങ്ങളും പരിശോധിക്കപ്പെട്ടിട്ടുള്ള സമഗ്രരേഖയാണ് ഇതെന്നു അവകാശപ്പെടുന്നില്ല. എന്നാൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിലയിരുത്തപ്പെടേണ്ട എല്ലാ പ്രശ്നങ്ങളും അവതരിപ്പിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന ജനവികാരങ്ങൾ പ്രതിഫലിപ്പിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ നിലവിലുള്ള സ്ഥിതി, പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ, സാധ്യതകൾ എന്നീ ക്രമത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ രേഖ - നാളെയുടെ പദ്ധതി രൂപങ്ങൾക്കുള്ള മാർഗ്ഗരേഖയാണ്. ഈ രേഖയുടെ വിജയം ഇതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിയുന്ന വികസന പദ്ധതികളാണ്. പദ്ധതികൾ പ്രാവർത്തികമാക്കുവാൻ കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായ ജനകീയ ശക്തി ഉയർത്തിക്കൊണ്ടുവരണം. അതിനുള്ള യത്നങ്ങൾക്ക് കർമ്മസേനയുടെ പ്രവർത്തനം സുസജ്ജമാക്കണം.

നിരവധിപേരുടെ അഹോരാത്ര പരിശ്രമത്തിന്റെ ഉല്പന്നമാണ് ഈ രേഖ. നെന്മാറയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും റിപ്പോർട്ട് തയ്യാറാക്കാൻ സഹകരിച്ചിട്ടുണ്ട്.

ഭൂപ്രകൃതി പഠനയാത്രയിലും സാംസ്കാരിക ചരിത്രപഠനങ്ങളുടെ ഭാഗമായി സഹകരിച്ച അനവധി പേരുണ്ട്. അവരെയെല്ലാം നന്ദിപൂർവ്വം സ്മരിക്കുന്നു.

ഒരു പുതിയ മാറ്റത്തിന്റെ നാന്ദി കുറിച്ചുകൊണ്ട് നമുക്കൊരുമിച്ച് മുന്നേറാം.

ഈ മഹത് സംരംഭത്തിൽ സഹായസഹകരണങ്ങൾ നൽകിയ ഓരോ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എഡിറ്റോറിയൽ ബോർഡിന്റെ പേരിൽ വീണ്ടും കൃതജ്ഞത രേഖപ്പെടുത്തികൊണ്ട്

വിനയപൂർവ്വം

**ബാലൻ മച്ചാത്ത്**
എഡിറ്റർ

നെന്മാറ

23.12.96



ഒഴിവുകഴിവുകളിൽ എനിക്ക് താല്പര്യമില്ല. കാര്യങ്ങൾ ചെയ്തുകാണുന്നതാണ് എനിക്കിഷ്ടം

അധികാരം ജനങ്ങളിലേക്ക്